Bounteous, *a.* ഔദാര്യമുള്ള, ധാരാളമുള്ള.
Bounteousness, *s.* ഔദാര്യം, ധാരാളം.
Bountiful, *a.* ഉദാരമുള്ള, ധാരാളമായ.
Bountifulness, *s.* ഉദാരത്വം, ധനം.
Bounty, *s.* ഔദാര്യം, ദാനം, സമ്പത്തു.
Bow, *v. a.* വളെക്ക, വണക്ക, കുനിയുക.
Bow, *v. n.* വളെയുക, വണങ്ങുക.
Bow, *s.* കൈവണക്കം, വളവു, കുനിവു.
Bow, *s.* വില്ലു, ധനുസ്സു.
Bowels, *s. pl.* കുടലുകൾ, അന്തർഭാഗങ്ങൾ.
Bower, *s.* വള്ളിക്കുടിൽ.
Bowl, *s.* കുണ്ടൻപിഞ്ഞാണം, വട്ടക.

Bowl, *s.* പന്തു, വട്ട.
Bowl, *v. a.* പന്തുകളിക്ക, പന്തുരുട്ടുക.
Bowler, *s.* പന്തുകളിക്കുന്നവൻ.
Bowman, *s.* വില്ലൻ, വില്ലാളി, ധനുൎദ്ധരൻ.
Bowstring, *s.* വിൽഞാൺ, ധനുൎഗ്ഗുണം.
Box, *s.* പെട്ടി, പെട്ടകം, ചെപ്പു.
Box, *v. a.* കൈകൊണ്ടു അടിക്ക, കുത്തുക.
Boxer, *s.* അടിക്കുന്നവൻ, മല്ലൻ.
Boxing, *s.* മുഷ്ടിപ്പട, മല്പിടിത്തം.
Boy, *s.* ആൺപൈതൽ, ബാലൻ, കുമാരൻ, ചെറുക്കൻ, വേലക്കാരൻ.
Boyhood, *s.* ബാല്യം, കൌമാരം.
Boyishness, *s.* ബാല്യം, അല്പബുദ്ധി.
Brabble, *s.* ശണ്ഠ, കലശൽ, കലമ്പൽ.
Brace, *v. a.* വരിഞ്ഞുകെട്ടുക, മുറുക്ക.
Brace, *s.* കെട്ടു, വരിച്ചൽ, മുറുക്ക.
Bracelet, *s.* കങ്കണം, കൈവള, മുട്ടുക.
Bracer, *s.* കെട്ടു, വള, മുറുക്കു.
Brad, *s.* നേരിയ ആണി.
Brag, *s.* വമ്പുവാക്കു, ഊററ വാക്കു.
Brahman, *s.* ബ്രാഹ്മണൻ, വിപ്രൻ.
Braid, *v. a.* മടയുക, പിന്നുക, മടക്ക.
Braid, *s.* മടച്ചൽ, പിന്നൽ.
Brain, *s.* തലച്ചോറ. ബുദ്ധി.
Brainless, *a.* ബുദ്ധിയില്ലാത്ത.
Brainpan, *s.* തലയോട്ടു, തലമണ്ട, കപാലം.
Brake, *s.* മുൾപടൎപ്പു, വക്കുനാര.
Bramble, *s.* മുൾചെടി.
Bran, *s.* തവിട്ടു, ഉമി.
Branch, *s.* കൊമ്പു, ശാഖ, വംശവഴി.
Branch, *v. n.* കൊമ്പുവിടുക, ചിനെച്ചു പൊട്ടുക.
Branch, *v. a.* കൊമ്പുകളാക്കി വിഭാഗിക്ക.
Branchless, *a.* കൊമ്പില്ലാത്ത.
Branchy, *a.* കൊമ്പുള്ള, ശാഖയുള്ള.
Brand, *s.* തീക്കൊള്ളി, ചൂട്ടു.
Brand, *v. a.* ചൂടിടുക, കാച്ചിക്ക.
Brandish, *v. a.* കലുക്ക, വീശുക.
Brandy, *s.* അറാക്കു.
Brangle, *s.* ശണ്ഠ, കലഹം, പിണക്കം.
Brangle, *v. n.* ശണ്ഠയിടുക, കലഹിക്ക.
Brangler, *s.* വക്കാണക്കാരൻ, തൎക്കക്കാരൻ.
Branny, *a.* തവിട്ടുള്ള, അഴുക്കുള്ള.
Brasen, *a.* പിച്ചളകൊണ്ടുള്ള.
Brasier, *s.* മൂശാരി, കന്നാൻ.
Brasil, *s.* ചപ്പങ്ങം.
Brass, *s.* പിച്ചള, പിത്തള.
Brassy, *a.* പിച്ചളയുള്ള, ഉറപ്പുള്ള.
Brat, *s.* ഒരു പൈതൽ, സന്തതി.
Brave, *a.* ശൌൎയ്യമുള്ള, ധീരതയുള്ള.
Brave, *v. n.* പോൎക്കു വിളിക്ക, വമ്പുകാട്ടുക.
Bravely, *ad.* ധൈൎയ്യമായി.
Bravery, *s.* ധീരത, പരാക്രമം.
Brawl, *v. n.* അട്ടഹാസിക്ക, കലഹിക്ക.
Brawl, *s.* കലഹം, തൊള്ള, കലശൽ.
Brawler, *s.* കലഹക്കാരൻ, ശണ്ഠക്കാരൻ.
Brawn, *s.* മാംസപുഷ്ടി, കരബലം.
Brawniness, *s.* അതിബലം, ഉരം.
Brawny, *a.* ദശപ്പുള്ള, തടിപ്പുള്ള.
Bray *v. a.* പൊടിക്ക, ഇടിക്ക.
Bray, *v. n.* കഴുത പോലെ കരക.
Braze, *v. a.* പിച്ചള പൊതിയുക.
Brazen, *a.* പിച്ചളകൊണ്ടുള്ള.
Brazier, *s.* മൂശാരി, കന്നാൻ.
Breach, *s.* ഉടവു, ഒടിവു, പൊട്ടൽ, ഭിന്നത, ലംഘനം, അപകാരം.
Bread, *s.* അപ്പം, റൊട്ടി, ആഹാരം.
Breadth, *s.* അകലം, വീതി, പരപ്പു, വിസ്താരം.
Break, *v. a.* ഒടിക്ക, ഉടെക്ക, പൊട്ടിക്ക, നുറുക്ക, ഇടിക്ക, മുറിക്ക, ഭിന്നിപ്പിക്ക, നശിപ്പിക്ക.

To break down, ഇടിച്ചുകളക.
To breakfast, മുത്താഴം കഴിക്ക.
To break ground, നിലം മുറിക്ക.
To break the heart, ഹൃദയക്ലേശം വരുത്തുക.
To break off, ഉടച്ചുകളക, മുടക്ക.
To break up, വേർപിരിക്ക.

Break, *v. n.* ഒടിയുക, ഉടയുക, പൊട്ടുക, ഭിന്നിക്ക, തെറിക്ക, വെളുക്ക, പുലരുക.
To break forth, പുറപ്പെടുക, മുളെക്ക.
To break from, ബലാൽ വിട്ടുപോക.
To break in, ബലാൽ പ്രവേശിക്ക.
To break loose, ബലാൽ ഒഴിഞ്ഞുപോക.
To break off, വിട്ടു മാറുക.
To break off from, ബലാൽ വിട്ടുമാറുക.
To break up, പിരിഞ്ഞുപോക.

Break, *s.* ഇടിച്ചൽ, ഇടിവു, ഒടിവു.
Breaker, *s.* ഉടെക്കുന്നവൻ, ഒടിക്കുന്നവൻ.
Breakfast, *s.* പ്രാതൽ, പ്രാതാശം, മുത്താഴം.
Breast, *s.* മാറ, മാറിടം, നെഞ്ചു, മുല.
Breast, *v. a.* അഭിമുഖീകരിക്ക.
Breastbone, *s.* മാറെല്ലു.
Breastplate, *s.* മാൎത്തക്കം, മാൎക്കവചം.
Breath, *s.* ശ്വാസം, ശ്വസനം, പ്രാണൻ, വീൎപ്പു,
Breathe, *v. n.* ശ്വസിക്ക, വീൎപ്പുവിടുക, നിശ്വസിക്ക.
Breathe, *v. a.* ഊതുക, ശ്വാസം വിടുക.
Breathless, *a.* ശ്വാസമില്ലാത്ത, ചത്ത.
Breech, *s.* പൃഷ്ഠം, പിമ്പുറം, കാല്ച്ചുട്ടു.
Breed, *v. a.* ജനിപ്പിക്ക, പിറപ്പിക്ക, വളൎക്ക.
Breeding, *s.* വളൎപ്പു, വളൎത്തൽ, അഭ്യാസം.
Breese, *s.* കടുന്നൽ.
Breeze, *s.* മന്ദവായു, ചെറുകാററു.
Breviary, *s.* സംക്ഷേപം.
Breviate, *s.* സംക്ഷേപം, സംക്ഷിപ്തം.
Breviature, *s.* ചുരുക്കം.
Brevity, *s.* ചുരുക്കം, സംക്ഷേപം.
Brew, *v. a.* വട്ടം കൂട്ടുക, യന്ത്രിക്ക.
Brew, *v. n.* വട്ടം കൂട്ടുക, ഉണ്ടാക.
Brewer, *s.* കൃതിക്കാരൻ, യന്ത്രി.
Bribe, *s.* കൈക്കോഴ, കൈക്കൂലി.
Bribe, *v. a.* കൈക്കൂലി കൊടുക്ക.
Briber, *s.* കൈക്കൂലിക്കാരൻ.
Bribery, *s.* കൈക്കൂലി വ്യാപാരം.
Brick, *s.* ഇഷ്ടികക്കല്ലു, ഇഷ്ടിക, കററ.
Brick, *v. a.* ഇഷ്ടിക പടുക്ക, ഇഷ്ടിക, പണിയുക.
Brickclay, *s.* കളിമണ്ണു.
Brick-kiln, *s.* ഇഷ്ടിക ചുടുന്ന ചൂള.
Bricklayer, *s.* കല്ലാശാരി.
Brickmaker, *s.* ഇഷ്ടിക ഉണ്ടാക്കുന്നവൻ.
Bridal, *s.* കല്യാണസദ്യ.
Bride, *s.* കല്യാണപ്പെണ്ണു, കല്യാണസ്ത്രീ.
Bridegroom, *s.* മണവാളൻ, കല്യാണപുരുഷൻ.
Bridemaid, *s.* തോഴി.
Brideman, *s.* (തോഴൻ.)
Bridge. *s.* പാലം.
Bridge, *v. a.* പാലമിടുക.
Bridle, *s.* കടിഞ്ഞാണം, കടിവാളം.
Bridle, *v. a.* കടിഞ്ഞാണമിടുക.
Brief, *a.* ചുരുക്കമുള്ള, കുറിയ.
Brief, *s.* ചുരുക്കം, സംക്ഷേപം.
Briefly, *ad.* ചുരുക്കമായി.
Briefness, *s.* ചുരുക്കം, സംക്ഷേപം.
Brier, *s.* കണ്ടകവൃക്ഷം, മുൾചെടി.
Briery, *a.* മുള്ളുള്ള, കൎക്കശമുള്ള.
Brigade, *s.* സൈന്യപ്പകുപ്പു.
Brigadier, *s.* സേനാപതി.
Brigand, *s.* കവൎച്ചക്കാരൻ.
Bright, *a.* പ്രസന്നമായ, മിനുസമുള്ള.

Brighten, *v. a.* വിളങ്ങിക്ക, ശോഭിപ്പിക്ക.
Brighten, *v. n.* പ്രകാശിക്ക, വിളങ്ങുക.
Brightness, *s.* പ്രസന്നത, പ്രസാദം, ശോഭ.
Brilliancy, *s.* പ്രകാശം, കാന്തി, തേജസ്സ.
Brilliant, *a.* ശോഭയുള്ള തേജസ്സുള്ള.
Brim, *s.* വക്ക്, വിളിമ്പു, ഒരം, വാ.
Brim, *v. a.* വക്കോളം നിറക്ക.
Brim, *v. n.* വക്കോളം നിറയുക.
Brimstone, *s.* ഗന്ധകം.
Brine, *s.* ഉപ്പുവെള്ളം, സമുദ്രം.
Bring, *v. a.* കൊണ്ടുവരിക, വരുത്തുക, നടത്തുക, വിളിപ്പിക്ക.
To bring about, സാധിപ്പിക്ക.
To bring back, തിരിച്ചുവരുത്തുക.
To bring forth, പെറുക, പ്രസവിക്ക.
To bring in, ഉൾപ്രവേശിപ്പിക്ക.
To bring out, കാണിക്ക, കാട്ടുക.
To bring up, വളൎക്ക, അഭ്യസിപ്പിക്ക.
Bringer, *s.* കൊണ്ടുവരുന്നവൻ.
Brinishness, *s.* ഉപ്പുരസം, ലവണം.
Brink, *s.* വക്ക, ഒരം, കര, വിളിമ്പു.
Briny, *a.* ഉപ്പുരസമുള്ള.
Brisk, *a.* ചുറുക്കുള്ള, ദൃഢമുള്ള, വീൎയ്യമുള്ള.
Brisket, *s.* വെണ്ണെഞ്ചു.
Briskly, *ad.* ചുറുക്കായി, ഉന്മേഷമായി.
Briskness, *s.* ചുറുക്ക, ഉന്മേഷം.
Bristle, *s.* പന്നിയുടെ കഞ്ചിരോമം.
Bristly, *a.* എഴുന്ന രോമമുള്ള.
British, *a.* ഇങ്ക്ലിഷ, ബ്രിത്തിഷ്.
Briton, *s.* ഇങ്ക്ലിഷ്കാരൻ.
Brittle, *a.* ഉടയുന്ന, പൊട്ടുന്ന, ത്രാണമില്ലാത്ത.
Broad, *a.* അകലമുള്ള, വീതിയുള്ള, വിസ്താരമുള്ള.
Broaden, *v. a.* അകലമാക്ക, വീതിയാക്ക.
Broadside, *s.* കപ്പലിന്റെ നീളമുള്ള ഭാഗം.

Brocage, *s.* തരക, കാൎയ്യം നടത്തൽ.
Brock, *s.* തകസു.
Broider, *v. a.* ചിത്രംതൈക്ക.
Broidery, *s.* ചിത്രത്തയ്യൽ.
Broil, *s.* കലഹം, കലശൽ, അമളി.
Broil, *v. a.* ചുട്ടുക, പൊരിക്ക, വരട്ടുക.
Broil, *v. n.* ചൂട്ടുകൊള്ളുക.
Broken, *part. pass. of to break,* ഉടഞ്ഞ, ഒടിഞ്ഞ.
Broker, *s.* തരകൻ.
Brokerage, *s.* തരക.
Bronze, *s.* പിച്ചള, പിച്ചളനിറം.
Brooch, *s.* നെഞ്ചാഭരണം.
Brood, *v. n.* അടയിരിക്ക, ധ്യാനിക്ക.
Brood, *v. a.* പോഷിക്ക, താലോലിക്ക.
Brood, *s.* ഒരു പെടക്കോഴിയുടെ കുഞ്ഞിക്കൂട്ടം.
Brook, *s.* തോടു, ചെറുപുഴ, ഒഴുക്കു.
Brook, *v. a.* സഹിക്ക, വഹിക്ക.
Brook, *v. n.* മനംപൊറുക്ക, സന്തോഷിക്ക.
Broom, *s.* ചൂൽ, മാച്ചിൽ.
Broth, *s.* ചാറു, കുഴമ്പു.
Brother, *s.* സഹോദരൻ, ഭ്രാതാവു, ആങ്ങള.
Brotherhood, *s.* സഹോദരത്വം.
Brotherly, *ad.* സഹോദരപ്രിയമായി.
Brought, *part. pass. of to bring,* കൊണ്ടുവന്ന.
Brow, *s.* പുരികം, നെററി, ഒരം.
Brown, *a.* തവിട്ടുനിറമുള്ള.
Brown, *s.* പിംഗലവൎണ്ണം, തവിട്ടുനിറം.
Brownness, *s.* see the preceding.
Brownstudy, *s.* അതിധ്യാനം, അതിവിചാരം.
Bruise, *v. a.* ചതെക്ക, ഞെരിക്ക, ഭഞ്ജിക്ക.

Bruise, *s.* ചതവു, ഞെരിവു, മുറിവു.
Bruising, *s.* ചതച്ചൽ, ഞെരിച്ചൽ.
Bruit, *s.* ശ്രുതി, കേൾവി, ഉരമ്പൽ.
Bruit, *v. a.* ശ്രുതിപ്പെടുത്തുക, കേൾവിപ്പെടുത്തുക.
Brunt, *s.* കമ്പം, കമ്പനം, അടി, വിഘ്നം.
Brush, *s.* കുഞ്ചം, കൈയ്യേററം.
Brush, *v. a.* കുഞ്ചംകൊണ്ടു തുടെക്ക.
Brush, *v. n.* ബദ്ധപ്പെടുക, ഓടിപ്പോക.
Brushwood, *s.* കുററിക്കാടു, ചുള്ളിക്കാടു.
Brustle, *v. n.* കിറുകിറുക്ക, പൊരിയുക.
Brutal, *a.* മൃഗസ്വഭാവികം, ക്രൂരം.
Brutality, *s.* മൃഗസ്വഭാവം, ക്രൂരത.
Brutalize, *v. a. & n.* മൃഗപ്രായമാക്ക, മൃഗസ്വഭാവമാക.
Brutally, *ad.* മൃഗപ്രായമായി, ക്രൂരമായി.
Brute, *s.* മൃഗം, ജന്തു, ക്രൂരൻ.
Brutish, *a.* മൃഗസ്വഭാവികം, ക്രൂരം.
Brutishness, *s.* മൃഗസ്വഭാവം, ക്രൂരത.
Bryony, *s.* കൊവു, കൊവൽ.
Bubble, *s.* നീൎപ്പോള, കുമള, കബളം.
Bubble, *v. n.* കുമളെക്ക, തിളെക്ക, പൊങ്ങുക.
Bubble, *v. a.* കബളിപ്പിക്ക, വഞ്ചിക്ക.
Bubbler, *s.* കബളക്കാരൻ, വഞ്ചകൻ.
Bubo, *s.* കഴല, ഒടിക്കുരു.
Buck, *s.* കല, കലമാൻ, ആൺമുയൽ.
Buck, *v. a.* തുണി പുഴുങ്ങുക, അലക്ക.
Bucket, *s.* ഏത്തക്കൊട്ട, ഏത്തമരവി.
Buckle, *s.* പൂട്ടു, കുടുക്ക.
Buckle, *v. a.* പൂട്ടുക, കുടുക്കിടുക.
Buckle, *v. n.* വളയുക, വണങ്ങുക.
To buckle with, പടക്കൂടുക.
Buckler, *s.* പരിശ, പലിശ, ഖേടം.
Buckler, *v. a.* താങ്ങുക, തടുക്ക.
Buckthorn, *s.* കാരമുൾവൃക്ഷം.
Bud, *s.* മൊട്ടു, കുരുന്നു, കൂമ്പു, തളിർ.
Bud, *v. n.* മുളെക്ക, തളിൎക്ക.
Budge, *v. a.* ഒട്ടിച്ചുചേൎക്ക, കുത്തിവെക്ക.
Budge, *v. n.* നീങ്ങുക, മാറുക.
Budget, *s.* സഞ്ചി, ഉറുപ്പു, സംഗ്രഹം.
Buffalo, *s.* പോത്തു, എരുമ, കന്നു.
Buffet, *v. a.* ഇടിക്ക, കുത്തുക, കിഴുക്ക.
Buffet, *s.* കിഴുക്കു, കുത്തു.
Buffoonery, *s.* ശോഷ്കി, ഹാസ്യം, പോരാട്ടം.
Bug, *s.* മൂട്ട, മക്കുണം.
Bugbear, *s.* ആവേശം, കള്ളപ്പേടി.
Buggy, *a.* മൂട്ട നിറഞ്ഞ.
Bugle, *s.* ഊതുന്ന കൊമ്പു, കുഴൽ, ശംഖു.
Build, *v. a.* പണിയുക, കെട്ടുക, തീൎക്ക.
Build, *v. n.* ആശ്രയിക്ക, ശരണപ്പെടുക.
Builder, *s.* പണിയുന്നവൻ, ശില്പാശാരി, ശില്പി.
Building, *s.* വീടു, ഭവനം, പുര, കെട്ടു.
Bulb, *s.* കിഴങ്ങു, ഉണ്ട.
Bulk, *s.* വലിപ്പം, വണ്ണം, തടി, പരിമാണം.
Bulkiness, *s.* സ്ഥൂലത, പൊക്കം, ഭാരം.
Bulky, *a.* തടിച്ച, വലിയ, സ്ഥൂലിച്ച.
Bull, *s.* മൂരി, എരുതു, കാള, വൃഷം.
Bullet, *s.* വെടിയുണ്ട, ഉണ്ട.
Bullion, *s.* കട്ടി, പൊൻകട്ടി, വെള്ളിക്കട്ടി.
Bullition, *s.* തിളെപ്പു, വേവു.
Bullock, *s.* കാള, മൂരി, എരുതു.
Bully, *s.* ശണ്ഠക്കാരൻ, തക്കക്കാരൻ.
Bully, *v. a.* വമ്പുപറക, ഭയപ്പെടുത്തുക.
Bulrush, *s.* വെഴം, ഞാങ്ങണ, തഴക്കൈത.
Bulwark, *s.* കൊത്തളം, വാട, ഉറപ്പു.
Bump, *s.* വീക്കം, തിണൎപ്പു, അടി.
Bump, *v. a.* ഉറക്കെ ശബ്ദിക്ക, മുഴങ്ങുക.
Bumpkin, *s.* ആചാരമില്ലാത്തവൻ.
Bunch, *s.* കൂൻ, മുഴ, മുഴന്തു, കമ്പു, കുല.
Bunchy, *a.* കൂനുള്ള, മുഴന്തുള്ള.

Bundle, *s.* ചുമട്ട, കെട്ടു, മാറാപ്പ, ചിപ്പം.
Bundle, *v. a.* കെട്ടുകെട്ടുക, കെട്ടുക.
Bung, *v. a.* അടെക്ക, അടെപ്പിട്ടുക.
Bungle, *v. a.* ഭടവേല ചെയ്യു.
Bungle, *v. n.* നിൎമ്മൎയ്യാദം കാണിക്ക.
Bunn, *s.* ഉണ്ണിയപ്പം, ശൎക്കരയപ്പം.
Bunt, *s.* തള്ളൽ, വീങ്ങൽ.
Buoyancy, *s.* പൊങ്ങൽ, പൊന്തൽ, ഉന്മേഷം.
Burden, *s.* ചുമട്ട, ഭാരം, ഭാണ്ഡം, കെട്ടു.
Burden, *v. a.* ഏററുക, ചുമത്തുക.
Burdener, *s.* ഞെരുക്കക്കാരൻ, ചുമത്തുന്നവൻ.
Burdensome, *a.* ഭാരമുള്ള, സങ്കടമുള്ള.
Burgess, *s.* പട്ടണക്കാരൻ, പൌരൻ.
Burgh, *s.* ഉപഗ്രാമം, ഉപനഗരം.
Burglar, *s.* കത്തികവച്ചക്കാരൻ.
Burglary, *s.* കുത്തികവച്ച.
Burial, *s.* ശവസംസ്കാരം, ശവമടക്കുക.
Burial-ground, *s.* ശ്മശാനഭൂമി.
Burial-place, *s.* ശ്മശാനസ്ഥലം.
Burlesque, *s.* പരിഹാസം.
Burlesque, *v. a.* പരിഹസിക്ക.
Burliness, *s.* സ്ഥൂലിപ്പ, ചീപ്പ, വീപ്പ.
Burn, *v. a.* കത്തിക്ക, എരിക്ക, ചുട്ടുക, ദഹിപ്പിക്ക.
Burn, *v. n.* കാളുക, കത്തുക, ദഹിക്ക, വെവുക.
Burn, *s.* തീപ്പുണ്ണു, തീപ്പൊള്ള.
Burner, *s.* കത്തിക്കുന്നവൻ.
Burning, *s.* ചൂട്ട, എരിച്ചൽ, കത്തൽ.
Burning-glass, *s.* സൂൎയ്യകാന്തച്ചില്ല.
Burnish, *v. a.* മിനുക്ക, മിനുസം വരുത്തുക.
Burnisher, *s.* മിനുക്കുന്നവൻ.
Burr, *s.* കാതിന്റെ തട്ടു.
Burrow, *s.* ഉപഗാമം, ഉപനഗരം.
Burrow, *v. a.* തുരക്ക, തുരങ്കമുണ്ടാക്ക.
Burse, *s.* വ്യാപാരികൾ കൂടുന്ന ഗൃഹം.
Burst, *v. n.* പൊട്ടുക, തുറന്നുപോക.
Burst, *v. a.* പൊട്ടിക്ക, ഉടെക്ക, വിള്ളിക്ക.
Burst, *s.* പൊട്ടൽ, ഉടച്ചൽ, ഉടവു.
Bursting, *s.* പൊട്ടൽ, വിള്ളൽ.
Burthen, *s.* ചുമട്ട, ഭാരം.
Bury, *v. a.* ശവം അടക്ക, കുഴിച്ചിട്ടുക.
Bush, *s.* ചെടി, പടപ്പ, കൊമ്പു.
Bushel, *s.* എട്ടാഢകപ്പറ.
Bushy, *a.* കൊമ്പുള്ള, തഴപ്പുള്ള.
Busily, *ad.* ഉത്സാഹമായി, ചുറുക്കായി.
Business, *s.* തൊഴിൽ, വേല, ക്രിയ.
Buss, *s.* ചുംബനം, മുത്ത.
Buss, *v. a.* ചുംബിക്ക.
Bust, *s.* മാറുവരെയുള്ള മനുഷ്യരൂപം.
Bustle, *v. n.* ഇരയുക, ബദ്ധപ്പെട്ടുക.
Bustle, *s.* ബദ്ധപ്പാട്ട, കലഹം, ഇരച്ചൽ.
Bustler, *s.* ഉത്സാഹി, ശ്രമക്കാരൻ.
Busy, *a.* ഉത്സാഹമുള്ള, ചുറുക്കുള്ള.
Busy, *v. a. & n.* വേലക്കാക്കുക, വേലയിൽ ഇരിക്ക.
Busybody, *s.* വേണ്ടാത്തതിനെ ചെയ്യുന്നവൻ.
But, *conj.* എന്നാൽ, എങ്കിലും, മാത്രം.
But, *s.* അതൃത്തി, അതിർ, ഒരം.
Butcher, *s.* അറുക്കുന്നവൻ.
Butcher, *v. a.* അറുത്തുകൊല്ലുക.
Butchery, *s.* അറുകുല, വധം, കുലസ്ഥലം.
Butler, *s.* കലവറക്കാരൻ.
Butt, *s.* ലാക്ക, ലക്ഷ്യം, പരിഹാസ്യം, ഇടി.
Butt, *s.* വഞ്ചി, പീപ്പ, കററി.
Butt, *v. a.* മുട്ടുക, ഇടിക്ക, പായുക.
Butter, *s.* വെണ്ണനൈ.
Butter, *v. a.* വെണ്ണ പിരട്ടുക, വെണ്ണയിട്ടുക.
Butterfly, *s.* പാപ്പാത്തി, പാററ.

Buttermilk, *s.* മോർ.
Buttertooth, *s.* വലിയ മുൻപല്ലു.
Buttock, *s.* പൃഷ്ഠം, ചന്തി, കണ്ടി, ആസനം.
Button, *s.* കുടുക്കു, പൂവിന്റെ മൊട്ട്.
Buttonhole, *s.* കുത, കുഴ.
Buttress, *s.* മുട്ടു, ഊന്നു, ഊന്നുകാൽ.
Buttress, *v. a.* മുട്ടിടുക, ഊന്നിടുക.
Buxomness, *s.* ചുറുക്കു, ഉല്ലാസം.
Buy, *v. a.* കൊള്ളുക, മേടിക്ക, വാങ്ങുക.
Buyer, *s.* വാങ്ങുന്നവൻ, ക്രായകൻ.
Buzz, *v. n.* മൂളുക, മന്ത്രിക്ക, കശുകശുക്ക.
Buzzing, *s.* മൂളൽ, മന്ത്രം, പിറുപിറുപ്പു.
By, *prep.* ആൽ, ഇൽ, കൊണ്ടു, അരികെ.
By, *ad.* അടുക്കെ, സമീപത്തു, വഴിയായി.
By-and-by, *ad.* പിന്നെ, ക്രമത്താലെ.
Byname, *s.* പരിഹാസപ്പേർ.
Bypath, *s.* ഊടുവഴി.
Byword, *s.* പഴഞ്ചൊൽ, പരിഹാസവാക്കു.

C.

Cab, *s.* മുന്നാഴിതാപ്പു.
Cabal, *s.* രഹസ്യമുള്ള കൂട്ടുകെട്ടു, ദുഷ്കൂറ.
Cabin, *s.* ചെറുമുറി, കപ്പലിൽ ഒരു മുറി.
Cabinet, *s.* ചെറിയ അറ, അന്തർഗൃഹം.
Cabinet-council, *s.* രഹസ്യമുള്ള ആലോചനസഭ.
Cable, *s.* നങ്കൂരക്കയർ, വടം.
Cackle, *v. n.* പനട്ടുക, കൊക്കുക, ചിരിക്ക.
Cackle, *s.* പനട്ടൽ, കൊക്കു, വിടുവാക്കു.
Cackler, *s.* പനട്ടുന്ന കോഴി, വിടുവായൻ.
Cadence, *s.* വീഴ്ച, താഴ്ച, പതനം.
Cadent, *a.* വീഴുന്ന, താഴുന്ന.
Cadet, *s.* ആയുധാഭ്യാസം ശീലിക്കുന്നവൻ, അനുജൻ.
Cadi, *s.* അറവികളുടെ ഒരു ന്യായാധിപതി.
Cage, *s.* പക്ഷിക്കൂടു, കൂടു, പഞ്ജരം, കാവലറ.
Caisson, *s.* വെടിമരുന്നുപെട്ടി.
Caitiff, *s.* നീചൻ, ചണ്ഡാലൻ.
Cajole, *v. a.* മുഖസ്തുതിപറക, പ്രശംസിക്ക.
Cajoler, *s.* മുഖസ്തുതിക്കാരൻ, പ്രശംസക്കാരൻ.
Cake, *s.* ദോശ, അട, മധുര അപ്പം.
Calamine, *s.* തുത്തം, തുത്തു.
Calamity, *s.* ആപത്തു, വിപത്തി, നിർഭാഗ്യം.
Calamus, *s.* വയമ്പു. വച.
Calcination, *s.* ഭസ്മീകരണം, നീററൽ.
Calcine, *v. a.* ഭസ്മീകരിക്ക, നീററുക.
Calcine, *v. n.* ഭസ്മമാക, നീറുക.
Calculate, *v. a.* ഗണിക്ക, കണക്കുകൂട്ടുക.
Calculation, *s.* ഗണിതം, കണക്ക്.
Calculator, *s.* ഗണിതക്കാരൻ, കണക്കൻ.
Caldron, *s.* ഉരുളി, കുട്ടകം, കിടാരം.
Calefy, *v. n.* കായുക, ചൂടുപിടിക്ക.
Calendar, *s.* പഞ്ചാംഗം.
Calends, *s. pl.* മാസങ്ങളുടെ ഒന്നാം തിയ്യതികൾ.
Calf, *s.* കന്നുകുട്ടി, കിടാവു.
Calico, *s.* തുണി, വെള്ളശ്ശീല.
Calid, *a.* ചൂടുള്ള എരിച്ചലുള്ള.
Calidity, *s.* ചൂടു, അനല്ച്ച.
Caligation, *s.* ഇരുട്ടു, ഇരുൾ, മൂടൽ.
Call, *v. a.* വിളിക്ക, ക്ഷണിക്ക, പേരിടുക, നോക്കിവിളിക്ക, അപേക്ഷിക്ക.

To call away, വിളിച്ചുകൊണ്ടുപോക.
To call back, തിരികെ വിളിക്ക.
To call for, ചോദിക്ക.
To call to mind, ഓൎക്ക.
To call out, നിലവിളിക്ക.
To call out, പോൎക്കു ക്ഷണിക്ക.
To call in question, സംശയിക്ക.
Call, *s.* വിളി, ചോദ്യം, കല്പന.
Calling, *s.* വിളി, തൊഴിൽ, ഉദ്യോഗം.
Calm, *a.* അടക്കമുള്ള ശാന്തമായ.
Calm, *v. a.* ശാന്തതപ്പെടുത്തുക, ശമിപ്പിക്ക.
Calmer, *s.* ശമിപ്പിക്കുന്നവൻ.
Calmly, *ad.* സാവധാനമായി.
Calmness, *s.* ശാന്തത, ശമനം, സാവധാനം.
Calomel, *s.* രസഭസ്മം, രസകൎപ്പൂരം.
Calumniate, *v. a.* നുണ പറക, ഏഷണി പറക.
Calumniation, *s.* നുണ, ദൂഷണം, കുരള.
Calumniator, *s.* ഏഷണിക്കാരൻ, നുണയൻ.
Calumnious, *a.* ദൂഷണമുള്ള, ഏഷണിയുള്ള.
Calumny, *s.* ദൂഷണം, നുണ, ഏഷണി.
Calx, *s.* ഭസ്മം.
Came, *pret. of to come,* വന്നു.
Camel, *s.* ഒട്ടകം.
Camp, *s.* പാളയം, പട്ടാള സഞ്ചയം.
Camp, *v. a.* പാളയമിറങ്ങുക.
Campaign, *s.* സമഭൂമി, യുദ്ധപ്രയാണം.
Camphor, *s.* കൎപ്പൂരം.
Can, *s.* തകരപാത്രം, പാനപാത്രം.
Can, *v. n.* കഴിയുക, കൂടുക, പാങ്ങാക.
Canal, *s.* തൊടു, ചാൽ.
Cancel, *v. a.* കിറുക്ക, കുത്തുക, തള്ളുക.
Cancellation, *s.* തള്ളൽ, കിഴിവു.
Cancer, *s.* ഞണ്ടു, കൎക്കിടകം രാശി, അൎബ്ബുദം.
Candid, *a.* നേരുള്ള, കപടമില്ലാത്ത.
Candidate, *s.* ഉദ്യോഗകാംക്ഷകൻ.
Candidly, *ad.* പരമാൎത്ഥമായി.
Candidness, *s.* നിൎവ്വ്യാജം, പരമാൎത്ഥം.
Candle, *s.* മെഴുകുതിരി, വിളക്കു.
Candlestick, *s.* വിളക്കുതണ്ടു.
Candour, *s.* നിൎമ്മലത, പരമാൎത്ഥം.
Cane, *s.* ചൂരൽ, വടി, പുരമ്പു, കരിമ്പു.
Cane, *v. a.* ചൂരൽകൊണ്ടു അടിക്ക.
Canine, *a.* ശ്വാനസ്വാഭാവികം, നായ്സ്വാഭാവികം.
Canister, *s.* ചെറിയ തകരപ്പെട്ടി.
Canker, *s.* പുഴ, പുഴുകുത്തു, ചൊത്തു.
Canker, *v. n.* പുഴുതിന്നുക, ചൊത്ത പിടിക്ക.
Canker, *v. a.* കേടു വരുത്തുക, വഷളാക്ക.
Cankerworm, *s.* ചാഴി, പുഴു.
Cannibal, *s.* മാനുഷഭോജി.
Cannon, *s.* പീരങ്കിത്തോക്കു.
Cannonade, *v. a.* പീരങ്കികൊണ്ടു വെടിവെക്ക.
Cannonade, *s.* പീരങ്കിപ്പട.
Cannonier, *s.* പീരങ്കിക്കാരൻ.
Canoe, *s.* വള്ളം.
Canon, *s.* പ്രമാണം, പ്രമാണമായ വേദപുസ്തകം.
Canonist, *s.* ന്യായപ്രമാണകൎത്താവു.
Canopy, *s.* മേല്ക്കെട്ടി, വിതാനം.
Cant, *s.* ഭടഭാഷ, കള്ളഭാഷ.
Cantation, *s.* പാട്ടു പാടുക.
Canter, *s.* കുതിര ഓട്ടം, മായക്കാരൻ.
Canter, *v. n.* കുതിര ഓടുക.
Canticle, *s.* പാട്ടു.
Cantle, *s.* നുറുക്കു, കഷണം, കണ്ഡം.
Canto, *s.* പാട്ടു, കാവ്യം, കാണ്ഡം.
Canton, *s.* നാട്ടിന്റെ ഒരു അംശം.
Cantonment, *s.* സൈന്യപുരി.

Canvass, *s.* രട്ടശീല, കാശിരട്ട, തിരക്ക.
Canvass, *v. a.* ശോധന ചെയ്ക.
Canvass, *v. n.* യാചിക്ക.
Cap, *s.* തൊപ്പി, ശിരസ്രം, മൂടി.
Capability, *s.* പ്രാപ്തി, സാമൎത്ഥ്യം.
Capable, *a.* പ്രാപ്തിയുള്ള, സാമൎത്ഥ്യമുള്ള.
Capacious, *a.* വിസ്താരമുള്ള, വലിയ.
Capaciousness, *s.* വിസ്തീൎണ്ണത, വിശാലത.
Capacitate, *v. a.* സാമൎത്ഥ്യമാക്ക, പ്രാപ്തിയാക്ക.
Capacity, *s.* പ്രാപ്തി, ശേഷി, ത്രാണി.
Cape, *s.* മുനമ്പു.
Caper, *s.* ചാട്ടം, തുള്ളൽ, കുതിപ്പു, ആട്ടം.
Caper, *v. n.* ചാടുക, തുള്ളുക, ആടുക.
Capital, *a.* തലയായ, പ്രധാനമുള്ള, വലിയ.
Capital, *s.* പ്രധാനനഗരം മുതൽപണം.
Capitally, *ad.* പ്രധാനമായി, വിശേഷമായി.
Capitation, *s.* തല എണ്ണം.
Capitulate, *v. a.* ഉടമ്പടി ചെയ്ക.
Capitulation, *s.* ഉടമ്പടിച്ചട്ടം.
Caprice, *s.* വ്യാമോഹം, മനോരാജ്യം, ഊഹം.
Capricorn, *s.* മകരരാശി.
Captain, *s.* പടത്തലവൻ, കപ്പൽതലവൻ.
Caption, *s.* ആൾ പിടിത്തം, മുട്ടുമറിപ്പു.
Captious, *a.* ദുസ്തൎക്കശീലമുള്ള.
Captiousness, *s.* ദുസ്തൎക്കശീലം, ദുശ്ശീലം.
Captivate, *v. a.* ചിറ പിടിക്ക, വശീകരിക്ക.
Captivation, *s.* അടിമപ്പാടു, മോഹനം.
Captive, *s.* തടവുകാരൻ, അടിമ, മോഹിതൻ.
Captivity, *s.* അടിമപ്പാടു, ദാസ്യം.
Captor, *s.* പിടിക്കാരൻ.
Capture, *s.* പിടിത്തം, കൊള്ള.

Car, *s.* ചാട്ടു, വണ്ടി, തേർ.
Carabine, *s.* ഒരു വക തോക്കു.
Caravan, *s.* യാത്ര പോകുന്ന വ്യാപാരി കൂട്ടം, ഒരു വലിയ വണ്ടി.
Caravansary, *s.* വഴിയമ്പലം.
Carbuncle, *s.* മാണിക്കകല്ലു, ഉണില്ലു.
Carcass, *s.* ഉടൽ, ശവം, വിടക്കു, ചമ്പു.
Card, *v. a.* ആട്ടിൻരോമം ചികുക.
Card, *s.* ചെറിയ കടലാസ്സു.
Cardamom, *s.* ഏലം, ഏലത്തരി.
Cardinal, *a.* പ്രധാനമുള്ള, ശ്രേഷ്ഠം.
Cardinal, *s.* രോമസഭയിൽ ഒരു മേധാവി, The cardinal points, നാലുദിക്കു=കിഴക്കു, പടിഞ്ഞാറു, തെക്കു, വടക്കു.
Care, *s.* ക്ലേശം, ആധി, വിചാരം, സൂക്ഷ്മം.
Care, *v. a.* ക്ലേശിക്ക, സൂക്ഷിക്ക.
Career, *s.* ഓട്ടം, കാലഗതി, പാച്ചൽ.
Careful, *a.* ജാഗ്രതയുള്ള, സൂക്ഷ്മമുള്ള.
Carefully, *ad.* ജാഗ്രതയോടെ, സൂക്ഷ്മമായി.
Carefulness, *s.* ജാഗ്രത, സൂക്ഷ്മം, ചരതം.
Careless, *a.* അജാഗ്രതയുള്ള, ഉദാസീനമുള്ള.
Carelessly, *ad.* അജാഗ്രതയോടെ.
Carelessness, *s.* അജാഗ്രത, സൂക്ഷ്മക്കുറവു.
Caress, *s.* ലാളനം, താലോലം, കൊഞ്ചൽ.
Caress, *v. a.* ലാളിക്ക, താലോലിക്ക, കൊഞ്ചിക്ക.
Caressed, *a.* ലാളിതം, താലോലിച്ച.
Cargo, *s.* കപ്പൽചരക്കു, ചരക്കു.
Caricature, *s.* വിരൂപത, വൈരൂപ്യം.
Caries, *s.* ചൊത്ത, ചൊള്ള, നുലച്ചൽ.
Cark, *s.* വിചാരം, ആകുലം, ജാഗ്രത.
Cark, *v. n.* വിചാരിക്ക, ആകുലപ്പെടുക.
Carman, *s.* വണ്ടിക്കാരൻ, തേരാളി.
Carmine, *s.* കടും ചുവപ്പു.

Carnage, *s.* സംഹാരം, നാശം, ഹിംസ.
Carnal, *a.* ജഡസംബന്ധമുള്ള.
Carnality, *s.* മാംസേച്ഛ, കാമുകത്വം.
Carnally, *ad.* മാംസേച്ഛയോടെ.
Carnelion, *s.* ഒരു വക രത്നക്കല്ലു.
Carnosity, *s.* മാംസളത്വം, ദശപ്പു.
Carol, *s.* സന്തോഷപ്പാട്ടു, ജ്ഞാനകീർത്തനം.
Carol, *v. a.* സ്തുതിക്ക, പുകഴ്ത്തുക, പാടുക.
Carp, *v. n.* നിർഭത്സിക്ക, ആക്ഷേപിക്ക.
Carpenter, *s.* തച്ചൻ, ആശാരി.
Carpentry, *s.* തച്ചുപണി, ആശാരിത്തൊഴിൽ.
Carpet, *s.* ചൌക്കാളം, പരവിധാനി.
Carpet, *v. a.* ചൌക്കാളമിടുക.
Carriage, *s.* വാഹനം, വണ്ടി, രഥം, നടപ്പു.
Carrier, *s.* ചുമട്ടാൾ, വാഹകൻ.
Carrot, *s.* ഒരു വക കിഴങ്ങു.
Carry, *v. a.* ചുമക്ക, വഹിക്ക, കടത്തുക, കൊണ്ടുപോക, പിടിക്ക, ജയിക്ക, സഹിക്ക.
Carrytale, *s.* ഏഷണിക്കാരൻ.
Cart, *s.* ചാടു, ചുമട്ടുവണ്ടി.
Carte-blanche, *s.* വെറും കടലാസ്സു.
Carthorse, *s.* വണ്ടിക്കുതിര.
Cartilage, *s.* ഞരമ്പു.
Cartload, *s.* വണ്ടിച്ചുമടു.
Cartrope, *s.* വണ്ടിക്കയറു, വടം.
Cartway, *s.* വണ്ടിവഴി.
Cartridge, *s.* വെടിമരുന്നുചുരുൾ, തോട്ടാ.
Cartridge-box, *s.* തോട്ടാപ്പെട്ടി.
Carve, *v. a.* ചിത്രംകൊത്തുക, വിളമ്പിക്ക.
Carver, *s.* ചിത്രംകൊത്തുന്നവൻ.
Carving, *s.* കൊത്തുവേല, കൊത്തിയ രൂപം.
Cascade, *s.* വെള്ളച്ചാട്ടം, നീർവീഴ്ച.
Case, *s.* കൂടു, ഉറ, പെട്ടി, വീട്ടിന്റെ പുറഭാഗം.
Caseknife, *s.* മേശക്കത്തി, വലിയ കറിക്കത്തി.
Case, *s.* അവസ്ഥ, വസ്തുത, സംഗതി, വിഭക്തി.
Case, *v. a.* ഉറയിലിടുക, മൂടുക.
Casement, *s.* തുറക്കുന്ന കിളിവാതിൽ.
Casern, *s.* കാവൽമുറി.
Cash, *s.* കാശ്, പണം, റൊക്കം, മുതൽ.
Cash-book, *s.* പണം വക കണക്കുപുസ്തകം.
Cashier, *v. a.* തള്ളിക്കളക, ഒഴിവാക്ക.
Cask, *s.* പീപ്പ.
Casket, *s.* ചെപ്പു, അളുക്ക്, ആഭരണപ്പെട്ടി.
Cassada, *s.* വെലിക്കിഴങ്ങു.
Cassia, *s.* ഏലവംശം.
Cast, *v. a.* എറിയുക, ചാടിക്കളക, ഇട്ടുകളക.
Cast, *v. n.* യന്ത്രിക്ക, ആകൃതിപ്പെടുക, കോടുക.
Cast, *s.* എറിച്ചൽ, കണ്ണോട്ടം, ആകൃതി.
Castaway, *s.* ഉപേക്ഷിതൻ.
Caste, *s.* ജാതി.
Castigate, *v. a.* ശിക്ഷിക്ക, ദണ്ഡിപ്പിക്ക.
Castigation, *s.* ശിക്ഷ, ദണ്ഡനം, അടി.
Casting, *s.* അലമ്പലുള്ള.
Castle, *s.* കോട്ട, കൊത്തളം.
Castor, *s.* നീർനായി.
Castor and pollux, *s.* മിഥുനം.
Castrate, *v. a.* ഉടെക്ക, അറുക്ക.
Casual, *a.* അസംഗതിയായ.
Casually, *ad.* അസംഗതിയായി, യദൃച്ഛയാ.
Casualty, *s.* അസംഗതി, അകാരണം.
Cat, *s.* പൂച്ച, മാർജ്ജാരകൻ.

Catacombs, *s. pl.* പ്രേതക്കല്ലറകൾ.
Catalogue, *s.* ചാൎത്തു, വരിചാൎത്തു.
Cataract, *s.* നീൎവീഴ്ച, നീൎപ്പാച്ചൽ.
Cataract, *s.* കണ്ണിലെ പടലം, തിമിരരോഗം.
Catarrh, *s.* ജലദോഷം, ചീരാപ്പു.
Catastrophe, *s.* നിൎഭാഗ്യസംഗതി, ആപത്തു.
Catch, *v. a.* പിടിക്ക, അകപ്പെടുത്തുക, കിട്ടുക.
Catch, *s.* പിടി, പിടിത്തം.
Catcher, *s.* പിടിക്കുന്നവൻ.
Catechetical, *a.* ചോദ്യോത്തരമുള്ള.
Catechise, *v. a.* ചോദിച്ചുപദേശിക്ക.
Catechism, *s.* ചോദ്യോത്തരപുസ്തകം.
Catechist, *s.* ഉപദേശി, ഉപദേശകൻ.
Catechumen, *s.* വേദം പഠിക്കുന്നവൻ.
Category, *s.* തരം, ക്രമം, സ്ഥാനം, വരി.
Catenation, *s.* ചങ്ങല, ശൃംഖല, ബന്ധം.
Caterpillar, *s.* കമ്പിളിപ്പുഴ, പുഴ.
Cathedral, *s.* പ്രധാനപള്ളി.
Catholic, *s.* രോമമതക്കാരൻ.
Catholicism, *s.* രോമമതം.
Cat's eye, *s.* വൈഡൂൎയ്യം.
Cattle, *s.* കന്നുകാലികൾ, നാട്ടുമൃഗങ്ങൾ.
Caul, *s.* കല്ലാം, നൈവല.
Causal, *a.* ഹേതുകം, കാരണമുള്ള.
Causality, *s.* ഹേതുത, കാരണഭൂതത്വം.
Causally, *ad.* ഹേതുവായി.
Causation, *s.* ഹേതുത്വം, കാരണം.
Causative, *a.* ഹേതുകരമുള്ള, കാരണമുള്ള.
Causator, *s.* കാരണ ഭൂതൻ.
Cause, *s.* കാരണം, ഹേതു, നിമിത്തം, സംഗതി, മൂലം, ന്യായം, നിബന്ധം.
Cause, *v. a.* ആക്ക, സംഗതി വരുത്തുക.
Causeless, *a.* അസംഗതിയുള്ള, യദൃച്ഛയുള്ള.
Causelessly, *ad.* അസംഗതിയായി.
Causer, *s.* കാരണൻ ഹേതുഭൂതൻ.
Causeway, *s.* ചിറ, വരമ്പു, ഊടുവഴി.
Caustic, *s.* കാരം, ക്ഷാരം.
Cautel, *s.* ജാഗ്രത, സൂക്ഷ്മം, ഉപായം.
Cauterize, *v. a.* ചൂടുവെക്ക, കാച്ചുക.
Cautery, *s.* ചുട്ടിരിമ്പു, കാരം.
Caution, *s.* ജാഗ്രത, സൂക്ഷ്മം, സൂചനം.
Caution, *v. a.* ഓൎമ്മപ്പെടുത്തുക, സൂചിപ്പിക്ക.
Cautious, *a.* ജാഗ്രതയുള്ള, സൂക്ഷ്മമുള്ള.
Cautiously, *ad.* ജാഗ്രതയോടെ.
Cautiousness, *s.* ജാഗ്രത, സൂക്ഷ്മം, ജാഗരണം.
Cavalier, *s.* കുതിരച്ചേകവൻ, പ്രഭു.
Cavalry, *s.* കുതിരപ്പട, കുതിരപ്പട്ടാളം.
Cave, *s.* ഗുഹ, ഗഹ്വരം.
Cavern, *s.* ഗുഹ, ഗഹ്വരം.
Caverned, *a.* ഗുഹയുള്ള.
Cavil, *v. n.* തൎക്കിക്ക, വാദിക്ക, കലഹിക്ക.
Cavil, *s.* തൎക്കം, വിവാദം, കലഹം.
Caviller, *s.* തൎക്കക്കാരൻ, ശണ്ഠക്കാരൻ.
Cavillous, *a.* ദുസ്തൎക്കമുള്ള.
Cavity, *s.* ഗുഹ, പൊള്ള, കുഴി, കോടരം.
Caw, *v. n.* കാക്കപോലെ കരക.
Cease, *v. n.* വിടുക, ഒഴിയുക, കഴിയുക, തീരുക, ഇല്ലാതാക, അടങ്ങുക.
Ceaseless, *s.* ഇടവിടാതുള്ള, മാറാത്ത.
Ceasing, *s.* ഒഴിവു, നിൎത്തൽ, തീൎച്ച.
Cedar, *s.* കാരകിൽ.
Cede, *v. a.* വിട്ടു കൊടുക്ക, ഏല്പിക്ക, വിട്ടൊഴിയുക.
Ceil, *v. a.* മച്ചിടുക, തട്ടിടുക, മേത്തട്ടിടുക.
Ceiling, *s.* മച്ച്, തട്ടു, മേത്തട്ടു.
Celature, *s.* ചിത്രവേല, കൊത്തുപണി.
Celebrate, *v. a.* പ്രശംസിക്ക, കൊണ്ടാടുക, പുകഴ്ത്തുക, കീൎത്തിക്ക, ആചരിക്ക.

Celebration, *s.* ആചാരണം, കൊണ്ടാട്ടം, പുകഴ്ച, പ്രശംസ, സ്തുതി.
Celebrious, *a.* കീൎത്തിയുള്ള, ശ്രുതിയുള്ള, ചൊൽകൊണ്ട, പ്രമാണപ്പെട്ട.
Celebrity, *s.* കീൎത്തി, ശ്രുതി, വിഖ്യാതി.
Celerity, *s.* വേഗത, ശീഘ്രത, ബദ്ധപ്പാട.
Celestial, *a.* സ്വൎഗ്ഗീയം, പരമദിവ്യം.
Celibacy, *s.* ബ്രഹ്മചൎയ്യം.
Cell, *s.* ഗുഹ, ചെറുമുറി, അറ.
Cellar, *s.* നിലവറ.
Cement, *s.* ഇഴക്കം, കുമ്മായം, ബന്ധം.
Cement, *v. a.* ഇഴക്ക, വിളക്ക, പററിക്ക.
Cement, *v. n.* പററുക, ചേരുക, കൂടുക.
Cementation, *s.* വിളക്കം, പററ.
Cemetery, *s.* ശ്മശാനം, ചുടലക്കളം.
Censer, *s.* ധൂപകലശം, ധൂപ്പക്കുററി.
Censor, *s.* ശാസ്താവു.
Censorious, *a.* കുററം വിധിക്കുന്ന, ശാസിക്കുന്ന.
Censoriousness, *s.* കുററപ്പാട, ശാസന.
Censorship, *s.* ശാസ്താവു സ്ഥാനം.
Censurable, *a.* ശാസ്യമുള്ള, കുററമുള്ള.
Censure, *v. a.* ആക്ഷേപിക്ക, ശാസിക്ക.
Censurer, *s.* കുററം വിധിക്കുന്നവൻ, ശാസ്താവു.
Cent, *s.* നൂറു, ശതം.
Centenary, *s.* നൂറു, നൂറടക്കം.
Centennial, *a.* നൂറാണ്ടുള്ള.
Centesimal, *a.* നൂറാം.
Centipede, *s.* ചേരട്ട, തൊട്ടാരൊട്ടി.
Central, *a.* മദ്ധ്യെയുള്ള കേന്ദ്രമുള്ള.
Centrally, *ad.* മദ്ധ്യെ, നടുവെ, കേന്ദ്രത്തോടെ.
Centre, *s.* മദ്ധ്യം, നടുവു, കേന്ദ്രം.
Centre, *v. a.* നടുവിലാക്ക, മദ്ധ്യത്തിലാക്ക.
Centre, *v. n.* തങ്ങുക, ഊന്നുക, നടുവിലിരിക്ക.
Centric, *a.* നടുവിലുള്ള, കേന്ദ്രമായ.
Centrical, *a.* മദ്ധ്യെയുള്ള, കേന്ദ്രത്തിലുള്ള.
Centrifugal, *a.* മദ്ധ്യം വിട്ടു മാറുന്ന.
Centry, *s.* കാവല്ക്കാരൻ.
Centurion, *s.* ശതാധിപൻ.
Century, *s.* നൂറാണ്ടു.
Cere, *v. a.* മെഴുക പൂശുക, മെഴുകിടുക.
Cerecloth, *s.* മെഴുകശീല.
Ceremonial, *a.* കൎമ്മസംബന്ധമുള്ള, ആചാരമുള്ള.
Ceremonial, *s.* കൎമ്മം, ആചാരമുറ.
Ceremonious, *a.* കൎമ്മസംബന്ധമുള്ള, ഉപചാരമുള്ള.
Ceremony, *s.* കൎമ്മം, ആചാരം, അനുഷ്ഠാനം.
Certain, *a.* കേവലം, നിശ്ചയം, നിജം, നൂനം.
Certainly, *ad.* നിശ്ചയമായി, സത്യമായി, നിസ്സംശയം.
Certainty, *s.* സത്യം, നിശ്ചയം, തിട്ടം.
Certificate, *s.* സാക്ഷികടലാസ്സ, രേഖാസാക്ഷി.
Certify, *v. a.* സാക്ഷിപ്പെടുത്തുക, നിശ്ചയപ്പെടുത്തുക.
Certitude, *s.* നിശ്ചയം, വേസ്ഥ, അസംശയം.
Ceruse, *s.* വെള്ളീയം, ഈയ്യഭസ്മം.
Cess, *s.* ഇറവരി, കരം, രാജഭോഗം.
Cess, *v. a.* കരംപതിക്ക.
Cessation, *s.* നില്ത്തൽ, ഒഴിച്ചൽ, ഒഴിവു.
Cessible, *a.* ഇടകൊടുക്കുന്ന, വിട്ടൊഴിയുന്ന.
Cession, *s.* ഒഴിച്ചൽ, പിന്മാററം.
Cessment, *s.* കരം, വരി, നികുതി.
Chafe, *v. a.* തടവുക, കോപിപ്പിക്ക, ചീറിക്ക.
Chafe, *v. n.* ചീറുക, തേയുക, ഗന്ധിക്ക.

Chafe, *s.* കോപാഗ്നി, ചീറൽ, ഗന്ധം.
Chafer, *s.* ചീവിട.
Chaff, *s.* പതിർ, ഉമി.
Chaffer, *v. n.* കച്ചവടം ചെയ്യു, വ്യാപാരം ചെയ്യു.
Chafferer, *s.* കച്ചവടക്കാരൻ, വ്യാപാരി.
Chaffless, *a.* പതിരില്ലാത്ത.
Chaffy, *a.* പതിരുള്ള.
Chafingdish, *s.* തീച്ചട്ടി, തീക്കലം.
Chagrin, *s.* ദുൎഗ്ണം, വ്യസനം, ദുഃഖം.
Chagrin, *v. a.* ഉപദ്രവിക്ക, വ്യസനപ്പെടുത്തുക.
Chain, *s.* ചങ്ങല, വിലങ്ങ, ശൃംഖല, മാല.
Chain, *v. a.* ചങ്ങലയിടുക, ബന്ധിക്ക, പിണെക്ക.
Chainwork, *s.* ചങ്ങലപ്പണി, തുടൽ പണി.
Chair, *s.* നാല്ക്കാലി, പീഠം, ചീനപീഠം, കസേല.
Chairman, *s.* സഭാപ്രമാണി, അഗ്രസ്ഥൻ.
Chaise, *s.* കുതിരവണ്ടി.
Chalice, *s.* പാനപാത്രം.
Chalk, *s.* ശീമച്ചുണ്ണാമ്പു, ചേടിമണ്ണു.
Chalk-pit, *s.* വെള്ളമണ്ണുവെട്ടുന്ന കുഴി.
Challenge, *v. a.* പോൎക്കുവിളിക്ക, വിവാദിക്ക.
Challenge, *s.* വീരവാദം, പോൎക്കുവിളി, വിസമ്മതം.
Chamber, *s.* മാളികമുറി, അറ.
Chamberlain, *s.* പള്ളിയറക്കാരൻ.
Chamelion, *s.* ഓന്ത.
Champ, *v. a.* ചവെക്ക, ചപ്പിത്തിന്നുക.
Champaign, *s.* പടനിലം, സമഭൂമി.
Champion, *s.* യോദ്ധാവു, പരാക്രമശാലി, വീരൻ, മല്ലൻ.
Chance, *s.* ഗതി, ഭാഗ്യം, സംഗതി, തഞ്ചം.
Chance, *v. n.* സംഭവിക്ക, തഞ്ചമാക.

Chancellor, *s.* ന്യായാധിപതിശ്രേഷ്ഠൻ.
Chancery, *s.* പ്രധാന ന്യായസ്ഥലം.
Chancre, *s.* ഉഷ്ണപ്പുണ്ണു, പിത്തപ്പുണ്ണു, വ്രണം.
Chandelier, *s.* വിളക്കുതണ്ടു.
Change, *v. a.* മാററുക, മറിക്ക, ഭേദിപ്പിക്ക.
Change, *v. n.* മാറുക, ഭേദിക്ക.
Change, *s.* മാററം, ഭേദം, വ്യത്യാസം.
Changeable, *a.* മാററമുള്ള, ഭേദ്യമായ.
Changeableness, *s.* മാററം, മറിച്ചൽ, ഭേദം.
Changer, *s.* മാററുകാരൻ, ശറാപ്പു.
Channel, *s.* തോടു, ചാല, ഓക, പാത്തി.
Channel, *v. a.* തോടുവെട്ടുക, ചാലയിടുക.
Chant, *v. a.* പാടുക, കീൎത്തനം ചെയ്യു.
Chanter, *s.* ഗായകൻ, രാഗക്കാരൻ.
Chantress, *s.* പാട്ടുകാരി, രാഗക്കാരി.
Chaos, *s.* സമ്മിശ്രരൂപം, അലങ്കോലം.
Chaotic, *a.* സമ്മിശ്രരൂപമുള്ള, അരൂപ്യമുള്ള.
Chap, *v. a. & n.* വിള്ളുക, വെടിയുക, വിരിയുക,
Chap, *s.* വിള്ളൽ, വിടവു, വിരിച്ചൽ.
Chapel, *s.* പള്ളി.
Chapelry, *s.* പള്ളി ഇടവക.
Chapiter, *s.* തൂണിന്റെ പോതിക.
Chaplain, *s.* പാതിരി.
Chaplaincy, *s.* പാതിരിസ്ഥാനം.
Chaplet, *s.* ശിരോലങ്കാരം, പൂമാല.
Chapman, *s.* അങ്ങാടിക്കാരൻ, പീടികക്കാരൻ.
Chapter, *s.* അദ്ധ്യായം, പ്രകരണം.
Char, *v. a.* കരിച്ചുടുക, ഇരുന്നൽ കരിക്ക.
Character, *s.* സ്വഭാവം, കുറി, ലക്ഷണം, എഴുത്തു.
Character, *s.* അടയാളം, അക്ഷരം, അച്ച.

Characteristic, *s.* അടയാളം, ചിഹ്നം, ലക്ഷണം.

Characterize, *v. a.* വൎണ്ണിക്ക, വിവരിക്ക.

Characterless, *a.* നീചത്വമുള്ള, അസ്ഥിര സ്വഭാവികം.

Charcoal, *s.* കരി, കരിക്കട്ട, ഇരുന്നൽ.

Charge, *v. a.* ഭരമേല്പിക്ക, ഏല്പിക്ക, ചുമത്തുക.

Charge, *s.* വിചാരണ, കല്പന, ഉദ്യോഗം, ചിലവു, അതിക്രമം, എതിൎപ്പു, ഭാരം, ചുമട്ടു.

Chargeable, *a.* ഭരമേല്പിതം, ചുമത്താകുന്ന.

Charger, *s.* താലം, തളിക, വട്ടക, പടക്കുതിര.

Charily, *ad.* ജാഗ്രതയോടെ, കരുതിപ്പായി.

Chariness, *s.* ജാഗ്രത, സൂക്ഷ്മം, ഭയം.

Chariot, *s.* രഥം, തേർ, വണ്ടി, വാഹനം.

Charioteer, *s.* സാരഥി, തേരാളി, സൂതൻ.

Charitable, *a.* ധാൎമ്മികമുള്ള, ഔദാൎയ്യമുള്ള, കൃപയുള്ള.

Charitably, *ad.* ധൎമ്മമായി, ഔദാൎയ്യമായി.

Charity, *s.* ധൎമ്മം, ഉപകാരം, ഭിക്ഷ, ദയ, സ്നേഹം.

Chark, *v. a.* കരിക്ക, ഇരുന്നൽ ചുട്ടുക.

Charlatan, *s.* കള്ളവൈദ്യൻ, മായക്കാരൻ.

Charm, *s.* മന്ത്രം, വശീകരം, മയക്കം, മോഹനം.

Charm, *v. a.* ആഭിചാരം ചെയ്യു, വശീകരിക്ക.

Charmer, *s.* ആഭിചാരക്കാരൻ, വശീകരക്കാരൻ.

Charming, *a.* മോഹനീയമായ, രമണീയമുള്ള.

Charming, *s.* വശീകരണം, രമ്യത, മനോഹരത.

Charmingness, *s.* വശീകരണം, മോഹനം.

Chart, *s.* മാലുമിപ്പടം.

Charter, *s.* സാക്ഷിഎഴുത്തു, എഴുതിയ ഉടമ്പടി.

Chary, *a.* ജാഗ്രതയുള്ള, സൂക്ഷ്മമുള്ള.

Chase, *v. a.* നായാട്ടുക, വേട്ടയാട്ടുക, ഓടിക്ക.

Chase, *s.* നായാട്ടു, വേട്ട, മൃഗവ്യം, തേച്ച.

Chaser, *s.* നായാട്ടുകാരൻ, വേട്ടാളൻ, മൃഗജീവനൻ.

Chasm, *s.* പിളൎപ്പു, വിള്ളൽ, വിടവു, സുഷിരം.

Chaste, *a.* പാതിവ്രത്യമുള്ള, നിൎമ്മലമുള്ള.

Chaste-tree, *s.* കരിനൊച്ചി.

Chasten, *v. a.* ശിക്ഷിക്ക, ദണ്ഡിക്ക, നന്നാക്ക.

Chasteness, *s.* നിൎമ്മലത, ശുദ്ധി, സ്വച്ഛത.

Chastise, *v. a.* ശിക്ഷിക്ക, ദണ്ഡിക്ക, നന്നാക്ക.

Chastisement, *s.* ശിക്ഷ, ദണ്ഡം, ദണ്ഡനം.

Chastiser, *s.* ദണ്ഡിപ്പിക്കുന്നവൻ.

Chastity, *s.* പാതിവ്രത്യം, സ്വച്ഛത, ശുദ്ധി.

Chastly, *ad.* നിൎമ്മലമായി, സ്വച്ഛമായി.

Chat, *v. n.* വായാട്ടുക, ജല്പിക്ക, വെറുതെ സംസാരിക്ക.

Chat, *s.* വായാട്ടം, ജല്പനം, തുമ്പില്ലാത്ത വാക്കു.

Chattel, *s.* തട്ടുമുട്ടു, സാധനം, കോപ്പു.

Chatter, *v. n.* ചിലെക്ക, വായാട്ടുക, ജല്പിക്ക.

Chatterer, *s.* വായാടി, വായാളി, ജല്പകൻ.

Chattering, *s.* വാക്ചാപല്യം, വായാട്ടം.

Chatwood, *s.* വിറക, ചുള്ളി, ചെത്തുപൂള.

Chaw, *v. n.* ചവെക്ക, ചപ്പുക.

Chaw, *s.* മേൽവായ്, കിഴ്വായ്.
Cheap, *a.* സഹായമുള്ള, വില കുറഞ്ഞ.
Cheapen, *v. a.* വില കുറക്ക, വിലനയമാക്ക.
Cheapness, *s.* നയം, വിലസഹായം.
Cheat, *v. a.* വഞ്ചിക്ക, ചതിക്ക, തട്ടിക്ക.
Cheat, *s.* വഞ്ചന, ചതി, കബളം, കപടം.
Cheat, *s.* വഞ്ചകൻ, ചതിയൻ, കള്ളൻ.
Cheater, *s.* വഞ്ചകൻ, ഉരുട്ടൻ.
Check, *v. a.* നിരോധിക്ക, അടക്ക, തടുക്ക.
Check, *v. n.* നില്ക്ക, തമ്മിൽ മുട്ടുക, ഉൽപ്പെടുക.
Check, *s.* നിരോധം, വിരോധം, അടക്കം.
Cheek, *s.* കവിൾ, ഗണ്ഡം, ചെകിട്ടു.
Cheek-tooth, *s.* അണപ്പല്ലു, ദംഷ്ട്രം.
Cheer, *s.* സന്തോഷം, ആഹ്ലാദം, ആമോദം.
Cheer, *v. a.* സന്തോഷിപ്പിക്ക, ആശ്വസിപ്പിക്ക.
Cheer, *v. n.* സന്തോഷിക്ക, ആശ്വസിക്ക.
Cheerful, *a.* സന്തോഷമുള്ള, ആമോദിതം.
Cheerfully, *ad.* സന്തോഷമായി, പ്രസാദത്തോടെ.
Cheerfulness, *s.* സന്തോഷം, ആനന്ദം.
Cheerless, *a.* അസന്തോഷമുള്ള, അപ്രസാദിതം.
Cheese, *s.* പാൽപിട്ടു.
Cheque, *s.* ഉണ്ടികക്കടലാസ്സു.
Cherish, *v. a.* പോഷിക്ക, പാലിക്ക, രക്ഷിക്ക.
Cherisher, *s.* പോഷകൻ, പാലകൻ.
Cherishing, *s.* പോഷണം, പാലനം.
Cherub, *s.* ഖെരുബ, ദൈവദൂതൻ.
Cherup, *v. n.* രാഗം മൂളുക, ചിലെക്ക.
Chess, *s.* ചതുരംഗം, ചതുരംഗപ്പോർ.
Chessboard, *s.* ചതുരംഗപ്പലക.
Chessman, *s.* ചതുരംഗക്കരു.
Chest, *s.* പെട്ടി, പെട്ടകം, മാറിടം.
Chest, *v. a.* പെട്ടിയിലാക്ക.
Chew, *v. a. & n.* ചവെക്ക, ചപ്പുക, അയയോൎക്ക.
Chicane, *s.* ദുസ്തൎക്കം, ഉപായതന്ത്രം.
Chicane, *v. n.* കലഹിക്ക, ഉപദ്രവിക്ക.
Chicaner, *s.* ദുസ്തൎക്കക്കാരൻ.
Chicken, *s.* കോഴിക്കുഞ്ഞു, പക്ഷിക്കുഞ്ഞു.
Chicken-hearted, *a.* ഭയമുള്ള, ഭീരുവാകുന്ന.
Chickenpox, *s.* പിത്തവസൂരി, പൊങ്ങമ്പനി.
Chickling, *s.* കൊച്ചുകുഞ്ഞു.
Chide, *v. a.* നിരോധിക്ക, വിലക്ക, വിവാദിക്ക.
Chide, *v. n.* കലമ്പുക, കലഹിക്ക, അലറുക.
Chider, *s.* ശാസിച്ചു പറയുന്നവൻ.
Chiding, *s.* ശാസന, വിവാദം, നിരോധം.
Chief, *a.* പ്രധാനമുള്ള, ശ്രേഷ്ഠമുള്ള, വിശേഷമുള്ള.
Chief, *s.* പ്രധാനി, മുഖ്യസ്ഥൻ, ശ്രേഷ്ഠൻ, തലവൻ.
Chiefless, *a.* തലവനില്ലാത്ത.
Chiefly, *ad.* മുഖ്യമായി, വിശേഷാൽ.
Chieftain, *s.* പ്രധാനി, തലവൻ, മേധാവി, നായകൻ.
Child, *s.* ശിശു, പൈതൽ, പിള്ള, കുഞ്ഞു, കുട്ടി.
Childbearing, *s.* ഗൎഭധാരണം, ശിശുപ്രസവം.
Childbed, *s.* പ്രസവം.
Childbirth, *s.* പ്രസവം, പേറു, പ്രസൂതി.
Childhood, *s.* ശിശുത്വം, ബാല്യം, ബാല്യാവസ്ഥ.
Childish, *a.* ബാല്യപ്രായമുള്ള, ബുദ്ധികുറവുള്ള.

Childless, *a.* സന്തതിയില്ലാത്ത, അനപത്യമുള്ള.
Childlike, *a.* കുട്ടിത്തുല്യമുള്ള.
Chill, *a.* കുളിരുള്ള, ശീതമുള്ള, തണുപ്പുള്ള.
Chill, *s.* കുളിർ, ശീതം, തണുപ്പു, അലച്ചൽ.
Chill, *v. a.* കുളിപ്പിക്ക, ശീതമാക്ക, തണുപ്പിക്ക.
Chilliness, *s.* കുളിർ, ശീതം, കുളിർമ്മ.
Chilly, *a.* കുളിരുള്ള, ശീതമുള്ള, തണുപ്പുള്ള.
Chilness, *s.* കുളിർ, ശീതം, തണുപ്പു.
Chime, *s.* കിലുക്കം, കിണുക്കം, സുസ്വരം.
Chime, *v. n.* കിലുങ്ങുക, ചേരുക, ഇണങ്ങുക.
Chime, *v. a.* കിലുക്ക, മണിയടിക്ക.
Chimera, *s.* അഭാവം, മായാമോഹം, ഊഹം.
Chimerical, *a.* മായാമോഹമുള്ള.
Chimney, *s.* പുകക്കുട്ട, പുകദ്വാരം.
Chin, *s.* താടി ചിബുകം.
China, *s.* ചീനരാജ്യം, പിഞ്ഞാണം.
Chinaman, *s.* ചീനക്കാരൻ.
Chinaroot, *s.* ചീനപ്പാവു.
Chinaware, *s.* പിഞ്ഞാണം.
Chine, *s.* തണ്ടെല്ലു.
Chink, *s.* വിള്ളൽ, വിരിവു, ചിലമ്പൽ.
Chink, *v. a.* കിലുക്ക.
Chink, *v. n.* കിലുങ്ങുക, ചിലമ്പുക
Chints, *s.* അച്ചടിശ്ശീല.
Chip, *v. a.* പൂളുക, നുറുക്ക, ചെത്തുക.
Chip, *s.* ചെത്തുപൂള, നുറുക്ക കഷണം.
Chipping, *s.* പൂള, നുറുക്കു, കഷണം.
Chiromancy, *s.* കൈനോട്ടം, സാമുദ്രികം.
Chirp, *s.* ചിലെപ്പു, പക്ഷിനിനാദം.
Chirper, *s.* ചിലെക്കുന്നവൻ.
Chirping, *s.* ചിലെപ്പു, മൂളൽ, പക്ഷിനിനാദം.
Chirurgeon, *s.* ശസ്ത്രവൈദ്യൻ.
Chirurgery, *s.* ശസ്ത്രവൈദ്യം, ശസ്ത്രപ്രയോഗം.
Chisel, *s.* ഉളി, ചികളി.
Chivalrous, *a.* പരാക്രമമുള്ള, വിക്രമമുള്ള.
Chivalry, *s.* പരാക്രമം, വിക്രമം, വീൎയ്യം.
Choice, *s.* തെരിഞ്ഞെടുപ്പു, വേറുതിരിവു.
Choice, *a.* തെരിഞ്ഞെടുക്കപ്പെട്ട, വിശേഷമുള്ള.
Choiceless, *a.* തെരിഞ്ഞെടുപ്പില്ലാത്ത.
Choicely, *ad.* കൌതുകമായി, നിശ്ചയമായി.
Choiceness, *s.* തെരിഞ്ഞെടുപ്പു, വിശേഷത.
Choir, *s.* ഗായകസംഘം.
Choke, *v. a.* വീൎപ്പുമുട്ടിക്ക, മുട്ടിക്ക, വഴിയടക്ക.
Choker, *s.* വീൎപ്പുമുട്ടിക്കുന്നവൻ, മുട്ടുയുക്തി.
Choky, *a.* വീൎപ്പുമുട്ടിക്കുന്ന, മുട്ടിക്കുന്ന.
Choler, *s.* പിത്തം, പൈത്ത്യം, കോപം.
Choleric, *a.* പിത്തമുള്ള, കോപമുള്ള.
Choose, *v. a.* തെരിഞ്ഞെടുക്ക, വേറുതിരിക്ക.
Chop, *v. a.* മാറിവാങ്ങുക, പിണങ്ങുക.
Chop, *v. a.* വെട്ടുക, അറയുക, മൂരുക.
Chop, *v. n.* ബഭപ്പെടുക, ചപ്പുക.
Chop, *s.* ഇറച്ചിക്കഷണം, താടി, വിള്ളൽ.
Chopping, *a.* വലിയ, തടിച്ച, സ്ഥൂലിച്ച.
Chopping, *s.* വെട്ടു, കൊത്തൽ, മൂരൽ.
Chopping-knife, *s.* കറിക്കത്തി, ഇറച്ചിക്കത്തി.
Choppy, *a.* വിള്ളലുള്ള, വിരിച്ചലായ.
Chops, *s.* ഒരു മൃഗത്തിന്റെ വായ്, മോന്ത.
Choral, *s.* ഒരു വക പാട്ടു.
Chord, *s.* കമ്പി, ഞരമ്പു, വര.
Chorister, *s.* ഗായകൻ, രാഗക്കാരൻ.
Chorus, *s.* ഗായകസംഘം.
Chrism, *s.* തൈലം, അഭിഷേകം.

Christ, *s.* ക്രിസ്തൻ, അഭിഷിക്തൻ, രക്ഷിതാവു.
Christen, *v. a.* സ്നാനപ്പെടുത്തുക.
Christendom, *s.* ക്രിസ്ത്യജനം.
Christening, *s.* ജ്ഞാനസ്നാനം.
Christian, *s.* ക്രിസ്ത്യാനി, ക്രിസ്തുമതക്കാരൻ.
Christian, *a.* ക്രിസ്ത്യം.
Christianity, *s.* ക്രിസ്തുമതം, ക്രിസ്തുമാൎഗ്ഗം.
Christmas, *s.* ക്രിസ്തൻ പിറന്നനാൾ.
Chronic, *a.* കാലം ചെന്ന.
Chronicle, *s.* നാളാഗമം.
Chronicle, *v. a.* പുരാണവൎത്തമാനം എഴുതുക.
Chronology, *s.* കഴിഞ്ഞകാലഗണനം.
Chronometer, *s.* കാലം അളക്കുന്ന സൂത്രം.
Chrysolite, *s.* ഗോമേദകം.
Chuck, *s.* പിടക്കോഴിയുടെ ശബ്ദം, സ്നേഹവാക്കു.
Chuckle, *v. a.* വളരെ ചിരിക്ക, ലാളിക്ക, പിടക്കോഴിപോലെ വിളിക്ക.
Chuff, *s.* അനാചാരക്കാരൻ, ദുരാചാരൻ.
Chuffiness, *s.* അനാചാരം, ദുരാചാരം.
Chump, *s.* മുറിക്കുററി, മുറിത്തടി.
Church, *s.* ക്രിസ്ത്യസഭ, പള്ളി, ദൈവാലയം.
Churchwarden, *s.* പള്ളികൈക്കാരൻ.
Churchyard, *s.* പള്ളിമതിലകം, പള്ളിപറമ്പു.
Churl, *s.* കന്നൻ, ലുബ്ധൻ, ഭോഷ്കൻ.
Churlish, *a.* അനാചാരമുള്ള, ലുബ്ധുള്ള.
Churlishness, *s.* അനാചാരം, ദുരാചാരം.
Churn, *v. a.* മഥനം ചെയ്യു, കലക്ക.
Churn, *s.* കലം.
Churning, *s.* മഥനം, കലക്കം.
Churning-stick, *s.* മഥനക്കോൽ.
Chymical, *a.* രസവാദമുള്ള, പുടപ്രയോഗമുള്ള.
Chymist, *s.* രസവാദി.
Chymistry, *s.* രസവാദം, പുടപ്രയോഗം.
Cicatrice, *s.* വടു, വടുക, കല.
Cimeter, *s.* ഒരു ചെറിയ വളഞ്ഞ വാൾ.
Cincture, *s.* വാറ, വേലി, വളപ്പു, ചുററ.
Cinder, *s.* തീക്കനൽ, കരിക്കട്ട.
Cinnabar, *s.* ചായില്യം.
Cinnamon, *s.* കറുവാത്തൊലി.
Cion, *s.* മുള.
Cipher, *s.* അക്കം, ലക്കം, സൊന്ന, ശൂന്യം, അക്ഷരം.
Cipher, *v. a. & n.* കണക്കു കൂട്ടുക, കണക്കു പഠിക്ക.
Ciphering, *s.* കണക്കുകൂട്ടൽ.
Circle, *s.* ചക്രം, വൃത്തം, ചുഴി, മണ്ഡലം.
Circle, *v. a.* വട്ടമിടുക, ചുററിക്ക, വളെക്ക.
Circle, *v. n.* ചുററുക, ചുഴലുക, വട്ടം ചുററുക.
Circlet, *s.* ചുഴി, ചെറുവൃത്തം.
Circuit, *s.* ചുററൽ, ചുഴല്ച, ചക്രാകാരം.
Circuit, *v. n.* ചുററുക, ചുഴലുക.
Circuition, *s.* ചുഴല്ച, ചക്രംതിരിച്ചൽ.
Circular, *a.* വൃത്തമുള്ള, വട്ടമുള്ള, ചുററുന്ന.
Circularity, *s.* ചക്രാകാരം, വൃത്താകാരം.
Circularly, *ad.* ചക്രാകാരമായി.
Circulate, *v. n.* വട്ടംതിരിയുക, ചുററുക.
Circulate, *v. a.* വട്ടം തിരിക്ക, പ്രസിദ്ധമാക്ക.
Circulation, *s.* വട്ടംതിരിച്ചൽ പരത്തൽ.
Circumambulation, *s.* പ്രദക്ഷിണം.
Circumcise, *v. a.* പരിച്ഛേദന ചെയ്യു.
Circumcision, *s.* പരിച്ഛേദന, ചുന്നത്ത.
Circumference, *s.* വൃത്തപരിധി.
Circumflex, *s.* ദീൎഘോച്ചാരണരേഖ.
Circumfusion, *s.* ചുററുപരത്തൽ.
Circumscribe, *v. a.* അതിരിടുക.

Circumspect, *a.* സൂക്ഷ്മമുള്ള, ജാഗ്രതയുള്ള.
Circumspection, *s.* സൂക്ഷ്മം, ജാഗ്രത.
Circumspectly, *ad.* സൂക്ഷ്മമായി.
Circumstance, *s.* കാൎയ്യം, അവസ്ഥ, സ്ഥിതി.
Circumstantial, *a.* വിവരമുള്ള.
Circumstantiate, *v. a.* വിവരിച്ചു പറക.
Circumvention, *s.* വഞ്ചന, ചതിവു.
Circus, *s.* രംഗസ്ഥലം, കളിപ്പുര.
Cist, *s.* ഉറ, ഉറുപ്പു, മൂടി, സഞ്ചി.
Cistern, *s.* വെള്ളത്തൊട്ടി, വെള്ളമറവി.
Citadel, *s.* കോട്ട, ദുൎഗ്ഗം.
Citation, *s.* വിളി, കല്പന, ഉദാഹരണം.
Cite, *v. a.* വിളിക്ക, വരുത്തുക.
Citizen, *s.* നഗരവാസി, പൌരൻ.
Citron, *s.* വല്ലി നാരങ്ങാ, ജംഭം.
City, *s.* നഗരം, നഗരി, പട്ടണം, പുരി.
Civet, *s.* പച്ചപുഴ, പുഴുക, ജവാദ.
Civetcat, *s.* വെരുക.
Civil, *a.* നല്ല മൎയ്യാദയുള്ള, ജനസംബന്ധമുള്ള.
Civil-law, *s.* കൊഴുമുതലായ്മ.
Civilian, *s.* അദാലത്ത് ഉദ്യോഗസ്ഥൻ.
Civility, *s.* നല്ലമൎയ്യാദ, ഉപചാരം.
Civilization, *s.* നാഗരികത്വം, നല്ല നടപ്പു.
Civilize, *v. a.* നല്ല മൎയ്യാദകളെ നടത്തിക്ക.
Clack, *s.* കളകളശബ്ദം, ചിലെപ്പു.
Clack, *v. n.* ചിലെക്ക, വായാടുക.
Claim, *v. a.* അവകാശം പറക, ചോദിക്ക.
Claim, *s.* ന്യായം, അവകാശം, വ്യവഹാരം.
Claimable, *a.* അവകാശമാകത്തക്ക.
Claimant, *s.* അവകാശം പറയുന്നവൻ.
Clam, *v. n.* ഞണുഞണുക്ക, പററുക.
Clamber, *v. n.* കയറിപ്പോക, പററിപിടിച്ചു കയറുക.
Clamminess, *s.* ഞണുഞണുപ്പു, വഴുപ്പു.
Clamorous, *a.* തൊള്ളയുള്ള, പിറുപിറുപ്പുള്ള.
Clamour, *s.* തൊള്ള, നിലവിളി, കലാപം, അമളി.
Clamour, *v. n.* പിറുപിറുക്ക, കലഹിക്ക.
Clamp, *s.* ബന്ധം, കെട്ടു, കൂട്ടിക്കെട്ടു.
Clamp, *v. a.* ബന്ധിക്ക, കൂട്ടിക്കെട്ടുക.
Clan, *s.* വംശം, കുഡുംബം, സന്താനം, ജാതി.
Clandestine, *a.* രഹസ്യമുള്ള, ഗൂഢമുള്ള, കൃത്രിമം.
Clandestinely, *ad.* രഹസ്യമായി, കൃത്രിമമായി.
Clang, *s.* ചിലമ്പൽ, കിലുക്കം, തുമുലം.
Clang, *v. n.* ചിലുമ്പുക, കിലുങ്ങുക.
Clap, *v. a.* അറയുക, കൊട്ടുക, അടിക്ക.
Clap, *v. n.* കൈകൊട്ടി ആൎക്ക.
Clap, *s.* അടി, ഇടി, മുഴക്കം, വെടി, കൈക്കൊട്ടു.
Clapper, *s.* കൈ കൊട്ടുന്നവൻ.
Claret, *s.* ഒരുവക പരന്ത്രീസ്സ് വീഞ്ഞു.
Clarification, *s.* തെളിച്ചൽ, തെളിയിപ്പു.
Clarify, *v. a.* തെളിയിക്ക, പ്രകാശിപ്പിക്ക.
Clarion, *s.* കാഹളം.
Clarity, *s.* തെളിവു, പ്രകാശം, മിനുസം.
Clash, *v. n.* തമ്മിൽ മുട്ടുക, കിടയുക.
Clash, *v. a.* തമ്മിൽ മുട്ടിക്ക, കൂട്ടി മുട്ടിക്ക.
Clash, *s.* കിടച്ചൽ, ഒച്ച, കൂട്ടുമുട്ടു.
Clasp, *s.* മടക്ക, പൂട്ടു, കൊളുത്ത, തഴുകൽ.
Clasp, *v. a.* പൂട്ടുക, കൊളുത്തുക, മടക്ക.
Clasper, *s.* വള്ളിനാമ്പു.
Clasp-knife, *s.* മടക്കു കത്തി.
Class, *s.* തരം, ജാതി, കൂട്ടം, ക്രമം, വരി, വകുപ്പു.
Class, *v. a.* ക്രമപ്പെടുത്തുക, തരംവെക്ക, വകുക്ക.
Classic, classical, *a.* വിശേഷഭാഷിതം.

Classic, *s.* ഗ്രന്ഥകൎത്താവു, വിശേഷഭാഷകൻ.

Classification, *s.* തരന്തിരിച്ചൽ, തരശതി.

Clatter, *v. n.* കിണുങ്ങുക, കിട്ടുകിട്ടുക്ക, വായാട്ടുക.

Clatter, *v. a.* കിണുക്ക, കിട്ടുകിട്ടുപ്പിക്ക, അലറുക.

Clatter, *s.* കിണുക്കം, കിട്ടുകിട്ടുപ്പു, കലശൽ.

Clause, *s.* വാചകം, വാക്യം, ചൊല്ല്, സംഗതി.

Claw, *s.* ഇറുക്കു, ഇറുക്കുകാൽ, നഖം, കൈ.

Claw, *v. a.* മാന്തുക, കലമ്പുക, ശകാരിക്ക.

Clawback, *s.* മുഖസ്തുതിക്കാരൻ.

Clawing, *s.* മാന്തൽ, ചുരണ്ടൽ.

Clay, *s.* കളിമണ്ണു, കുശമണ്ണു, പശമണ്ണു.

Clay, *v. a.* കളിമണ്ണു തേക്ക.

Clayey, *a.* കളിമണ്ണുള്ള.

Claymarl, *s.* വെള്ളമണ്ണു, ചേടിമണ്ണു.

Clean, *a.* ശുദ്ധമുള്ള, നിൎമ്മലമുള്ള, വെടിപ്പുള്ള.

Clean, *ad.* അശേഷം, മുഴുവനും, തീരെ.

Clean, *v. a.* ശുദ്ധമാക്ക, വെടിപ്പാക്ക, മിനുക്ക.

Cleaning, *s.* സംശോധനം.

Cleanliness, *s.* ശുദ്ധി, നിൎമ്മലത, പവിത്രം.

Cleanly, *a.* ശുദ്ധമുള്ള, വെടിപ്പുള്ള.

Cleanly, *ad.* ശുദ്ധമായി, വെടിപ്പായി.

Cleanness, *s.* ശുദ്ധി, വെടിപ്പു, വൃത്തി.

Cleanse, *v. a.* ശുദ്ധമാക്ക, ശുദ്ധീകരിക്ക.

Cleansing, *s.* സംശോധനം, പ്രക്ഷാളനം.

Clear, *a.* പ്രസന്നമുള്ള, ഉജ്ജ്വലിതം, സ്പഷ്ടം, ശോഭയുള്ള, നിൎമ്മലമുള്ള.

Clear, *ad.* സ്പഷ്ടമായി, തെളിവായി.

Clear, *v. a.* തെളിയിക്ക, ശോഭിപ്പിക്ക, നിൎമ്മലീകരിക്ക, ഒഴിപ്പിക്ക.

Clear, *v. n.* തെളിയുക, വെടിപ്പാക.

Clearance, *s.* ചുങ്കം തീൎന്ന ചീട്ടു, രവാന.

Clearer, *s.* തെളിയിക്കുന്നവൻ.

Clearly, *ad.* തെളിവായി, സ്പഷ്ടമായി.

Clearness, *s.* തെളിവു, ശോഭ, പ്രസന്നത.

Clearsighted, *a.* തെളിഞ്ഞ ദൃഷ്ടിയുള്ള.

Cleave, *v. n.* ഒട്ടുക, പററുക, ചേരുക.

Cleave, *v. n.* കീറുക, പിളരുക, പിരിയുക.

Cleave, *v. a.* കീറുക, പിളൎക്ക, പൊളിക്ക.

Cleaver, *s.* വെട്ടുകത്തി, കൊട്ടുവാൾ.

Cleaving, *s.* കീറൽ, പിളൎച്ച, പൊളിച്ചൽ.

Cleft, *s.* കീററ, പൊളി, പിളൎച്ച, വിടവു.

Cleft, *part. of to cleave,* പിളൎന്ന, കീറിയ.

Clemency, *s.* കരുണ, ദയ, കൃപ, ശാന്തത.

Clement, *a.* കരുണയുള്ള, ദയയുള്ള.

Clench, *v. a.* മുറുക പിടിക്ക, കൈമുറുക്ക.

Clergy, *s.* ഗുരുജനം, ബോധകക്കൂട്ടം.

Clergyman, *s.* ബോധകൻ, പാതിരി.

Clerk, *s.* ഗുരു, വിദ്വാൻ, പണ്ഡിതൻ.

Clerkship, *s.* പാണ്ഡിത്വം, എഴുത്തുവേല.

Clever, *a.* സാമൎത്ഥ്യമുള്ള, വൈഭവമുള്ള.

Cleverly, *ad.* മിടുക്കോടെ, സാമൎത്ഥ്യത്തോടെ.

Cleverness, *s.* നിപുണത, മിടുക്കു, സമൎത്ഥത.

Clew, *s.* നൂലുണ്ട, മാൎഗ്ഗം, ഒററ, തുമ്പു.

Click, *v. n.* കില്ലുകില്ലുക്ക, കില്ലുങ്ങുക.

Client, *s.* ആശ്രിതൻ, ചേൎന്നവൻ.

Cliff, clift, *s.* കൽമല, ചെരിതടം.

Climate, *s.* ദേശവിശേഷം, ഋതുഭേദം.

Climate, *v. n.* കുടിയിരിക്ക, വസിക്ക.

Climax, *s.* ക്രമം, കയററം, ആരോഹണം.

Climb, *v. a.* കയറുക, കയറിപ്പോക.

Climber, *s.* പററി കയറുന്നവൻ.

Clime, *s.* ദിക്ക, പ്രദേശം, ദേശവിശേഷം.
Clinch, *v. a.* മുറുകപ്പിടിക്ക, കൈമുറുക്ക.
Clinch, *s.* ദ്വയാൎത്ഥ വാക്ക, വിളയാട്ട വാക്ക.
Cling, *v. n.* ഒട്ടുക, പററുക, കെട്ടിപ്പിടിക്ക.
Clink, *v. n.* ചിലമ്പുക, മണിയുക.
Clink, *s.* ചിലമ്പൊലി, കിലുകിലുപ്പു, ഒച്ച.
Clip, *v. a.* കത്രിക്ക, കണ്ടിക്ക, നുറുക്ക, കറെക്ക.
Clipping, *s.* നുറുക്ക, കണ്ടിപ്പു, നുറുക്കൽ.
Clipt, *part.* കണ്ടിക്കപ്പെട്ട, കണ്ടിച്ച.
Cloak, *s.* മുഴക്കുപ്പായം, മറവു, പുതപ്പു.
Cloak, *v. a.* മൂട്ടുക, മറെക്ക, പുതെക്ക.
Clock, *s.* മണി, ഘടിയാൾ.
Clockmaker, *s.* ഘടിയാൾക്കാരൻ.
Clod, *s.* കട്ട, കട്ടി, മങ്കട്ട, പുല്കട്ട.
Clodpoll, *s.* മഹാമൂഢൻ, മഹാമടയൻ.
Clog, *v. a.* ഭാരം ചുമത്തുക, മുടക്ക.
Clog, *v. n.* പററുക, ഒട്ടുക, വിഘ്നപ്പെടുക.
Clog, *s.* ഭാരം, വിഘ്നം, വിരോധം.
Cloister, *s.* യോഗിമഠം, നടപ്പുര.
Cloom, *v. a.* പശയിട്ടൊട്ടിക്ക.
Close, *v. a.* അടെക്ക, പൂട്ടുക, നിൎത്തുക.
Close, *v. n.* അടയുക, ചേരുക, കൂടുക.
Close, *s.* നിൎത്തൽ, അവസാനം, സമാപ്തി.
Close, *a.* അടെച്ച, ഇടതിങ്ങിയ, മൂടലുള്ള.
Closehanded, *a.* പിശുക്കുള്ള, ലുബ്ധുള്ള.
Closely, *ad.* അടുക്കെ, അരികെ, മുറുകെ.
Closeness, *s.* അടെവു, അടുപ്പം, ഇടുക്കം.
Closet, *s.* ഉള്ളറ, അറ, അകം, മുറി.
Closet, *v. a.* അറയിലാക്കുക.
Closure, *s.* അടെച്ചൽ, വളപ്പു, സമാപ്തി.
Clot, *s.* കട്ട, തരി, ഉണ്ട, പിണപ്പു.
Cloth, *s.* വസ്ത്രം, ശീല, തുണി, ആട, പടം.
Clothe, *v. a. & n.* ഉടുപ്പിക്ക, ഉടുക്ക.
Clothes, *s.* ഉടുപ്പു, വസ്ത്രം, വസ്ത്രാലങ്കാരം.
Clothing, *s.* ഉടുപ്പു, വസ്ത്രം.
Cloud, *s.* മേഘം, അഭ്രം, ജലധരം, മുകിൽ.
Cloud, *v. a.* മേഘം കൊണ്ടു മൂടുക, ഇരുളാക.
Cloud, *v. n.* മേഘം മൂടുക, കാർകൊള്ളുക.
Cloudiness, *s.* മേഘമൂടൽ, മേഘതിമിരം, കാറു.
Cloudless, *a.* മേഘമില്ലാത്ത, തെളിഞ്ഞ.
Cloudy, *a.* മേഘമുള്ള, കാറുള്ള, മങ്ങലുള്ള.
Clout, *s.* തുണിഖണ്ഡം, ഇരിമ്പു ചുററു.
Clove, *part. of to cleave,* പററി, പിളൎന്നു.
Clove, *s.* കരയാമ്പു, എലവംഗപ്പൂ.
Cloven, *part. pret. of to cleave,* പിളൎന്ന, വിടൎന്ന.
Clovenfooted, *a.* കുളമ്പു പിളൎന്ന.
Clown, *s.* മുട്ടാളൻ, മുട്ടൻ, മുരടൻ.
Cloy, *v. a.* നിറെക്ക, തൃപ്തിപ്പെടുത്തുക.
Club, *s.* ഗദ, ദണ്ഡം, പൊന്തി, ചിട്ടി.
Club, *v. n.* കുറികൂടുക, കൂട്ടം കൂടുക.
Cluck, *v. n.* പിടക്കോഴിപോലെ കൊക്ക.
Clump, *s.* മുറിത്തടി, മരക്കൂട്ടം.
Clumsily, *ad.* കന്നത്വമായി, രൂപക്കേടായി.
Clumsiness, *s.* വശക്കേടു, കന്നത്വം, തടിപ്പു.
Clumsy, *a.* വശക്കേടുള്ള, തരക്കേടുള്ള.
Cluster, *s.* കുല, കൂട്ടം, സഞ്ചയം.
Cluster, *v. n. & a.* കുലെക്ക, സമൂഹിക്ക.
Clutch, *v. a.* മുറുകപ്പിടിക്ക, മുഷ്ടിപ്പിടിക്ക.
Clutch, *s.* മുഷ്ടിബന്ധം, പിടി, കൈ, നഖം.
Clutter, *s.* ഒച്ച, ഇരെപ്പു, ആരവം, തൊള്ള.
Clutter, *v. n.* ആരവിക്ക, ബദ്ധപ്പെടുക.
Coach, *s.* നാലുചക്രമുള്ള രഥം, വണ്ടി.
Coach-hire, *s.* വണ്ടിക്കൂലി.
Coachman, *s.* സാരഥി, സൂതൻ, തേരാളി.
Coact, *v. n.* സഹചരിക്ക, കൂടെപ്രവൃത്തിക്ക.

Coaction, *s.* കൂട്ടപ്രവൃത്തി, ബലബന്ധം.
Coadjutor, *s.* സഹായി, തുണക്കുന്നവൻ.
Coal, *s.* കരി, കരിക്കട്ട, കല്ക്കരി, തിക്കനൽ.
Coal, *v. a.* കരിക്ക, കരിയാക്ക.
Coal, *v. n.* കരിയുക.
Coalmine, *s.* കല്ക്കരി കുഴി.
Coalpit, *s.* കല്ക്കരി കുഴി.
Coalesce, *v. n.* ഒന്നിക്ക, ഒരു മനപ്പെടുക.
Coalescence, *s.* ഒന്നിപ്പു, ഐകമത്യം.
Coalition, *s.* ഒന്നിപ്പു, ഐക്യത, ചേൎച്ച.
Coarse, *a.* തടിയുള്ള, കട്ടപ്പമുള്ള.
Coarseness, *s.* തടി, പരുപരുപ്പു, പുഷ്ടി.
Coast, *s.* കര, സമുദ്രതീരം, കടല്പുറം.
Coat, *s.* പുറം കുപ്പായം, നിലയങ്കി.
Coat, *v. a.* കുപ്പായമുടുപ്പിക്ക.
Coax, *v. a.* പറഞ്ഞു രസിപ്പിക്ക.
Cobble, *v. a.* ചെരിപ്പു തുന്നുക.
Cobbler, *s.* ചെരിപ്പു കുത്തുന്നവൻ ചെരിപ്പുകുത്തി.
Cobweb, *s.* ചിലന്നിവല, മാറാല.
Cobweb, *a.* നിസ്സാരമുള്ള, ഹീനമുള്ള.
Cock, *s.* പൂവങ്കോഴി, പൂവൻ, ചാവൽ.
Cock, *v. a.* നേരെ വെക്ക, തൊപ്പിവെക്ക.
Cockatrice, *s.* വിരിയൻ പാമ്പു.
Cocket, *s.* ഉണ്ടികമുദ്ര, രവാന.
Cockle, *s.* ഞമഞ്ഞി, കക്കാ, ചിപ്പി.
Cockle, *v. a.* ചുളുക്ക, ചുരുളിക്ക.
Cockloft, *s.* മേൽമാളികമുറി.
Cock'scomb, *s.* കോഴിപ്പൂ.
Cocoa, *s.* തെങ്ങു, നാളികേര വൃക്ഷം.
Cocoanut, *s.* തേങ്ങാ, നാളികേരം.
Coction, *s.* വേവു, കാച്ചു.
Cod, *s.* ശ്രാവു.
Cod, *s.* പയററുകത്തി, പുട്ടിൽ.
Code, *s.* വ്യവഹാരമാല, ധൎമ്മശാസ്ത്രം.
Codicil, *s.* മരണപത്രികയോടു ചേൎന്ന എഴുത്തു.
Codle, *v. a.* പാതി വേവിക്ക, പുഴുങ്ങുക.
Coequal, *a.* സമാസമം, ശരാശരി.
Coequality, *s.* സമാസമത്വം.
Coerce, *v. a.* അടെക്ക, അമൎക്ക, നിരോധിക്ക.
Coercion, *s.* അടക്കം, അമൎച്ച, വിരോധം.
Coercive, *a.* അടക്കുന്ന, അമൎക്കുന്ന.
Coessential, *a.* സമതത്വമുള്ള.
Coexist, *v. a.* കൂടെ ജീവിക്ക, കൂടെ ഇരിക്ക.
Coexistence, *s.* ഒന്നിച്ചിരിപ്പു, സഹജീവിപ്പു.
Coffee, *s.* കാപ്പിക്കുരു.
Coffer, *s.* പണപ്പെട്ടി, ചെല്ലം.
Coffin, *s.* ശവപ്പെട്ടി.
Cog, *s.* ചക്രത്തിന്റെ പല്ലു.
Cogency, *s.* ബലം, ശക്തി, അധികാരം.
Cogitate, *v. n.* നിരൂപിക്ക, നിനെക്ക, ചിന്തിക്ക.
Cogitation, *s.* നിരൂപണം, നിനവു, ചിന്തനം.
Cognate, *a.* ബന്ധുത്വമുള്ള, സഹജം.
Cognation, *s.* സംബന്ധം, ബന്ധുത്വം, സഹജന്മം.
Cognition, *s.* അറിവു, ജ്ഞാനം, ബോധം.
Cognizable, *a.* ബോധ്യമുള്ള, അറിവാനുള്ള.
Cognizance, *s.* വിചാരം, അറിവു, തുമ്പു.
Cognomination, *s.* തറവാട്ടുപേർ, വംശപ്പേർ.
Cohabit, *v. a.* ഭാൎയ്യയും ഭൎത്താവും ഒന്നിച്ചു പാൎക്ക, സഹവാസംചെയ്ക, സംയോഗിക്ക.
Cohabitation, *s.* സഹവാസം, സംഗമം.
Coheir, *s.* കൂട്ടവകാശി.
Coheiress, *s.* കൂട്ടവകാശിനി.
Cohere, *v. n.* തമ്മിൽ പററുക, കൂടിച്ചേരുക.

Coherence, *a.* സംബന്ധം, ചേൎച്ച, യോജ്യത.
Coherent, *s.* സംബന്ധമുള്ള, ചേൎച്ചയുള്ള.
Cohesion, *s.* സംബന്ധം, സംയോഗം.
Cohesive, *a.* തമ്മിൽ പററുന്ന, സംബന്ധമുള്ള.
Cohibit, *v. a.* അടക്ക, തടുക്ക, ദമിപ്പിക്ക.
Coil, *v. a.* ചുരുട്ടുക, ചുററുക, മടിയുക.
Coil, *s.* ചുരുണ, ചുരുൾ, കലഹം.
Coin, *s.* മൂല, കൊൺ.
Coin, *s.* നാണ്യം.
Coin, *v. a.* നാണ്യം അടിക്ക.
Coinage, *s.* നാണ്യം, കമ്മിട്ടം.
Coincide, *v. n.* യോജിക്ക, തമ്മിൽ ചേരുക.
Coincidence, *s.* യോജ്യത, രഞ്ജനം, സന്ധി.
Coincident, *a.* യോജ്യതയുള്ള.
Coiner, *s.* നാണ്യമടിക്കുന്നവൻ.
Coition, *s.* സംയോഗം, രതം, പിണച്ചൽ.
Colation, *s.* അടച്ചൂററ, ഊററ.
Cold, *a.* തണുപ്പുള്ള, കുളിരുള്ള, ശീതമുള്ള.
Cold, *s.* തണുപ്പു, കുളിർ, ശീതം, ജലദോഷം.
Coldly, *ad.* തണുപ്പായി, അടക്കമായി.
Coldness, *s.* ശീതം, കുളിർ, അടക്കം.
Colic, *s.* വയറുനോവു, വയറുകടി.
Collapse, *v. n.* തമ്മിൽ പററുക, ഒന്നിച്ചു വീഴുക.
Collapsion, *s.* അടെവു. അട്ടപ്പം.
Collar, *s.* കഴുത്തുനാടാ, കണ്ഠാഭരണം.
Collarbone, *s.* കണ്ഠാസ്ഥി, കഴുത്തെല്ലു.
Collate, *v. a.* ഒത്തുനോക്ക, കൂട്ടിവായിക്ക.
Collation, *s.* വരദാനം, സമ്മാനം, ഒത്തുനോട്ടം.
Collator, *s.* ഒത്തുനോക്കുന്നവൻ.
Colleague, *s.* കൂട്ടുപ്രവൃത്തിക്കാരൻ.
Collect, *v. a.* കൂട്ടുക, കൂട്ടിച്ചേൎക്ക, സംഗ്രഹിക്ക.
Collectedness, *s.* ധീരത, നിശ്ശങ്ക, അഭയം.
Collectible, *a.* സംഗ്രഹിക്കത്തക്ക, സംഗ്രഹ്യം.
Collection, *s.* ശേഖരം, കൂട്ടം, ചേരുമാനം.
Collective, *a.* ശേഖരിക്കത്തക്ക, ചേൎക്കത്തക്ക.
Collectively, *ad.* ആകക്കൂടി, ആകപ്പാടെ.
Collector, *s.* ശേഖരിപ്പവൻ, കൂട്ടുന്നോർ.
College, *s.* പാഠശാല, മഠം, ആശ്രമം.
Collet, *s.* മോതിരകട, മുകപ്പു.
Collide, *v. a.* തമ്മിൽ മുട്ടുക, കിടയുക.
Collision, *s.* കൂട്ടിമുട്ടു, കിടച്ചൽ, തട്ടു.
Collocate, *v. a.* വെക്ക, ഒരേടത്തുവെക്ക.
Collocation, *s.* വെപ്പു, അടുക്കിവെപ്പു.
Collocution, *s.* സംഭാഷണം, സല്ലാപം.
Colloquy, *s.* സംഭാഷണം, സംസാരം.
Collusion, *s.* ചതിവു, കള്ള ഉടമ്പടി.
Collusive, *a.* വഞ്ചനയുള്ള, ചതിവുള്ള.
Collyrium, *s.* അഞ്ജനം, മഷി.
Colon, *s.* : എന്ന അപൂൎണ്ണവിരാമം.
Colonel, *s.* സഹസ്രാധിപൻ, കൎണ്ണൽ.
Colonization, *s.* കുടിപാൎപ്പു, കുടിയിരുത്തൽ.
Colonize, *v. a.* ഒരു ദേശത്തിൽ കുടിപാൎപ്പിക്ക.
Colony, *s.* പരദേശത്തിൽ ചെന്നു പാൎക്കുന്ന കുടികൾ.
Colorate, *a.* നിറമുള്ള, നിറം പിടിച്ച.
Coloration, *s.* വൎണ്ണനം, നിറം തേക്കൽ.
Colour, *s.* നിറം, വൎണ്ണം, ചായം, ചായൽ, രൂപം, രക്തപ്രസാദം,
Colour, *v. a.* നിറമിടുക, വൎണ്ണമിടുക, വൎണ്ണിക്ക.
Colouring, *s.* വൎണ്ണനം, ചിത്രലേഖനം.
Colourist, *s.* ചായക്കാരൻ, വൎണ്ണിക്കുന്നവൻ.

Colourless, *a.* നിറമില്ലാത്ത, തെളിവുള്ള.
Colt, *s.* ആണ്കുതിരക്കുട്ടി, ആണ്കഴുതക്കുട്ടി.
Colter, *s.* കൊഴു.
Column, *s.* തൂൺ, തൂണവരി, സൈന്യത്തിന്റെ ഒരു പകുതി, പങ്ക്തി, പന്തി.
Coma, *s.* നിദ്രാമയക്കം.
Comate, *s.* കൂട്ടകാരൻ, സഖി, ചങ്ങാതി.
Comb, *s.* ചീപ്പു, ഈരി, തേൻകട്ട.
Comb, *v. a.* ചീക, ചിക്ക.
Combat, *v. a.* പോരാടുക, നേരിടുക.
Combat, *s.* പോരാട്ടം, ശണ്ഠ, യുദ്ധം, പട.
Combatant, *s.* പോരാളി, യോദ്ധാവു, മല്ലൻ.
Combination, *s.* യോഗം, യോഗക്കെട്ടു, സന്ധി.
Combine, *v. n.* ഒന്നിച്ചുകൂടുക, ഇണങ്ങുക, ഒന്നിക്ക,
Combine, *v. a.* ഒന്നിച്ചു കൂട്ടുക, ചേൎക്ക, ഇണെക്ക.
Combined, *part. pass.* ഒന്നിച്ചു കൂട്ടിയ, ചേൎത്ത.
Combining, *s.* സമാഹരണം, ചേൎച്ച.
Combustion, *s.* ദഹനം, അഗ്നിദാഹം, വേവു.
Come, *v. n.* വരിക, എത്തുക, ആഗമിക്ക, ഉണ്ടാക, സംഭവിക്ക, അടുക്ക, തീരുക, പ്രാപിക്ക.
Comedian, *s.* കളിക്കാരൻ, നാടകക്കാരൻ.
Comedy, *s.* കഥകളി, നാടകം, കൂത്താട്ടം.
Comeliness, *s.* അഴക, ചന്തം, ഭംഗി, ചാരുത്വം.
Comely, *a.* അഴകുള്ള, ചന്തമുള്ള, കാന്തിയുള്ള.
Comely, *ad.* ചന്തമായി, ഭംഗിയോടെ.
Comer, *s.* വരുന്നവൻ, ആഗതൻ.
Comet, *s.* ധൂമകേതു, വാൽനക്ഷത്രം.
Comfit, *s.* മധുരദ്രവ്യം.
Comfort, *v. a.* ആശ്വാസിപ്പിക്ക, തണുപ്പിക്ക, ശമിപ്പിക്ക, സന്തോഷിപ്പിക്ക, ആദരിക്ക.
Comfort, *s.* ആശ്വാസം, ആററൽ, ശമനം, സുഖം.
Comfortable, *a.* ആശ്വാസമുള്ള, സുഖമുള്ള.
Comfortably, *ad.* ആശ്വാസമായി, സുഖേന.
Comforter, *s.* ആശ്വാസപ്രദൻ, ആശ്വാസിപ്പിക്കുന്നവൻ.
Comfortless, *a.* ആശ്വാസമില്ലാത്ത.
Comic, *a.* ചിരിപ്പിക്കുന്ന, വിനോദമുള്ള.
Comical, *a.* മോദമുള്ള, പൊറാട്ടുള്ള.
Coming, *s.* വരവു, ആഗമനം, ആഗതി.
Comity, *s.* ആചാരം, ഉപചാരം, മൎയ്യാദ.
Comma, *s.* , എന്ന അല്പവിരാമം.
Command, *v. a.* കല്പിക്ക, നിയോഗിക്ക, ആജ്ഞാപിക്ക, ഭരിക്ക, നടത്തിക്ക.
Command, *s.* ആജ്ഞ, കല്പന, അധികാരം.
Commander, *s.* അധിപതി, മേധാവി.
Commandment, *s.* കല്പന, പ്രമാണം, ആജ്ഞ.
Commemorable, *a.* ഓൎപ്പാന്തക്ക.
Commemorate, *v. a.* ഓൎക്ക, കൊണ്ടാടുക, ആചരിക്ക, പ്രശംസിക്ക.
Commemoration, *s.* ഓൎമ്മധാരണം, കൊണ്ടാട്ടം.
Commence, *v. a.* തുടങ്ങുക, ആരംഭിക്ക.
Commence, *v. n.* തുടങ്ങുക, ഉത്ഭവിക്ക.
Commencement, *s.* ആദി, ആരംഭം, തുടക്കം, ഉപക്രമം, ഉത്ഭവം.
Commend, *v. a.* പുകഴ്ത്തുക, പ്രശംസിക്ക.
Commendable, *a.* പ്രശംസനീയം, പുകഴ്ത്തതക്ക.
Deathbed, *s.* മരണക്കിടക്ക.

Deathless, *a.* മരണമില്ലാത്ത.

Deathlike, *a.* മരണപ്രായമുള്ള.

Debar, *v. a.* വിരോധിക്ക, തടുക്ക, ഒഴിപ്പിക്ക.

Debark, *v. a.* കപ്പൽവിടുക, കരെക്കു ഇറങ്ങുക.

Debase, *v. a.* ഹീനപ്പെടുത്തുക, അപമാനിക്ക.

Debasement, *s.* താഴ്ത്തൽ, ഹീനത, കുറവു.

Debate, *s.* തൎക്കം, വിവാദം, കലഹം, വ്യവഹാരം.

Debate, *v. a.* തൎക്കിക്ക, വാദിക്ക, കലഹിക്ക.

Debater, *s.* തൎക്കി, വാദി, വ്യവഹാരി.

Debauch, *v. a.* വഷളാക്ക, വിടക്കാക്ക.

Debauch, *s.* കാമതാപം, മദ്യപതാപം, അഴിമതി.

Debauchee, *s.* കാമി, രാഗി, വിടൻ, കടിയൻ.

Debaucher, *s.* വഷളാക്കുന്നവൻ.

Debauchery, *s.* കാമം, ദുൎമ്മാൎഗ്ഗശീലം, മദ്യപതാപം.

Debilitate, *v. a.* ക്ഷീണിപ്പിക്ക, ദുൎബ്ബലമാക്ക.

Debility, *s.* ബലഹീനത, ക്ഷീണത, ബലക്ഷയം.

Debt, *s.* കടം, ഋണം; നിലവു.

Debtor, *s.* കടംപെട്ടവൻ, കടക്കാരൻ.

Decade, *s.* ദശസംഖ്യ, പത്തഎണ്ണം.

Decagon, *s.* ദശകോണം.

Decalogue, *s.* ധൎമ്മത്തിലെ പത്തു കല്പനകൾ.

Decamp, *v. a.* പാളയം പൊളിക്ക, പോയികളക.

Decampment, *s.* സേനയാത്ര, ഓടിപ്പോക്കു.

Decant, *v. a.* വാറുക, ഊറുക.

Decapitate, *v. a.* തല വെട്ടിക്കളക, ശിരഃഛേദനം ചെയ്ക.

Decapitation, *s.* ശിരഃഛേദനം.

Decay, *v. n.* കെടുക, ക്ഷയിക്ക, ചീഞ്ഞുപോക.

Decay, *s.* കേടു, ക്ഷയം, വാട്ടം, അഴിവു.

Decease, *s.* മരണം, മൃത്യു, നിൎയ്യാണം.

Decease, *v. n.* ചാക, മരിക്ക, അന്തരിക്ക.

Deceit, *s.* വഞ്ചന, ചതി, വ്യാപ്തി, കപടം.
Deceitful, *a.* ചതിവുള്ള, വ്യാജമായ.
Deceitfully, *ad.* വ്യാജമായി, ചതിവോടെ.
Deceitfulness, *s.* വ്യാജം, കപടം, ചതി.
Deceivable, *a.* വഞ്ചിക്കതക്ക, ചതിക്കപ്പെടുന്ന.
Deceive, *v. a.* ചതിക്ക, വഞ്ചിക്ക, ചൊട്ടിക്ക.
Deceived, *a.* വഞ്ചിതം. ചതിച്ച.
Deceiver, *s.* ചതിയൻ, വഞ്ചകൻ, വ്യാപ്തിക്കാരൻ.
December, *s.* ഡിസംബർമാസം, ധനുമാസം.
Decency, *s.* ലജ്ജ, അടക്കം, ശുചി, മൎയ്യാദ.
Decent, *a.* അടക്കമുള്ള, ലജ്ജയുള്ള.
Decently, *ad.* യോഗ്യമായി, യുക്തമായി.
Deceptibility, *s.* വ്യാജഭാവം, വ്യാപ്തി.
Deceptible, *a.* ചതിക്കപ്പെടുന്ന, വഞ്ചിക്കപ്പെടുന്ന.
Deception, *s.* വ്യാപ്തി, ചതി, വഞ്ചന.
Deceptive, *a.* വഞ്ചിക്കുന്ന, ചതിവുള്ള.
Decession, *s.* പോക്ക, പിരിച്ചൽ.
Decide, *v. a.* നിശ്ചയിക്ക, തീൎക്ക, ഖണ്ഡിക്ക.
Decidedly, *ad.* നിശ്ചയമായി, തീൎപ്പോടെ.
Decimal, *a.* ദശാംശഹരിയുള്ള.
Decimate, *v. a.* പത്തിലൊന്ന പതിക്ക.
Decipher, *v. a.* പ്രയാസമുള്ള എഴുത്തുകളെ വിവരിച്ച വായിക്ക.
Decision, *s.* നിശ്ചയം, തീൎപ്പ, വിധി.
Decisive, *a.* തീൎച്ചയുള്ള, നിശ്ചയം വരുത്തുന്ന.
Decisively, *ad.* തീൎപ്പോടെ, നിശ്ചയമായി.
Decisiveness, *s.* തീൎച്ച, നിശ്ചയം, തിട്ടം.
Deck, *s.* കപ്പലിന്റെ മേൽതട്ട.
Declaim, *v. a.* പ്രസ്താപിക്ക, പ്രകടിക്ക.
Declaimer, *s.* പ്രസംഗക്കാരൻ, വാചാലൻ.
Declamation, *s.* പ്രസ്താപനം, പ്രസംഗം.
Declaration, *s.* പ്രസിദ്ധം, പരസ്യം, അറിയിപ്പ.
Declarative, *a.* തെളിയിക്കുന്ന, സ്പഷ്ടമാക്കുന്ന.
Declare, *v. a.* അറിയിക്ക, പ്രസിദ്ധപ്പെടുത്തുക.
Declension, *s.* താഴ്ച, ക്ഷയം, അധഃപതനം, രൂപമാല, വിഭക്തി.
Declinable, *a.* ക്ഷയിക്കുന്ന, രൂപഭേദം വരുത്താകുന്ന.
Declination, *s.* താഴ്ച, ക്ഷയം, ചരിവ, രൂപമാല, രൂപഭേദം, വിഭക്തി.
Decline, *v. n.* ചായുക, ക്ഷയിക്ക, ചരിക്ക, രൂപമാലയെ ചൊല്ലുക.
Decline, *s.* ചായിവ, ക്ഷയം, വാട്ടം.
Declivity, *s.* ഇറക്കം, ചായിവ, ചുരം, ഇറക്കം.
Decoct, *v. a.* വേവിക്ക, കാച്ചുക, ദ്രവിപ്പിക്ക.
Decoction, *s.* വേവ, കാച്ച, കഷായം.
Decocture, *s.* കഷായം, നിൎയ്യാസം.
Decollation, *s.* ശിരഃഛേദനം, തലയറുപ്പ.
Decompose, *v. a.* വിഭാഗിക്ക, ഭേദിപ്പിക്ക.
Decorate, *v. a.* അണിയിക്ക, അലങ്കരിക്ക.
Decoration, *s.* അലങ്കാരം, ശൃംഗാരം.
Decorator, *s.* അലങ്കരിക്കുന്നവൻ.
Decorous, *a.* ഭംഗിയുള്ള, യോഗ്യമായ.
Decorum, *s.* ലക്ഷണം, യോഗ്യത, മാനാചാരം.

Decrease, *v. n.* കുറയുക, താഴുക, ക്ഷയിക്ക.

Decrease, *v. a.* കുറെക്ക, ക്ഷയിപ്പിക്ക.

Decrease, *s.* ക്ഷയം, കുറച്ചം, താഴ്ച.

Decree, *v. a.* വിധിക്ക. തീൎപ്പാക്ക, കല്പിക്ക.

Decree, *s.* വിധി, തീൎപ്പ, കല്പന, പ്രമാണം.

Decrepit, *a.* വയസ്സ ചെന്ന, ജരയുള്ള.

Decrepitude, *s.* നര, ജര, വയസ്സാലെ ക്ഷീണത.

Decrescent, *a.* കുറയുന്ന, ക്ഷയിക്കുന്ന.

Decretal, *a.* വിധിസംബന്ധിച്ച, കല്പിതമുള്ള.

Decretal, *s.* വിധി കല്പന കുറിച്ച പുസ്തകം.

Decrial, *s.* നിന്ദവാക്ക, അധിക്ഷേപം.

Decry, *v. a.* നിന്ദിച്ചുപറക, അപവാദം പറക.

Decumbency, *s.* കിടപ്പ, ശയനാവസ്ഥ.

Dedicate, *v. a.* പ്രതിഷ്ഠിക്ക, നിയമിക്ക.

Dedication, *s.* പ്രതിഷ്ഠ, സമൎപ്പണം.

Dedition, *s.* ഒഴിച്ചൽ, കൈവെടിയുക.

Deduce, *v. a.* അനുമാനിക്ക, സാരമെടുക്ക.

Deducement, *s.* അനുമാനം, യുക്തി.

Deducible, *a.* യുക്തമുള്ള, അനുമേയം.

Deduct, *v. a.* കിഴിക്ക, നീക്ക, തട്ടിക്കഴിക്ക.

Deduction, *s.* കിഴിപ്പ, ഹരണം.

Deed, *s.* ക്രിയ, കൎമ്മം, പ്രവൃത്തി, കാൎയ്യം.

Deedless, *a.* വേലയില്ലാത്ത, പ്രവൃത്തിക്കാത്ത.

Deem, *v. a.* വിധിക്ക, നിരൂപിക്ക, ഊഹിക്ക.

Deep, *a.* ആഴമുള്ള, അഗാധമായ, താണ.

Deep, *s.* ആഴം, അഗാധം, സമുദ്രം, ഗംഭീരത.

Deepen, *v. a.* ആഴം കഴിക്ക, താഴ്ത്തു കുഴിക്ക.

Deeply, *ad.* ആഴെ, ആഴമായി.

Deer, *s.* മാൻ, മൃഗം.

Deface, *v. a.* മായ്ക്ക, കെടുക്ക, കുത്തികളക.

Defacement, *s.* നിൎമ്മലം, മായിച്ചുകളയുന്നതു.

Defacer, *s.* മാച്ചുകളയുന്നവൻ.

Defalcate, *v. a.* കുറെക്ക, കുറുക്ക, അഴിക്ക.

Defalcation, *s.* കുറവു, തള്ളൽ, നീക്കം.

Defamation, *s.* അപവാദം, ദൂഷ്യം, ദുഷ്കീൎത്തി.

Defamatory, *a.* ഏഷണിയുള്ള, നിന്ദ്യമായ.

Defame, *v. a.* ദുഷ്കീൎത്തിപ്പെടുത്തുക, അപമാനിക്ക.

Defamer, *s.* ദുൎഭാഷി, ദൂഷകൻ.

Default, *s.* വീഴ്ച, തെറ്റു, പിഴ, തപ്പു.

Defeat, *v. a.* ജയിക്ക, വെല്ലുക, തോല്പിക്ക.

Defeat, *s.* അപജയം, തോല്വ, തട്ടുകേടു.

Defecate, *v. a.* തെളിയിക്ക.

Defecation, *s.* തെളിയിപ്പ, മട്ടരിപ്പു.

Defect, *s.* കുറവു, ഊനത, കേടു, കുററം.

Defect, *v. n.* കുറവാക, ഹീനമാക.

Defectibility, *s.* ന്യൂനത, ഊനത, കുറച്ചൽ.

Defectible, *a.* കുറവായ, ഊനമുള്ള.

Defection, *s.* കുറവു, ഊനം, തെററു.

Defective, *a.* കുറവുള്ള, ഊനമുള്ള.

Defectiveness, *s.* കുറവു, തെററു, ദൂഷ്യം.

Defence, *s.* പരിരക്ഷണം, പരിത്രാണം, ഉത്തരം, ഉത്തരവാദം, വാട, സഹായം.

Defenceless, *a.* സഹായമില്ലാത്ത, നിൎവ്വാഹമില്ലാത്ത.

Defend, *v. a.* രക്ഷിക്ക, കാക്ക, പ്രത്യുത്തരം പറക.

Defendable, *a.* രക്ഷിക്കതക്ക, തട്ടപ്പാന്തക്ക.

Defendant, *s.* പ്രതിവാദി, പ്രതിക്കാരൻ.

Defender, *s.* രക്ഷകൻ, എതിരാളി, വക്കീൽ.

Defensible, *a.* രക്ഷിക്കപ്പെട്ടവാന്തക്ക.

Defensive, *a.* രക്ഷാകരമായ, പരിത്രാണനമുള്ള.

Defensive, *s.* കാവൽ, സംരക്ഷണം.

Defer, *v. a.* താമസിപ്പിക്ക, നിൎത്തുക, തട്ടക്കുക.

Defer, *v. n.* താമസിക്ക, നീങ്ങുക.

Deference, *s.* വണക്കം, വന്ദനം, അനുസരണം.

Defiance, *s.* ധിക്കാരം, പരിഭവം, നിന്ദ.

Deficiency, *s.* കുറവു, ഉനത, തെററു, കേട്ട.

Defier, *s.* ധിക്കാരി, നിന്ദിക്കുന്നവൻ.

Defile, *v. a.* തീണ്ടിക്ക, കറയാക്ക, അശുദ്ധമാക്ക.

Defile, *v. n.* അണിഅണിയായി നടക്കുക.

Defile, *s.* ഇട്ടക്കുവഴി, ഇടവഴി, മുട്ടക്കു.

Defilement, *s.* തീണ്ടൽ, അശുദ്ധി, അഴുക്കു.

Defiler, *s.* അശുദ്ധി വരുത്തുന്നവൻ.

Definable, *a.* വിവരിക്കപ്പെട്ടവാന്തക്ക.

Define, *v. a.* വിവരിക്ക, വൎണ്ണിക്ക, കറിക്ക, അതിരിട്ടക, ക്ലിപ്തമാക്ക, തിൎപ്പിക്ക.

Define, *v. n.* നിശ്ചയമാക, തീൎപ്പാക.

Definer, *s.* വിവരിക്കുന്നവൻ, വൎണ്ണിക്കുന്നവൻ.

Definite, *a.* നിശ്ചയമുള്ള, തിട്ടമായ, തികവുള്ള.

Definitely, *ad.* നിശ്ചയമായി, തീൎപ്പോടെ.

Definiteness, *s.* നിശ്ചയം, തിൎപ്പു, ക്ലിപ്തം, വൎണ്ണനം.

Definition, *s.* വിവരണം, വൎണ്ണനം, തീൎച്ച.

Definitive, *a.* നിശ്ചയമുള്ള, തീരുമാനമായ.

Definitively, *a.* നിശ്ചയമായി, തീൎപ്പോടെ.

Definitiveness, *s.* നിശ്ചയം, തിൎപ്പു, തിട്ടം.

Deflagration, *s.* തീപ്പററൽ, തീപ്പിട്ടത്തം.

Deflect, *v. n.* മാറിപോക, വഴിതെററുക.

Deflection, *s.* വഴിപിഴ, വഴിതെററു, മാറിപോക്കു.

Deflexure, *s.* കനിവു, വളച്ചൽ, വഴിമാററം.

Defloration, *s.* ചാരിത്രഭംഗം.

Deforcement, *s.* ബലാല്ക്കാരം, ആക്രമം.

Deform, *v. a.* വിരൂപമാക്ക, വൈരൂപ്യം വരുത്തുക.

Deform, *a.* വിരൂപമുള്ള, ലക്ഷണഹീനമായ.

Deformation, *s.* വൈരൂപ്യം പിടിപ്പിക്കുന്നതു.

Deformedly, *ad*, ചന്തക്കേടായി.

Deformity, *s.* വിരൂപം, കരൂപം, ഭംഗികേട്ട.

Defraud, *v. a.* വഞ്ചിക്ക, ചതിക്ക, അപഹരിക്ക.

Defrauder, *s.* അപഹാരി, വഞ്ചകൻ.

Defray, *v. a.* ചിലവു വെച്ചു കൊടുക്ക.

Defunct, *a.* മരിച്ച, ചത്ത, കഴിഞ്ഞുപോയ.

Defunction, *s.* മരണം, ചാവു, മൃത്യു.

Defy, *v. a.* പോൎക്കുവിളിക്ക, നിന്ദിക്ക, ധിക്കരിക്ക.

Degenerate, *v. n.* ഹീനമാക, വിടക്കാക, താഴ്ക.

Degenerate, *a.* കുജാതമായ, ഹീനമുള്ള.

Degeneration, *s.* നികൃഷ്ടത, ഭ്രഷ്ടു.

Degradation, *s.* സ്ഥാനഭ്രഷ്ടു, മാനക്കേട്ട.

Degrade, *v. a.* താഴ്ത്തുക, സ്ഥാനഭ്രഷ്ടാക്ക.

Degree, *s.* സ്ഥാനം, സ്ഥിതി, നില, തരം, ഇലി, By degrees, *ad.* മെല്ലമെൽ, ക്രമേണ.
Dehort, *v. a.* വിലക്ക, വിരോധിക്ക.
Deification, *s.* ദൈവമാക്കുന്നതു, ദൈവ പ്രതിഷ്ഠ.
Deiform, *a.* ദിവ്യസ്വരൂപമുള്ള.
Deify, *v. a.* ദൈവമാക്ക, ദൈവപ്രതിഷ്ഠ കഴിക്ക.
Deign, *v. n.* അരുളുക, ദയതോന്നുക.
Deism, *s.* ഒരു ദൈവമെയുള്ളു എന്ന മതം.
Deist, *s.* ഒരു ദൈവമെയുള്ളു എന്നു മതി ക്കുന്നവൻ.
Deity, *s.* ദൈവത്വം, പരത്വം, ദേവത.
Deject, *v. a.* ദുഃഖിപ്പിക്ക, സങ്കടപ്പെടു ത്തുക.
Dejected, *a.* അധൈൎയ്യമുള്ള, കുണ്ഠിതമുള്ള.
Dejectedly, *ad.* സങ്കടത്തോടെ.
Dejectedness, *s.* ഇടിവു, സങ്കടം, കു ണ്ഠിതം.
Dejection, *s.* ക്ഷീണത, സങ്കടം, കു ണ്ഠിതം.
Dejecture, *s.* മലം, അമേദ്ധ്യം, കാഷ്ഠം.
Delation, *s.* അപവാദം, സാവാഹനം.
Delator, *s.* അപവാദക്കാരൻ.
Delatoriness, *s.* താമസശീലം, ദീൎഘസൂ ത്രം.
Delatory, *a.* ദീൎഘസൂത്രമുള്ള, താമസശീല മായ.
Delay, *v. a.* താമസിപ്പിക്ക, തടുക്ക, നി ൎത്തുക.
Delay, *v. n.* താമസിക്ക, നില്ക്ക.
Delayer, *s.* താമസക്കാരനന്നൻ, ദീൎഘസൂ ത്രൻ.
Delectable, *a.* ഇൻപമുള്ള. ഇഷ്ടമുള്ള.
Delectableness, *s.* ഇൻപം, സന്തോഷം.
Delectably, *ad.* ഇൻപമെ, സന്തോഷ മായി.
Delectation, *s.* ഇഷ്ടം, രമ്യം, മോദം.
Delegate, *v. a.* നിയോഗിച്ചയക്ക, ചൊ ല്ലിയയക്ക.
Delegate, *s.* കാൎയ്യസ്ഥൻ, സ്ഥാനപതി.
Delegate, *a.* നിയോഗിച്ചയച്ച.
Delegation, *s.* നിയോഗം, സ്ഥാനാപത്യം.
Deleterious, *a.* മൃത്യുകരം, നാശകരം.
Deletion, *s.* കിറുക്കൽ, നാശം.
Delf, *s.* മൺപാത്രം, പിഞ്ഞാണം, കക്കഴി.
Deliberate, *v. a.* ചിന്തിക്ക, വിചാരിക്ക.
Deliberate, *a.* വിചാരമുള്ള, സൂക്ഷിക്കുന്ന.
Deliberately, *ad.* സാവധാനത്തോടെ.
Deliberation, *s.* വിചാരം, ചിന്ത, ധ്യാനം.
Deliberative, *s.* വിചാരണ, ബുദ്ധി.
Delicacy, *s.* രുചികരഭോജനം, പലഹാ രം, നേൎമ്മ, ദുൎബ്ബലം, കൃശത, സൂക്ഷ്മം.
Delicate, *a.* നേൎമ്മയുള്ള, രസമുള്ള.
Delicately, *ad.* ഭംഗിയോടെ, നേൎമ്മ യായി.
Delicateness, *s.* സൂക്ഷ്മം, നേൎമ്മ, മൃദുത്വം.
Delicious, *a.* മധുരമുള്ള, രുചികരമുള്ള.
Deliciously, *ad.* മധുരമായി, ജാത്യമായി.
Deliciousness, *s.* മാധുൎയ്യം, ഇമ്പം, മോദം.
Deligation, *s.* കെട്ടിവരിച്ചൽ, ബന്ധനം.
Delight, *s.* സന്തോഷം, ആനന്ദം, മോദം.
Delight, *v. a.* സന്തോഷിപ്പിക്ക, പ്രസാ ദിപ്പിക്ക.
Delight, *v. n.* പ്രസാദിക്ക, സന്തോഷിക്ക.
Delightful, *a.* സന്തോഷമുള്ള, ഭംഗിയുള്ള.
Delightfully, *ad.* ഇൻപമായി, മോദാൽ.
Delightfulness, *s.* ഉന്മേഷം, മനോരമ്യം.
Delightsome, *a.* സന്തോഷമുള്ള, പ്രസാ ദമുള്ള.
Delineate, *v. a.* വരെക്ക, വൎണ്ണിക്ക, കുറിക്ക.
Delineation, *s.* വര, രേഖ, പടം.
Delinquency, *s.* തെററു, കുററം, പിഴ.

Delinquent, *s.* കുററക്കാരൻ, പിഴയാളി.

Deliquate, *v. a.* ഉരുക, ദ്രവിക്ക, അലിയുക.

Deliquation, *s.* ഉരുകൽ, അലിച്ചൽ.

Delirious, *a.* തലതിരിച്ചലുള്ള, ഭ്രമിക്കുന്ന.

Delirium, *s.* ഭ്രമം, മയക്കം, ബോധക്കേടു.

Deliver, *v. a.* ഏല്പിക്ക, കൊടുക്ക, വിടുക, ഒഴിക്ക.

Deliverance, *s.* കൊടുക്കൽ, വിടുതൽ, രക്ഷ, സംസാരം, ഉച്ചരണം, പ്രസവം.

Deliverer, *s.* രക്ഷകൻ, വിടുവിക്കുന്നവൻ.

Delivery, *s.* വിടുതൽ, രക്ഷ, ഏല്പിക്കുക, ചുറുക്ക, പേറ, പ്രസവം.

Delude, *v. a.* വഞ്ചിക്ക, ചതിക്ക, തട്ടിക്ക.

Deluder, *s.* വഞ്ചകൻ, ചതിയൻ.

Deluge, *s.* പ്രളയം, പ്രവാഹം, അത്യാപത്തു.

Deluge, *v. a.* മുക്ക, പ്രവാഹിക്ക, നിറഞ്ഞുവഴിയുക.

Delusion, *s.* മായ, മായാമോഹം, ഇന്ദ്രജാലം.

Delusive, *a.* മായയുള്ള, ചതിവുള്ള.

Delve, *v. a.* കഴിക്ക, തോണ്ടുക, മാട്ടുക.

Delve, *s.* കഴി, പട്ടുകുഴി, ഗുഹ.

Demagogue, *s.* മത്സരക്കൎത്താവു.

Demain, *s.* സ്വന്തഭൂമി, ജന്മഭൂമി.

Demand, *s.* ചോദ്യം, അന്വേഷണം, വഴക്ക.

Demand, *v. a.* ചോദിക്ക, അന്വേഷിക്ക.

Demandable, *a.* ചോദിക്കത്തക്ക.

Demandant, *s.* വാദി, അന്യായക്കാരൻ.

Demander, *s.* ചോദ്യക്കാരൻ.

Demean, *v. n. & a.* നടക്ക, ശീലിക്ക, കുറെക്ക.

Demeanour, *s.* നടപ്പു, നടപ്പടി, ശീലം.

Demerit, *s.* അയോഗ്യത, അപാത്രത, കുററം.

Demi, *particle.* അര, അൎദ്ധം, പാതി.

Demi-god, *s.* ദേവയോനി, ദേവത.

Demise, *s.* മരണം, മൃത്യു, നിൎയ്യാണം.

Demise, *v. a.* മരണപത്രിക എഴുതുക.

Demission, *s.* നീക്കം, താഴ്ച, വീഴ്ച.

Demit, *v. a.* കുറെക്ക, താഴ്ത്തുക.

Demolish, *v. a.* ഇടിക്ക, പൊളിക്ക, നശിപ്പിക്ക, മുടിക്ക.

Demolisher, *s.* നാശകൻ, ഇടിക്കുന്നവൻ.

Demolition, *s.* ഇടിച്ചൽ, നാശനം, അഴിവു.

Demon, *s.* പിശാചു, ഭൂതം, ദുൎദ്ദേവത.

Demoniac, *s.* ഭൂതഗ്രസ്തൻ.

Demonstrate, *v. a.* വിവരിച്ചു കാണിക്ക.

Demonstration, *s.* ദൃഷ്ടാന്തപ്പെടുത്തുക.

Demonstrative, *a.* ദൃഷ്ടാന്തപ്പെടുത്തുന്ന.

Demonstrator, *s.* ദൃഷ്ടാന്തപ്പെടുത്തുന്നവൻ.

Demur, *v. a. & n.* സംശയിക്ക, നിൎത്തിവെക്ക.

Demur, *s.* സംശയം, താമസം, വിഘ്നം.

Demure, *a.* സുബോധമുള്ള, അടക്കമുള്ള.

Demureness, *s.* സുബോധം, ലജ്ജാഭാവം.

Den, *s.* ഗുഹ, ഗഹ്വരം, കാനം.

Deniable, *a.* നിഷിദ്ധം, മറുത്തു പറയത്തക്ക.

Denial, *s.* തൎക്കം, നിഷേധം, തള്ളൽ.

Denier, *s.* നിഷേധിക്കുന്നവൻ.

Denizen, *s.* നഗരവാസി, സ്വതന്ത്രൻ.

Denominate, *v. a.* പേരിടുക, നാമം വിളിക്ക.

Denomination, *s.* പേർ, മതനാമം.

Denominator, *s.* പേരിടുന്നവൻ, നാമധാരി.

Denotation, *s.* അടയാളം, സൂചകം, ചിഹ്നം.

Denote, *v. a.* അടയാളം കാട്ടുക, ലക്ഷ്യം കുറിക്ക.

Denounce, *v. a.* താഴ്ത്തിപറക, നിന്ദിക്ക.
Denouncement, *s.* ഭീഷണിവാക്കു, ശകാരം.
Denouncer, *s.* വാവിഷ്ഠാണക്കാരൻ.
Dense, *a.* ഇടതിങ്ങിയ, ഇടുക്കമുള്ള.
Density, *s.* ഇടുക്കം, ഒതുക്കം, കനം, കട്ടി.
Dental, *a.* പല്ലുസംബന്ധിച്ച, ദന്ത്യം.
Dentist, *s.* പല്ലുവൈദ്യൻ.
Denudate, *v. a.* ഉരിയുക, അഴിച്ചെടുക്ക.
Denudation, *s.* അഴിപ്പു, നഗ്നത.
Denude, *v. a.* ഉരിയുക, നഗ്നമാക്ക.
Denunciation, *s.* ഭീഷണിവാക്കു, ശകാരം.
Deny, *v. a.* മറുത്തുപറക, നിഷേധിക്ക, വിരോധിക്ക.
Depart, *v. a.* വിട്ടൊഴിക്ക, ഉപേക്ഷിക്ക, പിരിക്ക.
Depart, *v. n.* പുറപ്പെടുക, നിൎഗ്ഗമിക്ക, മരിക്ക.
Departure, *s.* പുറപ്പാടു, നിൎഗ്ഗമനം, വിട്ടൊഴിവു.
Department, *s.* പകുപ്പു, ഓഹരി, വക.
Depauperate, *v. a.* ദാരിദ്ര്യം പിടിപ്പിക്ക.
Depend, *v. a.* തൂങ്ങുക, ഞാലുക, ആശ്രയിക്ക.
Dependant, *s.* പരാധീനൻ, ആശ്രിതൻ.
Dependence, *s.* തൂക്കം, സംബന്ധം, ചേൎച്ച, പരാധീനം, പരവശത, ദാസ്യം, സ്വാധീനത, ആശ്രയം.
Dependent, *a.* പരാധീനമുള്ള, ആശ്രയമുള്ള, തൂങ്ങുന്ന, ഞാലുന്ന, ആശ്രയിക്കുന്ന, സംബന്ധിച്ച.
Dependent, *s.* പരാധീനൻ, ആശ്രിതൻ, സേവകൻ.
Depict, *v. a.* ചിത്രം വരെക്ക, ചായമിടുക.
Depicture, *v. a.* ചിത്രമെഴുതുക, വൎണ്ണിക്ക.
Deplorable, *a.* സങ്കടമുള്ള, ദുഃഖമുള്ള.
Deplorableness, *s.* സങ്കടം, കുണ്ഠിതം.
Deplorably, *ad.* സങ്കടമാമാറു, ദുഃഖേന.
Deplore, *v. a.* പരിതാപിക്ക, ദുഃഖിക്ക, കരക.
Deplorer, *s.* ദുഃഖിതൻ, പ്രലാപിക്കുന്നവൻ.
Depone, *v. a.* പണയം വെക്ക, ഭാഗ്യം പരീക്ഷിക്ക.
Deponent, *s.* സാക്ഷിക്കാരൻ.
Depopulate, *v. a.* ജനനിഗ്രഹം ചെയ്ക, പാഴാക്ക, നശിപ്പിക്ക.
Depopulation, *s.* ജനനിഗ്രഹം, കുടിനാശം.
Deport, *v. a.* കൊണ്ടുപോക, നാടുകടത്തിക്ക.
Deportation, *s.* നാടുകടത്തൽ, ദേശഭ്രഷ്ടം.
Depose, *v. a.* വെച്ചുകളക, വീഴ്ത്തുക, തള്ളിക്കളക.
Depose, *v. n.* സാക്ഷിപറക, സാക്ഷിനില്ക്ക.
Deposit, *v. a.* സംഗ്രഹിക്ക, നിക്ഷേപിക്ക, ഇടുക.
Deposit, *s.* പണയം, ഉപനിധി, അനാമന.
Deposition, *s.* വാമൊഴി, അഭിപ്രായം.
Depository, *s.* പാണ്ടിശാല, സാമാനമുറി.
Depravation, *s.* കേടു, വഷളത്വം, ദുഷ്ടത.
Deprave, *v. a.* കെടുക്ക, വഷളാക്ക, ഹീനപ്പെടുത്തുക.
Depraved, *a.* കെട്ട, ചീത്ത, വഷളായ.
Depravedness, *s.* കേടു, ഹീനത, ചീത്തത്വം.
Depravement, *s.* ഹീനത്വം, ദുഷ്ടത, കെടുമ്പു.

Depraver, *s.* കെട്ടക്കുന്നവൻ, വഷളാക്കുന്നവൻ.

Depravity, *s.* നികൃഷ്ടത, ദുഷ്ടത, അരിഷ്ടത.

Deprecate, *v. a.* ശരണം പ്രാപിക്ക, അവിധപറക.

Deprecation, *s.* ശരണാഗതം, അഭയം, പ്രാൎത്ഥന.

Depreciate, *v. a.* വില കുറെക്ക, വില താഴ്ത്തുക.

Depredate, *v. a.* കൊള്ളയിടുക, കവച്ച ചെയ്ക.

Depredation, *s.* കൊള്ള, കവൎച്ച, അപഹാരം.

Depredator, *s.* കൊള്ളക്കാരൻ, അപഹാരി.

Deprehend, *v. a.* കണ്ടുപിടിക്ക, പിടിക്ക.

Depress, *v. a.* അമൎക്ക, താഴ്ത്തുക, ഇടിക്ക, വണക്ക.

Depression, *s.* അമൎച്ച, ഇടിവു, വണക്കം.

Depressor, *s.* അമൎക്കുന്നവൻ, താഴ്ത്തുന്നവൻ.

Deprivation, *s.* അപഹാരം, നീക്കൽ.

Deprive, *v. a.* ഇല്ലാതാക്ക, അപഹരിക്ക, നീക്കുക.

Depth, *s.* ആഴം, അഗാധം, കയം, കുണ്ടു, പാതാളം, ഗാംഭീൎയ്യം, വിഷമത.

Depulsion, *s.* തള്ളൽ, ആട്ടൽ, നീക്കം.

Depulsory, *a.* അകററുന്ന, നീക്കുന്ന.

Depurate, *v. a.* ശുദ്ധീകരിക്ക, വെടിപ്പാക്ക.

Depuration, *s.* തെളിയിപ്പു, ശുദ്ധീകരണം.

Depure, *v. a.* തെളിയിക്ക, ശുദ്ധമാക്ക.

Deputation, *s.* ദൂതസംഘം, നിയോഗം.

Depute, *v. a.* ആളയക്ക, നിയോഗിച്ചയക്ക.

Deputy, *s.* പ്രതികൎമ്മി, അധികാരി, പ്രതിഅധികാരി.

Derange, *v. a.* ക്രമക്കേടാക്ക, കലക്ക, ഭ്രാന്താക്ക.

Derangement, *s.* ക്രമക്കേടു, കലക്കം, ഭ്രമം.

Dereliction, *s.* പരിത്യാഗം, അശേഷത്യാഗം.

Deride, *v. a.* അപഹസിക്ക, പരിഹസിക്ക, നിന്ദിക്ക.

Derider, *s.* അപഹാസി, നിന്ദിക്കുന്നവൻ.

Derision, *s.* അപഹാസം, നിന്ദാവാക്കു.

Derisive, *a.* പരിഹസിക്കുന്ന, നിന്ദിക്കുന്ന.

Derivable, *a.* ഉണ്ടാകുന്ന, ഉളവാകുന്ന.

Derivation, *s.* ഉത്ഭവം, ജനനം, ഉൽപത്തി.

Derivative, *a.* ഉത്ഭവിക്കുന്ന, ഉളവാകുന്ന.

Derivative, *s.* തദ്ധിതനാമം.

Derive, *v. a.* അനുമാനിക്ക, ഉണ്ടാക്ക.

Derive, *v. n.* ജനിക്ക, ഉണ്ടാക, ഉത്ഭവിക്ക.

Derogate, *v. a.* കുറെക്ക, കിഴിക്ക, വില കുറെക്ക.

Derogate, *v. n.* അപമാനിക്ക, ഇളപ്പെടുത്തുക.

Derogation, *s.* കുറവു, മാനക്കേടു, ഇടിവു.

Derogative, *a.* കുറെക്കുന്ന, കിഴിക്കുന്ന.

Dervish, *s.* തുൎക്കസന്യാസി.

Descant, *s.* രാഗം, ഗീതം, പ്രസംഗം, തൎക്കം.

Descend, *v. a.* ഇറങ്ങുക, താഴുക, ചാടിവീഴുക, ഉല്പാദിക്ക, അനന്തരമാക.

Descendant, *s.* അനന്തരവൻ, സന്തതി.

Descendent, *a.* ഇറങ്ങുന്ന, താഴുന്ന.

Descension, *s.* ഇറക്കം, ഇറങ്ങുന്നതു, പതനം.

Descent, *s.* ഇറക്കം, അധോഗതി, ആക്രമസന്തതി, വംശം, നട, പദവി.

Describe, *v. a.* വിവരിക്ക, വൎണ്ണിക്ക, കുറിക്ക.

Describer, *s.* വൎണ്ണിക്കുന്നവൻ.

Descrier, *s.* കണ്ടുപിടിക്കുന്നവൻ, കാണി.

Description, *s.* വിവരം, വൎണ്ണനം, വര.

Descriptive, *a.* വൎണ്ണിക്കുന്ന, കാട്ടുന്ന, സൂചിപ്പിക്കുന്ന.

Descry, *v. a.* കണ്ടുപിടിക്ക, ഒററുനോക്കുക.

Desecrate, *v. a.* അശുദ്ധമാക്ക, തീണ്ടിക്ക.

Desecration, *s.* അശുദ്ധി, മാലിന്യത.

Desert, *s.* വനം, കാട്ടുപ്രദേശം, മരു.

Desert, *a.* വനമായ, കാട്ടുള്ള, തരിശായ.

Desert, *v. a.* കൈവിടുക, ത്യജിക്ക.

Desert, *s.* ശ്രേഷ്ഠത, മുഖ്യത, ഫലം.

Deserter, *s.* ഉപേക്ഷിക്കുന്നവൻ, വിട്ടുപിരിയുന്നവൻ, ഓടിപോകുന്നവൻ.

Desertion, *s.* ഉപേക്ഷണം, ത്യാഗം, ഓടിപോക്കു, വിട്ടുപിരിച്ചൽ.

Deserve, *v. n.* യോഗ്യമാക, പാത്രമാക.

Deservedly, *ad.* യോഗ്യമായി, തക്കവണ്ണം.

Deserver, *s.* യോഗ്യൻ, പാത്രൻ.

Deserving, *a.* യോഗ്യമുള്ള, പാത്രമായ.

Desideratum, *s.* വേണ്ടുന്ന കാൎയ്യം, ഊഹിതം, ചിന്തിതം.

Design, *v. a.* ഭാവിക്ക, ഉദ്ദേശിക്ക, കുറിക്ക.

Design, *s.* ഭാവം, ഉദ്ദേശം, താൽപൎയ്യം.

Designate, *v. a.* നിയമിക്ക, നിശ്ചയിക്ക.

Designation, *s.* നിയമം, ഉദ്ദേശം, കുറിപ്പു.

Designedly, *ad.* നിശ്ചയമായി, മനസ്സോടെ.

Designer, *s.* ഉപായി, യന്ത്രി, കൌശലക്കാരൻ.

Designing, *a.* വഞ്ചനയുള്ള, കൃത്രിമമായ.

Desirable, *a.* ഇഷ്ടമുള്ള, വാഞ്ഛിതമായ.

Desire, *s.* ഇഷ്ടം, ഇച്ഛ, ആശ, ആഗ്രഹം, കാംക്ഷ.

Desire, *v. a.* ഇച്ഛിക്ക, ആഗ്രഹിക്ക, കൊതിക്ക, ആശിക്ക, കാമിക്ക, ചോദിക്ക, വാഞ്ഛിക്ക.

Desirer, *s.* ആഗ്രഹി, മോഹി, കാംക്ഷിക്കുന്നവൻ.

Desirous, *a.* വാഞ്ഛിക്കുന്ന, കൊതിക്കുന്ന.

Desist, *v. n.* മാറുക, നിന്നുപോക, വിട്ടൊഴിയുക.

Desistance, *s.* ഒഴിച്ചൽ, മാററം, നില.

Desk, *s.* എഴുത്തുപീഠം, എഴുത്തുപെട്ടി.

Desolate, *a.* നിൎജ്ജനമായ, പാഴായ.

Desolate, *v. a.* പാഴാക്ക, ശൂന്യമാക്ക.

Desolation, *s.* ശൂന്യത, നാശം, വിജനം.

Despair, *s.* നിരാശ, ആശാഭംഗം, അഴിനില.

Despair, *v. n.* അഴിനില പൂണുക, നിരാശപ്പെടുക.

Despairer, *s.* നിരാശൻ, ആശാരഹിതൻ.

Despairingly, *ad.* നിരാശയോടെ.

Despatch, *v. a.* അയക്ക, ചെയ്യുതീൎക്ക, കൊല്ലുക.

Despatch, *s.* ത്വരിത, ബദ്ധപ്പാടു, തിടുക്കം.

Desperate, *a.* നിരാശയുള്ള, നിൎവ്വിചാരമുള്ള.

Desperateness, *s.* സാഹസം, വെറി, മദം.

Desperation, *s.* നിരാശ, ആശാഭംഗം.

Despicable, *a.* വെറുക്കതക്ക, നിന്ദ്യമായ.

Despicableness, *s.* ഹീനത, നികൃഷ്ടത.

Despicably, *ad.* ഹീനമായി, നിന്ദ്യമായി.

Despisable, *a.* വെറുക്കതക്ക, നിരസിക്കതക്ക.

Despise, *v. a.* നിരസിക്ക, വെറുക്ക, അപഹസിക്ക.

Despiser, *s.* അപഹാസി, ധിക്കാരി, നിന്ദക്കാരൻ.

Despite, *s.* ദ്വേഷം, നിന്ദ, ഈൎഷ്യ, പക.
Despiteful, *a.* ദ്വേഷമുള്ള, നിന്ദ്യമുള്ള.
Despitefully, *ad.* വെറുപ്പോടെ, നിന്ദ്യമായി.
Despitefulness, *s.* നീരസം, നിന്ദ, പക.
Despoil, *v. a.* അപഹരിക്ക, കൊള്ളയിടുക.
Despond, *v. n.* അഴിനിലപൂണ്ടിരിക്ക.
Despondency, *s.* നിരാശ, അഴിനില, മടുപ്പു.
Despondent, *a.* അഴിനിലപൂണ്ട, നിരാശയുള്ള.
Despot, *s.* ക്രൂരൻ, തന്നിഷ്ടക്കാരൻ.
Despotism, *s.* ക്രൂരത, ഡംഭം, കടുപ്പം, ഉഗ്രത.
Dessert, *s.* ഫലഹാരം.
Destinate, *v. a.* നിയമിക്ക, നിശ്ചയിക്ക.
Destination, *s.* നിശ്ചയം, നിയമം, നിൎണ്ണയം.
Destine, *v. a.* നിയമിക്ക, നിശ്ചയിക്ക, വിധിക്ക.
Destiny, *s.* വിധി, കല്പിതം, ഗതി, ഭാഗ്യം.
Destitute, *a.* നിൎഗ്ഗതിയുള്ള, രഹിതം, നിസ്സാരം.
Destitution, *s.* നിരാധാരം, നിൎഗ്ഗതി, ദരിദ്രത.
Destroy, *v. a.* ഇടിക്ക, മുടിക്ക, നശിപ്പിക്ക.
Destroyer, *s.* നശിപ്പിക്കുന്നവൻ, സംഹാരി.
Destructible, *a.* നാശമുള്ള, ഒടുങ്ങുന്ന.
Destruction, *s.* നാശം, നഷ്ടം, സംഹാരം.
Destructive, *a.* നശിപ്പിക്കുന്ന, മുടിക്കുന്ന.
Detach, *v. a.* വേറാക്ക, വേറുതിരിക്ക, പിരിക്ക.
Detachment, *s.* വെപ്പ്പാട, സൈന്യപ്പകുതി.
Detail, *v. a.* വിവരം പറക, വിവരിക്ക.

Detail, *s.* വിവരം, ഉപവൎണ്ണനം.
Detain, *v. a.* താമസിപ്പിക്ക, തടുത്തുവെക്ക.
Detect, *v. a.* കണ്ടുപിടിക്ക, കണ്ടുകിട്ടുക.
Detecter, *s.* കണ്ടുപിടിക്കാരൻ.
Detection, *s.* കണ്ടുപിടിത്തം, തുമ്പു.
Detention, *s.* തടങ്ങൽ, പിടിത്തം, തടവു.
Deter, *v. a.* ഭയപ്പെടുത്തുക, പേടിപ്പിക്ക.
Deterge, *v. a.* തോൎത്തുക, തുടെക്ക.
Deteriorate, *v. n.* കെടുക, ഛീത്തയാക.
Determent, *s.* ഭീഷണി, ഭീഷ്മം.
Determinate, *a.* നിശ്ചയമുള്ള, ഖണ്ഡിതമായ.
Determination, *s.* നിശ്ചയം, തീൎച്ച, തികവു.
Determinative, *a.* നിശ്ചയിക്കുന്ന, നിൎണ്ണയിക്കുന്ന.
Determine, *v. a.* നിശ്ചയിക്ക, സ്ഥാപിക്ക, തീൎക്ക, നിൎണ്ണയിക്ക, മുടിക്ക.
Determine, *v. n.* നിശ്ചയമാക, തീരുക.
Detest, *v. a.* വെറുക്ക, അറെക്ക, നിരസിക്ക.
Detestable, *a.* വെറുപ്പുള്ള, ഛീത്തയായ.
Detestably, *ad.* വെറുപ്പോടെ, ഛീത്തയായി.
Detestation, *s.* വെറുപ്പു, അറെപ്പു, ചളിപ്പു.
Detester, *s.* വെറുക്കുന്നവൻ.
Dethrone, *v. a.* രാജാവിനെ ഭ്രഷ്ടാക്കുക.
Detonation, *s.* മുഴക്കം, പൊട്ടുന്ന ശബ്ദം.
Detract, *v. a.* കുറെക്ക, ഇടിക്ക, ദുഷ്കീൎത്തി പറക.
Detracter, *s.* കുറെക്കുന്നവൻ, കുരളക്കാരൻ.
Detraction, *s.* ദൂഷ്യം, കുരള, കിഴിപ്പു.
Detriment, *s.* നഷ്ടം, ഛേതം, ഹാനി.
Detrimental, *a.* നശിപ്പിക്കുന്ന, നഷ്ടമുള്ള.
Devastate, *v. a.* അഴിച്ചുകളക, ശൂന്യമാക്ക.

Devastation, *s.* നാശം, ശൂന്യം, അമൎദ്ദം.

Develop, *v. a.* നിവിൎക്ക, തെളിയിക്ക, തുറന്നു കാണിക്ക.

Development, *s.* തെളിവു, പുറപ്പാടു.

Devergence, *s.* ചായിവു, ചരിവു.

Devest, *v. a.* ഉരിയിക്ക, ഊരുക, നീക്കുക.

Deviate, *v. n.* വഴിതെറ്റുക, പിഴെക്ക, ലംഘിക്ക.

Deviation, *s.* വഴിപിഴ, തെറ്റു, പിഴ.

Device, *s.* ഉപായം, കൌശലം, സൂത്രം.

Devil, *s.* പിശാചു, ശൈത്താൻ.

Devilish, *a.* പൈശാചകം.

Devious, *a.* പിഴച്ച, തെറ്റുള്ള.

Devise, *v. a.* യന്ത്രിക്ക, ചട്ടമാക്ക, കല്പിക്ക.

Devise, *v. n.* വിചാരിക്ക, ചിന്തിക്ക.

Deviser, *s.* കൌശലക്കാരൻ, യന്ത്രി.

Devoid, *a.* ഒഴിഞ്ഞ, വ്യൎത്ഥമായ, ഇല്ലാത്ത.

Devolve, *v. a.* അഴിയുക, മാറിമാറി പോക.

Devote, *v. a.* പ്രതിഷ്ഠിക്ക, നേമിക്ക, ഏല്പിച്ചു കൊടുക്ക.

Devotedness, *s.* ഭക്തി, ശുശ്രൂഷാന്തി, അഭിനിവേശം.

Devotee, *s.* സന്ന്യാസി, തപോധനൻ.

Devotion, *s.* ഭക്തി, ഉപാസനം, പ്രാൎത്ഥന.

Devotional, *a.* ദൈവഭക്തിസംബന്ധിച്ച.

Devour, *v. a.* വിഴുങ്ങുക, തിന്നുകളക, നശിപ്പിക്ക.

Devourer, *s.* വിഴുങ്ങുന്നവൻ, സംഹാരി.

Devout, *a.* ഭക്തിയുള്ള, ശ്രദ്ധയുള്ള, താല്പൎയ്യമുള്ള.

Devoutly, *ad.* ഭക്തിയോടെ, ശ്രദ്ധയോടെ.

Dew, *s.* മഞ്ഞു, ഹിമം.

Dewdrop, *s.* മഞ്ഞുതുള്ളി.

Dewy, *a.* മഞ്ഞുള്ള, നനഞ്ഞ.

Dexterity, *s.* സാമൎത്ഥ്യം, മിടുക്കു, വൈഭവം.

Dexterous, *a.* സാമൎത്ഥ്യമുള്ള, മിടുക്കുള്ള.

Dexterously, *ad.* സാമൎത്ഥ്യത്തോടെ, മിടുക്കോടെ.

Diabolic, *a.* പൈശാചകം, പിശാചുസംബന്ധിച്ച.

Diabolical, *a.* പൈശാചകം, ദുഷ്ടമായ.

Diabolically, *ad.* പൈശാചകമായി.

Diadem, *s.* കിരീടം, ചൂഡാമണി, രാജചിഹ്നം.

Diademed, *a.* കിരീടം അണിഞ്ഞ.

Diagonal, *s.* കണ്ണം.

Diagram, *s.* ഒരു കണക്കസൂത്രം.

Dial, *s.* സൂൎയ്യഘടികാരം.

Dialect, *s.* ഭാഷ, ഭാഷാഭേദം, ദേശവാക്കു.

Dialectic, *s.* തൎക്കം, തൎക്കശാസ്ത്രം.

Dialogue, *s.* സംഭാഷണം, സംവാദം.

Diameter, *s.* വിത്താം, നടുരേഖ, നടുവര.

Diametrical, *a.* നടുരേഖ സംബന്ധിച്ച.

Diametrically, *ad.* ചൊവ്വെ, നേരെ, നടുവെ.

Diamond, *s.* വജ്രം, വൈരക്കല്ലു.

Diarrhœa, *a.* അതിസാരം, ഗ്രഹണി, പോക്കു.

Diary, *s.* നാൾവഴികണക്കപുസ്തകം, ദിനചരി.

Dice, *s. pl.* പകിട, തായം, ചൂക്കിണി.

Dictate, *v. a.* കല്പിക്ക, ചൊല്ലിഎഴുതിക്ക.

Dictation, *s.* കല്പിതം, ചൊല്ലി എഴുത്തു.

Dictator, *s.* അധികാരി, ചൊല്ലി എഴുതിക്കുന്നവൻ.

Dictatorial, *a.* അധികാരമുള്ള, ഡംഭമായ.

Diction, *s.* ഭാഷ, വാക്കു, വാചകരീതി, ചൊല്ലു.

Dictionary, *s.* അകാരാദി, പദശതി.

Did, *pret. of to do.* ചെയ്തു.

Didactic, didactical, *a.* കല്പിക്കുന്ന, ഉപദേശിക്കുന്ന.
Die, *v. a.* ചായംമുക്ക, നിറംപിടിപ്പിക്ക.
Die, or dye, *s.* ചായം, നിറം, വൎണ്ണം.
Die, *v. n.* മരിക്ക, ചാക, കഴിഞ്ഞുപോക.
Die, *s.* പകിട, തായം, ചുക്കിണി, അക്ഷം.
Dier, *s.* ചായം മുക്കുന്നവൻ, ചായക്കാരൻ.
Diet, *s.* ആഹാരം, ഭക്ഷണം, പത്ഥ്യം.
Diet-drink, *s.* പത്ഥ്യപാനം.
Differ, *v. n.* ഭേദിക്ക, ഭേദമാക, തൎക്കിക്ക.
Difference, *s.* ഭേദം, വ്യത്യാസം, ഭിന്നത.
Different, *a.* വ്യത്യാസമുള്ള, വിവിധമായ.
Differently, *ad.* വേറെ, വ്യത്യാസമായി.
Difficult, *a.* പ്രയാസമുള്ള, വിഷമമുള്ള.
Difficulty, *s.* പ്രയാസം, വിഷമം, വൈഷമ്യം.
Diffidence, *s.* വിശ്വാസകേട, ദുശ്ശങ്ക, പേടി.
Diffident, *a.* അവിശ്വാസമുള്ള, പേടിയുള്ള.
Difform, *a.* വൈരൂപ്യമുള്ള, അപലക്ഷണമായ.
Difformity, *s.* വൈരൂപ്യം, ദുരാകൃതി.
Diffuse, *v. a. & n.* പരത്തുക, വ്യാപിപ്പിക്ക, പരക്ക, വ്യാപിക്ക, നിറയുക.
Diffuse, *a.* പരപ്പുള്ള, വ്യാപകമുള്ള.
Diffused, *part.* പരത്തിയ, വ്യാപിച്ച.
Diffusely, *ad.* പരക്കവെ, വ്യാപകമായി.
Diffusion, *s.* പരപ്പ, വ്യാപിതം, വിസ്തീൎണ്ണത.
Diffusive, *a.* പരത്തുന്ന, വ്യാപിക്കുന്ന.
Diffusiveness, *s.* പരപ്പ, വിസ്തീൎണ്ണത,
Dig, *v. a.* കഴിക്ക, കിളെക്ക. കൊത്തുക, തോണ്ടുക.
Digest, *s.* നീതിശാസ്ത്രം, നീതിസാരം.
Digest, *v. a.* ക്രമപ്പെടുത്തുക, വേവിക്ക, ജീൎണ്ണമാക്ക.
Digest, *v. n.* ദഹിക്ക, ജീൎണ്ണമാക, പഴുക്ക.
Digestion, *s.* ദഹനം, ജീൎണ്ണത.
Digestive, *a.* ജീൎണ്ണമാക്കുന്ന, ക്രമപ്പെടുത്തുന്ന.
Digger, *s.* കിളെക്കുന്നവൻ, കൊത്തുകാരൻ.
Digit, *s.* മുക്കാൽ അംഗുലം, സൂൎയ്യകലം, ചന്ദ്രകലം.
Dignification, *s.* ശ്രേഷ്ഠത, ശ്ലാഘ്യത, ഉന്നതി.
Dignified, *a.* മഹിമയുള്ള, ശ്രേഷ്ഠമായ.
Dignify, *v. a.* ബഹുമാനിക്ക, മഹത്വപ്പെടുത്തുക.
Dignitary, *s.* ശ്രേഷ്ഠബോധകൻ.
Dignity, *s.* ശ്രേഷ്ഠത, ഉന്നതി, തേജസ്സ.
Digress, *v. n.* പിൻചെല്ലുക, പിൻവാങ്ങുക.
Digression, *s.* പിൻവാങ്ങൽ, തെററ, പിഴ.
Dijudication, *s.* വിധി.
Dike, *s.* ചാല, കൈത്തോട, മട.
Dilapidate, *v. n.* നശിക്ക, കേടുപിടിക്ക.
Dilapidation, *s.* ജീൎണ്ണത, ക്ഷയം, മുടിവ.
Dilate, *v. a.* വിസ്താരമാക്ക, വിസ്തരിക്ക.
Dilate, *v. n.* വിസ്താരമാക, വലുതാക.
Dilatoriness, *s.* താമസം, താമസശീലം, മടി.
Dilatory, *a.* താമസിക്കുന്ന, മടിവുള്ള.
Dilection, *s.* സ്നേഹം, പ്രീതി, പ്രിയം.
Dilemma, *a.* വിഷമം, ബുദ്ധിഭ്രമം.
Diligence, *s.* ജാഗ്രത, ഉത്സാഹം, ശ്രദ്ധ.
Diligent, *a.* ഉത്സാഹമുള്ള, താല്പൎയ്യമുള്ള.
Diligently, *ad.* ഉത്സാഹത്തോടെ, താല്പൎയ്യമായി.
Dill, *s.* ശതകുപ്പ.
Dilucidation, *s.* പ്രകാശനം, വ്യാഖ്യാനം.
Dilute, *v. a.* നേൎപ്പിക്ക, വീഴ്ത്തും കറെക്ക.

Dilution, *s.* നേൎപ്പിക്കുക, വീൎയ്യം, കുറെക്കുക.

Diluvian, *a.* ജലപ്രളയം സംബന്ധിച്ച.

Dim, *a.* ഇരുണ്ട, തിമിരമുള്ള.

Dim, *v. a.* ഇരുളിക്ക, മങ്ങിക്ക.

Dimension, *s.* അളവു, വിശാലത, വലിപ്പം.

Diminish, *v. a.* കുറെക്ക, ചെറുതാക്ക, താഴ്ത്തുക.

Diminish, *v. n.* കുറെയുക, ചെറുതാക.

Diminution, *s.* കുറച്ചൽ, കുറവു, ചേതം.

Diminutive, *a.* ചെറിയ, കൃശമായ.

Diminutive, *s.* കൃശൻ, അല്പൻ, ചെറിയവൻ.

Diminutiveness, *s.* അല്പത, കൃശത.

Dimly, *ad.* ഇരുളോടെ, തിമിരേണ.

Dimness, *s.* തിമിരം, ഇരുട്ടു, കാഴ്ചക്കുറവു.

Dimple, *s.* കവിൾത്തടം.

Din, *s.* മുഴക്കം, ഒച്ച, ശബ്ദം.

Dine, *v. n.* ഭക്ഷിക്ക, ഉണ്ണുക.

Ding, *v. n.* ഊറ്റം പറക, വമ്പു പറക.

Dingy, *a.* കറുത്ത, അഴുക്കുള്ള, ഇരുളുള്ള.

Dining-room, *s.* ഭക്ഷണശാല, ഊട്ടുപുര.

Dinner, *s.* ഭക്ഷണം, മുഖ്യഭോജനം.

Dinner-time, *s.* മുഖ്യഭോജനകാലം.

Dint, *s.* അടി, വട്ടുക, ചളുക്കം, ബലം, ശക്തി.

Dint, *v. a.* ചവിട്ടുകൊണ്ടു അടയാളം ഇടുക, ചളുക്ക.

Dip, *v. a.* മുക്ക, തുവെക്ക, നനെക്ക, കൈയിടുക.

Diphthong, *s.* രണ്ടു സ്വരങ്ങൾ കൂടീട്ടുള്ള പ്രയോഗം ഇങ്ങിനെ, *æ*, *œ*, *au*, *oi*, മുതലായവ.

Diploma, *s.* സ്ഥാനമാനദാനം.

Diplomacy, *s.* സ്ഥാനമാനം, മന്ത്രികളുടെ ആലോചന.

Dipper, *s.* മുക്കുന്നവൻ.

Dipping, *s.* മുക്കൽ, നനച്ചൽ.

Dire, *a.* ഖേദമുള്ള, ഭയങ്കരമുള്ള.

Direct, *a.* നേരെയുള്ള, ചൊവ്വുള്ള.

Direct, *v. a.* നേരെയാക്ക, വഴികാട്ടുക, ചൂണ്ടികാണിക്ക, ഉദ്ദേശിക്ക, കല്പിക്ക.

Directer, *s.* വഴികാട്ടി, നടത്തിക്കുന്നവൻ.

Direction, *s.* വഴികാട്ടൽ, ഉദ്ദേശം, നടത്തൽ.

Directive, *a.* വഴികാട്ടുന്ന, നടത്തുന്ന.

Directly, *ad.* നേരെ, ചൊവ്വു, ഉടനെ.

Directness, *s.* ചൊവ്വു, നേർ, നേൎവ്വഴി.

Director, *s.* നടത്തുന്നവൻ, ഭരിക്കുന്നവൻ.

Direful, *a.* ഭയങ്കരമുള്ള, ക്രൂരമായ, കഠിനമുള്ള.

Direfulness, *s.* ഭയങ്കരത്വം, കട്ടപ്പം, ക്രൂരത.

Direption, *s.* കവൎച്ച, കൊള്ള.

Dirt, *s.* അഴുക്ക, ചേറു, ചളി, നീചം.

Dirtiness, *s.* അഴുക്കു, മലിനത, മുഷിച്ചൽ, ഹീനത.

Dirty, *a.* അഴുക്കുള്ള, മുഷിഞ്ഞ, വെറുപ്പുള്ള.

Dirty, *v. a.* ചേറാക്ക, അഴുക്കാക്ക, മുഷിക്ക.

Diruption, *s.* പിളൎച്ച, വെടിച്ചൽ, കീറൽ.

Dis, *particle.* അ, നിർ, വി.

Disability, *s.* ബലഹീനത, അശക്തി, അപ്രാപ്തി.

Disable, *v. a.* ഹീനപ്പെടുത്തുക, കുറെക്ക.

Disadvantage, *s.* അഫലം, ചേതം, ഹാനി.

Disadvantageous, *a.* നഷ്ടമായ, ചേതമുള്ള.

Disadvantageously, *ad.* കുറവോടെ, ചേതമായി.

Disaffect, *v. a.* രസക്കേടു വരുത്തുക, നീരസമാക്ക.

Disaffected, *part. a.* അപ്രിയപ്പെട്ട.
Disaffection, *s.* സ്നേഹക്കേട, അപ്രീതി.
Disagree, *v. n.* ചേരാതിരിക്ക, പിണ്ണങ്ങുക.
Disagreeable, *a.* ഒക്കാത്ത, ദുഃഖമുള്ള.
Disagreeableness, *s.* ചേൎച്ചക്കേട, ദുൎമ്മുഖം, ഇഷ്ടക്കേട, സുഖക്കേട.
Disagreement, *s.* ചേൎച്ചക്കേട, പിണക്കം.
Disallow, *v. a.* തള്ളുക, ഉപേക്ഷിക്ക, വിലക്ക.
Disallow, *v. n.* അനുവദിക്കാതിരിക്ക, സമ്മതിക്കാതിരിക്ക.
Disallowable, *a.* അനുചിതം, നിഷിദ്ധം.
Disallowance, *s.* വിസമ്മതം, തള്ളൽ, വിരോധം.
Disannul, *v. a.* നിവാരണം ചെയ്ക, തള്ളികളക.
Disappear, *v. n.* കാണാതാക, അപ്രത്യക്ഷമാക.
Disappearance, *s.* അപ്രത്യക്ഷത, മറവു.
Disappoint, *v. a.* അലസിക്ക, ചൊട്ടിക്ക, തട്ടിക്ക.
Disappointment, *s.* അലസൽ, ഇച്ഛാഭംഗം.
Disapprobation, *s.* വിസമ്മതം, ഇഷ്ടക്കേട, ആക്ഷേപം.
Disapprove, *v. a.* സമ്മതിക്കാതിരിക്ക, നിരസിക്ക.
Disarm, *v. a.* ആയുധം അപഹരിക്ക.
Disarrange, *v. a.* ക്രമമില്ലാതാക്ക, കലക്ക.
Disarray, *s.* ക്രമക്കേട, കലക്കം, ദിഗംബരം.
Disaster, *s.* ആപത്തു, വിപത്തു, അരിഷ്ടത.
Disastrous, *a.* ആപത്തുള്ള, അരിഷ്ടമായ.
Disastrously, *ad.* ആപത്തോടെ.
Disavow, *v. a.* നിഷേധിക്ക, നിരസിക്ക.
Disavowal, *s.* നിഷേധം, നിരസനം.
Disband, *v. a.* പട്ടാളം പൊട്ടിക്ക, ചിതറിക്ക.
Disband, *v. n.* പട്ടാളം പിരിഞ്ഞു പോക.
Disbelief, *s.* അവിശ്വാസം, സംശയം.
Disbelieve, *v. a.* വിശ്വസിക്കാതിരിക്ക.
Disbeliever, *s.* അവിശ്വാസി.
Disburden, *v. a.* ഭാരമില്ലാതാക്ക, ചുമട ഇറക്ക, ശാന്തപ്പെടുത്തുക.
Disburden, *v. n.* മനോദുഃഖം തീരുക.
Disburse, *v. a.* പണം ചെലവിടുക.
Disbursement, *s.* പണച്ചെലവു, ചെലവു.
Discard, *v. a.* പറഞ്ഞയക്ക, ഉപേക്ഷിച്ചു കളക.
Discern, *v. a.* കണ്ടറിക, തിരിച്ചറിക, വിവേചിക്ക.
Discernible, *a.* കാണാകുന്ന, സ്പഷ്ടമായ.
Discerning, *a.* വിവേകമുള്ള, വകതിരിവുള്ള.
Discernment, *s.* തിരിച്ചറിവു, വിവേചനം.
Discerp, *v. a.* ചീന്തികളക.
Discerption, *s.* കീറൽ, ചീന്തൽ.
Discharge, *v. a.* ഭാരം നീക്ക, തുറന്നു വെക്ക, വെടി വെക്ക, ഒഴിക്ക, കടം വീട്ടുക, മോചിക്ക.
Discharge, *v. n.* ഒഴിഞ്ഞു പോക, ഒഴിയുക.
Discharge, *s.* ഒഴിവു, വെടി, ചലം, വിട്ടതൽ.
Discind, *v. a.* നറുക്ക, ഖണ്ഡിക്ക.
Disciple, *s.* ശിഷ്യൻ.
Discipleship, *s.* ശിഷ്യത്വം, ശിഷ്യത.
Discipline, *s.* ഉപദേശം, അഭ്യാസം, ഗുരുശിക്ഷ.

Discipline, *v. a.* ഉപദേശിക്ക. പഠിപ്പിക്ക, ശിക്ഷിക്ക.

Disclaim, *v. a.* നിഷേധിക്ക, നിരസിക്ക, തള്ളിക്കളക, തൎക്കിക്ക.

Disclaimer, *s.* നിഷേധി, തൎക്കക്കാരൻ.

Disclose, *v. a.* വെളിപ്പെടുത്തുക, അറിയിക്ക.

Disclose, *v. n.* തുറന്നുപോക, വെളിപ്പെടുക.

Disclosure, *s.* വെളിപ്പാടു, പ്രത്യക്ഷത.

Discomfit, *v. a.* തോല്പിക്ക, ജയിക്ക, വെല്ലുക.

Discomfiture, *s.* അപജയം, തോല്വ.

Discomfort, *s.* ആശ്വാസക്കേടു, സുഖക്കേടു.

Discomfort, *v. a.* ഖേദിപ്പിക്ക, ദുഃഖിപ്പിക്ക.

Discompose, *v. a.* ഭ്രമിപ്പിക്ക, കലഹിപ്പിക്ക.

Discomposure, *s.* ഭ്രമം, ചാഞ്ചല്യം, ക്രമക്കേടു.

Disconcert, *v. a.* ചഞ്ചലപ്പെടുത്തുക, ഭ്രമിപ്പിക്ക.

Disconformity, *s.* അയോജ്യത, അക്രമം.

Disconsolate, *a.* ആശ്വസിക്കാത്ത, ദുഃഖമുള്ള.

Discontent, *s.* അസന്തുഷ്ടി, സൌഖ്യക്കേടു.

Discontent, *a.* അസന്തുഷ്ടിയുള്ള, കലഹിക്കുന്ന.

Discontent, *v. a.* കലഹിപ്പിക്ക, ദുഃഖിപ്പിക്ക.

Discontentment, *s.* അസന്തുഷ്ടി, നീരസം.

Discontinuance, *s.* നിൎത്തൽ, ഒഴിച്ചൽ, മാററം.

Discontinue, *v. n.* ഇടവിടുക, മാറുക.

Discontinue, *v. a.* വിടുക, മാററുക, മടക്ക, നിൎത്തുക.

Discord, *s.* ചേൎച്ചക്കേടു, പിണക്കം, വഴക്ക.

Discordance, *s.* വിരോധം, വിപരീതം.

Discordant, *a.* ചേരാത്ത, ഒക്കാത്ത.

Discordantly, *ad.* ചേരാതെ, വിപരീതത്തിൽ.

Discover, *v. a.* വെളിപ്പെടുത്തുക, കണ്ടുപിടിക്ക.

Discoverable, *a.* കണ്ടെത്താകുന്ന, സ്പഷ്ടമായ.

Discoverer, *s.* കണ്ടെത്തിയവൻ.

Discovery, *s.* കണ്ടുപിടിത്തം, തുമ്പ, പ്രത്യക്ഷത.

Discount, *s.* കണക്കസാരത്തിലെ വിട്ടവസംഖ്യ.

Discount, *v. a.* കണക്കിൽനിന്നു വിടുക.

Discountenance, *v. a.* വിമുഖത കാട്ടുക, നാണിപ്പിക്ക, വിരോധിക്ക.

Discountenance, *s.* വിമുഖത, വിരോധം.

Discourage, *v. a.* പേടിപ്പിക്ക, അധൈൎയ്യപ്പെടുത്തുക.

Discouragement, *s.* അധൈൎയ്യം, ഭീഷണി.

Discourse, *s.* സംവാദം, സംഭാഷണം.

Discourse, *v. n.* തമ്മിൽ സംസാരിക്ക, സംഭാഷിക്ക.

Discourser, *s.* സംസാരി, ജല്പൻ.

Discoursive, *a.* സംഭാഷിക്കുന്ന, സംസാരമുള്ള.

Discourtesy, *s.* അനാചാരം, ദുരാചാരം.

Discredit, *s.* അപകീൎത്തി, അപശ്രുതി, അവിശ്വാസം.

Discredit, *v. a.* വിശ്വസിക്കാതിരിക്ക.

Discreet, *a.* ബുദ്ധിയുള്ള, വിചാരമുള്ള, വിവേകമുള്ള.

Discreetly, *ad.* ബുദ്ധിയോടെ, വിചാരിച്ചിട്ടു.

Discreetness, *s.* സുബുദ്ധി, വിവേകം, വിചാരം.

Discrepance, *s.* ഭേദം, വ്യത്യാസം, വിപരീതം.

Discrepant, *a.* ഭേദിച്ച, വ്യത്യാസമുള്ള.

Discretion, *s.* സുബുദ്ധി, വിവേകം, വിചാരം.

Discriminate, *v. a.* വകതിരിക്ക, സൂക്ഷിച്ചുനോക്ക.

Discrimination, *s.* വിവേചനം, വകതിരിവു.

Discriminative, *a.* വിവേചനമുള്ള, വകതിരിവുള്ള.

Discursive, *a.* അലഞ്ഞു നടക്കുന്ന, തെറുന്ന.

Discursory, *a.* വ്യവഹാരമുള്ള, ന്യായമുള്ള.

Discus, *s.* ചക്രം, ഒരു കളികോപ്പു.

Discuss, *v. a.* വിസ്തരിക്ക, ശോധന ചെയ്യു.

Discussion, *s.* വ്യവഹാരം, വിസ്താരം.

Disdain, *v. a.* അധിക്ഷേപിക്ക, കുത്സിക്ക, നിന്ദിക്ക.

Disdain, *s.* അധിക്ഷേപം, ധിക്കാരം.

Disdainful, *a.* അധിക്ഷേപമുള്ള, എളിതമുള്ള.

Disease, *s.* ദീനം, വ്യാധി, രോഗം, ആമയം.

Disembark, *v. a.* കരെക്കു ഇറക്കുന്നു.

Disembark, *v. n.* കരെക്കു ഇറങ്ങുന്നു.

Disenable, *v. a.* ക്ഷീണിപ്പിക്ക, ക്ഷയിപ്പിക്ക.

Disencumber, *v. a.* ഭാരമില്ലാതാക്ക.

Disengage, *v. a.* അഴിച്ചുവിടുക, ഒഴിപ്പിക്ക.

Disengage, *v. n.* ഒഴിയുക, അഴിഞ്ഞുപോക.

Disengagement, *s.* ഒഴിവു, അവസരം.

Disentangle, *v. a.* കുടുക്കുതീക്ക, വേൎപ്പെടുത്തുക.

Disesteem, *s.* നിന്ദ, ധിക്കാരം, നീരസം.

Disesteem, *v. a.* നിന്ദിക്ക, നിരസിക്ക.

Disfavour, *s.* നീരസം, കൊപം, വിമുഖത.

Disfavour, *v. a.* ആദരിയാതിരിക്ക.

Disfiguration, *s.* വിരൂപമാക്കുന്നതു, ഭംഗികേടു.

Disfigure, *v. a.* വിരൂപമാക്ക, മാച്ചു, ചളുക്ക.

Disgrace, *s.* അപമാനം, പരിഭവം, കൃപകേടു.

Disgrace, *v. a.* അപമാനിക്ക, കൃപകാണിക്കാതിരിക്ക.

Disgraceful, *a.* അപമാനമുള്ള, കറവുള്ള.

Disgracefully, *ad.* അപമാനത്തോടെ.

Disgracefulness, *s.* അപമാനം, ദുഷ്കീൎത്തി.

Disguise, *v. a.* വേഷം മാററുക, മായം തിരിക്ക.

Disguise, *s.* വേഷം, വേഷധാരണം, മറുവേഷം.

Disgust, *s.* അരുചി, രുചികേടു, വെറുപ്പു, ചലിപ്പു.

Disgust, *v. a.* വെറുപ്പിക്ക, ചടിപ്പിക്ക, നീരസമാക്ക.

Disgustful, *a.* വെറുപ്പുള്ള, നീരസമുള്ള.

Dish, *s.* കിണ്ണം, തളിക, താലം, തളികയിലെ ഭക്ഷണം.

Dishearten, *v. a.* അധൈൎയ്യപ്പെടുത്തുക, പേടിപ്പിക്ക.

Dishonest, *a.* നേരുകേടുള്ള, വഞ്ചനയുള്ള.

Dishonestly, *ad.* വഞ്ചനയോടെ, ചതിവായി.

Dishonesty, *s.* വിശ്വാസവഞ്ചന, സത്യ ഭംഗം.
Dishonour, *s.* അപമാനം, നിന്ദ, പരി ഭവം.
Dishonour, *v. a.* അവമാനിക്ക, നിന്ദിക്ക.
Dishonourable, *a.* അവമാനമുള്ള.
Disinclination, *s.* മനസ്സുകേടു, അനിഷ്ടം.
Disincline, *v. a.* മനസ്സുകേടു വരുത്തുക.
Disinherit, *v. a.* അവകാശത്തിൽനിന്നു തള്ളുക.
Disinterest, *s.* സ്വലാഭം വിചാരിക്കായ്ക.
Disinterested, *a.* സ്വലാഭം വിചാരിക്കാത്ത.
Disinterestedly, *ad.* സ്വലാഭം വിചാരിയാതെ.
Disinterestedness, *s.* സ്വലാഭത്യാഗം.
Disjoin, *v. a.* വേർപെടുക്ക, ഭിന്നിപ്പിക്ക.
Disjoint, *v. a.* ഉളുക്കിക്ക, കണ്ഡിക്ക.
Disjoint, *v. n.* വേപ്പെട്ടുക, വേർവിട്ടുക.
Disjunction, *s.* വിയോഗം, വേപ്പാടു.
Disjunctive, *a.* വേപ്പെട്ടുക്കുന്ന.
Disjunctively, *ad.* വെവ്വേറെ.
Disk, *s.* സൂൎയ്യപ്രഭ, സൂൎയ്യബിംബം, ചന്ദ്ര ബിംബം.
Dislike, *s.* ഇഷ്ടക്കേടു, രസക്കേടു, അവമ തി, വെറുപ്പു, അപ്രസാദം.
Dislike, *v. a.* നിരസിക്ക, വെറുക്ക.
Dislikeness, *s.* അതുല്യത, ഏററക്കുറവു.
Dislocate, *v. a.* ഉളുക്കിക്ക, സ്ഥലം മാ റുക.
Dislocation, *s.* ഉളുക്കു, സ്ഥലമാററം.
Dislodge, *v. a.* സ്ഥലം മാറി പോകുമാ റാക്ക.
Disloyal, *a.* ദ്രോഹഭാവമുള്ള.
Disloyalty, *s.* ദ്രോഹഭാവം, അസ്ഥിരത.
Dismal, *a.* വ്യസനമുള്ള, സങ്കടമുള്ള.
Dismalness, *s.* സുഖക്കേടു, കഞ്ഞിതം.
Dismantle, *v. a.* ഉരിക്ക, അഴിച്ചെടുക്ക.
Dismast, *v. a.* പാമരം മുറിച്ചുകളക.
Dismay, *v. a.* പേടിപ്പിക്ക, ഭയപ്പെടുത്തു ക, വിരട്ടുക, വിഷാദിപ്പിക്ക.
Dismay, *s.* ഭീതി, ഭയം, അധൈൎയ്യം, വി ഷാദം.
Dismember, *v. a.* അംഗഭംഗം വരുത്തു ക, തുണ്ടമാക്ക, നറുക്ക.
Dismiss, *v. a.* പറഞ്ഞയക്ക, നീക്ക, മാ റുക.
Dismissal, *s.* പറഞ്ഞയപ്പു, മാററം, നീക്കം.
Dismission, *s.* നീക്കം, തള്ളൽ, മാററം.
Dismount, *v. a.* ഇറക്ക, കിഴ്പ്പെടുത്തുക.
Dismount, *v. n.* ഇറങ്ങുക, കീഴ്പ്പെട്ടുക.
Disobedience, *s.* അനുസരണക്കേടു, അ മാനനം.
Disobedient, *a.* അനുസരിക്കാത്ത, കൂട്ടാ ക്കാത്ത.
Disobediently, *ad.* അനുസരിയാതെ.
Disobey, *v. a.* അനുസരിക്കാതിരിക്ക, കല്പന ലംഘിക്ക.
Disoblige, *v. a.* നീരസപ്പെടുത്തുക, വി രുദ്ധമാക്ക.
Disorder, *s.* അക്രമം, അമാന്തം, നാനാ വിധം.
Disorder, *v. a.* ക്രമക്കേടാക്ക, നാനാവി ധമാക്ക.
Disordered, *a.* ക്രമംകെട്ട, സുഖക്കേടുള്ള.
Disorderly, *a.* ക്രമക്കേടുള്ള, അമാന്തമുള്ള.
Disorderly, *ad.* ക്രമക്കേടായി, നാനാപ്ര കാരം.
Disordinate, *a.* ക്രമം ലംഘിച്ച, ദുശ്ശീല മുള്ള.
Disown, *v. a.* നിഷേധിക്ക, ഉപേക്ഷി ച്ചു പറക.
Disparity, *s.* തുല്യക്കേടു, ഏററക്കുറവു, വ്യ ത്യാസം.

Dispassion, *s.* വിരക്തി, ശാന്തശീലം, സൌമ്യത.

Dispassionate, *a.* ശാന്തശീലമുള്ള, വിരക്തിയുള്ള.

Dispel, *v. a.* ചിതറിക്ക, ചിന്നിക്ക.

Dispensary, *s.* ഔഷധശാല.

Dispensation, *s.* വിഭാഗിച്ചുകൊടുക്കൽ, വിചാരണ ഒഴിവു, അനുവാദം.

Dispense, *v. a.* വിഭാഗിച്ചുകൊടുക്ക, പങ്കിടുക, ഒഴിക്ക.

Dispenser, *s.* വിഭാഗിച്ചുകൊടുക്കുന്നവൻ, ദാതാവു.

Disperge, *v. a.* തളിക്ക, ചിതറിക്ക.

Disperse, *v. a.* ചിന്നിക്ക, ഭിന്നിപ്പിക്ക, വിതെക്ക.

Disperser, *s.* വിതറുന്നവൻ, ഭിന്നിപ്പിക്കുന്നവൻ.

Dispersion, *s.* ഭിന്നത, ചിന്നൽ, വിത.

Dispirit, *v. a.* അധൈൎയ്യപ്പെടുത്തുക, പേടിപ്പിക്ക.

Dispiritedness, *s.* അധൈൎയ്യം, മനോവിഷാദം.

Displace, *v. a.* സ്ഥലം മാററിവെക്ക.

Displacency, *s.* അപചാരം, വിരക്തി, നീരസം.

Displant, *v. a.* പറിച്ചുകളക, ആട്ടിക്കളക.

Display, *v. a.* വിരിച്ചു കാണിക്ക, തുറന്നു കാണിക്ക.

Display, *s.* കാഴ്ച, കൊലാഹലം, ആഡംബരം.

Displease, *v. a.* ഇഷ്ടക്കേടു വരുത്തുക, കോപിപ്പിക്ക.

Displeasing, *a.* അനിഷ്ടമുള്ള, രസിക്കാത്ത.

Displeasingness, *s.* അനിഷ്ടം, രസക്കേടു, അപ്രിയം.

Displeasure, *s.* അനിഷ്ടം, അപ്രസാദം, നീരസം.

Disposal, *s.* സ്വാധീനം, കൈകാൎയ്യം, കൊടുക്കൽ.

Dispose, *v. a.* കൊടുക്ക, വെക്ക, ആക്ക, ഒരുക്ക.

Disposition, *s.* ക്രമം, ചട്ടം, നില, അവസ്ഥ.

Dispossess, *v. a.* അപഹരിക്ക, എടുത്തുകളക.

Dispraise, *s.* ആക്ഷേപം, നിന്ദ, അപവാദം.

Disproportion, *s.* തരഭേദം.

Disprove, *v. a.* മറുത്തു തെളിയിക്ക.

Disputable, *a.* തൎക്കമുള്ള, വ്യവഹാരമുള്ള.

Disputant, *s.* താൎക്കികൻ, വ്യവഹാരി.

Disputant, *a.* തൎക്കിക്കുന്ന, പിണങ്ങുന്ന.

Disputation, *s.* തൎക്കം, ശണ്ഠ, വാദം, വ്യവഹാരം.

Dispute, *v. a.* തൎക്കിക്ക, വാദിക്ക, കലഹിക്ക.

Dispute, *s.* തൎക്കം, വാദം, വഴക്ക, പിണക്കം.

Disputer, *s.* തൎക്കക്കാരൻ, താൎക്കികൻ.

Disqualification, *s.* പ്രാപ്തികേടു, ബലഹീനത.

Disqualify, *v. a.* ഹീനപ്പെടുത്തുക.

Disquiet, *s.* വ്യാകുലം, കലഹം, സുഖക്കേടു.

Disquietly, *ad.* വ്യാകുലമെ, ആതങ്കമെ.

Disquietness, *s.* വ്യാകുലം, കലഹം.

Disquietude, *s.* ചാഞ്ചല്യം, സുഖക്കേടു.

Disquisition, *s.* പരിശോധനം, അന്വേഷണം.

Disregard, *s.* ഉപേക്ഷ, ഉദാസീനത, പരിഭവം.

Disregard, *v. a.* നിരസിക്ക, ഉപേക്ഷിക്ക.

Disrelish, *s.* ദുസ്വാദു, കലിപ്പു, അരുചി.

Disrelish, *v. a.* രസിക്കാതിരിക്ക, വെറുക്ക.

Disreputable, *a.* അപകീൎത്തിയുള്ള, മാനംകെട്ട.
Disrespect, *s.* അനാചാരം, അനാദരം.
Disrespectful, *a.* അനാചാരമുള്ള.
Disrespectfully, *ad.* അപമൎയ്യാദയായി.
Disruption, *s.* ഉടച്ചൽ, പൊട്ടൽ.
Dissatisfaction, *s.* അസന്തുഷ്ടി, വെറുപ്പു.
Dissatisfactory, *a.* അസന്തുഷ്ടിയുള്ള.
Dissatisfy, *v. a.* രസക്കേടുവരുത്തുക.
Dissect, *v. a.* കീറുക, കീറി ശോധന ചെയ്ക.
Dissection, *s.* ഉടൽ കീറി നോക്കുന്നതു.
Dissemble, *v. a.* കപടം കാട്ടുക, നടിക്ക.
Dissembler, *s.* മായക്കാരൻ, വേഷധാരി.
Dissemblingly, *ad.* മായമെ, കപടമെ.
Disseminate, *v. a.* വിതെക്ക, വിതറുക.
Dissemination, *s.* വിത, വിതറൽ.
Dessension, *s.* ഭിന്നത, ഛിദ്രം, പിണക്കം.
Dissent, *v. n.* സമ്മതിക്കാതിരിക്ക.
Dissent, *s.* സമ്മതക്കേടു, വിരോധം.
Dissenter, *s.* സമ്മതിക്കാത്തവൻ, പിരിഞ്ഞവൻ.
Dissertation, *s.* പ്രസംഗം, വ്യാഖ്യാനം.
Disserve, *v. a.* നഷ്ടമാക്ക, ഹാനി വരുത്തുക.
Disservice, *s.* നഷ്ടം, ഹാനി, ദോഷം.
Dissever, *v. a.* രണ്ടിക്ക, വിയോഗിപ്പിക്ക.
Dissimilar, *a.* ഒക്കാത്ത, വ്യത്യാസമുള്ള.
Dissimilarity, *s.* അതുല്യത, വ്യത്യാസം.
Dissimilitude, *s.* അസാദൃശ്യം.
Dissimulation, *s.* മായം, മാറാട്ടം, വ്യാപ്തി.
Dissipate, *v. a.* ചിതറിക്ക, ഭിന്നിപ്പിക്ക.
Dissipation, *s.* ചിതറൽ, ദുൎവ്യയം, ഭിന്നിപ്പു.
Dissoluble, *a.* ദ്രവിക്കപ്പെടുവാന്തക്ക.
Dissolute, *a.* ദുൎമ്മാൎഗ്ഗമുള്ള, ദുൎവൃത്തിയുള്ള.
Dissolutely, *ad.* ദുൎമ്മാൎഗ്ഗമെ, ദുൎന്നടപ്പോടെ.
Dissoluteness, *s.* അഴിമതി, ദുൎമ്മാൎഗ്ഗം, ദുൎന്നടപ്പു.
Dissolution, *s.* ഉരുക്കൽ, അലിച്ചൽ, മരണം.
Dissolvable, *a.* ഉരുക്കപ്പെടുവാന്തക്ക.
Dissolve, *v. a.* ഉരുക്ക, ദ്രവിപ്പിക്ക, അലിക്ക.
Dissolve, *v. n.* ഉരുക, ദ്രവിക്ക, അഴിയുക.
Dissolvible, *a.* ഉരുകുന്ന, ദ്രവിക്കുന്ന.
Dissonance, *s.* വിപരീതശബ്ദം, ദുസ്സ്വരം.
Dissonant, *a.* വിപരീതമായി ശബ്ദിക്കുന്ന.
Dissuade, *v. a.* തെററിച്ചു പറക, വിലക്ക.
Dissuation, *s.* വിപരീതോപദേശം, പിശക്ക.
Dissuasive, *a.* വിപരീതോപദേശമുള്ള.
Distance, *s.* ദൂരം, അകലം, ഇട, അന്തരം.
Distance, *v. a.* ദൂരത്താക്ക, അകലപ്പെടുത്തുക.
Distant, *a.* ദൂരമുള്ള, അകലമുള്ള, ഇടയുള്ള.
Distaste, *s.* അരുചി, ദുസ്വാദു, ബീഭത്സം.
Distaste, *v. a.* ദുസ്വാദാക്ക, കലിപ്പിക്ക.
Distasteful, *a.* ദുസ്വാദുള്ള, ബീഭത്സമുള്ള.
Distastefulness, *s.* ബീഭത്സരസം.
Distemper, *s.* രോഗം, ആമയം, ദുശ്ശീലം.
Distemper, *v. a.* രോഗപ്പെടുത്തുക, ദുശ്ശീലപ്പെടുത്തുക.
Distend, *v. a.* വീതി വരുത്തുക, വിസ്താരമാക്ക.
Distent, *s.* വിസ്താരം, വിശാലത.
Distention, *s.* വീതി, വലിപ്പം, വിശാലത.
Distil, *v. n.* ദ്രവിക്ക, ഇററിററു വീഴുക.
Distil, *v. a.* ഊററുക, വാററുക, ദ്രവിപ്പിക്ക.
Distillation, *s.* ഊററു, വാററു, ദ്രവം.
Distinct, *a.* തെളിവുള്ള, സ്പഷ്ടമായ, വേറെ.
Distinction, *s.* ഭേദം, വ്യത്യാസം, വകതിരിവു.

Distinctive, *a.* വകതിരിവുള്ള, ഭേദമുള്ള.

Distinctly, *ad.* പ്രത്യേകമായി, സ്പഷ്ടമായി.

Distinctness, *s.* സ്പഷ്ടത, തെളിവു.

Distinguish, *v. a.* വിശേഷപ്പെടുത്തുക, തിരിച്ചറിക, കീൎത്തിപ്പെടുത്തുക.

Distinguishing, *a.* വിശേഷിപ്പിക്കുന്ന, കീൎത്തിപ്പെടുത്തുന്ന.

Distort, *v. a.* കോട്ടുക, ചുളിക്ക, മുറുക്ക.

Distortion, *s.* കോട്ടം, ചുളുക്കു, മുറുക്കു, കുരൂപം.

Distract, *v. a.* വേർപിരിക്ക, ബുദ്ധിഭ്രമിപ്പിക്ക, ഭ്രാന്താക്ക.

Distractedly, *ad.* മതികേടായി, ബുദ്ധിഭ്രമാൽ.

Distractedness, *s.* ബുദ്ധിഭ്രമം, ഭ്രാന്തു.

Distraction, *s.* ബുദ്ധികേടു, വ്യാകുലം; വ്യഗ്രത.

Distrain, *v. a.* തടുത്തുവെക്ക, തടങ്ങൽ ചെയ്ക.

Distress, *s.* ബുദ്ധിമുട്ടു, ദുഃഖം, പരവശത.

Distress, *v. a.* ബുദ്ധിമുട്ടിക്ക, വ്യസനപ്പെടുത്തുക.

Distressed, *part. a.* വലഞ്ഞ, ദുഃഖിച്ച.

Distressful, *a.* ദുഃഖകരമുള്ള, സങ്കടമുള്ള.

Distribute, *v. a.* വിഭാഗിച്ചു കൊടുക്ക, വിതറുക.

Distribution, *s.* കൊടുക്കൽ, ദാനം, വിതറൽ.

Distributive, *a.* പകുത്തു കൊടുക്കുന്ന.

District, *s.* നാടു, താലൂക്ക, തുക്കിടി, ശീമ, ജില്ല.

Distrust, *v. a.* വിശ്വസിക്കാതിരിക്ക, ശങ്കിക്ക.

Distrust, *s.* അവിശ്വാസം, ശങ്ക, സംശയം.

Distrustful, *a.* അവിശ്വാസമുള്ള, സംശയിക്കുന്ന.

Disturb, *v. a.* കലക്ക, കലഹിക്ക, അസഹ്യപ്പെടുത്തുക.

Disturbance, *s.* കലക്കം, അമളി, താറുമാറു.

Disturber, *s.* കലഹക്കാരൻ, ദ്രോഹി.

Disunion, *s.* വിയോഗം, ഭിന്നത, വിരഹം.

Disunite, *v. a.* വേർപിരിക്ക, ഭിന്നിപ്പിക്ക.

Disunite, *v. n.* വേർപിരിയുക, ഭിന്നിക്ക.

Disuse, *v. a.* നടപ്പില്ലാതാക്ക, പ്രയോഗിക്കാതിരിക്ക, ഉപകരിക്കാതിരിക്ക.

Disvaluation, *s.* മാനക്കേടു, മാനഹാനി.

Disvalue, *v. a.* വിലയില്ലാതാക്ക, ഹീനപ്പെടുത്തുക.

Disvouch, *v. a.* നിഷേധിക്ക, മറുത്തു പറക.

Ditch, *s.* കുഴി, തോടു, ചാല, പൊയ്ക.

Ditch, *v. a.* കുഴിവെട്ടുക, തോടുകുഴിക്ക.

Ditto, *s.* മേല്പടി.

Divan, *s.* ആലോചനസഭ, മന്ത്രിസഭ.

Dive, *v. n.* വെള്ളത്തിൽ മുങ്ങുക, മുഴുക.

Diver, *s.* മഗ്നം ചെയ്യുന്നവൻ, നീർകോഴി.

Diverge, *v. n.* വിട്ടു പിരിയുക, വിട്ടു മാറുക.

Divers, *a.* പല, പലപല, ബഹു, വെവ്വേറെ.

Diverse, *a.* ബഹുവിധമുള്ള, പലപ്രകാരമുള്ള.

Diversely, *ad.* പല വിധത്തിൽ, പല പ്രകാരം.

Diversify, *v. a.* വിവിധമാക്ക, വേറാക്ക.

Diversion, *s.* വഴിമാററം, നേരം പോക്കു.

Diversity, *s.* വ്യത്യാസം, ഭേദം, വിവിധം.

Divert, *v. a.* മാററുക, മറിക്ക, ഉല്ലസിപ്പിക്ക.

Divertive, *a.* വിനോദിപ്പിക്കുന്ന.

Divest, *v. a.* ഉരിയിക്ക, ഉടുപ്പു നീക്ക, അഴിച്ചുകളക, നീക്കികളക.

Dividable, *a.* വിഭാഗിക്കപ്പെടത്തക്ക.
Divide, *v. a.* വിഭാഗിക്ക, ഹരിക്ക.
Divide, *v. n.* വേർപിരിയുക, ഭേദിക്ക.
Dividend, *s.* ഓഹരി, പങ്കു, കണക്കസാരത്തിൽ പിള്ള.
Divider, *s.* പങ്കിടുന്നവൻ.
Divination, *s.* അഞ്ജനം, ദേവപ്രശ്നം.
Divine, *a.* ദൈവീകം, ദിവ്യം, പരമം.
Divine, *s.* ഗുരു, വൈദികൻ.
Divine, *v. a.* ലക്ഷണം പറക, പ്രശ്നം ചൊല്ക.
Divinely, *ad.* ദിവ്യമായി.
Diviner, *s.* പ്രശ്നക്കാരൻ, മന്ത്രവാദി.
Divinity, *s.* ദൈവത്വം, ദിവ്യത്വം.
Division, *s.* വിഭാഗം, പകുപ്പു, പങ്കു, അംശം.
Divisor, *s.* കണക്കസാരത്തിൽ തള്ള.
Divorce, *s.* വിവാഹപിരിച്ചൽ, ഉപേക്ഷചീട്ടു.
Divorce, *v. a.* വിവാഹം പിരിക്ക.
Divorcement, *s.* വിവാഹപ്പിരിച്ചൽ.
Divulge, *v. a.* പ്രസിദ്ധമാക്ക, അറിയിക്ക.
Dizen, *v. a.* അലങ്കരിക്ക, അണിയിക്ക.
Dizziness, *s.* തലതിരിച്ചൽ, തലച്ചുററൽ.
Dizzy, *a.* തലതിരിക്കുന്ന, തലച്ചുററുന്ന.
Do, *v. a.* ചെയ്ക, പ്രവൃത്തിക്ക, നിവൃത്തിക്ക.
Do, *v. n.* നടക്ക, തീരുക, വിട്ടൊഴിയുക.
Do, *s.* അമളി, ആരവാരം.
Docile, *a.* ഇണക്കമുള്ള, അധീനമുള്ള.
Docility, *s.* ഇണക്കം, അധീനത, പടിപ്പു.
Dock, *s.* കപ്പലുകൾ സൂക്ഷിക്കുന്ന തുറ.
Dockyard, *s.* കപ്പലുകളെ പണിയുന്ന സ്ഥലം.
Doctor, *s.* വൈദ്യൻ, ശാസ്ത്രി, വിദ്വാൻ.
Doctor, *v. a.* ചികിത്സിക്ക.
Doctrinal, *a.* ഉപദേശികം.
Doctrinally, *ad.* ഉപദേശികമായി.
Doctrine, *s.* ഉപദേശം, പഠിത്വം, പ്രമാണം.
Document, *s.* എഴുത്തു, ആധാരം, കല്പന.
Dodge, *v. a.* തട്ടിക്ക, കബളിപ്പിക്ക.
Doe, *s.* മാൻപെട.
Doer, *s.* ചെയ്യുന്നവൻ, കർമ്മി, കാരൻ.
Dog, *s.* നായി, പട്ടി, ശ്വാവു.
Dog, *v. a.* പിന്തുടരുക, ചതിവായി പിൻചെല്ലുക.
Dogfish, *s.* ചിറാക.
Dogfly, *s.* നായീച്ച.
Dogged, *a.* ദുർമ്മുഖമുള്ള, ദുശ്ശീലമുള്ള.
Doggedness, *s.* ദുർമ്മുഖം, ദുശ്ശീലം, ദുശ്ഗുണം.
Doggish, *a.* നായെപോലെയുള്ള, മൃഗപ്രായമുള്ള.
Dogkennel, *s.* നായ്ക്കൂടു.
Dogma, *s.* ഉപദേശപ്രമാണം.
Dogmatical, *a.* ഉപദേശപ്രമാണമുള്ള.
Dogsleep, *s.* കള്ളനിദ്ര.
Dogsmeat, *s.* എച്ചിൽ, വിടക്കസാധനം.
Doing, *s.* പ്രവൃത്തി, തൊഴിൽ, വേല, ക്രിയ.
Dole, *s.* ഓഹരി, പങ്കു, വേദന, ദുഃഖം.
Dole, *v. a.* പകുത്തുകൊടുക്ക, ഭിക്ഷകൊടുക്ക.
Doleful, *a.* സങ്കടമുള്ള, ദുഃഖമുള്ള.
Dolefully, *ad.* സങ്കടത്തോടെ, ദുഃഖേന.
Dolefulness, *s.* സങ്കടം, ദുഃഖം, ഖേദം.
Doll, *s.* പാവ, കളിക്കോപ്പു.
Dollar, *s.* വെള്ളിപ്പുത്താക്ക.
Dolorific, *a.* ദുഃഖകരം, വേദനപ്പെടുത്തുന്ന.
Dolorous, *a.* ദുഃഖമുള്ള, വേദനയുള്ള.

Dolour, *s.* ദുഃഖം, സങ്കടം, വേദന, കഷ്ടം.
Domain, *s.* രാജ്യം, സംസ്ഥാനം, അനുഭൂതി.
Dome, *s.* വീട്ട, ഭവനം.
Domestic, *a.* ഗൃഹസംബന്ധമുള്ള, വീട്ടസംബന്ധിച്ച.
Domestic, *s.* വീട്ടുപണിക്കാരൻ, ദാസൻ, ഭൃത്യൻ.
Domicile, *s.* വാസസ്ഥലം, ഭവനം, വീട്ട, പുര.
Dominant, *a.* കൎത്തൃത്വമുള്ള, അധികരിക്കുന്ന.
Dominate, *v. a.* കൎത്തവ്യം ചെയ്യു, ഭരിക്ക.
Domination, *s.* അധികാരം, ശക്തി, കൎത്തവ്യം.
Domineer, *v. a.* വമ്പുകാട്ടുക, ഡംഭം കാട്ടുക.
Dominion, *s.* കൎത്തൃത്വം, രാജ്യം, ആധിപത്യം, വാഴ്ച.
Donation, *s.* ദാനം, പ്രദാനം, സമ്മാനം.
Done, *part. pass. of to do*, ചെയ്യു, ചെയ്യപ്പെട്ട.
Done, *interj.* ആകട്ടെ, സമ്മതം.
Donor, *s.* ദാതാവു, ദായകൻ, കൊടുക്കുന്നവൻ.
Doodle, *s.* മടിയൻ, അല്പൻ.
Doom, *v. a.* വിധിക്ക, തീൎപ്പാക്ക.
Doom, *s.* ശിക്ഷാവിധി, തീൎപ്പ, നാശം.
Doomsday, *s.* വിധിനാൾ.
Door, *s.* കതക, വാതിൽ, ഉമ്മരം, കവാടം.
Doorkeeper, *s.* വാതിൽകാവല്ക്കാരൻ, ദ്വാരപാലകൻ.
Dormant, *a.* ഉറങ്ങുന്ന, കിടക്കുന്ന, മറവുള്ള.
Dormitory, *s.* ഉറങ്ങുന്ന മുറി, ഉറക്കറ.
Dormouse, *s.* ചുണ്ടെലി.
Dose, *s.* മാത്ര, വീതം, പരിമാണം.
Dot, *s.* പുള്ളി, കുത്തു, വിന്ദു, പൂൎണ്ണവിരാമം.
Dotage, *s.* ബുദ്ധിമയക്കം, അത്യാശ.
Dote, *v. n.* ബുദ്ധിമയങ്ങിയിരിക്ക.
Dotingly, *ad.* കൊതിയായി.
Double, *a.* ഇരട്ടി, ഇരട്ട, വ്യാജമുള്ള.
Double, *v. a.* ഇരട്ടിക്ക, ഇരട്ടിക്കുട്ടുക.
Double, *v. n.* ഇരട്ടിയാക, മടങ്ങുക.
Double, *s.* ഇരട്ട, രണ്ടു, ഇരട്ടിപ്പു, യുഗ്മം.
Double-biting, *a.* ഇരുഭാഗം മൂൎച്ചയുള്ള.
Double-dealer, *s.* വഞ്ചകൻ, മാറാട്ടുകാരൻ.
Double-dealing, *s.* തിരിപ്പടി, മറിവു.
Double-handed, *a.* രണ്ടു കൈയുള്ള, വഞ്ചനയുള്ള.
Double-lock, *s.* ഇരട്ടപ്പൂട്ട.
Double-minded, *a.* ഇരുമനസ്സുള്ള.
Double-tongued, *a.* ഇരുനാവുള്ള.
Doubt, *v. a.* സംശയിക്ക, സന്ദേഹിക്ക.
Doubt, *v. n.* ചഞ്ചലപ്പെടുക, ശങ്കിക്ക.
Doubt, *s.* സംശയം, സന്ദേഹം, അനുമാനം.
Doubter, *s.* സംശയിക്കുന്നവൻ.
Doubtful, *a.* സംശയമുള്ള, നിശ്ചയമില്ലാത്ത.
Doubtfully, *ad.* സംശയമായി.
Doubtfulness, *s.* സംശയം, സന്ദേഹം.
Doubtingly, *ad.* സംശയത്തോടെ.
Doubtless, *a.* അസംശയമുള്ള, നിശ്ചയമുള്ള.
Dough, *s.* കുഴച്ചമാവു.
Dove, *s.* പ്രാവു, കപോതം.
Dovecot, *s.* പ്രാക്കൂട.
Dovetail, *s.* കുട്ടമചേൎത്ത പണി.
Dowager, *s.* അധിപതിയുടെ വിധവ.
Dowery, *s.* സ്ത്രീധനം, പ്രദാനം.
Down, *ad.* കീഴെ, താഴെ, കീഴിൽ, അധഃ.

Downcast, *a.* നിലത്തു നോക്കുന്ന, അധോമുഖമുള്ള, ദുഃഖമുള്ള.
Downfall, *s.* വീഴ്ച, നാശം, അധോഗതി.
Downfallen, *part. a.* വീണുപോയ, മുടിഞ്ഞ.
Downhill, *s.* മലയിറക്കം, മലചരിവു.
Downright, *ad.* കേവലം, മുഴുവൻ.
Downright, *a.* പൂൎണ്ണമായ, സ്പഷ്ടമായ.
Downsitting, *s.* ഇരിപ്പു, സൌഖ്യം.
Downward, *ad.* കീഴോട്ടു, താഴോട്ടു.
Downward, *a.* കീഴ്പെട്ട, ചരിഞ്ഞ.
Downy, *a.* മൃദുവായുള്ള.
Dowry, *s.* സ്ത്രീധനം.
Doxology, *s.* ദൈവസ്തുതി.
Doze, *v. a.* മയങ്ങുക, ഉറക്കം തൂങ്ങുക.
Dozen, *s.* പന്തിരണ്ടു.
Doziness, *s.* നിദ്രാമയക്കം.
Dozy, *a.* നിദ്രാമയക്കമുള്ള.
Drag, *v. a.* ഇഴെക്ക, വലിക്ക.
Dragon, *s.* പെരിമ്പാമ്പു, ക്രൂരൻ.
Dragoon, *s.* കുതിരച്ചേവകൻ.
Drain, *v. a.* വററിക്ക, ഊററുക, ഉണക്ക.
Drain, *s.* ഓക, പാത്തി, തോടു, കപ്പക്കുഴി.
Drake, *s.* ആൺ ആതി.
Dram, *s.* ഒരു തൂക്കം, ഒരു മാത്ര.
Drama, *s.* ആട്ടക്കഥ, കഥക്കളി.
Dramatic, *a.* ആട്ടക്കഥ സംബന്ധിച്ച.
Dramshop, *s.* കള്ളു പീടിക, മന്നം.
Draught, *s.* വലി, വര, ഛായ, ചിത്രമെഴുത്തു.
Draw, *v. a.* വലിക്ക, വരെക്ക, കോരുക, ആകൎഷിക്ക, പിടിച്ചു പറിക്ക, വശീകരിക്ക.
Draw, *v. n.* വലിയുക, ചുരുങ്ങുക, ചേരുക.
Drawback, *s.* പിൻവാങ്ങൽ, കുറച്ചം.
Drawbridge, *s.* ഊരുപാലം.
Drawer, *s.* വലിക്കുന്നവൻ, വലിക്കുന്ന പെട്ടി.
Drawing, *s.* ചിത്രമെഴുത്തു, ചിത്രം, വര.
Drawn, *part. a.* വരെച്ച, വലിച്ച.
Drawwell, *s.* ആഴമുള്ള കിണറു.
Dread, *v. a.* ഭയപ്പെടുക, പേടിക്ക, നടുങ്ങുക.
Dreadful, *a.* ഭയങ്കരമുള്ള, ഘോരമുള്ള.
Dreadfully, *ad.* ഭയങ്കരമായി.
Dreadfulness, *s.* ഭയങ്കരത്വം, ഘോരത.
Dreadless, *a.* നിൎഭയമുള്ള, പേടിക്കാത്ത.
Dream, *s.* സ്വപ്നം, കിനാവു.
Dream, *v. n.* സ്വപ്നം കാണുക, കിനാവു കാണുക.
Dreamer, *s.* സ്വപ്നക്കാരൻ.
Dreary, *a.* ദുഃഖമുള്ള, സങ്കടമുള്ള, ഇരുണ്ട.
Dregs, *s.* മട്ടു, കല്ക്കം, കീടൻ, ഊറൽ.
Drench, *v. a.* കുതിക്ക, നനെക്ക, വെള്ളത്തിൽ മുക്ക.
Dress, *v. a.* ഉടുപ്പിക്ക, വസ്ത്രം ധരിപ്പിക്ക, മുറിവു കെട്ടുക, പാകം ചെയ്യു.
Dress, *s.* ഉടുപ്പു, വസ്ത്രം, ചമയം, ഭൂഷണം.
Dresser, *s.* ഉപവൈദ്യൻ, ഉടുപ്പിക്കുന്നവൻ.
Dressing-room, *s.* ഉടുക്കുന്ന മുറി, അണിയറ.
Dribble, *v. n.* ഇററിററുവീഴുക, ഒലിക്ക.
Dribble, *v. a.* ഇററിററു വീഴ്ത്തുക, തുളിക്ക.
Driblet, *s.* ചെറുതുക, ചില്വാനം.
Drift, *s.* ബലാൽകാരം, കരുത്തു, താല്പൎയ്യം.
Drift, *v. a. & n.* തള്ളികൊണ്ടുപോക, അടിച്ചു കൂട്ടുക, ഒഴുകിപോക.
Drill, *v. a.* തമരിടുക, അണിപഴക്ക.
Drill, *s.* തമര, തുരപ്പൻ, അണിപഴക്കം.
Drink, *v. a.* കുടിക്ക, പാനം ചെയ്യു, വലിക്ക.
Drink, *s.* കുടി, പാനീയം, പാനം, പേയം.
Drinkable, *a.* കുടിപ്പാന്തക്ക, പേയമായ.
Drinker, *s.* കുടിക്കുന്നവൻ, കുടിയൻ.

Drip, *v. n.* തുള്ളിതുള്ളിയായി വീഴുക, ഇററിററു വീഴുക.
Drip, *v. a.* ഇററിററു വീഴ്ത്തുക.
Dripping, *s.* ഇററു, തുള്ളി, തുളിപ്പു.
Drive, *v. a.* തെളിക്ക, ഒടിക്ക, തറെക്ക.
Drive, *v. n.* ഓട്ടുക, വണ്ടിയിൽ കേറിപോക, വളരുക, ഭാവിക്ക, ഉറച്ചു അടിയുക.
Driver, *s.* തെളിക്കുന്നവൻ, തേരാളി.
Drizzle, *v. a. & n.* ചാറിക്ക, ചാറുക.
Drizzly, *a.* ചാറലുള്ള.
Droll, *s.* ഫലിതക്കാരൻ, സരസൻ.
Droll, *a.* ഫലിതമുള്ള, ഗോഷ്ഠിയുള്ള.
Drollery, *s.* ഫലിതം, സരസം, ഗോഷ്ഠി.
Dromedary, *s.* വേഗതയുള്ള ഒട്ടകം.
Drone, *v. n.* മന്ദിക്ക, സ്വപ്നം കാണുക, മൂളുക.
Drone, *s.* തേനുണ്ടാക്കാത്ത ഈച്ച, മടിയൻ.
Dronish, *a.* മടിയുള്ള, മന്ദതയുള്ള.
Droop, *v. n.* തളരുക, ക്ഷീണിക്ക, ചായുക.
Drop, *s.* തുള്ളി, ഇററു, വിന്ദു, ശീകരം.
Drop, *v. a.* തുള്ളിതുള്ളിയായി വീഴ്ത്തുക.
Drop, *v. n*, തുള്ളിതുള്ളിയായി വീഴുക.
Dropping, *s.* ഇററു, തുളിപ്പു, ഇററുവീഴ്ച.
Dropsy, *s.* മഹോദരം, നീർവീഴ്ചരോഗം.
Dross, *s.* കീടൻ, കിട്ടം, തുരുമ്പു, കല്മഷം.
Drossy, *a.* കീടനുള്ള, കല്മഷമുള്ള.
Drought, *s.* അനാവൃഷ്ടി, മഴയില്ലായ്മ.
Drove, *s.* കന്നുകാലിക്കൂട്ടം, കൂട്ടം, സഞ്ചയം.
Drown, *v. a.* വെള്ളത്തിൽ മുക്കികൊല്ലുക.
Drown, *v. n.* വെള്ളത്തിൽ മുങ്ങി ചാക.
Fatness, *s.* പുഷ്ടി, തടിപ്പു, സ്ഥൂലിപ്പു, ഫലവൃദ്ധി.
Fatten, *v. a.* തടിപ്പിക്ക, പുഷ്ടിയാക്ക, സ്ഥൂലിപ്പിക്ക.
Fatten, *v. n.* തടിപ്പിക്ക, സ്ഥൂലിക്ക, പുഷ്ടിയാക.
Fatty, *a.* നെയ്യുള്ള, പുഷ്ടിയുള്ള.
Fault, *s.* കുററം, അപരാധം, പിഴ, തെററു.
Faultfinder, *s.* കുററം ചുമത്തുന്നവൻ.
Faultily, *ad.* കുററമായി, തെററായി.
Faultiness, *s.* ദോഷം, കുറവു, ആകായ്മ.
Faultless, *a.* കുററമില്ലാത്ത, നിൎദ്ദോഷമുള്ള.
Faulty, *a.* കുററമുള്ള, തെററുള്ള.
Favour, *v. a. & n.* ആദരിക്ക, സഹായിക്ക, ദയ ചെയ്ക, കൃപ കാണിക്ക, തരമാക.
Favour, *s.* ദയ, സഹായം, ആദരം, കൃപ, കനിവു, അനുഗ്രഹം, പ്രസാദം, ക്ഷമ, വരം.
Favourable, *a.* ദയയുള്ള, കൃപയുള്ള, തക്ക.
Favourableness, *s.* ദയാശീലം, ആദരവു, അനുകൂലത.

Favourably, *ad.* ദയയോടെ, പ്രിയമായി.
Favoured, *a.* പ്രിയപ്പെട്ട, അനുഗ്രഹിതം.
Favourer, *s.* ദയാവാൻ, അനുകൂലൻ.
Favourite, *s.* ഇഷ്ടൻ, പ്രിയൻ, സഖി.
Favourless, *a.* ഇഷ്ടമില്ലാത്ത, തക്കക്കേടുള്ള.
Fawn, *s.* മാൻകുട്ടി.
Fawn, *v. n.* മാൻ പെറുക, കൊഞ്ചുക, ലയിക്ക.
Fawning, *s.* ഓമൽ, താരാട്ടം, ലാളനം.
Fealty, *s.* ഭക്തി, വണക്കം, ആശ്രയം.
Fear, *s.* ഭയം, ഭീതി, ഭീരുത, സംഭ്രമം, പേടി.
Fear, *v. a. & n.* ഭയപ്പെടുക, പേടിക്ക, വിരട്ടുക, പേടിപ്പിക്ക, വിരളുക, ശങ്കിക്ക, അഞ്ചുക.
Fearful, *a.* ഭയമുള്ള, പേടിക്കുന്ന, ശങ്കിക്കുന്ന.
Fearfully, *ad.* ഭയത്തോടെ, പേടിയോടെ.
Fearless, *a.* ഭയമില്ലാത്ത, പേടിക്കാത്ത.
Fearlessly, *ad.* നിർഭയത്തോടെ, നിശ്ശങ്കം.
Feasibility, *s.* സാദ്ധ്യം, കഴിവു, സുലഭത.
Feasible, *a.* സാദ്ധ്യമുള്ള, കഴിവുള്ള.
Feast, *s.* വിരുന്ന, സദ്യ, ഉത്സവം, പെരുനാൾ.
Feast, *v. a. & n.* വിരുന്ന കഴിക്ക, സദ്യകഴിക്ക, വിരുന്നുണ്ണുക, സന്തോഷിക്ക.
Feat, *s.* ക്രിയ, പ്രവൃത്തി, പരാക്രമകാൎയ്യം.
Feat, *a.* മിടുക്കുള്ള, സാമൎത്ഥ്യമുള്ള.
Feather, *s.* തൂവൽ, പൂട, ചിറക.
Feather, *v. a.* തൂവൽകൊണ്ടു അലങ്കരിക്ക.
Feathered, *a.* ചിറകുള്ള, ഇറകുള്ള.
Featherless, *a.* പൂടയില്ലാത്ത.
Feathery, *a.* പൂടയുള്ള, ഇറകുള്ള.
Featness, *s.* മോടി, മിടുക്കു.
Feature, *s.* മുഖഭാവം, മുഖരൂപം.
Feaze, *v. a.* പിരി അഴിക്ക, അടിക്ക.
February, *s.* കുംഭമാസം, ഫിബ്രുവരി.
Feces, *s.* മലം, പുരീഷം, കിട്ടം.
Fecundity, *s.* സുഭിക്ഷം, ഫലവൎദ്ധന.
Fed, *part. p. of to feed,* പോററി.
Fedary, *s.* കൂട്ടുകാരൻ, ചങ്ങാതി.
Federal, *a.* ഉടമ്പടിസമന്വിതം.
Federary, *s.* കൂട്ടാളി, പങ്കുകാരൻ.
Federate, *a.* കൂട്ടുകെട്ടുള്ള, ബന്ധുക്കെട്ടുള്ള.
Fee, *s.* കൂലി, പ്രതിഫലം, മസ്കൂരി.
Fee, *v. a.* കൂലികൊടുക്ക, സമ്മാനിക്ക.
Feeble, *a.* ക്ഷീണമുള്ള, ദുൎബ്ബലമുള്ള.
Feebleminded, *a.* മനസ്സുറപ്പില്ലാത്ത.
Feebleness, *s.* ക്ഷീണത, ബലക്ഷയം.
Feebly, *ad.* തളൎച്ചയോടെ, ക്ഷീണമായി.
Feed, *v. a.* ഭക്ഷിപ്പിക്ക, പോററുക, തീററുക, മേയിക്ക, പോഷിപ്പിക്ക, സൽകരിക്ക.
Feed, *v. n.* തിന്നുക, ഭക്ഷിക്ക, മേയുക.
Feed, *s.* ആഹാരം, തീൻ, മേച്ചൽ.
Feel, *v. a. & n.* തൊട്ടറിക, തൊട്ടുനോക്ക, സ്പൎശിക്ക, തലോടുക, ഉണരുക, ബോധിക്ക.
Feel, *s.* സ്പൎശനം, തലോടൽ, തടവം.
Feeling, *a.* ഉണൎച്ചയുള്ള, അറിവുള്ള.
Feeling, *s.* സ്പൎശനം, ഉണൎച്ച, ബോധം.
Feelingly, *ad.* ഉണൎച്ചയോടെ.
Feet, *pl. of foot,* കാലുകൾ, പാദങ്ങൾ.
Feetless, *a.* കാലില്ലാത്ത.
Feign, *v. a.* നടിക്ക, കൃത്രിമംകാട്ടുക.
Feignedly, *ad.* മായമായി, വ്യാജമായി.
Feigner, *s.* കൃത്രിമക്കാരൻ, മായാപി.
Feint, *s.* മായ, മായം, കള്ളവേഷം.
Felicitate, *v. a.* ഭാഗ്യം വരുത്തുക.
Felicitation, *s.* ഭാഗ്യം വരുത്തുന്നതു, മംഗലസ്തുതി.

Felicitous, *a.* ഭാഗ്യമുള്ള, ധന്യമായ.
Felicity, *s.* ധന്യം, ഭാഗ്യം, ആനന്ദി.
Fell, *s.* തോൽ, ചൎമ്മം.
Fell, *v. a.* അടിച്ചുവീഴ്ത്തുക, തള്ളിയിടുക.
Feller, *s.* വെട്ടുകാരൻ.
Fellness, *s.* ക്രൂരത, ഘോരത, ദുഷ്ടത.
Fellow, *s.* കൂട്ടാളി, തോഴൻ, ചങ്ങാതി, ഇണ.
Fellow, *v. a.* ഇണയാക്ക, ചങ്ങാതിത്വം കൂട്ടുക.
Fellow-creature, *s.* സഹസൃഷ്ടി.
Fellow-feeling, *s.* പരതാപം, ആൎദ്രത, ഐകമത്യം.
Fellow-heir, *s.* കൂട്ടവകാശി.
Fellow-helper, *s.* സഹായി, തുണക്കുന്നവൻ.
Fellow-labourer, *s.* കൂട്ടുപ്രവൃത്തിക്കാരൻ.
Fellow-servant, *s.* കൂട്ടുവേലക്കാരൻ.
Fellow-soldier, *s.* കൂട്ടുഭടൻ, സഹഭടൻ.
Fellowship, *s.* സഖിത്വം, തോഴ്മ, കൂട്ടായ്മ, സംസൎഗ്ഗം.
Felon, *s.* മഹാപാതകൻ, കുലപാതകൻ, കള്ളൻ.
Felon, *a.* പാതകമുള്ള, ക്രൂരമുള്ള.
Felonious, *a.* മഹാ പാതകമുള്ള, ക്രൂരതയുള്ള.
Felony, *s.* മഹാപാതകം, കുലക്കുററം.
Felt, *part. of to feel,* തൊട്ടുനോക്കി, തോന്നി.
Female, *s.* പെൺ, സ്ത്രീ, നാരി.
Female, *a.* പെൺ സംബന്ധിച്ച.
Female-sex, *s.* പെൺജാതി, സ്ത്രീകുലം.
Feminality, *s.* സ്ത്രീത്വം, സ്ത്രീബുദ്ധി.
Feminine, *a.* സ്ത്രീബുദ്ധിയുള്ള.
Feminine gender, *s.* സ്ത്രീലിംഗം.
Fen, *s.* ചതുപ്പുനിലം.

Fence, *s.* വേലി, മതിൽ, കയ്യാല, വാട, കാവൽ.
Fence, *v. a.* വേലികെട്ടുക, മതിൽകെട്ടുക, ഉറപ്പിക്ക.
Fence, *v. n.* ബന്ധിക്ക, ആയുധാഭ്യാസം ചെയ്ക.
Fenceless, *a.* വെലിയില്ലാത്ത.
Fencing, *s.* ആയുധാഭ്യാസം.
Fend, *v. a.* തടുക്ക, വിലക്ക, വിരോധിക്ക
Fend, *v. n.* തൎക്കിക്ക, കലഹിക്ക.
Feneration, *s.* പലിശ.
Fennel, *s.* ശതകുപ്പ.
Fenny, *a.* ഈറമുള്ള, ചതുപ്പുള്ള.
Feoffment, *s.* അനുഭോഗം കൊടുക്കുന്നതു.
Feracity, *s.* സുഭിക്ഷം, ഫലവൃദ്ധി.
Ferity, *s.* ക്രൂരത, കന്നത്വം, ഉഗ്രത.
Ferment, *v. a.* പുളിപ്പിക്ക, നുരെപ്പിക്ക, കലഹിക്ക.
Ferment, *v. n.* പുളിക്ക, നുരയുക, പൊങ്ങുക.
Ferment, *s.* പുളിപ്പ, പുളിപ്പിക്കുന്ന സാധനം.
Fermentation, *s.* പുളിപ്പിക്കുക, നുര, കലഹം.
Ferocious, *a.* ക്രൂരമുള്ള, മൃഗസ്വഭാവമുള്ള, ഘോരം.
Ferocity, *s.* ക്രൂരത, മൃഗസ്വഭാവത, ഉഗ്രത.
Ferret, *v. a.* തൊണ്ടിതേടുക, വേദനപ്പെടുത്തുക.
Ferriage, *s.* കടത്തുകൂലി, കേവുകൂലി.
Ferry, *v. a.* അക്കരെ കടത്തുക.
Ferry, *s.* കടവു, കടവുതോണി, കടത്തൽ.
Ferryman, *s.* കടത്തുകാരൻ.
Fertile, *a.* വളമുള്ള, ഫലവത്ത, ഫലിക്കുന്ന.
Fertility, *s.* വൎദ്ധന, നിലപുഷ്ടി, സാഫല്യം.

Fertilize, *v. a.* വളംചേൎക്ക, ഫലിപ്പിക്ക, പുഷ്ടിയാക്ക.

Fervency, *s.* തീക്ഷ്ണം, ശുഷ്കാന്തി, ചൊടി, ചൂട.

Fervent, *a.* ചൂടുള്ള, എരിവുള്ള, ശുഷ്കാന്തിയുള്ള.

Fervently, *ad.* എരിവോടെ, തീക്ഷ്ണതയോടെ.

Fervid, *a.* ചൂടുള്ള, വൈരാഗ്യമുള്ള.

Fervidity, *s.* ചൂട, ഉഷ്ണം, ചൊടി.

Fervour, *s.* ഉഷ്ണം, തീക്ഷ്ണത, ശുഷ്കാന്തി.

Festal, *a.* ഉത്സവം സംബന്ധിച്ച.

Festination, *s.* തിടുക്കം, ത്വരം.

Festival, *s.* ഉത്സവം, പെരുനാൾ, ഉഛ്രഷം.

Festive, *a.* ഉത്സവമുള്ള, സന്തോഷമുള്ള.

Festivity, *s.* ഉത്സവം, വിശേഷദിവസം.

Festoon, *s.* പുഷ്പമാല, തോരണം.

Fetch, *v. a.* കൊണ്ടുവരിക, എത്തിപിടിക്ക.

Fetch, *s.* ഉപായവേല, കൌശലം.

Fetid, *a.* നാറുന്ന, ദുൎഗ്ഗന്ധമുള്ള.

Fetidness, *s.* നാററം, ദുൎഗ്ഗന്ധം, പൂതി.

Fetter, *s.* ചങ്ങല, വിലങ്ങ, തള.

Fetter, *v. a.* ചങ്ങലയിടുക, ബന്ധിക്ക, കെട്ടുക.

Fetus, *s.* ഗൎഭപിണ്ഡം. Fœtus.

Feud, *s.* കലഹം, ശണ്ഠ, വക്കാണം.

Fever, *s.* പനി, ജ്വരം.

Feverish, *a.* പനിക്കുന്ന, ജ്വരമുള്ള.

Feverishness, *s.* മേൽകാച്ചൽ, ജ്വരബാധ.

Feverous, *a.* പനിക്കുന്ന, ജ്വരമുള്ള.

Fevery, *a.* പനിപിടിച്ച.

Few, *a.* കുറയ, അല്പം, കുറെ, ചുരുക്കം, ചില.

Fewness, *s.* കുറച്ചം, അല്പത, ചുരുക്കം.

Fib, *s.* ഭോഷ്കു, കള്ളം, നുണ, വ്യാജം.

Fib, *v. a.* കള്ളം പറക, നുണ പറക.

Fibber, *s.* നുണയൻ.

Fibre, *s.* നാര, ചെറുവേർ.

Fibril, *s.* നാര, ചെറുവേർ.

Fibrous, *a.* നാരുള്ള.

Fickle, *a.* ചഞ്ചലമുള്ള, ചപലമായ.

Fickleness, *s.* ചഞ്ചലഭാവം, ചാപല്യം.

Fiction, *s.* കൃതി, കവിത, കെട്ടുകഥ, വ്യാജം.

Fictious, *a.* കൃതിയുള്ള, നിരൂപിതം.

Fictitious, *a.* കൃതിയുള്ള, കള്ളന്ത്രാണമായ.

Fictitiously, *ad.* കള്ളമായി, കൃതിയോടെ.

Fiddle, *s.* കമ്പിവീണ.

Fiddle, *v. n.* കമ്പിവീണ വായിക്ക, കളിക്ക.

Fiddler, *s.* വീണക്കാരൻ.

Fiddlestring, *s.* വീണകമ്പി, തന്ത്രി.

Fidelity, *s.* വിശ്വാസ്യത, ഭയഭക്തി.

Fidget, *v. n.* അടങ്ങാതിരിക്ക, ഇളകികൊണ്ടിരിക്ക, ഇടവിടാതെ ചലിക്ക.

Fiducial, *a.* വിശ്വാസമുള്ള, നിശ്ചയമുള്ള.

Fiduciary, *s.* വിശ്വസ്തൻ, നേരസ്ഥൻ.

Field, *s.* വയൽ, നിലം, വെളിപറമ്പു, കണ്ടം, യുദ്ധഭൂമി, പരപ്പു.

Fieldmarshal, *s.* സേനാപതി.

Fieldpiece, *s.* പീരങ്കിതോക്ക.

Fiend, *s.* ശത്രു, രജനിചരൻ, പിശാചു.

Fierce, *a.* ക്രൂരമുള്ള, ഭയങ്കരമുള്ള.

Fiercely, *ad.* ക്രൂരമായി, ഭയങ്കരമായി.

Fierceness, *s.* ക്രൂരത, ക്രോധം, മൂൎക്ക്വത.

Fieriness, *s.* കോപാഗ്നി, എരിച്ചൽ.

Fiery, *a.* അഗ്നിമയമുള്ള, തീക്ഷ്ണതയുള്ള.

Fife, *s.* കുഴൽ, നാഗസ്വരം, ചീങ്കുഴൽ.

Fifteen, *n. a.* പതിനഞ്ച.

Fifteenth, *n. a.* പതിനഞ്ചാം.

Fifth, *n. a.* അഞ്ചാം; fifthly, അഞ്ചാമത

Fiftieth, *n. a.* അമ്പതാം.
Fifty, *n. a.* അമ്പതു.
Fig, *s.* അത്തിവൃക്ഷം, അത്തിപ്പഴം.
Fight, *v. a.* പൊരുക, പോരാട്ടുക, ശണ്ഠ യിടുക.
Fight, *s.* പോർ, പട, യുദ്ധം, ശണ്ഠ, അടിപിടി.
Fighter, *s.* പോരാളി, യോധാവു.
Fighting, *a.* പൊരുതുന്ന, പോരാട്ടുന്ന.
Figment, *s.* കെട്ടുകഥ, കൃതി.
Figuration, *s.* രൂപമാക്കുക, ഭാഷയാക്കുന്നതു.
Figurative, *a.* ഉപമസംബന്ധിച്ച, മറു പൊരുളായ.
Figuratively, *ad.* ഉപമയായി, ദൃഷ്ടാന്തമായി.
Figure, *s.* രൂപം, ഉരു, ആകൃതി, വിഗ്രഹം, ഭാഷ.
Figure, *v. a.* ഉരുവാക്ക, രൂപിക്ക, ഉപമിപ്പിക്ക.
Filament, *s.* നാര, ചെറുനൂൽ.
Filch, *v. a.* മോഷ്ടിക്ക, കക്ക, തട്ടിയെടുക്ക.
File, *s.* അരം, ചാത്തു, വര, അണി.
File, *v. a. & n.* രാക, കൊക്ക, അണിയായി പോക.
Filer, *s.* രാകുന്നവൻ.
Filial, *a.* പുത്രഭാവമുള്ള, പുത്രസംബന്ധിച്ച.
Fill, *v. a.* നിറെക്ക, പൂരിക്ക, തൃപ്തിയാക്ക, നിരത്തുക.
Fill, *v. n.* നിറയുക, സംപൂൎണ്ണമാക, നികക്ക.
Fill, *s.* സംപൂൎണ്ണത, പൂൎത്തി, തൃപ്തി.
Fillet, *s.* മേൽചുററ, നാട.
Fillet, *v. a.* നാടകെട്ടുക.
Fillip, *v. a.* നൊടിക്ക, മിടിക്ക.
Fillip, *s.* നൊടിപ്പു, മിടിപ്പു.
Film, *s.* പാട, പുറംതോൽ, നേൎത്ത പോള.
Filmy, *a.* നേൎത്ത തൊലിയുള്ള.
Filter, *v. a.* ഊററുക, വാററുക, അരിക്ക, തെളിയിക്ക.
Filter, *s.* ഊററനൂൽ, വാററുകോൽ, അരിയാട.
Filth, *s.* ചേറു, ചളി, അഴുക്ക, മലം, കല്മഷം, കെട്ടു.
Filthily, *ad.* അഴുക്കോടെ, ചീത്തയായി.
Filthiness, *s.* അഴുക്കു, മലിനത, മുഷിച്ചൽ.
Filthy, *a.* അഴുക്കുള്ള, മുഷിഞ്ഞ, കെട്ട, ചീത്ത.
Filtrate, *v. a.* അരിക്ക, ഊററുക, തെളിയിക്ക.
Filtration, *s.* അരിപ്പു, ഊററൽ.
Fin, *s.* മീനിൻ ചിറക.
Final, *a.* ഒടുക്കമുള്ള, അന്തമുള്ള, അന്ത്യമായ.
Finally, *ad.* ഒടുക്കത്തു, തീൎച്ചെക്കു, തിരെ.
Finance, *s.* വരവു, ദ്രവ്യാഗമം, മുതലെടുപ്പു.
Financial, *a.* ദ്രവ്യസമന്വിതം.
Financier, *s.* മുതലടക്കുന്നവൻ.
Find, *v. a.* കണ്ടെത്തുക, കാണുക, കണ്ടുപിടിക്ക.
Finder, *s.* കണ്ടെത്തുന്നവൻ.
Fine, *s.* പ്രായശ്ചിത്തം, പിഴ, ഒടുക്കം, സമാപ്തി.
Fine, *a.* നേരിയ, സൂക്ഷ്മമായ, മിനുസമുള്ള.
Fine, *v. a.* നിൎമ്മലമാക്ക, മിനുസമാക്ക, പിഴകല്പിക്ക.
Fine, *v. n.* പ്രായശ്ചിത്തം ചെയ്യു.
Finely, *ad.* മോടിയായി, മിനുസമായി.
Fineness, *s.* ഭംഗി, ചന്തം, മോടി, മിനുസം.
Finer, *s.* ലോഹം ശുദ്ധിയാക്കുന്നവൻ.
Finery, *s.* മോടി, അലങ്കാരങ്ങൾ, ആഭ.

Finesse, *s.* കൌശലം, ഉപായം.
Finger, *s.* വിരൽ, അംഗുലം.
Finger, *v. a.* വിരൽകൊണ്ടു തൊടുക, മീട്ടുക.
Fingleflangle, *s.* അല്പകാൎയ്യം, ലാഘവം.
Finis, *s.* സമാപ്തി, അവസാനം, തീൎച്ച.
Finish, *v. a.* തീൎക്ക, നിവൃത്തിക്ക, അവസാനിക്ക.
Finish, *s.* തീൎച്ച, നിവൃത്തി, മിനുസം, അന്ത്യം.
Finisher, *s.* നിവൃത്തിക്കുന്നവൻ.
Finite, *a.* അററമുള്ള, അതിരായ.
Finiteless, *a.* അററമില്ലാത്ത, അതിരററ.
Finitely, *ad.* ഇന്നേടത്തോളം.
Finny, *a.* ചിറകുള്ള.
Fir, *s.* ദേവദാരം, ദേവദാരമരം.
Fire, *s.* തീ, അഗ്നി, വഹ്നി, പാവനൻ.
Fire, *v. a.* തീ വെക്ക, ചുടുക, ചൂടു പിടിപ്പിക്ക.
Fire, *v. n.* തീപിടിക്ക, ചൂടുപിടിക്ക.
Firearms, *s.* വെടിയായുധങ്ങൾ.
Firebrand, *s.* തീക്കൊള്ളി, പന്തം.
Firedrake, *s.* അഗ്നിസൎപ്പം.
Firelock, *s.* തോക്കു.
Firepan, *s.* തീച്ചട്ടി, അഗ്നികലശം.
Firer, *s.* തീവെക്കുന്നവൻ.
Fireside, *s.* അടുപ്പുസ്ഥലം.
Firewood, *s.* വിറകു.
Fireworks, *s.* വെടികെട്ടു, കമ്പബാണം.
Firing, *s.* വെടി, വിറക.
Firm, *a.* ഉറപ്പുള്ള, കട്ടപ്പുമുള്ള, സ്ഥിരമുള്ള.
Firm, *v. a.* ഉറപ്പാക്ക, സ്ഥിരപ്പെടുത്തുക.
Firmament, *s.* ആകാശതട്ടു, ആകാശ മണ്ഡലം,
Firmly, *ad.* ഉറപ്പായി, സ്ഥിരമായി.
Firmness, *s.* ഉറപ്പു, സ്ഥിരത, ധൃതി, ധീരത.

First, *a.* ഒന്നാം, ആദിയായുള്ള.
First-begotten, *s.* ആദ്യജാതൻ.
Firstfruits, *s.* ആദ്യഫലങ്ങൾ, ആദ്യവിളവുകൾ.
Firstling, *s.* ആദ്യം ജനിച്ച കുട്ടി.
Fisc, *s.* രാജഭണ്ഡാരം.
Fiscal, *s.* പണ്ടാരകാൎയ്യവിചാരം.
Fish, *s.* മീൻ, മത്സ്യം.
Fish, *v. a.* മീൻപിടിക്ക, കിണ്ണാണിക്ക.
Fishhook, *s.* ചൂണ്ടൽ.
Fishpond, *s.* മീൻകുളം.
Fisher, *s.* മുക്കുവൻ, മാത്സികൻ.
Fisherboat, *s.* മീൻപിടിക്കുന്ന തോണി.
Fisherman, *s.* മുക്കുവൻ.
Fishery, *s.* മീൻപിടിത്തം.
Fishing, *s.* മീൻപിടിക്കുന്നതു, മാത്സികവൃത്തി.
Fissure, *s.* പിളൎപ്പു, വിടൎച്ച, വിടവു.
Fist, *s.* മുഷ്ടി, കൈപ്പിടി.
Fist, *v. a.* കുട്ടുക, കുമക്ക.
Fistula, *s.* നാഡി, നാഡിവ്രണം.
Fit, *s.* സന്നി, മൂൎച്ഛ, മയക്കം, മോഹാലസ്യം.
Fit, *a.* തക്ക, യോഗ്യമുള്ള, കൊള്ളാകുന്ന.
Fit, *v. a.* കൊള്ളിക്ക, യോഗ്യപ്പെടുത്തുക, ഒപ്പിക്ക.
Fit out, കോപ്പു ഒരുക്കുക.
Fit, *v. n.* ചേരുക, യോഗ്യമാക, ഒക്കുക.
Fitch, *s.* കാട്ടുഴുന്നു.
Fitly, *a.* യോഗ്യമായി, തക്കവണ്ണം, ഉചിതമായി.
Fitness, *s.* യോഗ്യത, ചേൎച്ച, ഉചിതം, ന്യായം.
Five, *n. a.* അഞ്ചു, പഞ്ചം.
Fivefold, *ad.* അഞ്ചുമടങ്ങു.
Fix, *v. a. & n.* സ്ഥാപിക്ക, ഉറപ്പിക്ക, പതിക്ക, നിലനിൎത്തുക, ഉറെക്ക, നിലെക്ക.

Fixation, *s.* സ്ഥാപനം, സ്ഥിതി, ഉറപ്പു.
Fixedly, *ad.* ഉറപ്പായി, സ്ഥിരമായി.
Fixedness, *s.* സ്ഥാപനം, സ്ഥിതി, ഉറപ്പു.
Fixture, *s.* സ്ഥാപരം, ഉറപ്പു, നില്പാടു.
Flabby, *a.* അയവുള്ള, ഊടാട്ടമുള്ള.
Flag, *v. n.* ഊടാട്ടുക, വാടിതുടങ്ങുക, അയയുക.
Flag, *v. a.* തളൎത്തുക, അയക്ക.
Flag, *s.* കൊടി, കൊടിക്കൂറ, നീക്കോര.
Flagellation, *s.* വാറുകൊണ്ടടിക്കുന്നതു.
Flagginess, *s.* ഊടാട്ടം, അയവു, ക്ഷീണത.
Flaggy, *a.* ഊടാട്ടമുള്ള, തളൎന്ന, രുചിയില്ലാത്ത.
Flagitiousness, *s.* ദുഷ്ടത, മൂൎക്കത, കുററം.
Flagrancy, *s.* ജ്വലനം, എരിച്ചൽ, തീ.
Flagrant, *a.* ജ്വലിക്കുന്ന, എരിച്ചലുള്ള.
Flagration, *s.* എരിതി, എരിവു, വേവു.
Flagstaff, *s.* കൊടിമരം.
Flake, *s.* തിപ്പൊരി, ഇരിമ്പുചില്ലു, വര.
Flaky, *a.* അടരുന്ന, വരയുള്ള, അട്ടുകളുള്ള.
Flambeau, *s.* പന്തം, തീപെട്ടി.
Flame, *s.* അഗ്നിജ്വാല, തീവെട്ടം, തീക്കണ്ണം.
Flame, *v. n.* ജ്വലിക്ക, കത്തിയെരിയുക.
Flaming, *a.* കത്തുന്ന, ജ്വലിക്കുന്ന.
Flammation, *s.* തീകത്തിക്കുന്നതു, ജ്വലിക്കുന്നതു.
Flamy, *a.* ജ്വാലസമന്വിതം, ചൂടുള്ള.
Flank, *s.* പാൎശ്വഭാഗം, പാട്ടു.
Flank, *v. a.* പാൎശ്വഭാഗത്തെ ആക്രമിക്ക.
Flannel, *s.* വെള്ളകമ്പിളി.
Flap, *s.* ഏററ, അടി, വിശറി.
Flap, *v. a. & n.* ഏററുക, അറയുക, ആട്ടുക.
Flare, *v. n.* പ്രകാശിക്ക, മിന്നുക, ജ്വലിക്ക.
Flash, *s.* മിന്നൽ, പിണർ, ജ്യോതിസ്സു, ദ്രുതഗതി.
Flash, *v. a. & n.* മിന്നുക, വെള്ളംതെറിക്ക.

Flask, *s.* വെടിമരുന്നുപെട്ടി, ചതുരക്കുപ്പി.
Flat, *a.* സമമുള്ള, നിരന്ന, പരന്ന, പരപ്പുള്ള.
Flat, *s.* സമഭൂമി, പരപ്പു, തട്ടു, വീതിവശം.
Flat, *v. a.* നിരപ്പാക്ക, നിരത്തുക, സമമാക്ക.
Flatly, *ad.* നിരപ്പായി, പരപ്പിൽ.
Flatness, *s.* നിലനിരപ്പു, പരപ്പു.
Flatten, *v. a.* പരത്തുക, നിരത്തുക, സമമാക്ക.
Flatten, *v. n.* നിരപ്പാക, പരപ്പാക, സമമാക.
Flatter, *v. a.* മുഖസ്തുതിപറക, പ്രശംസിക്ക.
Flatterer, *s.* മുഖസ്തുതിക്കാരൻ, പ്രിയവാദി.
Flattery, *s.* മുഖസ്തുതി, പ്രശംസ, പ്രിയവാദം.
Flattish, *a.* അല്പംപരന്ന, പരപ്പുള്ള.
Flatulency, *s.* വായു, വായുരോഗം.
Flatulent, *a.* വായുവുള്ള.
Flatuous, *a.* വായുനിറഞ്ഞ.
Flavour, *s.* രുചി, സ്വാദു, രസം, മണം.
Flavourous, *a.* രുചിയുള്ള, രസമുള്ള.
Flaw, *s.* ഊനം, കേടു, കുറവു, കുററം.
Flaw, *v. a.* ഉടെക്ക, പൊട്ടിക്ക, കെടുക്ക.
Flawless, *a.* കുറവില്ലാത്ത, കേടില്ലാത്ത.
Flawy, *a.* ഉടവുള്ള, ഊനമുള്ള.
Flax, *s.* ചണം, ചണനാര.
Flaxen, *a.* ചണംകൊണ്ടുള്ള.
Flay, *v. a.* തോൽ ഉരിക്ക, കിഴിക്ക.
Flea, *s.* ചെള്ളു.
Flea, *v. a.* ചെള്ളുകളക.
Fleabane, *s.* കാട്ടുജീരകം.
Fleak, *s.* ഇഴ.
Fled, *part. of to flee,* ഓടിപോയി.
Fledge, *v. a. & n.* ചിറകുണ്ടാക്ക, ചിറകുണ്ടാക.

Flee, *v. n.* ഓടിപോക, മണ്ടിപോക, വിട്ടുമാറുക.
Fleece, *s.* കത്രിക്കപ്പെട്ട ആട്ടിൻ രോമം.
Fleece, *v. a.* ആട്ടിൻ രോമം കത്രിക്ക.
Fleecy, *a.* രോമമുള്ള, രോമം നിറഞ്ഞ.
Fleer, *s.* പരിഹാസം, ഹാസം, ഗോഷ്ഠി.
Fleerer, *s.* പരിഹാസക്കാരൻ.
Fleet, *s.* കപ്പൽകൂട്ടം, പടകപ്പലുകൾ.
Fleet, *a.* വേഗമുള്ള, ശീഘ്രമുള്ള.
Fleet, *v. n.* വേഗം ഓടുക, വേഗത്തിൽ പറക്ക.
Fleeting, *a.* വേഗം പോകുന്ന.
Fleetly, *ad.* വേഗത്തിൽ, ഝടിതി, തീവ്രമായി.
Fleetness, *s.* വേഗത, ശീഘ്രം, സൌക്ഷ്മം.
Flesh, *s.* മാംസം, ഇറച്ചി, ജഡം, ശരീരം.
Flesh, *v. a.* പുഷ്ടിയാക്ക, തടിപ്പിക്ക.
Fleshcolour, *s.* മാംസനിറം.
Fleshiness, *s.* മാംസപുഷ്ടി, തടിപ്പു.
Fleshless, *a.* മാംസമില്ലാത്ത.
Fleshliness, *s.* മാംസേച്ഛ, ജഡചിന്ത.
Fleshly, *a.* മാംസമുള്ള, ജഡചിന്തയുള്ള.
Fleshy, *a.* മാംസപുഷ്ടിയുള്ള.
Flew, *pret. of to fly*, പറന്നു.
Flexibility, *s.* വില്ലിപ്പു.
Flexible, *a.* വില്ലിപ്പുള്ള.
Flexibleness, *s.* വില്ലിപ്പു.
Flexion, *s.* വില്ലിക്കുന്നതു.
Flexuous, *a.* വില്ലിക്കുന്ന.
Flexure, *s.* വില്ലിപ്പു.
Flicker, *v. a.* ചിറകു അടിക്ക, ഇളക്ക.
Flickering, *s.* ചിറകു അടിക്കുന്നതു.
Flier, *s.* ഓടി പോകുന്നവൻ, മണ്ടി പോകുന്നവൻ.
Flight, *s.* ഓടിപോക്കു, ഓട്ടം, മണ്ടിപ്പു.
Flighty, *a.* വേഗമുള്ള, തിടുക്കമുള്ള.
Flimsy, *a.* ക്ഷീണമുള്ള, ബലമില്ലാത്ത.
Flinch, *v. n.* ചൂളുക, ചുളുങ്ങുക, കോച്ചുക.
Flinching, *s.* ചൂളൽ, കോച്ചൽ, പിൻമാററം.
Fling, *v. a.* എറിയുക, വീഴ്ത്തുക, ചിതറിക്ക.
Fling, *v. n.* അലെക്ക, പായുക.
Fling, *s.* ഏറു, കവിണ, വീച്ചു.
Flint, *s.* തീക്കല്ലു.
Flinty, *a.* തീക്കല്ലുപോലെ ഉറപ്പുള്ള.
Flippancy, *s.* വായാട്ടം, പടപറയുന്നതു.
Flippant, *a.* വായാട്ടമുള്ള, പടപറയുന്ന.
Flirt, *v. a.* വീശുക, തെറിച്ചുകളക.
Flirt, *v. n.* പരിഹസിക്ക, ചിരിച്ചുനോക്ക.
Flirt, *s.* ഇളക്കം, കലക്കം, തന്ത്രം, ഉല്ലസിക്കുന്ന പെൺ.
Flit, *v. n.* ഓടിപൊയ്ക്കളക, പറന്നുപോക.
Float, *v. n.* വെള്ളത്തിൽ പൊങ്ങുക, നീന്തുക.
Float, *v. a.* വെള്ളത്തിന്മേൽ പൊങ്ങുമാറാക്ക.
Float, *s.* പൊങ്ങുതടി, ഉഡുപം.
Floaty, *a.* വെള്ളത്തിൽ പൊങ്ങുന്ന.
Flock, *s.* കൂട്ടം, ആട്ടുകൂട്ടം, ആൾകൂട്ടം, രോമക്കെട്ടു.
Flock, *v. n.* കൂട്ടംകൂടുക.
Flog, *v. a.* അടിക്ക, തല്ലുക, തക്ക.
Flood, *s.* വെള്ളപൊക്കം, പ്രവാഹം, ജലപ്രളയം.
Flood, *v. a.* വെള്ളം കൊണ്ടു മൂടുക, പ്രവാഹിക്ക.
Flood, *v. n.* വെള്ളം പെരുകി കവിയുക.
Floor, *s.* മിററം, കളം, തളം, തറ, തട്ടു.
Floor, *v. a.* തളമിടുക, തറയിടുക, തട്ടിടുക.
Flooring, *s.* മിററം, തളം, തട്ടു, തറ.
Flop, *v. a.* ചിറകുകൊട്ടുക, അടിക്ക, അലെക്ക.

Floral, *a.* പുഷ്പസമന്വിതം.
Florid, *a.* പൂവുള്ള, ചുവപ്പുനിറമുള്ള.
Floridness, *s.* പൂവൎണ്ണം, രക്തപ്രസാദം.
Florin, *s.* ഒരു നാണയത്തിന്റെ പേർ.
Flotilla, *s.* കപ്പൽക്കൂട്ടം.
Flounce, *v. n.* അമളിക്ക, കോപിച്ചു തുള്ളുക.
Flounce, *v. a.* തൊങ്ങലിടുക.
Flounce, *s.* തൊങ്ങൽ, വസ്ത്രാലങ്കാരം.
Flour, *s.* മാവു, പൊടി.
Flourish, *v. a.* അലങ്കരിക്ക.
Flourish, *v. n.* തഴെക്ക, തളിൎക്ക, വാഴ്ക, ഫലിക്ക, വൎദ്ധിക്ക, പൊറുക്ക.
Flourish, *s.* അലങ്കാരം, ഭംഗി, മോടി.
Flout, *v. a.* പരിഹസിക്ക,ധിക്കരിക്ക.
Flout, *s.* പരിഹാസം, അപഹാസം, ഗോഷ്ഠി.
Flouter, *s.* അപഹാസി, ധിക്കാരി.
Flow, *v. n.* ഒഴുക, ഒലിക്ക, വാലുക, സ്രവിക്ക,
Flow, *v. a.* ഒഴുക്ക, കവിഞ്ഞു മൂടുക.
Flower, *s.* പുഷ്പം, പൂ, കുസുമം, മലർ, സാരാംശം.
Flower, *v. n.* പുഷ്പിക്ക, പൂക്ക, തഴെക്ക.
Flower, *v. a.* പൂവിടുക, പൂവിട്ടു അലങ്കരിക്ക.
Flowergarden, *s.* പൂങ്കാവു, പുഷ്പവാടി, പുഷ്പവനം.
Flowery, *a.* പുഷ്പം നിറഞ്ഞ, പൂസമന്വിതം.
Flowing, *s.* ഒഴുകുന്നതു, ഒലിപ്പു, സ്രാവം.
Flowingly, *ad.* പരിപൂൎണ്ണമായി, വൈഭവത്തോടെ.
Flown, *part. of to fly or to flee,* പറന്നു പോയ, ഓടി പോയ.
Fluctuate, *v. n.* അലയുക, ആടുക, ഇളകുക.
Fluctuation, *s.* ആടൽ, ഇളക്കം, ചഞ്ചലം.
Fluency, *s.* വാഗ്വൈഭവം, പാച്ചൽ, ഒഴുക്ക.
Fluent, *a.* ഒഴുകുന്ന, പായുന്ന.
Fluent, *s.* ഒഴുക്ക, ജലപ്പാച്ചൽ.
Fluently, *ad.* വാഗ്വൈഭവത്തോടെ.
Fluid, *a.* ഒഴുകുന്ന, ദ്രവിക്കുന്ന, ഉരുക്കുള്ള.
Fluid, *s.* ഒഴുകുന്ന വസ്തു, ദ്രാവകം.
Fluidness, *s.* ഉരുക്ക, ഒഴുകൽ, ദ്രവം.
Flurry, *s.* കാറ്റോട്ടം, വെമ്പൽ, സംഭ്രമം.
Flush, *v. n.* പാഞ്ഞൊഴുക, ചെമ്മുഖം കാട്ടുക.
Flush, *a.* പുതിയ, പച്ച, തഴെപ്പുള്ള.
Flush, *s.* പാച്ചൽ, ദ്യുതി, രക്തപ്രസാദം.
Flute, *s.* ഊത്തുകുഴൽ, ഓടക്കുഴൽ, വേണു.
Flutter, *v. n.* ചിറകു അടിക്ക, പറക്കുവാൻ നോക്ക.
Flutter, *s.* സംഭ്രമം, മനോവ്യാകുലം, തത്രപ്പാടു.
Flux, *s.* ഒഴുകുന്നതു, ഒലിപ്പു, അതിസാരം.
Flux, *a.* ഒഴുകികൊണ്ടിരിക്കുന്ന, നിലനില്ക്കാത്ത.
Fluxion, *s.* ഒഴുക്കു, വാൎച്ച, ഉരുക്കം.
Fly, *v. n.* പറക്ക, പറന്നുപോക, ഓടിപൊക.
Fly, *s.* ഈച്ച, മക്ഷിക.
Flycatcher, *s.* ഈച്ചപിടിക്കാരൻ.
Flyer, *s.* പറക്കുന്നവൻ.
Foal, *s.* കുതിരക്കുട്ടി.
Foam, *s.* നുര, പത, ഫേനം, കോപം.
Foam, *v. n.* നുരയുക, നുരതള്ളുക, പതയുക.
Foamy, *a.* നുരയുള്ള, പതയുള്ള, ഫേനലം.
Fob, *v. a.* തട്ടിക്ക, ഒഴിഞ്ഞുകളക.
Fodder, *s.* പുല്ലുമുതലായ മൃഗങ്ങളുടെ ഭക്ഷണം.

Fodder, *v. a.* മൃഗങ്ങൾക്ക തീൻ കൊടുക്ക.
Foe, *s.* ശത്രു, വൈരി, പ്രതിയോഗി, രിപു.
Fœtus, *s.* ഗൎഭത്തിലെ പ്രജ.
Fog, *s.* മൂടൽമഞ്ഞു, മഞ്ഞു.
Fogginess, *s.* മൂടൽമഞ്ഞു, മഞ്ഞു, മൂടൽ.
Foible, *s.* ബലഹീനത, ബുദ്ധിമോശം, ഊനത.
Foil, *v. a.* തോല്പിക്ക, മടക്ക, ജയിക്ക.
Foil, *s.* തോലി, മടക്കം.
Foiler, *s.* തോല്പിക്കുന്നവൻ.
Foistiness, *s.* പൂപ്പു, വളിപ്പു, നരച്ചൽ.
Fold, *s.* ആട്ടിൻതൊഴുത്തു, അതിർ, മടക്ക.
Fold, *v. a.* മടക്ക, ചുളിപ്പിക്ക, ചുരുട്ടുക, തിരുക്ക.
Fold, *v. n.* മടങ്ങുക, ചുരുളുക.
Folding, *a.* മടക്കുള്ള.
Foliage, *s.* ഇലകൾ, തഴകൾ.
Foliation, *s.* തകിടടിപ്പു, പൂ, ദളം.
Folio, *s.* മടക്കാത്തകടലാസ പാളി.
Folk, *s.* മനുഷ്യർ, മനുഷ്യവംശം, പരിഷ.
Follow, *v. a.* പിൻചെല്ലുക, പിന്തുടരുക, ആശ്രയിക്ക, അനുഗമിക്ക, അനുസരിക്ക.
Follow, *v. n.* പിൻവരിക, ഫലിക്ക, ശ്രദ്ധിച്ചിരിക്ക.
Follower, *s.* അനുചാരി, അനുഗാമി, ശിഷ്യൻ.
Following, *s.* അനുസരണം, അനുഗമനം.
Folly, *s.* ബുദ്ധികേടു, ഭോഷത്വം, മൂഢത.
Foment, *v. a.* ചൂടുപിടിപ്പിക്ക, ശാന്തിവരുത്തുക.
Fond, *a.* അതിപ്രിയമുള്ള, ഇഷ്ടമുള്ള.
Fondle, *v. a.* താരാട്ടുക, താലോലിക്ക, ലാളിക്ക.
Fondler, *s.* വാത്സല്യിക്കുന്നവൻ.
Fondling, *s.* ഓമനക്കുട്ടി, ലാളനം, താരാട്ടം.
Fondly, *ad.* കൊതിയായി, വാത്സല്യമായി.
Fondness, *s.* ലാളനം, വാത്സല്യം, അനുരാഗം.
Food, *s.* ആഹാരം, അന്നം, ഭക്ഷണം, തീൻ.
Fool, *s.* മൂഢൻ, ഭോഷൻ, ബുദ്ധിഹീനൻ.
Fool, *v. n.* മിനക്കെടുക, കളിക്ക, ചെണ്ടകൊട്ടുക.
Fool, *v. a.* ഭോഷനാക്ക, ധിക്കരിക്ക, തട്ടിക്ക.
Foolery, *s.* ഭോഷത്തരം, മൂഢബുദ്ധി.
Foolhardiness, *s.* ബുദ്ധിയില്ലാത്ത ധൈൎയ്യം.
Foolish, *a.* ബുദ്ധിയില്ലാത്ത, ഭോഷത്തരമുള്ള.
Foolishness, *s.* ബുദ്ധിക്കുറവു, ഭോഷത്വം.
Foot, *s.* കാൽ, പാദം, അടി, അംഘ്രി, പടി.
Foot, *v. n.* കാൽനടന്നിട്ടു പോക, തുള്ളുക.
Foot, *v. a.* ചവിട്ടുക.
Footbridge, *s.* ഒററപ്പാലം.
Footing, *s.* അടിസ്ഥാനം, മൂലം, നടപടി.
Footman, *s.* കാലാൾ, പാദചാരി.
Footmanship, *s.* കാൽനടപ്പു, ഓട്ടം.
Footmark, *s.* കാൽചുവടു.
Footpace, *s.* കാൽനട.
Footpath, *s.* ഊടുവഴി.
Footpost, *s.* അഞ്ചൽകാരൻ, തപ്പാൽകാരൻ.
Footstep, *s.* കാലടി, ചവിട്ടു, പാദം.
Footsoldier, *s.* കാലാൾ, പദാജി.
Footstool, *s.* പാദപീഠം, ചവിട്ടുപടി.
Fop, *s.* പരമാൎത്ഥി, ശൃംഗാരി, സത്ഭാവി.
Foppery, *s.* സത്ഭാവം, ശൃംഗാരം, നേരംപോക്കു.
Foppish, *a.* അഹംഭാവമുള്ള, മൂഢതയുള്ള.
Foppishness, *s.* അഹംഭാവം, വികൃതിത്വം.

For, *prep. & conj.* എന്തെന്നാൽ, നിമിത്തം, വേണ്ടി, കൊണ്ടു, പകരം.

Forage, *s.* തീൻ, ആഹാരം, തീൻതിരഞ്ഞു നടക്കുന്നതു.

Forage, *v. a.* പാഴാക്കു, കവൎന്നെടുക്ക.

Forbear, *v. n.* ഇടവിടുക, താമസിക്ക, അടങ്ങുക, ക്ഷമിക്ക, പൊറുക്ക.

Forbear, *v. a.* ഒഴിച്ചുകളക, പൊറുക്ക, ക്ഷമിക്ക.

Forbearance, *s.* പൊറുതി, അടക്കം, ക്ഷമ.

Forbid, *v. a.* വിലക്ക, വിരോധിക്ക, തടുക്ക.

Forbiddance, *s.* വിലക്ക, വിരോധം, വെറുപ്പ.

Force, *s.* ബലം, ശക്തി, പരാക്രമം, പടജ്ജനം.

Force, *v. a.* നിൎബ്ബന്ധിക്ക, ഹേമിക്ക, സാഹസംചെയ്ക.

Forcedly, *ad.* നിൎബ്ബന്ധത്തോടെ, ഹേമിച്ചിട്ടു.

Forceless, *a.* ബലമില്ലാത്ത, ശക്തിയില്ലാത്ത.

Forcible, *a.* ബലമുള്ള, ബലാല്ക്കാരമുള്ള.

Forcibleness, *s.* ബലബന്ധം, ഉദ്ദണ്ഡത.

Forcibly, *ad.* ബലത്തോടെ, നിൎബ്ബന്ധത്തോടെ.

Ford, *s.* തുറ, കടവു, ഒഴുക്കു.

Fore, *a.* മുൻ, മുമ്പുള്ള, മുമ്പെവരുന്ന.

Fore, *ad.* മുമ്പെ, മുമ്പിൽ.

Forearm, *s.* മുൻകൈ.

Forebode, *v. a.* മുമ്പിൽ കൂട്ടിപറക, മുന്നറിയിക്ക.

Forecastle, *s.* അണിയം.

Foredeck, *s.* അണിയം, കപ്പലിന്റെ മുൻഭാഗം.

Foredesign, *v. a.* മുന്നിശ്ചയിക്ക, മുൻവിചാരിക്ക.

Foredo, *v. a.* ബുദ്ധിമുട്ടിക്ക, മുഷിപ്പിക്ക.

Foredoom, *v. a.* മുന്നിയമിക്ക, മുന്നിശ്ചയിക്ക.

Fore-end, *s.* മുമ്പുറം, തല.

Forefather, *s.* പിതാമഹൻ, ഗോത്രപിതാവു.

Forefend, *v. a.* വിലക്ക, തടുക്ക, കരുതിവെക്ക.

Forefinger, *s.* ചൂണ്ടാണിവിരൽ.

Forefoot, *s.* മുൻകാൽ.

Forefront, *s.* മുൻഭാഗം, നെററി.

Forego, *v. a.* വിട്ടൊഴിയുക, വിട്ടുകളക.

Forehead, *s.* നെററി, നെററിത്തടം, ലലാടം.

Foreign, *a.* അന്യമുള്ള, പരദേശത്തുള്ള.

Foreigner, *s.* പരദേശി, അന്യൻ, ഇതരൻ.

Forejudge, *v. a.* മുൻവിധിക്ക, മുൻവിചാരിക്ക.

Foreknow, *v. a.* മുന്നറിയുക, മുമ്പെ ഗ്രഹിക്ക.

Foreknowledge, *s.* മുന്നറിവു, പൂൎവ്വജ്ഞാനം.

Foreland, *s.* മുനമ്പു, കടൽമുന, മുന്നി.

Forelay, *v. a.* പതിയിരിക്ക, കണിവെക്ക.

Forelock, *s.* മുൻകുടുമ.

Foreman, *s.* മുന്നാൾ, പ്രമാണി, മുമ്പൻ, മൂപ്പൻ.

Forementioned, *a.* മുൻചൊല്ലിയ, മേൽപറഞ്ഞ.

Foremost, *a.* മുമ്പുള്ള, പ്രധാനമുള്ള, ഒന്നാമത്തെ.

Forenoon, *s.* ഉച്ചെക്കു മുമ്പെയുള്ള സമയം, രാവിലെ.

Forenotice, *s.* മുന്നറിയിപ്പു, മുമ്പിൽ എത്തിച്ച വൎത്തമാനം.

Foreordain, *v. a.* മുന്നിയമിക്ക, മുന്നിശ്ചയിക്ക.

Forepart, *s.* മുമ്പുറം, പുരോഭാഗം, തല.
Forepast, *a.* മുമ്പെ കഴിഞ്ഞ.
Forerank, *s.* മുന്നണി, മുൻഭാഗം.
Forerun, *v. n.* മുൻഓടുക, മുമ്പോടുക, മുമ്പെവരിക.
Forerunner, *s.* മുന്നോടുന്നവൻ.
Foresay, *v. a.* മുൻപറക, മുൻചൊല്ലുക, ദീഘദശ്നം പറക.
Foresee, *v. a.* മുൻകാണ്ക, മുൻദശിക്ക.
Foreshame, *v. a.* നാണിപ്പിക്ക.
Foreshow, *v. a.* മുൻകാണിക്ക, മുന്നറിയിക്ക.
Foresight, *s.* മുൻകാഴ്ച, മുന്നറിവു.
Foreskin, *s.* അഗ്രചമ്മം.
Foreskirt, *s.* മുൻഭാഗം (കുപ്പായത്തിന്റെ).
Forespeak, *v. n.* മുന്നറിയിക്ക, വിരോധിക്ക.
Forespent, *a.* മുൻചെലവിട്ട, മുൻകഴിഞ്ഞുപോയ.
Forest, *s.* കാടു, വനം, അടവിസ്ഥലം.
Forestborn, *a.* കാട്ടിൽ ജനിച്ച, വനജം.
Forester, *s.* വനചരൻ, കാട്ടാളൻ, കാട്ടൻ.
Foretaste, *v. a.* രുചിനോക്ക, മുന്നനുഭവിക്ക.
Foretaste, *s.* മുൻരുചി, മുന്നനുഭവം.
Foretell, *v. a.* മുന്നറിയിക്ക, ദീഘദശ്നം പറക.
Foreteller, *s.* ലക്ഷണം പറയുന്നവൻ, ദീഘദശി.
Forethink, *v. a.* മുൻവിചാരിക്ക, മുന്നിരൂപിക്ക.
Forethought, *s.* മുൻവിചാരം, മുൻനിരൂപണം.
Foretoken, *s.* മുന്നടയാളം, മുൻലക്ഷ്യം.
Foretooth, *s.* മുമ്പല്ലു.
Foreward, *s.* മുമ്പട, മുൻഭാഗം, മുന്നണി.
Forewarn, *v. a.* മുൻപ്രബോധിപ്പിക്ക, മുന്നറിയിക്ക.
Forewarning, *s.* മുൻപ്രബോധന, മുന്നറിയിപ്പു.
Forewish, *v. a.* മുന്നാഗ്രഹിക്ക, മുൻകൊതിക്ക.
Foreworn, *part.* തേഞ്ഞുപോയ.
Forfeit, *s.* ദണ്ഡം, നഷ്ടം, ശിക്ഷ.
Forfeit, *v. a.* കുററത്താൽ നഷ്ടം വരുത്തുക.
Forfeiture, *s.* നഷ്ടം, ദണ്ഡം, കുററം.
Forfend, *v. a.* വിലക്ക, വിരോധിക്ക.
Forge, *s.* ഇരിമ്പുപണിസ്ഥലം, ഉലസ്ഥലം.
Forgery, *s.* കള്ളക്കയ്യൊപ്പു, ഇരിമ്പുപണി.
Forget, *v. a.* മറക്ക, അന്ധാളിക്ക, വിട്ടുപോക.
Forgetful, *a.* ഓമ്മയില്ലാത്ത, മറക്കുന്ന.
Forgetfulness, *s.* ഓമ്മകേടു, മറവി, വിസ്മൃതി.
Forgive, *v. a.* ക്ഷമിക്ക, വിമോചിക്ക, മാപ്പുചെയ്ക.
Forgiveness, *s.* ക്ഷമ, മോചനം, മാപ്പു, പരിഹാരം.
Forgiver, *s.* ക്ഷമിക്കുന്നവൻ, മോചിക്കുന്നവൻ.
Forgiving, *part.* ക്ഷമിക്കുന്ന, വിടുന്ന.
Fork, *s.* മുള്ളു, മുന, ക്രുര, കവ, കവരം.
Fork, *v. a.* ചിനെക്ക.
Forked, *a.* ചിനെപ്പുള്ള, കവരമുള്ള.
Forkedness, *s.* ചിനെപ്പു, കവരം.
Forky, *a.* കവരമുള്ള.
Forlorn, *a.* കൈവിടപ്പെട്ട, നിരാശ്രയമുള്ള.
Forlornness, *s.* നിരാശ്രയം, നിരാധാരം.
Form, *s.* ഉരു, രൂപം, ആകൃതി, ഭാഷ, രീതി.
Form, *v. a.* ഉരുവാക്ക, രൂപമാക്ക, നിമ്മിക്ക.
Formal, *a.* ക്രമമുള്ള, ആചാരമുള്ള.

Formalist, *s.* ലോകാചാരക്കാരൻ.
Formality, *s.* കമ്മവശം, ലോകാചാരം.
Formally, *ad.* ലോകാചാരപ്രകാരം.
Formation, *s.* ഉരുവാക്കുന്നതു, രൂപമാക്കുന്നതു.
Formative, *a.* രൂപിക്കപ്പെട്ടുവാന്തക്ക.
Former, *s.* ഉരുവാക്കുന്നവൻ, യന്ത്രി.
Former, *a.* മുമ്പുള്ള, പൂൎവ്വമായ.
Formerly, *ad.* മുമ്പെ, മുമ്പിൽ, പണ്ടു, മുന്നം.
Formidable, *a.* ഊക്കുള്ള, ഭയങ്കരമായ.
Formidableness, *s.* ഭയങ്കരത്വം, ഘോരത.
Formless, *a.* രൂപമില്ലാത്ത, നിരാകൃതിയുള്ള.
Formula, *s.* ക്രമം, രീതി, മാതിരി.
Formulary, *s.* ആചാരക്രമങ്ങളുടെ ഒരു പുസ്തകം.
Fornicate, *v. n.* പുലയാട്ടുക, അപരാധിക്ക.
Fornication, *s.* പുലയാട്ടു, വേശ്യാസംഗം.
Fornicator, *s.* പുലയാടി, പരസ്ത്രീസംഗക്കാരൻ.
Fornicatress, *s.* വേശ്യാസ്ത്രീ, വേശ്യ, പുലയാടിച്ചി.
Forsake, *v. a.* കൈവിടുക, ഉപേക്ഷിക്ക, തള്ളുക.
Forsaker, *s.* കൈവിടുന്നവൻ.
Forswear, *v. a.* കള്ളസത്യം ചെയ്ക.
Fort, *s.* കോട്ട, ദുൎഗ്ഗം, ഉറപ്പുള്ള സ്ഥലം.
Forth, *ad.* പുറത്തോട്ടു, മുന്നോട്ടു.
Forth, *prep.* ഇൽനിന്നു.
Forthcoming, *a.* പുറപ്പെടുന്ന, ഇരിക്കുന്ന.
Forthwith, *ad.* ഉടനെ, ഇപ്പോൾതന്നെ.
Fortieth, *n. a.* നാല്പതാം.
Fortifiable, *a.* ഉറപ്പിക്കപ്പെട്ടുവാന്തക്ക.
Fortification, *s.* കോട്ടസ്ഥലം, കൊത്തളം.
Fortifier, *s.* ഉറപ്പിക്കുന്നവൻ.
Fortify, *v. a.* കോട്ടകെട്ടുക, ഉറപ്പിക്ക.
Fortitude, *s.* പരാക്രമം, ധീരത, ധൃതി.
Fortnight, *s.* രണ്ടു ആഴ്ചവട്ടം, ഒരു പക്ഷം.
Fortress, *s.* കോട്ട, ദുൎഗ്ഗം.
Fortunate, *a.* ധന്യമുള്ള, ഭാഗ്യമുള്ള.
Fortunately, *ad.* ഭാഗ്യമായി, ധന്യമായി.
Fortunateness, *s.* ഭാഗ്യത, കൈപ്പുണ്യം.
Fortune, *s.* ഭാഗ്യം, ധന്യം, യോഗം, ആസ്തി.
Fortune, *v. n.* സംഭവിക്ക, ഉണ്ടാക, സംഗതി വരിക.
Fortuneteller, *s.* ലക്ഷണം പറയുന്നവൻ, ഗ്രന്ഥികൻ.
Forty, *n. a.* നാല്പത.
Forward, *ad.* മുന്നോക്കം, മുമ്പൊട്ടു.
Forward, *a.* ശുഷ്കാന്തിയുള്ള, മുമ്പുള്ള, മിടുക്കുള്ള.
Forward, *v. a.* മുന്നോട്ടു നടത്തിക്ക, അയക്ക, സഹായിക്ക.
Forwardly, *ad.* ശുഷ്കാന്തിയോടെ.
Forwardness, *s.* ശുഷ്കാന്തി, ജാഗ്രത, ശ്രദ്ധ.
Forwards, *ad.* മുമ്പോട്ടു, മുന്നോക്കം.
Fosse, *s.* കിടങ്ങ, കോട്ടക്കുഴി.
Fossil, *s.* ധാതു, നിലത്തിൽനിന്നു എടുത്തതു.
Foster, *v. a.* പോററുക, പോഷിക്ക, ഉത്സാഹിപ്പിക്ക.
Fosterage, *s.* പോററൽ, പോഷണം.
Fosterbrother, *s.* ഒന്നിച്ചു മുലകുടിച്ചവൻ.
Fostermother, *s.* പോററമ്മ, ധാത്രി.
Fosterson, *s.* പോററിയ മകൻ.

Fought, *pret. & part. of to fight,* പൊരുതു.

Foul, *a.* അഴുക്കുള്ള, മുഷിഞ്ഞ, ചീത്ത, വിടക്കു.

Foul, *v. a.* അഴുക്കാക്ക, ചേറാക്ക, മുഷിപ്പിക്ക.

Foully, *ad.* അഴുക്കായി, വിടക്കായി, വെറുപ്പോടെ.

Foulmouthed, *a.* ദുർവ്വാക്കു പറയുന്ന, ദുഷ്ടവാക്കു സംസാരിക്കുന്ന.

Foulness, *s.* അഴുക്കു, മലിനത, അശുദ്ധി.

Found, *pret. & part. pass. of to find,* കണ്ടെത്തി.

Found, *v. a.* അടിസ്ഥാനം ഇടുക, സ്ഥാപിക്ക, ഉണ്ടാക്ക, വാൎക്ക.

Foundation, *s.* അടിസ്ഥാനം, ആധാരം, ചുവട, മൂലം, സ്ഥാപനം.

Founder, *s.* സ്ഥാപിക്കുന്നവൻ, കാരണൻ, മൂശാരി.

Founder, *v. n.* മുങ്ങിപോക, തട്ടുകെടുക.

Founding, *s.* വാൎപ്പുപണി.

Foundry, *s.* കുപ്യശാല, മൂശാരിയുടെ ആല.

Fount, *s.* കിണറ, ഉറവ, കൂപം.

Fountain, *s.* നീരുറവു, ഊറൽ, മൂലം, കാരണം.

Four, *n. a.* നാലു, ചതുരം.

Fourfold, *a.* നാന്മടങ്ങു, നാലിരട്ടി.

Fourfooted, *a.* നാലുകാലുള്ള.

Fourscore, *a.* എണ്പതു, ചതുൎവ്വിംശതി.

Foursquare, *a.* ചതുരശ്രമുള്ള.

Fourteen, *n. a.* പതിനാലു, ചതുൎദ്ദശ.

Fourteenth, *n. a.* പതിന്നാലാം.

Fourth, *n. a.* നാലാം, നാലാമത്തെ.

Fourthly, *ad.* നാലാമതു.

Fourwheeled, *a.* നാലുചക്രമുള്ള.

Fowl, *s.* കോഴി, പക്ഷി.

Fowler, *s.* പക്ഷിപിടിക്കുന്നവൻ.

Fox, *s.* കുറുനരി, കുറുക്കൻ, ജംബുകൻ.

Foxcase, *s.* കുറുക്കന്റെ തോൽ.

Foxchase, *s.* കുറുനരിനായാട്ടു.

Fract, *v. a.* ഉടെക്ക, ലംഘിക്ക, മറുക്ക.

Fraction, *s.* ഉടവു, ഭിന്നിതം, കീഴ്ക്കണക്കു.

Fractional, *a.* ഭിന്നിതമായ.

Fracture, *s.* വിടവു, ഒടിവു, ഞെരിവു, എല്ലുടവു.

Fracture, *v. a.* ഞെരിക്ക, ഉടെക്ക, എല്ലുടെക്ക.

Fragile, *a.* ബലഹീനമുള്ള, എളുപ്പത്തിൽ പൊട്ടുന്ന.

Fragility, *s.* എളുപ്പത്തിൽ പൊട്ടുന്നതു, ബലഹീനത.

Fragment, *s.* ഖണ്ഡം, കഷണം, നുറുക്കു, ഭിത്തം.

Fragrance, *s.* സൌരഭ്യം, പരിമളം.

Fragrancy, *s.* സുഗന്ധം, വാസന.

Fragrant, *a.* പരിമളമുള്ള, സുഗന്ധമുള്ള.

Frail, *a.* ബലഹീനമുള്ള, സ്ഥിരമില്ലാത്ത.

Frailness, *s.* ബലഹീനത, ക്ഷീണത, സ്ഥിരക്കേടു.

Frailty, *s.* ബലഹീനത, അസ്ഥിരത.

Frame, *v. a.* ഉരുവാക്ക, ചട്ടമിടുക, യന്ത്രിക്ക.

Frame, *s.* ചട്ടം, ഉരുവു, കട്ടിള, വിധം, രൂപം.

Framer, *s.* ഉരുവാക്കുന്നവൻ, യന്ത്രി.

Frangible, *a.* എളുപ്പത്തിൽ ഒടിയുന്ന.

Frank, *a.* പരമാൎത്ഥമുള്ള, കപടമില്ലാത്ത.

Frank, *v. a.* തപ്പാൽക്കൂലി ഒഴിവാക്ക.

Frankincense, *s.* കുന്തുരുക്കം, ധൂപവൎഗ്ഗം.

Frankly, *ad.* ഔദാൎയ്യമായി, ധാരാളമായി.

Frankness, *s.* സ്പഷ്ടമൊഴി, ഔദാരശീലം.

Frantic, *a.* മദമുള്ള, ബുദ്ധിഭ്രമമുള്ള.

Franticness, *s.* ഉന്മാദം, ഭ്രാന്തു, ഉഗ്രത.

Fraternal, *a.* സഹോദരഭാവമുള്ള.
Frternally, *ad.* സഹോദരഭാവത്തോടെ.
Fraternity, *s.* സഹോദരത്വം, ഭ്രാതൃകൂട്ടം.
Fratricide, *s.* ഭ്രാതൃഹത്യദോഷം.
Fraud, *s.* വ്യാജം, വഞ്ചന, മായം, കപടം.
Fraudulence, *s.* കപടം, വഞ്ചന, ചതി.
Fraudulent, *a.* കപടമുള്ള, വഞ്ചനയുള്ള.
Fraudulently, *ad.* കപടമായി, വഞ്ചനയോടെ.
Fraught, *part. of to freight*, നിറഞ്ഞു.
Fray, *s.* കലഹം, ശണ്ഠ, യുദ്ധം, പോർ.
Fray, *v. a.* ഉരെക്ക, തേക്ക, ആട്ടുക, വിരട്ടുക.
Freak, *s.* വ്യാമോഹം, ഉന്മേഷം, ബുദ്ധികേട.
Freak, *v. a.* പലനിറമാക്ക, നാനാവൎണ്ണമാക്ക.
Freakishness, *s.* വ്യാമോഹം, മനോരാജ്യം.
Freckle, *s.* ചുണങ്ങ, മറു, ജഡുലം.
Free, *a.* സ്വാതന്ത്ര്യമുള്ള, ഒഴിവുള്ള.
Free, *v. a.* സ്വാതന്ത്ര്യമാക്ക, വിട്ടൊഴിക്ക, നീക്ക.
Freebooter, *s.* കവൎച്ചക്കാരൻ, കള്ളൻ.
Freebooting, *s.* കവൎച്ച, കൊള്ള.
Freeborn, *a.* സ്വാതന്ത്ര്യമായി ജനിച്ച.
Freecost, *s.* സൌജന്യം, ചെലവു കൂടായ്ക.
Freedom, *s.* സ്വാതന്ത്ര്യം, വിടുതൽ, വിമോചനം.
Freehearted, *a.* ഉദാരഹൃദയമുള്ള, ധാരാളമുള്ള.
Freehold, *s.* അട്ടിപ്പേർ, സ്വന്തനിലം, ജന്മം.
Freeholder, *s.* ജന്മി.
Freely, *a.* സ്വാതന്ത്ര്യമായി, സൌജന്യമായി.
Freeman, *s.* സ്വതന്ത്രൻ, സ്ഥാനി.
Freeness, *s.* സ്വാതന്ത്ര്യാവസ്ഥ, തടവില്ലായ്മ.
Freeschool, *s.* ധൎമ്മപള്ളിക്കൂടം.
Freespoken, *s.* ശങ്കകൂടാതെ പറയുന്ന.
Freestone, *s.* വെട്ടുകല്ല.
Freethinker, *s.* താന്തോന്നി, നാസ്തികൻ.
Freewill, *s.* സ്വേച്ഛ, സ്വൈരത, സ്വമേധ.
Freewoman, *s.* സ്വതന്ത്ര, സ്വതന്ത്രി.
Freeze, *v. n.* ശീതംകൊണ്ടു ഉറക്ക.
Freeze, *v. a.* ശീതംകൊണ്ടു ഉറപ്പിക്ക.
Freezing, *s.* ശീതംകൊണ്ടു ഉറക്കുന്നതു.
Freight, *v. a.* ചരക്കു കയറ്റുക, നിറക്ക.
Freight, *s.* ചരക്ക, കേവുകൂലി.
French, *a.* പരന്ത്രീസ്സുസംബന്ധമുള്ള.
Frenetic, *a.* ഭ്രാന്തുള്ള, ബുദ്ധിഭ്രമമുള്ള.
Frenzy, *s.* ഭ്രാന്തു, ബുദ്ധിഭ്രമം, പൈത്യം.
Frequence, *s.* ജനങ്ങൾ കൂടുന്നതു.
Frequency, *s.* ജനസഞ്ചാരം, പോക്കുവരവു.
Frequent, *a.* ജനസഞ്ചാരമുള്ള, നടപ്പുള്ള.
Frequent, *v. n.* നടന്നുവരിക, നടമാടുക.
Frequently, *ad.* കൂടക്കൂടെ, തെരുതെരെ, പലപ്രാവശ്യം, പലപ്പോഴും, ഉടനുടൻ.
Fresh, *a.* കളിരുള്ള, പച്ച, ശുദ്ധ, നല്ല, പുതിയ.
Freshen, *v. a.* കുളിൎപ്പിക്ക, നന്നാക്ക, തണുപ്പിക്ക.
Freshen, *v. n.* കുളിരുക, നന്നായി വരിക, മുറുക.
Freshly, *ad.* കുളിരായി, പുതുതായി, പച്ചയായി.
Freshness, *s.* കുളിൎമ്മ, നൂതനം, പുതുമ, തഴപ്പു.
Fret, *s.* അഴിമുഖം, മനൊചഞ്ചലം, വ്യസനം.
Fret, *v. a.* കലുക്ക, ഇളക്ക, തേമ്പിക്ക, കെടുക്ക, വ്യസനപ്പെടുത്തുക, മുഷിപ്പിക്ക.

Fret, *v. n.* ചഞ്ചലപ്പെടുക, തേഞ്ഞുപോക, വ്യസനപ്പെടുക, കോപിക്ക.
Fretful, *a.* കോപമുള്ള, മുഷിഞ്ഞ.
Fretfully, *ad.* കോപത്തോടെ.
Fretfulness, *s.* കോപം, വ്യസനം, ആടൽ.
Fretwork, *s.* പൊങ്ങൽവേല, എഴുന്ന പണി.
Friar, *s.* മഠസ്ഥൻ, സന്യാസി.
Friary, *s.* ആശ്രമം, യോഗിമഠം.
Fribble, *v. n.* മിനക്കെടുക, നേരംകളക.
Friction, *s.* ഉരെപ്പു, ഉര, ഉരവു, ഉരസൽ.
Friday, *s.* വെള്ളിയാഴ്ച, ശുക്രവാരം.
Friend, *s.* സ്നേഹിതൻ, തോഴൻ, ബന്ധു, ഇഷ്ടൻ, സഖി, മിത്രൻ, ചങ്ങാതി.
Friendless, *a.* സഹായമില്ലാത്ത, ആരുമില്ലാത്ത.
Friendliness, *s.* അനുകൂലത, പക്ഷം, കൂറവായ്മ.
Friendly, *a.* സ്നേഹമുള്ള, ദയയുള്ള.
Friendship, *s.* മിത്രത്വം, സഖിത്വം, പ്രണയം.
Frigate, *s.* ചെറുവക പടകപ്പൽ.
Fright, *v. a.* പേടിപ്പിക്ക, ഭയപ്പെടുത്തുക.
Frighten, *v. a.* പേടിപ്പിക്ക, വിരട്ടുക.
Frightful, *a.* ഭയങ്കരം, ഘോരമുള്ള.
Frightfully, *ad.* ഭയങ്കരമായി, ഘോരമായി.
Frightfulness, *s.* ഭയങ്കരത്വം, ഭീഷണം.
Frigid, *a.* കുളിരുള്ള, തണുത്ത.
Frigidity, *s.* തണുപ്പു, കുളിൎമ്മ, ശീതം.
Frigidly, *ad.* തണുപ്പായി, കുളിരോടെ.
Frigidness, *s.* തണുപ്പു, ശീതം, കുളിൎമ്മ.
Frigorific, *a.* തണുപ്പിക്കുന്ന, ശീതകരം.
Fringe, *s.* തൊങ്ങൽ, അലുക്കു.
Fringe, *v. a.* തൊങ്ങലിടുക.
Frisk, *v. a.* തുള്ളിക്കളിക്ക, കുതിക്ക, തത്തുക.
Frisk, *s.* തുള്ളിക്കളി, തത്തൽ.
Friskiness, *s.* കുടിപ്പു, കൂത്താട്ടം, ഉന്മേഷം.
Frisky, *a.* തുള്ളിക്കളിക്കുന്ന, കുതിക്കുന്ന.
Frith, *s.* അഴിമുഖം, ഒരു വക വല.
Fritter, *s.* നുറുക്കു, കഷണം.
Fritter, *v. a.* അരിയുക, നുറുക്ക.
Frivolity, *s.* നിസ്സാരത്വം, ലഘുത്വം.
Frivolous, *a.* നിസ്സാരമുള്ള, ലഘു.
Frivolousness, *s.* അല്പവൃത്തി, ലഘുത്വം.
Frivolously, *ad.* ലഘുവായി, നിസ്സാരമായി.
Frizzle, *v. a.* ചുഴിക്ക, ചെറുചുരുളുകളാക്ക.
Fro, *ad.* പുറകോട്ടു, പിന്നോട്ടു.
To and fro, ഇങ്ങോട്ടും അങ്ങോട്ടും.
Frock, *s.* ഉടുപ്പു, പുറം കുപ്പായം.
Frog, *s.* തവള, മാക്രി, മണ്ഡൂകം, ഭേകം.
Frolic, *s.* തുള്ളിക്കളി, ഉല്ലാസം.
Frolic, *v. n.* തുള്ളിക്കളിക്ക, കൂത്താടുക.
Frolicsome, *a.* തുള്ളിക്കളിക്കുന്ന, ഉല്ലാസമുള്ള.
From, *prep.* ഇൽനിന്നു, മുതൽ, തുടങ്ങി, ആൽ.
Front, *s.* മുഖം, മുൻഭാഗം, മുന്നണി, മുൻപട.
Front, *v. a.* എതിരിടുക, അഭിമുഖീകരിക്ക.
Front, *v. n.* എതിരെനില്ക്ക, നേരിടുക.
Frontier, *s.* അതിർ, അറുതി, അതൃത്തി.
Frontless, *a.* നാണം കെട്ട.
Frontlet, *s.* നെററിപ്പട്ടം.
Frost, *s.* അതിശീതം, ഉറച്ചമഞ്ഞു, ഹിമം.
Frostiness, *s.* അതിശീതളം, ബഹുകുളിർ.
Frosty, *a.* ഉറച്ചമഞ്ഞുള്ള, അതിശീതമുള്ള, നരച്ച.
Froth, *s.* നുര, പത, ഫേനം.
Froth, *v. n.* നുരയുക, പതയുക, നുരതള്ളുക.

Frothy, *a.* നുരയുള്ള, പതയുള്ള, സാരമില്ലാത്ത.
Froward, *a.* അഹമ്മതിയുള്ള, ദുശ്ശീലമുള്ള.
Frowardly, *ad.* പ്രതികൂലമായി, വികടമായി.
Frowardness, *s.* പ്രതികൂലത, ധാൎഷ്ട്യം, ദുശ്ശാഠ്യം.
Frown, *v. a.* ചുളിച്ചുനോക്ക, മുഖംകനപ്പിക്ക.
Frown, *s.* നീരസഭാവം, മുഖച്ചുളിവു, കോപഭാവം.
Fructify, *v. a.* ഫലിപ്പിക്ക, സഫലമാക്ക, പുഷ്ടിയാക്ക.
Fructify, *v. n.* കായ്ക്ക, ഫലിക്ക, ഫലംതരിക.
Fructification, *s.* ഫലവൎദ്ധന, സഫലത, സുഭിക്ഷം.
Fructuous, *a.* ഫലവത്ത, ഫലംതരുന്ന, കായ്ക്കുന്ന.
Frugal, *a.* തുരിശമുള്ള, ലുബ്ധുള്ള.
Frugality, *s.* തുരിശം, കഷ്ടിപ്പു, ലുബ്ധു.
Frugally, *ad.* തുരിശമായി, കഷ്ടിപ്പായി.
Fruit, *s.* ഫലം, കായ്, കനി, പഴം, സന്തതി.
Fruitage, *s.* ഫലാദികൾ.
Fruitbearing, *a.* കായ്ക്കുന്ന, ഫലിക്കുന്ന.
Fruitful, *a.* ഫലമുള്ള, കായ്ക്കുന്ന, വൎദ്ധനയുള്ള.
Fruitfully, *ad.* ഫലകരമായി, വൎദ്ധനയോടെ.
Fruitfulness, *s.* ഫലകരം, വൎദ്ധന, നിലപുഷ്ടി.
Fruition, *s.* ഫലപ്രാപ്തി, ഫലസിദ്ധി, അനുഭവം.
Fruitless, *a.* കായ്ക്കാത്ത, ഫലിക്കാത്ത, നിഷ്ഫലം.
Fruitlessly, *ad.* വെറുതെ, വ്യൎത്ഥമായി.
Fruit-time, *s.* ഫലകാലം, കായ്ക്കുന്ന സമയം.
Fruit-tree, *s.* ഫലവൃക്ഷം.
Frump, *v. a.* പരിഹസിക്ക, ക്രുദ്ധിച്ചു നോക്ക.
Frustrate, *v. a.* മട്ടുപ്പിക്ക, തട്ടിക്ക, വ്യൎത്ഥമാക്ക.
Frustrate, *a.* മട്ടുപ്പുള്ള, തട്ടുകെട്ട, വ്യൎത്ഥമുള്ള.
Frustration, *s.* മടക്കം, തട്ടിപ്പു, ഭംഗം, ചൊട്ടിപ്പു.
Frustrator, *s.* മാററി, തട്ടിക്കുന്നവൻ.
Fry, *s.* മീൻകിടാവു, പാപ്പു.
Fry, *v. a.* പൊരിക്ക, വറുക്ക, വരട്ടുക.
Fry, *v. n.* പൊരിയുക, വറളുക.
Frying, *s.* പൊരിച്ചൽ, പൊരി, വറ, വരട്ടൽ.
Fryingpan, *s.* വറചട്ടി, വറകലം.
Fuel, *s.* വിറക, മേലെരി.
Fugitive, *a.* ഓടിപോകുന്ന, ഉഴന്നുനടക്കുന്ന.
Fugitive, *s.* ഓടിപോകുന്നവൻ, അഭയംപ്രാപിച്ചവൻ, വലഞ്ഞു നടക്കുന്നവൻ.
Fulfil, *v. a.* പൂൎത്തിയാക്ക, നിവൃത്തിക്ക, തികെക്ക, അനുസരിക്ക, പ്രമാണിക്ക.
Fulfilment, *s.* നിവൃത്തി, തികവു, സിദ്ധി.
Fulgency, *s.* പ്രകാശം, പ്രഭ, ശോഭ.
Fulgent, *a.* പ്രകാശിക്കുന്ന, ശോഭിക്കുന്ന.
Fulgour, *s.* പ്രകാശം, കാന്തി, തേജസ്സ.
Full, *a.* നിറയ, നിറഞ്ഞ, നികന്ന, തികഞ്ഞ.
Full, *s.* പൂൎത്തി, തികച്ചൽ, പൂൎണ്ണിമ.
Full, *ad.* പൂൎണ്ണമായി, തികവോടെ, മുഴുവനം.
Full, *v. a.* തുണിവെളുപ്പിക്ക.
Fullblown, *a.* നന്നായി വിരിഞ്ഞ.
Fulleared, *a.* കതിർ നിരന്ന.
Fuller, *s.* വണ്ണത്താൻ, വെളുത്തേടൻ.

Fulleyed, *a.* തുറികണ്ണുള്ള.
Fully, *ad.* തികവായി, മുഴുവനും, തിരെ.
Fulminate, *v. n.* ഇടിമുഴങ്ങുക, മുഴങ്ങുക.
Fulmination, *s.* ഇടിമുഴക്കം, ഭയങ്കരകല്പന.
Fulness, *s.* പരിപൂൎണ്ണത, തികവു, തൃപ്തി.
Fulsome, *a.* വെറുപ്പുള്ള, ചീത്ത, വിടക്ക.
Fulsomeness, *s.* വെറുപ്പു, ദുൎഗ്ഗന്ധം, നാററം.
Fumble, *v. n.* തപ്പിക്കളിക്ക, കുഴപ്പുക.
Fume, *s.* പുക, ആവി, വേവുമണ്ഡം, കോപം.
Fume, *v. n.* പുകയുക, പുകഞ്ഞുപോക.
Fume, *v. a.* പുകെക്ക, പുകയിൽവെക്ക.
Fumigate, *v. a.* പുകെക്ക, പുകപിടിപ്പിക്ക.
Fumigation, *s.* പുകച്ചൽ, പരിമളിപ്പിക്കുന്നതു.
Fumy, *a.* പുകപിടിച്ച, ആവിയുള്ള.
Fun, *s.* നേരംപോക്കു, വിനോദം.
Function, *s.* തൊഴിൽ, ഉദ്യോഗം, അധികാരം.
Functionary, *s.* ഉദ്യോഗസ്ഥൻ.
Fund, *s.* മുതൽ, മുതൽപ്പണം, ധനം.
Fundament, *s.* അപാനം, മലദ്വാരം.
Fundamental, *s.* പ്രധാന സംഗതി.
Fundamental, *a.* അടിസ്ഥാനമുള്ള, മൂലമുള്ള.
Fundamentally, *ad.* മൂലമായി, പ്രധാനമായി.
Funeral, *s.* ശവസംസ്കാരം, ശേഷക്രിയ.
Funeral, *a.* ഉദകക്രിയ സംബന്ധിച്ച.
Funk, *s.* ദുൎഗ്ഗന്ധം, നാററം.
Funnel, *s.* പുകപോവാനുള്ള കുഴൽ.
Funny, *a.* നേരംപോക്കുള്ള, ഹാസ്യമായ.
Fur, *s.* നേരിയരോമമുള്ള തോൽ, രോമം.
Furacity, *s.* മോഷണം, കപടം.

Furbish, *v. a.* തേക്ക, മിനുക്ക.
Furcation, *s.* കവരം.
Furious, *a.* മത്തമുള്ള, ഭ്രാന്തുള്ള, ഉഗ്രമുള്ള.
Furiously, *ad.* മത്തമായി, ഭ്രാന്തോടെ.
Furiousness, *s.* മദം, മൂൎക്ക്വത, വെറി, ക്രോധം.
Furl, *v. a.* ചുരുട്ടുക, ഇറുക്കികെട്ടുക.
Furlong, *s.* അരക്കാൽ നാഴികവഴി.
Furlough, *s.* കല്പന, ഉത്തരവു, ഇളവ.
Furnace, *s.* ഉല, ചൂള, അഗ്നികുണ്ഡം.
Furnish, *v. a.* വേണ്ടുന്നതിനെ ഉണ്ടാക്കികൊടുക്ക, ശേഖരിക്ക, കോപ്പിടുക, വിതാനിക്ക.
Furniture, *s.* കോപ്പു, പണ്ടം, വീട്ടുസാമാനങ്ങൾ.
Furrow, *s.* ഉഴവുചാൽ, സീത, തടം, ജര.
Furrow, *v. a.* ഉഴുക.
Further, *a.* അപ്പുറത്തുള്ള, അകലെയുള്ള.
Further, *ad.* അപ്പുറം, അപ്പുറത്തു, പിന്നെയും.
Further, *v. a.* സഹായിക്ക, ആദരിക്ക, ഗുണീകരിക്ക, വൎദ്ധിപ്പിക്ക, സാധിപ്പിക്ക.
Furtherance, *s.* സഹായം, വൎദ്ധന, അഭിവൃദ്ധി.
Furthermore, *ad.* വിശേഷിച്ചും, പിന്നെയും, അത്രയുമല്ല, അതല്ലാതെയും.
Fury, *s.* മദം, ഭ്രാന്തു, വെറി, രോഷം, കലഹക്കാരി.
Fuse, *v. a.* ഉരുക്ക, അലിക്ക, ദ്രവിപ്പിക്ക, ലയിപ്പിക്ക.
Fuse, *v. n.* ഉരുക, അലിയുക, ദ്രവിക്ക, ലയിക്ക.
Fusee, *s.* തോക്കു, വഴിത്തിരി.
Fusibility, *s.* ഉരുകുന്ന ഗുണം, ദ്രാവ്യം.
Fusil, *a.* ഉരുകുവാന്തക്ക, ദ്രവിപ്പിപ്പാന്തക്ക.
Fusil, *s.* ഒരുവക തോക്കു.

Fusileer, *s.* തോക്കുകാരൻ.
Fusion, *s.* ഉരുകൽ, അലിച്ചൽ, ദ്രവം, ലയം.
Fuss, *s.* കലഹം, തിട്ടുക്കം, അമളി, ഇരച്ചൽ.
Fust, *s.* വളിപ്പു, പൂപ്പു, ദുൎഗ്ഗന്ധം.
Fustigate, *v. a.* വടികൊണ്ടടിക്ക.
Fustiness, *s.* നലച്ചൽ, വളിപ്പു, പൂപ്പു.
Fusty, *a.* പൂത്ത, പൂപ്പുള്ള, വളിപ്പുള്ള.
Futile, *a.* അബദ്ധമുള്ള, നിസ്സാരമുള്ള.
Futility, *s.* നിസ്സാരത, നിരൎത്ഥം, വായാട്ടം.
Future, *s.* ഭാവികാലം, വരുംകാലം, ഭവിഷ്യത.
Future, *a.* വരുവാനുള്ള, ഭവിഷ്യമായ.
Futurity, *s.* ഭാവി, ഭവിഷ്യത.
Fuzz, *v. n.* ചീററുക, ഇരെക്ക.
Fy or Fie, *inter.* ചീ, ചിച്ചീ.

G.

Gabble, *v. n.* പടപറക, വായാട്ടുക, ജല്പിക്ക.
Gabble, *s.* വായാട്ടം, ജല്പം, ചിലെപ്പു.
Gabbler, *s.* ജല്പകൻ, വായാടി.
Gable, *s.* വീട്ടിന്റെ നെററിപ്പുറം.
Gad, *v. n.* അലഞ്ഞുതിരിയുക, മിനക്കേട്ടു നടക്ക.
Gadfly, *s.* കാട്ടീച്ച, ഗോമക്ഷിക.
Gaff, *s.* ചാട്ടുളി.
Gag, *v. a.* വായടക്ക, വായിൽ കടികോൽ വെക്ക.
Gag, *s.* വായിൽ വെക്കുന്ന കടികോൽ.
Gage, *s.* ഈട, പണയം.
Gage, *v. a.* പണയം വെക്ക, കൊൽനോക്ക.
Gaiety, *s.* ഉല്ലാസം, ഉന്മേഷം, പ്രമോദം.
Gaily, *ad.* ഉല്ലാസത്തോടെ, മോടിയായി.
Gain, *s.* ലാഭം, ഫലം, നേട്ടം, ആദായം.
Gain, *v. a.* ലാഭം വരുത്തുക, നേടുക, പിടിക്ക.
Gain, *v. n.* സാധിക്ക, ബലപ്പെടുക, കരപിടിക്ക.
Gainer, *s.* നേടുന്നവൻ, ലാഭം വരുത്തുന്നവൻ.
Gainless, *a.* ലാഭമില്ലാത്ത, പ്രയോജനമില്ലാത്ത.
Gainsay, *v. a.* വിരോധം പറക, നിഷേധിക്ക.
Gainsayer, *s.* വിരോധം പറയുന്നവൻ, നിഷേധി.
Gait, *s.* നട, നടപ്പടി, നടപ്പു, ഗതി.
Gala, *s.* ആഡംബരം, മഹോത്സവം.
Galaxy, *s.* ആകാശഗംഗ.
Gale, *s.* കൊടുങ്കാററു, കാററുവീഴ്ച.
Gall, *s.* പിത്തം, കൈപ്പു, പക, കോപം.
Gall, *v. a.* തോലുരിക്ക, ദുഃഖിപ്പിക്ക.
Gall, *v. n.* ദുഃഖിക്ക, മുഷിയുക.
Gallant, *a.* വസ്ത്രാലങ്കാരമുള്ള, പരാക്രമമുള്ള.
Gallant, *s.* ശൃംഗാരി, ജാരൻ, സ്ത്രീലോലൻ.
Gallantly, *ad.* വിശേഷമായി, ശൌൎയ്യമായി.
Gallantry, *s.* പരാക്രമം, ശൌൎയ്യം.
Gallery, *s.* നടശാല, മാളിക.
Gallican, *a.* പരന്ത്രീസ്സു സംബന്ധിച്ച.
Gallipot, *s.* ചുളുകം.
Gall-nut, *s.* മാശിക്കാ, മായാക്ക.

Gallop, *v. n.* കുതിര ഓടുക, പാഞ്ഞോടുക.
Gallop, *s.* കുതിര ഓട്ടം, കുതിരച്ചാട്ടം.
Gallows, *s.* തൂക്കുമരം, കഴു.
Gamble, *v. a.* ചൂതാടുക, ചൂതുകളിക്ക.
Gambler, *s.* ചൂതാളി, ധൂൎത്തൻ.
Gambling, *s.* ചൂതാട്ടം, ചൂതുകളി, ധൂൎത്തു.
Gambol, *v. n.* കുതിക്ക, തുള്ളുക, കളിക്ക.
Gambol, *s.* കുതിപ്പു, തുള്ളിക്കളി, തത്തൽ.
Game, *s.* കളി, ആട്ടം, വേട്ടയാട്ടം.
Game, *v. a.* കളിക്ക, ആടുക, ചൂതാടുക.
Gamecock, *s.* പോർ കോഴി, കൊത്തു കോഴി.
Gamester, *s.* ചൂതാളി, ചൂതുകാരൻ.
Gaming, *s.* ചൂതുപൊർ, ദ്യൂതം.
Gander, *s.* ആണ്ടാത്ത, പൂവൻപാത്ത.
Gang, *v. n.* പോക, നടക്ക.
Gang, *s.* പിടിച്ചുപറിക്കാരുടെ കൂട്ടം.
Gangrene, *s.* അൎബ്ബുദവ്യാധി, ഗ്രന്ഥി.
Gantlet, *s.* അടി, ശിക്ഷ.
Gaol, *s.* കാരാഗൃഹം, പാറാപ്പുര, തടവു.
Gaoler, *s.* കാരാഗൃഹവിചാരക്കാരൻ, കാരാഗൃഹരക്ഷി.
Gap, *s.* ഇടിവു, ദ്വാരം, വിടവു, വിള്ളു, പൃഴ.
Gape, *v. n.* വായിപിളൎക്ക, ഇടിവാക.
Garb, *s.* ഉടുപ്പു, വസ്ത്രം, വേഷം, ഭാവം.
Garble, *v. a.* അരിക്ക, വെർപെടുക്ക.
Garboil, *s.* അമളി, കലഹം, ആരവം.
Garden, *s.* തോട്ടം, പറമ്പു, വൃങ്കാവു.
Gardener, *s.* തോട്ടക്കാരൻ.
Gardening, *s.* തോട്ടത്തിലെ വേല, തോട്ടപ്പണി.
Garland, *s.* പുഷ്പമാല, പൂമാല, തോരണം.
Garlic, *s.* വെള്ളുള്ളി, വെള്ളവെങ്കായം.
Garment, *s.* വസ്ത്രം, ഉടുപ്പു, പടം.
Garner, *s.* കളപ്പുര, ധാന്യപ്പത്തായം.
Garnish, *v. a.* അലങ്കരിക്ക, ശൃംഗാരിക്ക.
Garnish, *s.* അലങ്കാരം, ഭൂഷണം.
Garnishment, *s.* അലങ്കൃതി, സംസ്കാരം.
Garniture, *s.* അലങ്കരിക്കുന്ന വസ്തു, ഭൂഷണം,
Garrison, *s.* കാവൽപട്ടാളം, കാവൽപട്ടാളസ്ഥലം.
Garrison, *v. a.* വാട ഇടുക, കാവൽപട്ടാളം വെക്ക.
Gas, *s.* പുകയാവി.
Gash, *v. a.* ആഴമായി മുറിക്ക.
Gasp, *v. n.* വീൎപ്പുമുട്ടുക, ശ്വാസംമുട്ടുക.
Gasp, *s.* ശ്വാസംമുട്ടൽ, ശ്വാസം വലിവു.
Gast, *v. a.* വിരട്ടുക, പേടിപ്പിക്ക.
Gate, *s.* പടി, പടിവാതിൽ, ദ്വാരം.
Gateway, *s.* പടിവാതിൽ.
Gather, *v. a.* ഒന്നിച്ചു കൂട്ടുക, പെറുക്ക, ചേൎക്ക.
Gather, *v. n.* കൂടുക, ചേരുക, ഒന്നിച്ചു കൂടുക.
Gatherer, *s.* ശേഖരിക്കുന്നവൻ.
Gathering, *s.* ശേഖരിപ്പു, ശേഖരം, സ്വരൂപം.
Gaud, *v. n.* ആനന്ദിക്ക, ആഹ്ലാദിക്ക.
Gaudiness, *s.* ആഭ, സുവേഷം, സുഷമ.
Gaudy, *a.* ആഭയുള്ള, സുവേഷമുള്ള.
Gauge, *s.* അളവു, അളവുകോൽ, മട്ടം.
Gaunt, *a.* നേൎത്ത, നേരിയ, മെലിഞ്ഞ.
Gay, *a.* പ്രമോദമുള്ള, ഉല്ലസിക്കുന്ന.
Gayety, *s.* ആമോദം, ഉല്ലാസം, മോടി.
Gayly, *ad.* ഉല്ലാസത്തോടെ, മോടിയായി.
Gayness, *s.* ആമോദം, മോടി.
Gaze, *v. n.* ചുഴിഞ്ഞുനോക്ക, നോക്കിനില്ക്ക.
Gaze, *s.* നോക്കിനില്ക്കുന്നതു.
Gazette, *s.* വൎത്തമാനകടലാസ്സ്.
Gear, *s.* ഉടുപ്പു, ചമയം, ഉപകരണം.
Gear, *v. a.* കോപ്പിടുക.

Gelidity, *s.* അതിശീതം.
Gem, *s.* രത്നം, ആദ്യം വരുന്ന ക്രമ്പ.
Gem, *v. a.* രത്നങ്ങൾ കൊണ്ടു അലങ്കരിക്ക.
Gem, *v. n.* ആദ്യക്രമ്പുണ്ടാക, ക്രമ്പുക.
Geminate, *v. a.* ഇരട്ടിപ്പാക്ക.
Gemination, *s.* ഇരട്ടിപ്പു, ഇരട്ടിക്കുന്നതു.
Gemini, *s.* മിഥുനരാശി.
Geminy, *s.* ഇരട്ടിപ്പു, ഇരട്ട.
Gender, *s.* വിധം, ജാതി, ലിംഗം, ഉത്ഭവം.
Gender, *v. a.* ജനിപ്പിക്ക, ഉത്ഭവിപ്പിക്ക.
Gender, *v. n.* ജനിക്ക, ഉത്ഭവിക്ക.
Geneology, *s.* വംശവൃത്താന്തം, വംശവഴി.
General, *a.* സാധാരണമായ, പൊതുവിലുള്ള.
General, *s.* സേനാപതി, പടനായകൻ.
Generalissimo, *s.* പ്രധാനസേനാപതി.
Generality, *s.* സാധാരണം, പൊതുവ, മിക്കപേർ.
Generalize, *v. a.* വിവരിക്ക, പൊതുവിലാക്ക.
Generally, *ad.* സാധാരണമായി, പൊതുവിൽ.
Generate, *v. a.* ജനിപ്പിക്ക, ഉല്പാദിപ്പിക്ക.
Generate, *v. n.* ജനിക്ക, ഉത്ഭവിക്ക, ഉണ്ടാക.
Generation, *s.* ജന്മം, തലമുറ, കുലം, വംശം.
Generator, *s.* ജനിപ്പിക്കുന്നവൻ, പ്രഭവം.
Generosity, *s.* ഔദാൎയ്യം, ഉദാരശീലം.
Generous, *a.* ഔദാൎയ്യമുള്ള, മാഹാത്മ്യമുള്ള.
Generously, *ad.* ഔദാൎയ്യമായി, ധാരാളമായി.
Generousness, *s.* ഔദാൎയ്യം, ഉദാരശീലം.
Genesis, *s.* മോശയുടെ ഒന്നാം പുസ്തകം, സംഭവം.
Genial, *a.* സുഖകരമുള്ള, സ്വാഭാവികം.
Genitive, *s.* ഷഷ്ഠിവിഭക്തി.
Genius, *s.* പ്രകൃതിവിശേഷത്വം, സൽബുദ്ധി.
Genteel, *a.* ആചാരമുള്ള, നാഗരികമുള്ള.
Genteelly, *ad.* ആചാരമായി, ചന്തമായി.
Genteelness, *s.* സൽഗുണശീലം, ചന്തം.
Gentile, *s.* ജാതിക്കാരൻ, മറുജാതി.
Gentility, *s.* സൽകുലം, നാഗരികം, നയശീലം.
Gentle, *a.* സൌമ്യമുള്ള, സാവധാനമുള്ള.
Gentlefolk, *s.* സജ്ജനങ്ങൾ, കുലീനന്മാർ.
Gentleman, *s.* കുലീനൻ, സാധു, ശ്രീമാൻ.
Gentlemanlike, *a.* കുലീനോചിതം.
Gentlemanly, *a.* കുലീനോചിതം.
Gentleness, *s.* സൌമ്യത, സാധുശീലം.
Gentlewoman, *s.* കുലീന, ശ്രീമതി, മാനിനി.
Gently, *ad.* സാവധാനത്തിൽ, മെല്ലവെ.
Gentry, *s.* മുഖ്യസ്ഥന്മാർ, ശ്രീമാന്മാർ.
Genuflection, *s.* മുട്ടുമടക്കുന്നതു.
Genuine, *a.* ഉത്തമം, സ്വതെയുള്ള, തനി.
Genuinely, *ad.* ഉത്തമമായി, സ്വതവെ.
Genuineness, *s.* ഉത്തമത്വം, നിൎമ്മലത.
Genus, *s.* തരം, വക, വിധം, ജാതി.
Geographer, *s.* ഭൂമിശാസ്ത്രം എഴുതിയവൻ.
Geography, *s.* ഭൂമിശാസ്ത്രം, ഭൂഗോളവിദ്യ.
Geology, *s.* ഭൂധാതുശാസ്ത്രം.
Geometer, *s.* ക്ഷേത്രഗണിതശാസ്ത്രി.
Geometry, *s.* ക്ഷേത്രഗണിതം.
Germ, *s.* തളിർ, ക്രമ്പ, മുള, തിരുൾ.
Germinate, *v. n.* തളിൎക്ക, മുളെക്ക, തഴെക്ക.
Germination, *s.* തളിൎപ്പു, മുളപ്പു, കിളൎപ്പു.
Gest, *s.* ക്രിയ, പ്രവൃത്തി, കൎമ്മം, കാൎയ്യം.
Gesticulate, *v. n.* ആംഗികം കാട്ടുക.

Gesticulation, *s.* ആംഗികം.

Gesture, *s.* ആംഗ്യം, നടനം.

Get, *v. a.* സമ്പാദിക്ക, ലഭിക്ക, കിട്ടുക, നേടുക.

Get, *v. n.* എത്തുക, സംഭവിക്ക, പിടിക്ക.

Getting, *s.* സമ്പാദനം, കിട്ടുന്നതു, ലംഭനം, ലാഭം.

Ghastliness, *s.* ഭൂതാകാരം, മരണഛായ.

Ghastly, *a.* ഭയങ്കരമുള്ള, അപലക്ഷണമുള്ള.

Ghost, *s.* ഭൂതം, മായക്കാഴ്ച, അരൂപി, ഉയിർ.

To give up the ghost, പ്രാണനെ വിടുക, മരിക്ക.

The Holy Ghost, പരിശുദ്ധാത്മാവു, പവിത്രാത്മാവു.

Ghostly, *a.* ഭൂതസംബന്ധമുള്ള, ആത്മസംബന്ധമുള്ള.

Giant, *s.* രാക്ഷസൻ, വിക്രമൻ, മല്ലൻ.

Giantess, *s.* രാക്ഷസി.

Gibbet, *s.* തൂക്കുമരം, കഴു, വിലങ്ങ.

Gibe, *v. a.* അപഹസിക്ക, പരിഹസിക്ക, ധിക്കരിക്ക.

Gibe, *v. n.* നിന്ദിക്ക, തെറിപറക.

Gibe, *s.* പരിഹാസം, ധിക്കാരം, പുച്ഛം, തെറി.

Giddiness, *s.* തലചുററൽ, തലതിരിച്ചൽ, ചഞ്ചലം.

Giddy, *a.* തലതിരിച്ചലുള്ള, സൂക്ഷമില്ലാത്ത.

Gift, *s.* ദാനം, സമ്മാനം, വഴിപാടു, പ്രാപ്തി, തുാണി.

Gifted, *a.* ദാനം കിട്ടിയ, പ്രാപ്തിയുള്ള, വരംലഭിച്ച.

Gigantic, *a.* രാക്ഷസ സംബന്ധമുള്ള, പെരുമയുള്ള.

Gild, *v. a.* പൊൻപൂശുക, നീരാളിക്ക, മിനുസം വരുത്തുക.

Gilder, *s.* പൊൻപൂശുന്നവൻ.

Gilding, *s.* പൊൻപൂച്ച, നീരാളിപ്പു.

Gim, *a.* ഭംഗിയുള്ള, മോടിയുള്ള.

Gin, *s.* കണി, ചുരുക്ക, കുടുക്ക, കുരുക്ക.

Ginger, *s.* ചുക്കു, ഇഞ്ചി, നാഗരം, ശുണ്ഠി.

Gingle, *v. n.* കിലുങ്ങുക, കിണുങ്ങുക.

Gingle, *v. a.* കിലുക്ക, കിണുക്ക.

Gingle, *s.* കിലുക്കം, കിണുക്കം.

Gipsy, *s.* ലക്ഷണം പറയുന്നവൻ.

Gird, *v. a.* ചുററികെട്ടുക, കച്ചകെട്ടുക, നിന്ദിക്ക.

Girder, *s.* വലിയ ചീലാന്തി.

Girdle, *s.* കച്ച, കച്ചവാറ, അരഞ്ഞാൺ.

Girdle, *v. a.* ചുററികെട്ടുക, അരഞ്ഞാണിടുക.

Girl, *s.* പെങ്കുട്ടി, പെൺ, ബാല.

Girlish, *a.* പെങ്കുട്ടി പ്രായമുള്ള.

Girth, *v. a.* ചുററികെട്ടുക, കച്ചകെട്ടുക.

Give, *v. a.* കൊടുക്ക, തരിക, നല്കു, ഏല്പിക്ക.

Giver, *s.* ദാതാവു, ദായകൻ, പ്രദൻ.

Giving, *s.* കൊടുക്കുന്നതു, കൊടുക്കൽ, ദാനം.

Glad, *a.* സന്തോഷമുള്ള, ഉല്ലാസമായ.

Gladden, *v. a.* സന്തോഷിപ്പിക്ക, മോദിപ്പിക്ക.

Gladiator, *s.* അങ്കക്കാരൻ, വാൾക്കാരൻ.

Gladly, *ad.* സന്തോഷത്തോടെ, പ്രസാദത്തോടെ.

Gladness, *s.* സന്തോഷം, ആനന്ദം, ഉന്മേഷം.

Glance, *s.* മിന്നുന്ന പ്രകാശം, കടാക്ഷം, കാഴ്ച.

Glance, *v. n.* യദൃച്ഛയായി പ്രകാശിക്ക, വേഗം നോക്ക.

Glare, *s.* ഒളി, ഉജ്ജ്വലനം, വെളിച്ചം, ജ്യോതിസ്സ.

Glare, *v. n.* ഉജ്വലിക്ക, മിന്നമിന്നുക്ക, മിന്നുക, ശോഭിക്ക.

Glaring, *a.* ശോഭിക്കുന്ന, മിന്നമിന്നുക്കുന്ന, മിന്നുന്ന.

Glass, *s.* സ്ഫടികം, കണ്ണാടി, ദൎപ്പണം, പളുങ്ക.

Glass, *v. a.* കണ്ണാടിച്ചില്ലിടുക.

Glasswork, *s.* കണ്ണാടിപ്പണി.

Glassy, *a.* കണ്ണാടിസംബന്ധിച്ച.

Glaze, *v. a.* കണ്ണാടിച്ചില്ലുവെക്കുക.

Glazier, *s.* കണ്ണാടിച്ചില്ലുവെക്കുന്നവൻ.

Gleam, *s.* പ്രകാശം, മിന്നൽ, ജ്യോതിസ്സ.

Gleam, *v. a.* മിന്നിപ്രകാശിക്ക, ഒളിമിന്നുക.

Gleamy, *a.* മിന്നുന്ന, പ്രകാശിക്കുന്ന.

Glean, *v. a.* കാലാപെറുക്ക, ഇരുമണി പെറുക്ക.

Gleaner, *s.* പെറുക്കിയെടുക്കുന്നവൻ.

Gleaning, *s.* കാലാപെറുക്കുന്നതു, പെറുക്കുന്നതു.

Glebe, *s.* മൺകട്ട, നിലം, പള്ളിവകനിലം.

Glede, *s.* പരിന്തു.

Glee, *s.* സന്തോഷം, സമ്മോദം, ഉന്മേഷം.

Gleet, *s.* ചലം.

Glen, *s.* താഴ്വര, പള്ളം, മലയിടുക്ക്.

Glibness, *s.* മിനുക്കം, വഴുപ്പു, വഴുതൽ.

Glide, *v. n.* ഇരച്ചൽകൂടാതെ ഒഴുക, പറക്ക, നീന്തുക, പൊന്തി ഒഴുകുക.

Glimmer, *v. n.* മിന്നുക, മിനുങ്ങുക, മങ്ങികത്തുക.

Glimmer, *s.* മിനുങ്ങൽ, മന്ദശോഭ.

Glimpse, *s.* മിന്നുന്നപ്രകാശം, മിന്നൽ.

Glisten, *v. n.* മിനുങ്ങുക, ശോഭിക്ക.

Glister, *v. n.* മിന്നുക, പ്രകാശിക്ക.

Glitter, *v. n.* മിനുങ്ങുക, ശോഭിക്ക, മിന്നുക.

Glittering, *s.* ശോഭ, പ്രഭ, തേജസ്സ.

Gloar, *v. n.* ചിരിച്ചു നോക്ക.

Globe, *s.* ഗോളം, ഗോളം ഉണ്ട, അണ്ഡം.

Globose, *a.* ഗോളാകൃതിയുള്ള.

Globosity, *s.* ഉരുൾച്ച, വട്ടം, വൃത്തം.

Globular, *a.* ഉരുണ്ട, വൃത്തമുള്ള.

Globule, *s.* ചെറിയ ഉണ്ട, കുമിള.

Glomerate, *v. n.* ഉണ്ടയാക, ഉരുണ്ടുപോക.

Glomerous, *a.* വൃത്താകാരമായ, ഉരുണ്ടുതിരിന്ന.

Gloom, *s.* മങ്ങൽ, ഇരുൾ, മൂടൽ, കുണ്ഠിതം.

Gloom, *v. n.* മങ്ങലാക, ഇരുളുക, മനസ്സിടിയുക.

Gloominess, *s.* മങ്ങൽ, ഇരുൾ, മൂടൽ, ദുൎമ്മുഖം.

Gloomy, *a.* മങ്ങലുള്ള, ഇരുണ്ട, ദുഃഖമുള്ള.

Glorification, *s.* മഹത്വീകരണം, പുകഴ്ത്തൽ.

Glorify, *v. a.* മഹത്വീകരിക്ക, പുകഴ്ത്തുക, സ്തുതിക്ക, കീൎത്തിക്ക, ബഹുമാനിക്ക.

Glorious, *a.* മഹത്വമുള്ള, ശ്രേഷ്ഠമുള്ള.

Gloriously, *ad.* മഹത്വത്തോടെ.

Glory, *s.* മഹത്വം, തേജസ്സ, ബഹുമാനം, പ്രഭ, പരമാനന്ദം, കീൎത്തി, യശസ്സ.

Glory, *v. n.* പുകഴ്ത്തുക, പ്രശംസിക്ക, നിഗളിക്ക.

Gloss, *s.* വ്യാഖ്യാനം, വൃത്തി, ഉപായാൎത്ഥം.

Gloss, *v. n.* വ്യാഖ്യാനിക്ക, വൎണ്ണിച്ചുപറക.

Gloss, *v. a.* വൃത്തിയാക്ക, മിനുക്ക.

Glossary, *s.* വ്യാഖ്യാനം.

Glossiness, *s.* മിനുസം, മിനുക്കം, ശോഭ.

Glossy, *a.* മിനുസമുള്ള, പ്രകാശമുള്ള.

Glove, *s.* കയ്യുറ.

Glow, *v. n.* പഴുക്ക, കായുക, ചുകക്ക.

Glow, *s.* പഴുപ്പു, കാച്ചൽ, ചുകപ്പു.

Glow-worm, *s.* മിന്നാമ്പുഴു.

Glue, *s.* പശ.

Glue, *v. a.* പശ ഇട്ടു ഒട്ടിക്ക, പററിക്ക.

Glut, *v. a.* വിഴുങ്ങുക, തിക്കിനിറക്ക, അതിതൃപ്തിയാക്ക.

Glut, *s.* വിഴുങ്ങിയതു, തിങ്ങിനിറവു, അതിതൃപ്തി.

Glutton, *s.* ഭോജനപ്രിയൻ, ബുഭുക്ഷു, അതിഭക്ഷകൻ.

Gluttonize, *v. a.* അതിഭക്ഷണം ചെയ്യു.

Gluttonous, *a.* ഭോജനപ്രിയമുള്ള.

Gluttony, *s.* ഭോജനപ്രിയം, ബുഭുക്ഷ, അതിഭക്ഷണം.

Gluy, *a.* പശയുള്ള, പശസംബന്ധിച്ച.

Gnash, *v. a.* ഇറുമ്മുക, പല്ലുകടിക്ക.

Gnashing, *s.* ഇറുമ്മൽ, പല്ലുകടി.

Gnat, *s.* കൊതുക, മശകം.

Gnaw, *v. a.* കാരുക, കാൎന്നുതിന്നുക.

Gnawing, *s.* കാരൽ.

Gnomon, *s.* സൂൎയ്യഘടികാരത്തിന്റെ സൂചി.

Go, *v. n.* പോക, ചെല്ലുക, നടക്ക, ഗമിക്ക, ചരിക്ക.

Go-by, *s.* മായ, ഉപായം, തന്ത്രം.

Goad, *s.* മുടിങ്കോൽ, എരുതൊട്ടി, താഡനി.

Goal, *s.* വാട, അതൃത്തി, അവധി, സാദ്ധ്യം.

Goat, *s.* വെള്ളാട്ടു, കോലാട്ടു.

Gobbet, *s.* കബളം, ഉരുള.

Gobble, *v. a.* കപ്പിതിന്നുക, കബളിക്ക.

Go-between, *s.* ദൂതൻ, ദൂതി.

Goblet, *s.* കഴികിണ്ണം, പാനപാത്രം.

Goblin, *s.* ഭൂതം, പിശാചു, രാക്ഷസൻ.

God, *s.* ദൈവം, ദേവൻ.

Goddess, *s.* ദേവി.

Godfather, *s.* ജ്ഞാനപിതാ.

Godhead, *s.* ദൈവത്വം.

Godless, *a.* ദൈവമില്ലാത്ത.

Godlike, *a.* ദൈവസമമുള്ള, ദിവ്യമായ.

Godliness, *s.* ദൈവഭക്തി.

Godly, *a.* ദൈവഭക്തിയുള്ള.

Godship, *s.* ദൈവത്വം.

Godward, *ad.* ദൈവത്തിങ്കലെക്കു, ദൈവംപ്രതി.

Goer, *s.* പോകുന്നവൻ, ഗാമി, നടക്കുന്നവൻ.

Going, *s.* പോക്കു, നടപ്പു, ഗമനം, ഗതി.

Gold, *s.* പൊൻ, സ്വൎണ്ണം, കനകം, തങ്കം.

Goldbound, *a.* പൊന്നുകെട്ടിയ.

Golden, *a.* പൊന്നുകൊണ്ടുണ്ടായ, പൊന്നിറമുള്ള.

Goldsmith, *s.* തട്ടാൻ, പൊൻപണിക്കാരൻ.

Gone, *part. past of to go,* പോയ.

Gonorrhœa, *s.* അസ്ഥിസ്രാവം, മൂത്രദോഷം.

Good, *a.* നല്ല, സൽ, നൽ, സുഗുണമുള്ള, നന്മയുള്ള.

Inconcealable, *a.* മറെച്ചു കൂടാത്ത.

Inconceivable, *a.* അപ്രമേയമുള്ള.

Inconceivably, *ad.* ഗ്രഹിയാതപ്രകാരം.

Inconclusive, *a.* നിശ്ചയം പോരാത്ത, ഒക്കാത്ത.

Incondite, *a.* ക്രമമല്ലാത്ത, മുറയല്ലാത്ത.

Inconditional, *a.* അസംഭാവനമായ.

Inconformity, *s.* അനുസരണകേടു, അക്രമം.

Incongruence, *s.* ചേൎച്ചകേടു, യോജ്യതകേടു.

Incongruity, *s.* ചേൎച്ചകേടു, അയുക്തി.

Incongruous, *a.* ഒക്കാത്ത, സമമല്ലാത്ത.

Inconnectedly, *ad.* ചേൎച്ച കൂടാതെ.

Inconsequence, *s.* അസ്ഥിരത.

Inconsequent, *a.* അസ്ഥിരതയുള്ള.

Inconsiderable, *a.* വിചാരിക്കരുതാത്ത, ചെറിയ.

Inconsiderableness, *s.* അപ്രമാണ്യത, അല്പകാൎയ്യം.

Inconsiderate, *a.* സൂക്ഷ്മമില്ലാത്ത, വിചാരമില്ലാത്ത.

Inconsistence, *s.* അസ്ഥിരത, ചാഞ്ചല്യം.

Inconsistent, *a.* ഒക്കാത്ത, സ്ഥിരമില്ലാത്ത.

Inconsistently, *ad.* ചേൎച്ചകൂടാതെ, അസ്ഥിരമായി.

Inconsolable, *a.* ആശ്വാസംലഭിയാത്ത.

Inconsonancy, *s.* ചേൎച്ചകേടു, ഒരുമകേടു.

Inconspicuous, *a.* തെളിവില്ലാത്ത, കണ്ണെത്താത്ത.

Inconstancy, *s.* അസ്ഥിരത, നിലകേടു.

Inconstant, *a.* സ്ഥിരമില്ലാത്ത, ഇളകുന്ന.

Inconsumable, *a.* അവ്യയമുള്ള, ഒടുങ്ങാത്ത.

Incontestible, *a.* തൎക്കമില്ലാത്ത, വിരോധമില്ലാത്ത.

Incontrovertible, *a.* തൎക്കം പറഞ്ഞുകൂടാത്ത.

Inconvenience, *s.* തക്കക്കേട, സുഖക്കേട.

Inconvenient, *a.* ഉചിതമല്ലാത്ത, തക്കക്കേടുള്ള.

Inconveniently, *ad.* അവസരംകൂടാതെ, അസമയത്തു.

Inconvertible, *a.* ഭേദം വരുത്തിക്കൂടാത്ത.

Inconvincible, *a.* ബോധം വരുത്തിക്കൂടാത്ത.

Incorporal, *a.* അശരീരിയായ, ദേഹമില്ലാത്ത.

Incorporate, *v. a.* ഏകാംശമാക്ക, ഒന്നിക്ക.

Incorporation, *s.* ഏകീകരണം, കൂട്ടം, ഏകാംശം.

Incorrect, *a.* ശരിയല്ലാത്ത, പിഴയുള്ള.

Incorrectly, *ad.* തപ്പായി, ഒക്കാതെ.

Incorrectness, *s.* പിഴ, തപ്പു, തെററു, ഒക്കായ്മ.

Incorrigible, *a.* നന്നാക്കിക്കൂടാത്ത.

Incorrigibleness, *s.* വികൃതി, വക്രത്വം.

Incorrupt, *a.* നിൎദ്ദോഷമുള്ള, കളങ്കമില്ലാത്ത.

Incorruptibility, *s.* നാശമില്ലായ്മ, അക്ഷയത.

Incorruptible, *a.* നാശമില്ലാത്ത, അഴിയാത്ത.

Incorruption, *s.* നാശമില്ലായ്മ, അക്ഷയത.

Incorruptness, *s.* നിഷ്കളങ്കം, ഉത്തമത്വം.

Increase, *v. n.* വൎദ്ധിക്ക, വളരുക, മൂക്കുക.

Increase, *v. a.* വൎദ്ധിപ്പിക്ക, വലുതാക്ക, തടിപ്പിക്ക.

Increase, *s.* വൎദ്ധന, വളൎച്ച, മൂപ്പു, സന്തതിവൎദ്ധന.

Incredibility, *s.* അവിശ്വാസ്യത, വിശ്വസിച്ചുകൂടായ്മ.

Incredible, *a.* വിശ്വസിപ്പാൻ, കഴിയാത്ത.

Incredulity, *s.* അവിശ്വാസം.

Incredulous, *a.* വിശ്വസിക്കാത്ത, അവിശ്വാസമുള്ള.

Increment, *s.* വൎദ്ധനം, വളൎച്ച, വിളവു.

Increpation, *s.* ശാസന, കലമ്പൽ.

Incriminate, *v. a.* കുററം ചുമത്തുക.

Incubation, *s.* പോരുന്നൽ, അട.

Inculcate, *v. a.* ബുദ്ധിയുപദേശിക്ക, കല്പിക്ക.

Incumbent, *a.* ചെയ്യേണ്ടുന്ന, ചരിയുന്ന.

Incur, *v. a.* ഉണ്ടാക്ക, ഇടവരുത്തുക, ഹേതുവുണ്ടാക്ക.

Incur, *v. n.* ഉണ്ടാക, ഹേതുവാക.

Incurable, *a.* സ്വസ്ഥമാക്കിക്കൂടാത്ത, പൊറുക്കാത്ത.

Incurableness, *s.* സൌഖ്യമാകായ്മ.

Incurious, *a.* സൂക്ഷ്മമില്ലാത്ത, ഉദാസീനമുള്ള.

Incursion, *s.* ആക്രമം, ശത്രുഗണപ്രവേശനം.

Incurvate, *v. a.* വളെക്ക.

Incurvation, *s.* വളെക്കുന്നതു, വണക്കം.

Indagate, *v. a.* തേടുക, ശോധനചെയ്ക.

Indebted, *a.* കടംപെട്ട.

Indecency, *s.* അവലക്ഷണം, നാണക്കേട.

Indecent, *a.* അവലക്ഷണമുള്ള, നാണക്കേടുള്ള.

Indecision, *s.* സംശയം, നിശ്ചയക്കേട.

Indeclinable, *a.* അന്തഭേദംവരാത്ത.

Indecorous, *a.* ഉചിതമില്ലാത്ത, അവലക്ഷണമുള്ള.

Indecorum, *s.* അനാചാരം, ചേൎച്ചക്കേട.

Indeed, *ad.* ഉള്ളവണ്ണമെ, സത്യം, നേർ, തന്നെ.

Indefatigable, *a.* തളരാത്ത, ആലസ്യപ്പെടാത്ത.

Indefatigably, *ad.* തളരാതെ.
Indefectibility, *s.* അന്യൂനത.
Indefectible, *a.* അന്യൂനമുള്ള, ഒടുങ്ങാത്ത.
Indefensible, *a.* രക്ഷിച്ചുകൂടാത്ത, കാത്തുകൂടാത്ത.
Indefinite, *a.* നിശ്ചയമില്ലാത്ത, കുറിക്കപ്പെടാത്ത.
Indefinitely, *ad.* നിശ്ചയംകൂടാതെ.
Indelicacy, *s.* നാണക്കേടു, അഭംഗി.
Indelicate, *a.* നാണംകെട്ട, അവലക്ഷണമുള്ള.
Indemnify, *v. a.* ചേതത്തിനു വകവെച്ചുകൊടുക്ക.
Indemnity, *s.* പിഴയൊഴിച്ചൽ.
Indent, *v. a.* വള്ളിക്ക, പല്ലിടുക, ചലുക്ക.
Indent, *v. n.* ഉടമ്പടിചെയ്ക, കുത്തകഏല്ക്ക.
Indent, *s.* വള്ളൽ, അലുക്കില.
Independence, *s.* സ്വാതന്ത്ര്യം, സ്വാധീനം.
Independent, *a.* സ്വാതന്ത്ര്യമുള്ള.
Independently, *ad.* ഒഴികെ, കൂടാതെ.
Indescribable, *a.* വിവരിച്ചുകൂടാത്ത.
Indestructible, *a.* നശിപ്പിച്ചു കൂടാത്ത.
Indeterminate, *a.* നിശ്ചയമില്ലാത്ത.
Indetermination, *s.* സംശയിച്ചു നില്ക്കുന്നതു.
Indetermined, *a.* സംശയിച്ചു നില്ക്കുന്ന.
Indevout, *a.* ഭക്തിയില്ലാത്ത.
Index, *s.* അനുക്രമണിക, സംഗതിവിവരം.
Indian, *s.* ഹിന്തു.
Indicant, *a.* ചൂണ്ടികാട്ടുന്ന, ചൂണ്ടിപറയുന്ന.
Indicate, *v. a.* ചൂണ്ടികാട്ടുക, കാണിക്ക.
Indication, *s.* അടയാളം, ലക്ഷ്യം.
Indicative, *a.* ചൂണ്ടികാട്ടുന്ന, കുറിക്കുന്ന.
Indiction, *s.* അറിയിപ്പു, പരസ്യം.
Indifference, *s.* ഉദാസീനത, അജാഗ്രത.
Indifferent, *a.* ഉദാസീനമുള്ള, വിചാരമില്ലാത്ത.
Indifferently, *ad.* പക്ഷം കൂടാതെ.
Indigence, *s.* ദാരിദ്ര്യം, നിൎഗ്ഗതി, മുട്ടു.
Indigent, *a.* ദരിദ്രതയുള്ള, മുട്ടുള്ള.
Indigested, *a.* ക്രമപ്പെടാത്ത, അജീൎണ്ണമുള്ള.
Indigestible, *a.* ദഹിക്കാത്ത, അജീൎണ്ണമുള്ള.
Indigestion, *s.* ദഹനക്കേടു, അജീൎണ്ണം.
Indign, *a.* അയോഗ്യമുള്ള, പാത്രമല്ലാത്ത.
Indignant, *a.* കോപിക്കുന്ന, ക്ഷോഭമുള്ള.
Indignation, *s.* ക്ഷോഭം, കോപം, ക്രോധം.
Indignity, *s.* നിന്ദ, ധിക്കാരം, അധിക്ഷേപം.
Indigo, *s.* അമരി, നീലം.
Indirect, *a.* നേരല്ലാത്ത, മുറകേടുള്ള, അസ്പഷ്ടമുള്ള.
Indirectly, *ad.* നേരല്ലാതെ, വളവായി, അസ്പഷ്ടം.
Indiscernible, *a.* കാണ്മാൻ വഹിയാത്ത.
Indiscreet, *a.* അവിവേകമുള്ള, ബുദ്ധികുറവുള്ള.
Indiscreetly, *ad.* ബുദ്ധികേടായി.
Indiscretion, *s.* അവിവേകം, ബുദ്ധികുറവു.
Indiscriminate, *a.* വ്യത്യാസം കൂടാത്ത.
Indiscriminately, *ad.* ഭേദമെന്നിയെ.
Indispensable, *a.* അത്യാവശ്യമുള്ള, വേണ്ടുന്ന.
Indispensably, *ad.* അത്യാവശ്യമായി.
Indispose, *v. a.* ചേൎച്ചക്കേടാക്ക, സുഖക്കേടാക്ക.
Indisposed, *a.* ദീനമുള്ള, മനസ്സുകേടുള്ള.

Indisposition, *s.* രോഗം, മനസ്സുകേട്.
Indisputable, *a.* തൎക്കം കൂടാത്ത, വഴക്കില്ലാത്ത.
Indissoluble, *a.* വേർപിരിച്ചു കൂടാത്ത.
Indissolvable, *a.* ഉരുക്കികൂടാത്ത, അഴിവില്ലാത്ത.
Indistinct, *a.* തെളിവില്ലാത്ത, അസ്പഷ്ടമുള്ള.
Indistinctly, *ad.* തെളിവില്ലാതെ.
Indistinctness, *s.* അസ്പഷ്ടത, പ്രകാശകുറവു.
Individual, *s.* ദേഹം, ആൾ, ഒരുത്തൻ.
Individuality, *s.* സ്വഭാവം, സ്വം, വ്യക്തി.
Individually, *ad.* ആളാംപ്രതി, വെവ്വേറെ.
Indivisible, *a.* പകുത്തുകൂടാത്ത.
Indocile, *a.* പഠിപ്പാൻ മനസ്സില്ലാത്ത.
Indocility, *s.* പഠിപ്പാൻ മനസ്സില്ലാത്തതു, മന്ദബുദ്ധി.
Indolence, *s.* മടിവു, അശ്രദ്ധ, ഉദാസീനത.
Indolent, *a.* മടിയുള്ള, മന്ദബുദ്ധിയുള്ള.
Indolently, *ad.* മടിയോടെ, മന്ദമായി.
Indubious, *a.* സംശയമില്ലാത്ത, നിസ്സംശയം.
Indubitable, *a.* സന്ദേഹമില്ലാത്ത, തൎക്കമില്ലാത്ത.
Indubitably, *ad.* അസംശയമായി തൎക്കമെന്നിയെ.
Induce, *v. a.* മനസ്സു വരുത്തുക, ഇഷ്ടപ്പെടുത്തുക.
Inducement, *s.* മനസ്സുവരുത്തുന്നതു, ആകൎഷണം.
Induct, *v. a.* പ്രവേശിപ്പിക്ക, അനുഭവിപ്പിക്ക.
Induction, *s.* പ്രവേശനം, ഏല്പാടു.

Indue, *v. a.* കൊടുക്ക, നല്ക.
Indulge, *v. a. & n.* താലോലിക്ക, രസിക്ക, ഇഷ്ടമാക.
Indulgence, *s.* ദയ, ക്ഷമ, അനുകൂലത.
Indulgent, *a.* ദയയുള്ള, അൻപുള്ള.
Indurate, *v. n.* കട്ടപ്പമാക, കഠിനമാക.
Indurate, *v. a.* കട്ടപ്പമാക്ക, കഠിനമാക്ക.
Induration, *s.* കാഠിന്യം, കട്ടപ്പമാക്കുന്നതു.
Industrious, *a.* ഉത്സാഹമുള്ള, പ്രയാസപ്പെടുന്ന.
Industry, *s.* അദ്ധ്വാനം, ദേഹദണ്ഡം, കൈത്തൊഴിലുകൾ.

Inebriation, *s.* വെറി, ലഹരി, മദ്യപാനം.
Ineffable, *a.* പറഞ്ഞു തീരാത്ത.
Ineffective, *a.* സാദ്ധ്യം വരുത്താത്ത, ഫലിക്കാത്ത.
Ineffectual, *a.* ദുൎബ്ബലമുള്ള, വൃഥാ, പററാത്ത.
Ineffectually, *ad.* ദുൎബ്ബലമായി, വൃഥാ.
Inefficacious, *a.* സാധിക്കാത്ത, പിടിക്കാത്ത.
Inefficacy, *s.* ദുൎബ്ബലം, അശക്തി.
Inefficient, *a.* പ്രാപ്തികേടുള്ള, ശേഷിയില്ലാത്ത.
Inelegance, *s.* അഭംഗി, ചന്തക്കേടു.
Inelegant, *a.* ഭംഗികേടുള്ള, ചന്തമില്ലാത്ത.
Ineloquent, *a.* വാഗ്വൈഭവമില്ലാത്ത.
Inept, *a.* യോഗ്യമില്ലാത്ത, കൊള്ളരുതാത്ത.
Inequality, *s.* അതുല്യത, അസമത്വം.
Inerrable, *a.* തെററാത്ത.
Inerrably, *ad.* തെററാതെ.
Inert, *a.* അനങ്ങാത്ത, മന്ദതയുള്ള.
Inestimable, *a.* വിലയേറിയ, മതിപ്പില്ലാത്ത.
Inevident, *a.* തെളിവില്ലാത്ത, അസ്പഷ്ടമുള്ള.

Inevitable, *a.* ഒഴിച്ചുകൂടാത്ത, തള്ളിക്കൂടാത്ത.

Inevitably, *ad.* അകററിക്കൂടാതെ.

Inexcusable, *a.* ഒഴികഴിവില്ലാത്ത, ക്ഷമിച്ചു കൂടാത്ത.

Inexcusableness, *s.* ഒഴികഴിവില്ലായ്മ.

Inexhaustible, *a.* വററിപ്പോകാത്ത, അക്ഷയമുള്ള.

Inexistence, *s.* നാസ്തികത്വം, ഇല്ലായ്മ.

Inexistent, *a.* ഇല്ലാത്ത.

Inexorable, *a.* മനസ്സലിവില്ലാത്ത.

Inexpedient, *a.* ഉചിതമില്ലാത്ത.

Inexperience, *s.* പരിചയമില്ലായ്മ.

Inexperienced, *a.* പരിചയമില്ലാത്ത.

Inexpert, *a.* അസാമൎത്ഥ്യമുള്ള, മിടുക്കമില്ലാത്ത.

Inexpiable, *a.* പരിഹരിച്ചുകൂടാത്ത.

Inexplicable, *a.* തെളിയിച്ചുകൂടാത്ത.

Inexpressible, *a.* ഉച്ചരിച്ചുകൂടാത്ത.

Inextinguishable, *a.* കെടുത്തിക്കൂടാത്ത.

Inextricable, *a.* ഉദ്ധരിച്ചുകൂടാത്ത.

Infallible, *a.* തെററാത്ത, പിഴെക്കാത്ത.

Infamous, *a.* അപകീൎത്തിയുള്ള.

Infamously, *ad.* അപശ്രുതിയോടെ.

Infamy, *s.* അപശ്രുതി, ദുഷ്കീൎത്തി, ലോകാപവാദം.

Infancy, *s.* ശിശുത്വം, ശൈശവം, ബാല്യം.

Infant, *s.* ശിശു, കുഞ്ഞു, കുട്ടി, പൈതൽ.

Infanticide, *s.* ശിശുവധം.

Infantile, *a.* ശിശുസംബന്ധിച്ച.

Infantine, *a.* ശിശുസംബന്ധമുള്ള.

Infantry, *s.* കാലാൾപട.

Infatuate, *v. a.* ഭ്രമിപ്പിക്ക, ബുദ്ധിമയക്ക.

Infatuation, *s.* ഭ്രമം, ബുദ്ധിമയക്കം.

Infeasible, *a.* അസാദ്ധ്യമുള്ള, കഴിയാത്ത.

Infect, *v. a.* പകരുക, സംക്രമിക്ക.

Infection, *s.* പകച്ച, സംക്രമം, പകരുന്ന വ്യാധി.

Infectious, *a.* പകരുന്ന, പകച്ചയുള്ള.

Infelicity, *s.* നിൎഭാഗ്യം, അരിഷ്ടത, അനൎത്ഥം.

Infer, *v. a.* വരുത്തുക, ഊഹിക്ക, നിദാനിക്ക.

Inferable, *a.* നിദാനിക്കത്തക്ക.

Inference, *s.* അനുമാനം, ഊഹം, നിദാനം.

Inferible, *a.* നിദാനിക്കപ്പെടത്തക്ക.

Inferior, *a.* അധമ, താണ.

Inferior, *s.* ഹീനജാതിക്കാരൻ, കീഴുള്ളവൻ.

Inferiority, *s.* ഇളിമ, കീഴ്ത്തരം, താണ്മ.

Infernal, *a.* പാതാളസമന്വിതം, അതിദുഷ്ടതയുള്ള.

Infernal, *s.* നരകവാസി, പരമദുഷ്ടൻ.

Infertile, *a.* ഫലിക്കാത്ത, വിളയാത്ത.

Infest, *v. a.* അസഹ്യപ്പെടുത്തുക, മുഷിപ്പിക്ക.

Infidel, *s.* അവിശ്വാസി, നാസ്തികൻ.

Infidel, *a.* അവിശ്വാസമുള്ള, നേരുകെട്ട.

Infidelity, *s.* അവിശ്വാസം, നേരുകേടു.

Infinite, *a.* അന്തമില്ലാത്ത, സീമയില്ലാത്ത.

Infinitely, *ad.* അനന്തമായി, തീരാതെ.

Infinitive, *a.* അററമില്ലാത്ത, അമിതമുള്ള.

Infinitive, *s.* വ്യാകരണത്തിൽ ഭാവരൂപം.

Infinity, *s.* അസംഖ്യം, അനവധി.

Infirm, *a.* ക്ഷീണമുള്ള, ബലഹീനമുള്ള, ഉറപ്പില്ലാത്ത.

Infirmary, *s.* ധൎമ്മശാല.

Infirmity, *s.* ക്ഷീണത, ബലഹീനത, രോഗം.

Infix, *v. a.* തറെക്ക, ഉറപ്പിക്ക, നാട്ടുക.

Inflame, *v. a.* ജ്വലിപ്പിക്ക, കത്തിക്ക, എരിക്ക.

Inflame, *v. n.* ജ്വലിക്ക, അഴലുക, ചൂടുപിടിക്ക.

Inflammable, *a.* എളുപ്പത്തിൽ തീ പിടിക്കുന്ന.

Inflammation, *s.* എരിച്ചൽ, കത്തൽ, അഴല്ച.

Inflammatory, *a.* എരിയുന്ന, കത്തിക്കുന്ന.

Inflate, *v. a.* വീൎപ്പിക്ക, കാററുകൊണ്ടു ചീൎപ്പിക്ക.

Inflation, *s.* വീൎപ്പിക്കുന്നതു, വീൎപ്പു, വായു.

Inflect, *v. a.* മടക്ക, മാററുക, ഭേദംവരുത്തുക.

Inflection, *s.* വളച്ചൽ, മാററം, ശബ്ദഭേദം.

Inflexibility, *s.* വളയായ്മ, കഠിനത, ശഠത.

Inflexible, *a.* വളച്ചുകൂടാത്ത, വില്ലിക്കാത്ത, മടങ്ങാത്ത.

Inflict, *v. a.* പീഡിപ്പിക്ക, ചുമത്തുക, ഏല്പിക്ക.

Infliction, *s.* പീഡ, ദണ്ഡനം, ചുമത്തൽ.

Influence, *s.* ശക്തി, ബലം, അധികാരം, മാനം.

Influence, *v. a.* നടത്തുക, സമ്മതിപ്പിക്ക.

Influential, *a.* അധികാരമുള്ള, മാനമുള്ള.

Influenza, *s.* ജലദോഷം.

Influx, *s.* ഒഴുക്കു, പ്രവേശനം, ഉൾപ്പാച്ചൽ.

Infold, *v. a.* പൊതിയുക, ചുരുട്ടുക.

Inform, *v. a.* അറിയിക്ക, ഗ്രഹിപ്പിക്ക, പഠിപ്പിക്ക.

Informal, *a.* മുറയില്ലാത്ത, ക്രമമില്ലാത്ത.

Information, *s.* അറിയിക്കുന്നതു, ഉപദേശം.

Informer, *s.* അറിയിക്കുന്നവൻ, ഒററുകാരൻ.

Infortunate, *a.* നിൎഭാഗ്യമുള്ള.

Infract, *v. a.* ഉടെക്ക, മുറിക്ക, ലംഘിക്ക.

Infraction, *s.* ഉടച്ചൽ, മുറിക്കുന്നതു, ലംഘനം.

Infringe, *v. a.* ഭംഗംവരുത്തുക, അതിക്രമിക്ക.

Infringement, *s.* ഭംഗം, അതിക്രമം, ലംഘനം.

Infuriate, *a.* മദിച്ച, അതി മുഷ്കരതയുള്ള.

Infuse, *v. a.* അകത്താക്ക, പകരുക.

Infusible, *a.* അകത്തൊഴിക്കപ്പെടത്തക്ക.

Infusion, *s.* പകൎച്ച, ഒഴിക്കുന്നതു, കഷായം.

Infusive, *a.* പകരുന്ന, ഒഴിക്കുന്ന.

Ingathering, *s.* കൊയിത്തു, അകത്ത കൂട്ടുക.

Ingenious, *a.* വിവേകമുള്ള, കൌശലമുള്ള.

Ingeniously, *ad.* വിവേകത്തോടെ, കൌശലത്തോടെ.

Ingenuity, *s.* മിടുക്കു, കൌശലം, സൂക്ഷ്മബുദ്ധി.

Ingenuous, *a.* കപടമില്ലാത്ത, നേരുള്ള.

Ingenuously, *ad.* കപടംകൂടാതെ.

Ingenuousness, *s.* പരമാൎത്ഥം, മാഹാത്മ്യം.

Inglorious, *a.* മഹത്വമില്ലാത്ത, അപമാനമുള്ള.

Ingot, *s.* കട്ടി, പൊൻകട്ടി.

Ingraft, *v. a.* ഒട്ടിക്ക, ഒട്ടിച്ചു ചേൎക്ക.

Ingrateful, *a.* നന്ദിയില്ലാത്ത, കൃതഘ്നതയുള്ള.

Ingratiate, *v. a.* കൃപവരുത്തുക.

Ingratitude, *s.* നന്ദികേടു, കൃതഘ്നത.

Ingredient, *s.* ഒരു മരുന്ന, യോഗം.

Ingress, *s.* ഉൾപ്രവേശം, അകംപൂകൽ.

Ingression, *s.* ഉൾപ്രവേശനം.

Ingulf, *v. a.* വിഴുങ്ങികളക, കയത്തിൽ എറിയുക.

Inhabit, *v. a.* കുടിയിരിക്ക, പാൎക്ക, വസിക്ക.

Inhabitable, *a.* കുടിയിരിപ്പാന്തക്ക.

Inhabitance, *s.* വാസസ്ഥലം, പാൎപ്പിടം.

Inhabitant, *s.* നിവാസി, കുടിയാൻ.

Inhale, *v. a.* അകത്തേക്ക് വലിക്ക, ശ്വാസം വലിക്ക.

Inharmonious, *a.* സ്വരചേൎച്ചയില്ലാത്ത.

Inhere, *v. n.* പററുക, കൂടെ ചേരുക.

Inherent, *a.* അന്തൎഭവിച്ചിരിക്കുന്ന, സ്വതെയുള്ള.

Inherit, *v. a.* അവകാശമായനുഭവിക്ക.

Inheritable, *a.* അവകാശമാകുന്ന.

Inheritance, *s.* അവകാശം, ജന്മം.

Inheritor, *s.* അവകാശി, ജന്മി.

Inheritress, *s.* അവകാശിനി.

Inhibit, *v. a.* തടവു ചെയ്യു, വിലക്ക, മുടക്ക.

Inhibition, *s.* തടവു, മുടക്കം, വിരോധം.

Inhold, *v. a.* കൊള്ളുക, പിടിക്ക.

Inhospitable, *a.* അതിഥിസൽക്കാരം ചെയ്യാത്ത.

Inhospitability, *s.* ഉപചാരക്കേട്.

Inhuman, *a.* ക്രൂരമുള്ള, ദയയില്ലാത്ത.

Inhumanity, *s.* മൃഗസ്വഭാവം, ക്രൂരത.

Inhume, *v. a.* കുഴിച്ചുമൂടുക.

Inimical, *a.* വിപരീതമുള്ള, വിരോധമുള്ള.

Iniquitous, *a.* അന്യായമുള്ള, നീതികെട്ട.

Iniquity, *s.* അന്യായം, അനീതി, അകൃത്യം.

Initial, *a.* ആദിയുള്ള, തുടങ്ങിയ.

Initiate, *v. a.* തുടങ്ങിക്ക, ചൊല്ലികൊടുക്ക.

Initiate, *v. n.* തുടങ്ങുക, അഭ്യസിക്ക.

Initiation, *s.* തുടങ്ങിക്കുന്നതു, അഭ്യസിപ്പിക്കുന്നതു.

Inject, *v. a.* അകത്തേക്ക പീച്ചുക, ഉള്ളിലാക്ക.

Injection, *s.* അകത്തേക്ക പീച്ചുന്നതു.

Injoin, *v. a.* നിയോഗിക്ക, നിൎദ്ദേശിക്ക.

Injudicial, *a.* അനീതിയുള്ള.

Injudicious, *a.* ബുദ്ധികുറവുള്ള, അന്യായമുള്ള.

Injudiciously, *ad.* വിചാരിയാതെ.

Injunction, *s.* കല്പന, ആജ്ഞ.

Injure, *v. a.* പീഡിപ്പിക്ക, ഹാനി വരുത്തുക.

Injurer, *s.* സാഹസക്കാരൻ, ഉപദ്രവി.

Injurious, *a.* ദോഷമുള്ള, ഹാനി വരുത്തുന്ന.

Injuriously, *ad.* ദോഷമായി.

Injury, *s.* ദോഷം, ഹാനി, ഉപദ്രവം, നഷ്ടം.

Injustice, *s.* അന്യായം, നീതികേടു, അധൎമ്മം.

Ink, *s.* മഷി.

Inkhorn, *s.* മഷിപാത്രം.

Ink-nut, *s.* മായക്ക, കടുക്ക.

Inkstand, *s.* മഷിപാത്രം, മഷിക്കുപ്പി.

Inland, *s.* നാട്ടുപുറം, ഉൾരാജ്യം.

Inlay, *v. a.* പതിച്ചുവെക്ക, പലനിറമാക്ക.

Inlet, *s.* അകത്തോട്ടുള്ള വഴി.

Inly, *a.* അകത്തുള്ള, മറവുള്ള.

Inmate, *s.* ഒന്നിച്ചു പാൎക്കുന്നവൻ.

Inmost, *a.* തുലോം അകത്തുള്ള.

Inn, *s.* സത്രം, പെരുവഴിസത്രം, വഴിയമ്പലം.

Innate, *a.* സ്വാഭാവികം, സ്വതെയുള്ള.

Innavigable, *a.* കപ്പലോട്ടം വിരോധമായ.

Inner, *a.* അകത്തുള്ള.

Innermost, *a.* എല്ലാററിലും അകത്തുള്ള.

Innkeeper, *s.* സത്രക്കാരൻ, വഴിയമ്പലക്കാരൻ.

Innocence, *s.* നിൎദ്ദോഷം, കുററമില്ലായ്മ.

Innocency, *s.* നിരപരാധം, നിഷ്കളങ്കം.

Innocent, *a.* നിൎദ്ദോഷമുള്ള.

Innocently, *ad.* കുററമില്ലാതെ.

Innovate, *v. a.* പുതുതാക്ക, നവീകരിക്ക.

Innovation, *s.* പുതിയ ചട്ടം, നവീനം.

Innoxious, *a.* ഉപദ്രവമില്ലാത്ത.

Innumerable, *a.* അസംഖ്യയുള്ള, എണ്ണമില്ലാത്ത.

Innumerably, *ad.* എണ്ണമില്ലാതോളം.
Innumerous, *a.* എണ്ണമില്ലാത്ത.
Inoculate, *v. a.* ഒട്ടിച്ചുചേൎക്ക.
Inoculation, *s.* ഒട്ടിച്ചു ചേൎക്കുന്നതു.
Inoffensive, *a.* വിരുദ്ധമില്ലാത്ത, ഉപദ്രവിക്കാത്ത.
Inoffensiveness, *s.* നിൎദ്ദോഷം, നിരപരാധം.
Inopportune, *a.* തക്കക്കേടുള്ള, അവസരക്കേടുള്ള.
Inordinancy, *s.* രീതികേടു, ക്രമക്കേടു.
Inordinate, *a.* രീതികേടുള്ള, ക്രമക്കേടുള്ള.
Inordinately, *ad.* ക്രമക്കേടായി.
Inquest, *s.* ശോധന, ന്യായവിസ്താരം.
Inquietude, *s.* സുഖക്കേടു, വ്യാകുലം.
Inquire, *v. a.* ചോദിക്ക, അന്വേഷിക്ക.
Inquirer, *s.* അന്വേഷണക്കാരൻ.
Inquiry, *s.* ചോദ്യം, വിചാരണ, അന്വേഷണം.
Inquisition, *s.* ന്യായവിചാരണ, ചോദ്യം.
Inquisitive, *a.* അറിവാൻ ആഗ്രഹിക്കുന്ന.
Inquisitor, *s.* ന്യായവിസ്താരക്കാരൻ.
Inrail, *v. a.* അഴികെട്ടുക.
Inroad, *s.* പടകേററം, ശത്രുഗണപ്രവേശം.
Insalubrious, *a.* സുഖക്കേടുള്ള.
Insane, *a.* ഭ്രാന്തുള്ള, ബുദ്ധിഭ്രമമുള്ള.
Insanity, *s.* ഭ്രാന്തു, ബുദ്ധിഭ്രമം, മദം.
Insatiable, *a.* തൃപ്തി വരുത്തി കൂടാത്ത, അത്യാശയുള്ള, അലംഭാവമില്ലാത്ത.
Insatiate, *a.* തൃപ്തിയില്ലാത്ത, അതികൊതിയുള്ള.
Insaturable, *a.* അലംഭാവം വരാത്ത, നിറയാത്ത.
Inscribe, *v. a.* എഴുതുക, മേൽവിലാസം എഴുതുക.

Inscription, *s.* എഴുത്തു, മേലെഴുത്തു.
Insculp, *v. a.* കൊത്തി ഉണ്ടാക്ക.
Insculpture, *s.* കൊത്തുവേല.
Insect, *s.* പുഴ, കൃമി, പ്രാണി.
Insection, *s.* ഖണ്ഡിക്കുന്നതു, വെട്ടു.
Insecure, *a.* ഉറപ്പില്ലാത്ത, സൂക്ഷ്മമില്ലാത്ത.
Insecurity, *s.* അപകടം, വിഷമത.
Insensibility, *s.* ബോധക്കേടു, ചുണകേടു.
Insensible, *a.* അറിയാത്ത, ബോധക്കേടുള്ള.
Insensibly, *ad.* അറിയാതെ, ബോധക്കേടായി.
Inseparability, *s.* വേറാക്കി കൂടായ്മ.
Inseparable, *a.* പിരിയാത്ത.
Inseparably, *ad.* വേൎപിരിയാതെ.
Insert, *v. a.* ചാൎത്തൽ എഴുതുക, കൂട്ടിച്ചേൎക്ക.
Insertion, *s.* കൂട്ടിചേൎക്കുന്നതു, കൂടെപതിക്കുക.
Inservient, *a.* ഉതകുന്ന, ഉപയോഗമുള്ള.
Inship, *v. a.* കപ്പലിൽ കയററുക.
Inside, *s.* ഉൾഭാഗം, അന്തൎഭാഗം.
Insidious, *a.* ചതിവുള്ള, ദ്രോഹമുള്ള.
Insidiously, *ad.* കൃത്രിമമായി, ചതിവായി.
Insidiousness, *s.* കൃത്രിമം, ചതിവു, വഞ്ചന.
Insight, *s.* ഉൾകാഴ്ച, ഉള്ളറിവു, സൂക്ഷ്മജ്ഞാനം.
Insignificance, *s.* നിരൎത്ഥത, അല്പകാൎയ്യം.
Insignificant, *a.* അൎത്ഥമില്ലാത്ത, നിസ്സാരമുള്ള.
Insincere, *a.* നേരല്ലാത്ത, കപടമുള്ള.
Insincerity, *s.* വ്യാപ്തി, സത്യക്കേടു, കപടം.
Insinuate, *v. a.* ലയിപ്പിക്ക, മോഹിപ്പിക്ക, സൂചിപ്പിക്ക.

Insinuation, *s.* മോഹനവാക്കു, നയവഞ്ചന.

Insipid, *a.* രസക്കേടുള്ള, സ്വാദില്ലാത്ത.

Insipidity, *s.* അരുചി, അരോചകം.

Insipience, *s.* ബുദ്ധിഹീനത, ഭോഷത്വം, മൂഢത.

Insist, *v. n.* ഊന്നുക, നിലനില്ക്ക, മാറാതിരിക്ക.

Insistent, *a.* ഊന്നുന്ന, നിബന്ധിക്കുന്ന.

Insition, *s.* ഒട്ടിച്ചു ചേൎക്കുന്നതു.

Insnare, *v. a.* കുടുക്ക, കണിയിലകപ്പെടുത്തുക.

Insnarer, *s.* കുടുക്കുന്നവൻ.

Insobriety, *s.* സുബുദ്ധികേടു, മദ്യപാനം.

Insolence, *s.* ഗൎവ്വം, ദുരഹങ്കാരം.

Insolent, *a.* ഗൎവ്വമുള്ള, ദുരഹങ്കാരമുള്ള.

Insolently, *ad.* ഗൎവ്വത്തോടെ.

Insoluble, *a*, ഉരുക്കി കൂടാത്ത.

Insolvable, *a.* തെളിയിച്ചു കൂടാത്ത.

Insolvency, *s.* കടം തീൎപ്പാൻ പ്രാപ്തിയില്ലായ്മ.

Insolvent, *a.* കടം തീൎപ്പാൻ കഴിയാത്ത.

Insomuch, *ad.* അതുകൊണ്ടു.

Inspect, *v. a.* മേൽവിചാരിക്ക, ശോധന ചെയ്ക.

Inspection, *s.* മേൽവിചാരം, പരിശോധന.

Inspector, *s.* മേൽവിചാരക്കാരൻ.

Inspersion, *s.* തളി, തളിക്കുന്നതു.

Insphere, *v. a.* വട്ടമിടുക.

Inspirable, *a.* നിശ്വസിക്കതക്ക.

Inspiration, *s.* നിശ്വാസം, ആവേശം, ഉപദേശം.

Inspire, *v. n.* നിശ്വസിക്ക, ആവേശിക്ക.

Inspire, *v. a.* ഉണൎത്തുക, ധൈൎയ്യപ്പെടുത്തുക.

Inspirit, *v. a.* ചൊടിപ്പിക്ക, ഉത്സാഹിപ്പിക്ക.

Instability, *s.* അസ്ഥിരത, നിലകേടു, ഇളക്കം.

Instable, *a.* സ്ഥിരമില്ലാത്ത, ചഞ്ചലമുള്ള.

Install, *v. ā.* ഉദ്യോഗത്തിലാക്ക, പട്ടം കെട്ടുക.

Installation, *s.* പട്ടാഭിഷേകം.

Instalment, *s.* പട്ടം കെട്ടുന്നതു, തവണ.

Instance, *s.* ദൃഷ്ടാന്തം, ഉദാഹരണം.

Instance, *v. a.* ദൃഷ്ടാന്തപ്പെടുത്തുക, ഉദാഹരിക്ക.

Instant, *a.* തൽക്കാലത്തുള്ള, വേഗമുള്ള.

Instant, *s.* ക്ഷണം, തൽക്കാലം.

Instantaneous, *a.* തൽക്ഷണമുള്ള.

Instantaneously, *ad.* തൽക്ഷണം, ഉടനെ.

Instantly, *ad.* തൽക്ഷണം, വൈകാതെ.

Instead, *prep.* പകരം.

Instigate, *v. a.* ഇളക്കിവിടുക, ഉത്സാഹിപ്പിക്ക.

Instigation, *s.* ഇളക്കിവിടുന്നതു, ഉദ്യോഗിപ്പു.

Instigator, *s.* ഉത്സാഹിപ്പിക്കുന്നവൻ.

Instill, *v. a.* ഇററിററുവീഴ്ത്തുക, ക്രമേണ മനസ്സിലാക്ക.

Instillation, *s.* ഇററിററുവീഴ്ത്തുന്നതു, ക്രമേണ മനസ്സിലാക്കുന്നതു.

Instinct, *s.* സ്വഭാവഗുണം, വാസന.

Instinctively, *ad.* പ്രകൃതസ്വഭാവത്തോടെ.

Institute, *v. a.* സ്ഥാപിക്ക, നിശ്ചയിക്ക, കല്പിക്ക.

Institute, *s.* വെപ്പു, സ്ഥാപിച്ച നീതി, പ്രമാണം.

Institution, *s.* സ്ഥാപനം, വിധി, പാഠശാല.

Instruct, *v. a.* പഠിപ്പിക്ക, ഉപദേശിക്ക.

Instructor, *s.* ഉപദേഷ്ടാവു, ഗുരു.

Instruction, *s.* പഠിതം, ഉപദേശം, കല്പന.

Instructive, *a.* അറിവുണ്ടാകുന്ന, പഠിപ്പിക്കുന്ന.

Instrument, *s.* ആയുധം, പണിക്കോപ്പു, വാദ്യം.

Instrumental, *a.* കാരണമായ, മുഖാന്തരമായ.

Instrumentality, *s.* കാരണം, മുഖാന്തരം.

Instrumentally, *ad.* കാരണത്താൽ, മുഖാന്തരം.

Insufferable, *a.* സഹിച്ചുകൂടാത്ത, ദുസ്സഹമുള്ള.

Insufficiency, *s.* പ്രാപ്തികേടു, പോരായ്മ.

Insufficient, *a.* പോരാത്ത, മതിയാകാത്ത.

Insufficiently, *ad.* മതിയാകാതെ, എത്താതെ.

Insular, *a.* ദ്വീപുസംബന്ധമുള്ള.

Insult, *s.* നിന്ദ, അവമാനം, അധിക്ഷേപം.

Insult, *v. a.* ഭത്സിക്ക, നിന്ദിക്ക, അവമാനിക്ക.

Insulter, *s.* അവമാനിക്കുന്നവൻ, ശകാരിക്കുന്നവൻ.

Insuperable, *a.* കവിഞ്ഞുകൂടാത്ത, വെന്നുകൂടാത്ത.

Insupportable, *a.* സഹിച്ചുകൂടാത്ത, അസഹ്യമുള്ള.

Insurmountable, *a.* കഴിയാത്ത, സാധിക്കാത്ത.

Insurrection, *s.* രാജദ്രോഹം, മത്സരം, കലഹം.

Intastable, *a.* ആസ്വാദിച്ചുകൂടാത്ത.

Integer, *s.* മുഴുവൻ, അശേഷം, സമൂലം.

Integral, *a.* മുഴുവനുള്ള, അശേഷമുള്ള.

Integrity, *s.* പരമാൎത്ഥം, ഉത്തമഗുണം, സത്യം.

Intellect, *s.* ബുദ്ധി, ധി, ചേതസ്സു, ജ്ഞാനം.

Intellective, *a.* ബുദ്ധിയുള്ള, അറിവുള്ള.

Intellectual, *a.* ബുദ്ധിസംബന്ധമുള്ള.

Intelligence, *s.* വൎത്തമാനം, വൃത്താന്തം, ബുദ്ധി.

Intelligencer, *s.* വൎത്തമാനം അറിയിക്കുന്നവൻ.

Intelligent, *a.* അറിവുള്ള, ബുദ്ധിയുള്ള, സാമൎത്ഥ്യമുള്ള.

Intelligible, *a.* തെളിവുള്ള, സ്പഷ്ടമായ.

Intelligibleness, *s.* തെളിവു, സ്പഷ്ടത.

Intelligibly, *ad.* തെളിവായി, സ്പഷ്ടമായി.

Intemperance, *s.* മദ്യപാനം, പതക്കേടു.

Intemperate, *a.* പതക്കേടുള്ള, പാകഭേദമുള്ള.

Intend, *v. a.* ഭാവിക്ക, നിശ്ചയിക്ക, ശ്രമിക്ക.

Intense, *a.* കടുപ്പമുള്ള, അധികമുള്ള, വലിയ, മഹാ.

Intenseness, *s.* കടുപ്പം, കഠോരം, തീക്ഷ്ണത.

Intension, *s.* മുറുക്കം, കടുപ്പം.

Intensive, *a.* ജാഗ്രതയുള്ള, വിചാരമുള്ള.

Intent, *s.* ഭാവം, സാദ്ധ്യം, അഭിപ്രായം.

Intention, *s.* ഭാവം, വിചാരം, നിശ്ചയം, കരുതൽ.

Intentional, *a.* ഭാവിച്ച, നിശ്ചയിച്ച.

Intentionally, *ad.* മനസ്സോടെ.

Intentive, *a.* താല്പൎയ്യപ്പെട്ട, ജാഗ്രതയുള്ള.

Intentively, *ad.* ജാഗ്രതയോടെ, ശുഷ്കാന്തിയോടെ.

Intently, *ad.* താല്പൎയ്യമായി.

Intentness, *s.* അതിതാല്പൎയ്യം.

Inter, *v. a.* കഴിച്ചുമൂടുക, അടക്ക.

Intercede, *v. n.* മദ്ധ്യസ്ഥംചെയ്തു, സന്ധിപറക.

Interceder, *s.* മദ്ധ്യസ്ഥൻ, നടുവൻ.

Intercept, *v. a.* തടയുക, വഴിയിൽനിന്നു പിടിക്ക.
Interception, *s.* തടവു, തടങ്ങൽ.
Intercession, *s.* മദ്ധ്യസ്ഥത, മറെറവന്നു വേണ്ടി അപേക്ഷിക്കുന്നതു.
Intercessor, *s.* മദ്ധ്യസ്ഥൻ, നടുവൻ.
Interchange, *v. a.* പരസ്സരം മാററം ചെയ്ക.
Interchange, *s.* പരസ്സരമാററം.
Interclude, *v. a.* വിരോധിക്ക, നിരോധിക്ക.
Intercommunication, *s.* സംസൎഗ്ഗം, കൂട്ടായ്മ.
Intercourse, *s.* സഹവാസം, സമ്മേളനം.
Interdict, *v. a.* വിരോധിക്ക, വിലക്ക, മുടക്ക.
Interdict, *s.* വിരോധം, നിഷേധം.
Interest, *v. a.* കാൎയ്യമാക്ക, ഉൾപ്പെടുത്തുക.
Interest, *s.* കാൎയ്യം, പ്രയോജനം, പലിശ, ലാഭം.
Interfere, *v. a.* തടസ്ഥംചെയ്ക, മദ്ധ്യസ്ഥംചെയ്ക, വല്ലകാൎയ്യത്തിൽ കൈയിടുക.
Interference, *s.* തടസ്ഥം, മദ്ധ്യസ്ഥം.
Interim, *s.* അന്തരം, ഇടസന്ധി.
Interior, *a.* അകത്തുള്ള, അന്തൎഭാഗത്തുള്ള.
Interjection, *s.* വ്യാകരണത്തിൽ ആശ്ചൎയ്യപദം.
Interjoin, *v. n.* പരസ്സരം യോജിക്ക.
Interlapse, *s.* മദ്ധ്യകാലം, ഇടക്കാലം.
Interlocution, *s.* സംഭാഷണം.
Interlope, *v. a.* അനുവാദം കൂടാതെ വ്യാപാരം ചെയ്ക.
Interloper, *s.* സംഗതി കൂടാതെ ഇടയിൽ പ്രവേശിക്കുന്നവൻ, അകംചാടി.
Intermarriage, *s.* അന്യോന്യവിവാഹം.
Intermarry, *v. a.* അന്യോന്യം കെട്ടുകയും കെട്ടികൊടുക്കയും ചെയ്ക.
Intermeddle, *v. a.* അന്യകാൎയ്യത്തിൽ കൈയിടുക.
Intermedial, *a.* മദ്ധ്യേയുള്ള, നടുവിലുള്ള.
Interminable, *a.* അററമില്ലാത്ത, തീരാത്ത.
Intermingle, *v. a.* കൂട്ടികലൎത്തുക.
Intermingle, *v. n.* കൂടികലരുക.
Intermission, *s.* ഇടവിടുന്നതു, നിൎത്തൽ.
Intermissive, *a.* ഇടവിടുന്ന.
Intermit, *v. n.* ഇടവിട്ടു വരിക.
Intermit, *v. a.* ഇടവിടുക, നിൎത്തുക.
Intermittent, *a.* മാറി മാറിവരുന്ന.
Intermix, *v. a.* കൂട്ടികലൎത്തുക, സമ്മേളിക്ക.
Intermixture, *s.* കൂട്ടിക്കലൎച്ച, സമ്മേളനം.
Internal, *a.* അകത്തുള്ള, അന്തൎഭാഗത്തുള്ള.
Internally, *ad.* അകത്തു, ഉള്ളിൽ.
Interpellation, *s.* വിളി, വരുത്തുന്നതു.
Interpose, *v. a.* മദ്ധ്യത്തിൽ ഇടുക, തടുക്ക.
Interposer, *s.* തടസ്ഥക്കാരൻ, മദ്ധ്യസ്ഥൻ.
Interposition, *s.* മദ്ധ്യത്തിൽ ഇടുന്നതു, മദ്ധ്യസ്ഥം.
Interpret, *v. a.* ഭാഷാന്തരം ചെയ്ക, വ്യാഖ്യാനിക്ക.
Interpretation, *s.* ഭാഷാന്തരം, വ്യാഖ്യാനം.
Interpreter, *s.* ദ്വിവാച്ചി, പരിഭാഷി, വ്യാഖ്യാനി.
Interregnum, *s.* തൽകാലവാഴ്ച.
Interrogate, *v. a.* ചോദിക്ക, പൃച്ഛിക്ക.
Interrogation, *s.* ചോദ്യം, അന്വേഷണം.
Interrogative, *s.* ചോദ്യം, ചോദ്യപ്രതിസംജ്ഞ.
Interrogator, *s.* ചോദിക്കുന്നവൻ, പൃച്ഛകൻ.

Interrogatory, *s.* ചോദ്യം, അന്വേ ഷണം.

Interrogatory, *a.* ചോദിക്കുന്ന.

Interrupt, *v. a.* തടയുക, വിഘ്നം വരുത്തുക, നിൎത്തുക.

Interruption, *s.* തടവു, വിരോധം, വിഘ്നം.

Intersect, *v. a.* വിഭാഗിക്ക, കണ്ടിക്ക, മുറിക്ക.

Intersect, *v. n.* മുറിയുക.

Intersperse, *v. a.* അവിടവിടെ വിതറുക.

Interspersion, *s.* അവിടവിടെ വിതറുന്നതു.

Intertwine, *v. a.* കൂട്ടിപ്പിരിക്ക.

Interval, *s.* ഇട, സന്ധി, മദ്ധ്യകാലം, അന്തരാളം.

Intervene, *v. n.* ഇടയിൽ വരിക, അന്തൎഭവിക്ക.

Intervention, *s.* ഇടയിൽ വരുന്നതു, മദ്ധ്യസ്ഥം.

Interview, *s.* തമ്മിൽ കാണുന്നതു, കൂടികാഴ്ച,

Intestinal, *a.* കുടൽ സംബന്ധിച്ച.

Intestines, *s. pl.* കുടലുകൾ.

Inthral, *v. a.* ദാസ്യമാക്ക, അടിമയാക്ക.

Inthralment, *s.* ദാസ്യവൃത്തി, അടിമ.

Intimacy, *s.* ഉററസ്നേഹം, പ്രാണസഖ്യത.

Intimate, *a.* ഉററസ്നേഹമുള്ള.

Intimate, *s.* ഉററബന്ധു, സഖി, ആപ്തൻ.

Intimate, *v. a.* സ്നേഹിപ്പിക്ക, അറിയിക്ക.

Intimately, *ad.* മനപ്പൊരുത്തത്തോടെ, നല്ലവണ്ണം.

Intimation, *s.* സൂചകം, അനുഭാവം, അറിയിപ്പു.

Intimidate, *v. a.* ഭയപ്പെടുത്തുക, വിരട്ടുക.

Into, *prep.* ഉള്ളിലേക്ക, അകത്തേക്ക.

Intolerable, *a.* സഹിച്ചു കൂടാത്ത, ദുസ്സഹമുള്ള.

Intolerably, *ad.* സഹിച്ചു കൂടാതെ.

Intolerance, *s.* അസഹിഷ്ണുത.

Intolerant, *a.* പൊറുതികേടുള്ള.

Intort, *v. a.* പിരിമുറുക്ക, ചുരുട്ടുക, പിഴിയുക.

Intoxicate, *v. a.* ലഹരി പിടിപ്പിക്ക, ഉന്മദിപ്പിക്ക.

Intoxicating, *a.* ലഹരി പിടിപ്പിക്കുന്ന.

Intoxication, *s.* ലഹരി, വെറി, ഉന്മദം.

Intractable, *a.* കീഴടങ്ങാത്ത, ദുശ്ശാഠ്യമുള്ള.

Intractableness, *s.* ദുശ്ശാഠ്യം, വികടം.

Intranquillity, *s.* നിശ്ശാന്തത, ചാഞ്ചല്യം.

Intransitive, *s.* വ്യാകരണത്തിൽ അകൎമ്മകം.

Intrench, *v. a.* കിടങ്ങുകൊണ്ടു ഉറപ്പിക്ക, വാടയിടുക, ആക്രമിക്ക.

Intrenchment, *s.* കിടങ്ങുള്ള കോട്ട.

Intrepid, *a.* ഭയമില്ലാത്ത, ധീരതയുള്ള.

Intrepidity, *s.* നിൎഭയം, ധീരത.

Intricacy, *s.* കുഴക്ക, പിണക്കം, ദുൎഘടം.

Intrigue, *s.* കൂട്ടുകെട്ടു, ദുൎമ്മന്ത്രം, ഉപായം.

Intrigue, *v. a.* കൂട്ടുകെട്ടുണ്ടാക്കുക, ദ്രോഹിക്ക.

Intriguer, *s.* കൂട്ടുകെട്ടുണ്ടാക്കുന്നവൻ.

Intrinsic, *a.* ഉള്ളിലുള്ള, സത്യമുള്ള.

Introduce, *v. a.* പ്രവേശിപ്പിക്ക, പരിചയം വരുത്തുക.

Introducer, *s.* പ്രവേശിപ്പിക്കുന്നവൻ.

Introduction, *s.* പ്രവേശിപ്പിക്കുന്നതു, മുഖവുര, അവതാരിക.

Introductory, *s.* മുഖവുരസംബന്ധിച്ച.

Intrude, *v. a.* ആക്രമിച്ചു കടക്ക, നിബന്ധിച്ചു കടക്ക.

Intruder, *s.* അനുവാദം കൂടാതെ കടക്കുന്നവൻ.

Intrusion, *s.* ആക്രമിച്ചു കടക്കുന്നതു.

Intrusive, *a.* ആക്രമിച്ചു കടക്കുന്ന.

Intrust, *v. a.* വിശ്വസിച്ചു ഏല്പിക്ക, ഭരമേല്പിക്ക.
Intuition, *s.* തൽക്കാലജ്ഞാനം, അറിവു.
Intwine, *v. a.* കൂട്ടിപ്പിരിക്ക, കൂട്ടിച്ചുററുക.
Inumbrate, *v. a.* നിഴലിടുക, നിഴലിക്ക.
Inunction, *s.* തേക്കൽ, അഭിഷേകം.
Inundation, *s.* പ്രളയം, വെള്ളപ്പൊക്കം.
Inure, *v. a.* ശീലിപ്പിക്ക, പരിചയിപ്പിക്ക.
Inurement, *s.* ശീലം, പരിചയം.
Inutile, *a.* അപ്രയോജനമുള്ള.
Inutility, *s.* അപ്രയോജനം, നിസ്സാരം.
Invade, *v. a.* ആക്രമിക്ക, അതിക്രമിക്ക.
Invader, *s.* ആക്രമി.
Invalid, *s.* രോഗി, ബലഹീനൻ, ദീനൻ.
Invalidate, *v. a.* ബലമില്ലാതാക്ക, നിഷ്ഫലമാക്ക.
Invalidity, *s.* ബലഹീനത, ദുൎബ്ബലം.
Invaluable, *a.* വിലയേറിയ.
Invariable, *a.* മാറാത്ത, അഭേദ്യമുള്ള.
Invariableness, *s.* മാറായ്മ, നിൎഭേദ്യം.
Invariably, *ad.* മാറാതെ, സ്ഥിരമായി.
Invasion, *s.* ആക്രമിക്കുന്നതു, ശത്രുപ്രവേശം.
Invasive, *a.* ആക്രമിക്കുന്ന.
Invective, *s.* കൊള്ളിവാക്കു, ശകാരം.
Invective, *a.* കൊള്ളിക്കുന്ന, നിഷ്ഠുരമുള്ള.
Inveigh, *v. n.* ശകാരിക്ക, മുഷിച്ചു പറക.
Invent, *v. a.* നിനച്ചു കാണ്ക, നിരൂപിച്ചുണ്ടാക്ക.
Inventer, *s.* കൃതിക്കാരൻ, യന്ത്രികൻ.
Invention, *s.* കൃതി, കബന്ധം, ബുദ്ധികൌശലം.
Inventive, *a.* കൃതിസംബന്ധമായ.
Inventor, *s.* കൃതിക്കാരൻ, കവിതക്കാരൻ.
Inventory, *s.* വസ്തുവകയുടെ വിവരചാൎത്തൽ.
Inverse, *a.* മറിച്ചിട്ടുള്ള, വിപരീതമുള്ള.
Inversion, *s.* മറിച്ചൽ, മാറുപാടു.
Invert, *v. a.* കീഴ്മേൽ മറിക്ക, മുമ്പുപിമ്പാക്ക.
Invertedly, *ad.* കീഴ്മേൽ മറിഞ്ഞിട്ടു.
Invest, *v. a.* ഉടുപ്പിക്ക, അലങ്കരിക്ക, ഉദ്യോഗത്തിലാക.
Investigable, *a.* ശോധനചെയ്യപ്പെടുവാന്തക്ക.
Investigation, *s.* ശോധന, വിസ്താരം.
Investiture, *s.* ഉദ്യോഗത്തിലാക്കൽ.
Investment, *s.* ഉടുപ്പു, വസ്ത്രം, മുടക്കം.
Inveteracy, *s.* പഴക്കമുള്ള ദോഷം, പഴക്കമുള്ള വ്യാധി.
Inveterate, *a.* പഴക്കമുള്ള, കടുപ്പമുള്ള.
Invidious, *a.* അസൂയയുള്ള, ഈൎഷ്യയുള്ള.
Invidiously, *ad.* അസൂയയോടെ.
Invidiousness, *s.* അസൂയ, ഈൎഷ്യ.
Invigorate, *v. a.* ശക്തിപ്പെടുത്തുക, ധൈൎയ്യപ്പെടുത്തുക.
Invincible, *a.* അജയം, വെന്നുകൂടാത്ത.
Inviolable, *a.* ലംഘിച്ചുകൂടാത്ത.
Inviolate, *a.* ഉപദ്രവം കൂടാത്ത, ഭംഗംവരാത്ത.
Invisibility, *s.* അപ്രത്യക്ഷത, കാണപ്പെടായ്മ.
Invisible, *a.* അദൃശ്യം, അപ്രത്യക്ഷം, കണ്ടുകൂടാത്ത.
Invisibly, *ad.* കാണപ്പെടാതെ, അപ്രത്യക്ഷമായി.
Invitation, *s.* ക്ഷണിക്കുന്നതു, ക്ഷണനം, വിളി.
Invite, *v. a.* വിളിക്ക, ക്ഷണിക്ക, വശീകരിക്ക.
Invocate, *v. a.* അൎത്ഥിക്ക, യാചിക്ക, വിളിക്ക.
Invocation, *s.* അൎത്ഥനം, യാചന, പ്രാൎത്ഥന.

Invoke, *v. a.* അൎത്ഥിക്ക, യാചിക്ക, വിളിക്ക.
Involve, *v. a.* ചുരുട്ടുക, കുടുക്കിലാക്ക, കുഴക്ക.
Involuntarily, *ad.* മനസ്സില്ലാതെ.
Involuntary, *a.* മനസ്സില്ലാത്ത, മനസ്സുകേടുള്ള.
Involution, *s.* ചുരുൾച്ച, കുടുക്കു.
Invulnerable, *a.* മുറിവേല്പിച്ചുകൂടാത്ത.
Inward, *ad.* അകത്തോട്ടു, അകത്തേക്ക.
Inward, *a.* അകത്തുള്ള, ഉള്ളിലുള്ള.
Inwardly, *ad.* അകത്തു, ഉള്ളിൽ.
Inweave, *v. a.* കൂട്ടിനെയ്യുക.
Inwrap, *v. a.* ചുരുട്ടുക, പൊതിയുക, കുഴക്ക.
Inwreathe, *v. a.* മാലകൊണ്ടലങ്കരിക്ക.
Ire, *s.* കോപം, ക്രോധം, ഉഗ്രം.
Iris, *s.* മേഘവില്ലു, ഇന്ദ്രധനുസ്സ.
Irksome, *a.* മുഷിച്ചലുള്ള, വരുത്തമുള്ള.
Iron, *s.* ഇരിമ്പു, ആയസം.
Iron, *a.* ഇരിമ്പുള്ള.
Iron, *v. a.* ഇരിമ്പുകൊണ്ടു മിനുക്ക.
Ironical, *a.* നിന്ദാസ്തുതിയുള്ള, ഹാസ്യമായ.
Irony, *s.* നിന്ദാസ്തുതി, കൊള്ളിവാക്കു, പരിഹാസം.
Irradiance, *s.* രശ്മികൾകൊണ്ടുള്ള ശോഭ.
Irradiate, *v. a.* രശ്മികൾവീശി പ്രകാശിപ്പിക്ക.
Irradiation, *s.* രശ്മികൾ വീശുന്നതു, ബുദ്ധിപ്രകാശം.
Irrational, *a.* ന്യായവിരോധമുള്ള.
Irrationality, *s.* ന്യായക്കേടു.
Irreclaimable, *a.* നന്നാക്കിക്കൂടാത്ത.
Irreconcilable, *a.* യോജിപ്പിച്ചുകൂടാത്ത.
Irrecoverable, *a.* തിരികെ കിട്ടിക്കൂടാത്ത, സൌഖ്യപ്പെടുത്തിക്കൂടാത്ത.
Irrefutable, *a.* മറുത്തുകൂടാത്ത.
Irregular, *a.* ക്രമക്കേടുള്ള, മുറകേടുള്ള.
Irregularity, *s.* ക്രമക്കേടു, മുറകേടു, നിൎമ്മൎയ്യാദ.
Irregularly, *ad.* ക്രമക്കേടായി.
Irreligion, *s.* ഭക്തിവിഹീനത, നാസ്തികത്വം.
Irreligious, *a.* ഭക്തിയില്ലാത്ത, ദേവവിചാരമില്ലാത്ത.
Irremediable, *a.* പരിഹരിച്ചുകൂടാത്ത.
Irremissible, *a.* ക്ഷമിച്ചുകൂടാത്ത.
Irremovable, *a.* നീക്കിക്കൂടാത്ത.
Irreparable, *a.* നന്നാക്കിക്കൂടാത്ത.
Irreprehensible, *a.* കുററമില്ലാത്ത.
Irreproachable, *a.* അനിന്ദ്യമുള്ള, ആക്ഷേപിച്ചുകൂടാത്ത.
Irreproachably, *ad.* കുററംകൂടാതെ.
Irreprovable, *a.* കുററം ചുമത്തിക്കൂടാത്ത.
Irresistible, *a.* എതിരിട്ടുകൂടാത്ത, തടുത്തുകൂടാത്ത.
Irresolute, *a.* മനോനിശ്ചയമില്ലാത്ത.
Irresolution, *s.* തമോഗുണം, താമസഭാവം.
Irrespective, *a.* കാൎയ്യം വിചാരിയാത്ത.
Irretrievable, *a.* വീണ്ടുകിട്ടാത്ത, നന്നാക്കിക്കൂടാത്ത.
Irreverence, *s.* മാനവിചാരഹീനത.
Irreverent, *a.* മാനവിചാരഹീനമുള്ള.
Irreversible, *a.* മാററിക്കൂടാത്ത.
Irrevocable, *a.* തിരികെ വിളിപ്പിച്ചുകൂടാത്ത.
Irrigate, *v. a.* നനെക്ക, വെള്ളംകയററുക.
Irrigation, *s.* നനെക്കുന്നതു, വെള്ളംകയററുന്നതു.
Irrision, *s.* പരിഹാസം, അപഹാസം.
Irritable, *a.* മുൻകോപമുള്ള.
Irritate, *v. a.* കോപിപ്പിക്ക, ഇളക്കിവിടുക.
Irritation, *s.* കോപം, ഇളക്കം, നീരസഭാവം.

Irruption, *s.* പിളൎക്കുന്നതു, ആക്രമം.
Is, *v. a. (to be.)* ആകുന്നു.
Island, isle, *s.* ദ്വീപു, തുരുത്തി.
Islander, *s.* ദ്വീപുകാരൻ.
Isosceles, *s.* രണ്ടു ഭാഗങ്ങൾ ഒക്കുന്നതു.
Issue, *s.* പുറപ്പാടു, പോക്കു, ഗതി, സന്തതി.
Issue, *v. n.* പുറപ്പെടുക, ഉണ്ടാക, ഭവിക്ക.
Issueless, *a.* സന്തതിയില്ലാത്ത.
Isthmus, *s.* മുനമ്പു.
It, *pron.* അതു, ഇതു.
Itch, *s.* ചൊറി, ചിരങ്ങ.
Itch, *v. n.* ചൊറിയുക.
Itchy, *a.* ചൊറിയുന്ന.
Item, *ad.* അനുഭാവം, പിന്നെയും, പുതിയ വസ്തു, തുക.
Iterate, *v. a.* ആവൎത്തിക്ക, ഉരുക്കഴിക്ക.
Iteration, *s.* ആവൎത്തനം.
Itinerant, *a.* ഇങ്ങുമങ്ങും സഞ്ചരിക്കുന്ന.
Itself, *pron.* ഇതു തന്നെ, അതു തന്നെ.
Ivory, *s.* ആനക്കൊമ്പു.
Ivory, *a.* ആനക്കൊമ്പു കൊണ്ടു തീൎത്ത.

J.

Jacent, *a.* കിടക്കുന്ന, നീണ്ടുകിടക്കുന്ന.
Jack, *s.* മിടുക്കൻ, ഉപായി.
Jackpudding, *s.* വിനോദക്കാരൻ.
Jackal, *s.* കുറുക്കൻ, കുറുനരി, ക്രോഷ്ടാവു.
Jacket, *s.* ചട്ട, കഞ്ചുകം.
Jaculation, *s.* എയ്യുന്നതു, എറിയുക.
Jade, *v. a.* ക്ഷീണിപ്പിക്ക, ആയാസപ്പെടുത്തുക.
Jadish, *a.* ചീത്ത, കൊള്ളരുതാത്ത.
Jag, *s.* വള്ളൽ, വളവു.
Jaggy, *a.* വളവുള്ള, കൊൎത്തയുള്ള.
Jail, *a.* കാരാഗൃഹം, തടവു, തുറുങ്കു.
Jailer, *s.* കാരാഗൃഹവിചാരകൻ, കാരാഗൃഹരക്ഷി.
Jamb, *s.* കട്ടിളക്കാൽ.
Jangle, *v. n.* കലഹിക്ക, വാദിക്ക.
Jangler, *s.* കലഹക്കാരൻ, വാഗ്വാദി.
January, *s.* മകരമാസം, ജനുവരി.
Japan, *s.* അരക്കു.
Jar, *v. n.* തട്ടുക, മുട്ടുക, തൎക്കിക്ക, കിറുകിറുക്ക.
Jar, *s.* തട്ടൽ, മുട്ടൽ, കിടച്ചൽ, വാഗ്വാദം.
Jargon, *s.* തുമ്പില്ലാത്ത സംസാരം, വായാട്ടം.
Jasmine, *s.* മുല്ല.
Jasper, *s.* യസ്പികല്ലു.
Jaundice, *s.* കാമലം, പിത്തകാമലം.
Jaunt, *v. n.* ചുററിനടക്ക, സഞ്ചരിക്ക.
Javelin, *s.* ചെറുകുന്തം, വേൽ.
Jaw, *s.* താടിയെല്ലു, കരട്ടകത്തി, വായ.
Jealous, *s.* അസൂയയുള്ള, വൈരാഗ്യമായ.
Jealously, *ad.* അസൂയയാൽ.
Jealousy, *s.* അസൂയ, സ്പൎദ്ധ, വൈരാഗ്യം.
Jeer, *v. a.* അപഹസിക്ക, നിന്ദിക്ക, ധിക്കരിക്ക.
Jeer, *s.* അപഹാസം, നിന്ദ, ധിക്കാരം.
Jehovah, *s.* യഹോവ, ജീവനുള്ള ദൈവം.
Jelly, *s.* കുറുക്കിയ ചാർ.
Jeopard, *v. a.* ആപത്തിലാക്ക, ഹാനിവരുത്തുക.
Jeopardy, *s.* ആപത്തു, വിപത്തു, ഭീതി.
Jest, *v. n.* അപഹസിക്ക, കളിവാക്കു പറക.
Jest, *s.* ഹാസം, സരസവാക്കു, ഫലിതം.

Jester, *s.* ഹാസ്യക്കാരൻ, അപഹാസി.
Jesting, *s.* സരസവാക്കു, കളിവാക്കു.
Jet, *v. n.* തുറിക്ക, ഞെളിഞ്ഞു നടക്ക.
Jetty, *a.* ഏററവും കറുപ്പുള്ള.
Jew, *s.* യഹൂദൻ.
Jewel, *s.* ആഭരണം, രത്നം, മണി.
Jeweller, *s.* തട്ടാൻ.
Jewess, *s.* യഹൂദസ്ത്രീ.
Jilt, *s.* വഞ്ചകി, ദുഷ്കീൎത്തിയുള്ളവൾ.
Jilt, *v. a.* വഞ്ചിക്ക, തട്ടിക്ക.
Jingle, *v. n.* കിലുങ്ങുക, കിണുങ്ങുക.
Jingle, *s.* കിലുക്കം, കിണുക്കം.
Job, *s.* ചില്വാന വേല, അല്പവേല, കുത്തു.
Job, *v. a.* കുത്തുക, വെട്ടുക.
Jockey, *v. a.* മുട്ടുക, ചതിക്ക, വഞ്ചിക്ക.
Jocularity, *s.* സരസത, ഹാസം, ഉന്മേഷം.
Jocund, *a.* സരസമുള്ള, പ്രമോദമുള്ള.
Jog, *v. a.* കുലുക്ക, അനക്ക, മുട്ടുക.
Jog, *v. n.* നടന്നുപോക, ചാടി ചാടി പോക.
Jog, *s.* തള്ളൽ, മുട്ടു, അനക്കം.
Joggle, *v. a.* അനക്ക, മുട്ടുക, ഇളക്ക.
Join, *v. a.* ചേൎക്ക, കൂട്ടുക, യോജിപ്പിക്ക.
Join, *v. n.* ചേരുക, കൂടുക, ഒട്ടുക, യോജിക്ക.
Joining, *s.* ഏപ്പു, ചേപ്പു, മൂട്ടു.
Joint, *s.* സന്ധി, മൎമ്മം, ചേപ്പു, ഏപ്പു.
Jointly, *ad.* ഒന്നിച്ചു, ഒരുമിച്ചു.
Jointure, *s.* സ്ത്രീധനസമ്പത്തു.
Joke, *s.* കളിവാക്കു, ഹാസ്യവാക്കു.
Joke, *v. a.* കളിച്ചു പറക, ഗോഷ്ഠികാട്ടുക.
Jole, *s.* കവിൾ, മത്സ്യത്തിന്റെ തല.
Jollity, *s.* ഉല്ലാസം, ആഹ്ലാദം, വിളയാട്ടം.
Jolly, *a.* ഉല്ലസിക്കുന്ന, ആഹ്ലാദമുള്ള.
Jolt, *v. n.* കുലുങ്ങുക, ഇളക, ആട്ടുക.
Jolt, *v. a.* കുലുക്ക, ഇളക്ക.
Jostle, *v. a.* തിക്ക, ഉന്തുക, മുട്ടുക, കിടയുക.
Jot, *s.* പുള്ളി, കുത്തു.
Journal, *s.* വൎത്തമാന കടലാസ്സു, നാൾവഴി.
Journalist, *s.* ദിവസവൃത്താന്തം എഴുതുന്നവൻ.
Journey, *s.* വഴിയാത്ര, പ്രയാണം.
Journey, *v. n.* യാത്രയാക, പ്രയാണം ചെയ്ക.
Joust, *s.* കള്ളപ്പോർ.
Jovial, *a.* ഉല്ലസിക്കുന്ന, ഉന്മേഷമുള്ള.
Jovialness, *s.* ഉല്ലാസം, ഉന്മേഷം.
Joy, *s.* സന്തോഷം, മോദം, ആനന്ദം.
Joy, *v. n.* സന്തോഷിക്ക, മോദിക്ക, പ്രസാദിക്ക.
Joy, *v. a.* സന്തോഷിപ്പിക്ക, പ്രസാദിപ്പിക്ക.
Joyful, *a.* സന്തോഷം നിറഞ്ഞ, മോദിക്കുന്ന.
Joyfulness, *s.* സന്തോഷം, മോദം, പ്രസാദം.
Joyless, *a.* സന്തോഷമില്ലാത്ത, പ്രസാദിക്കാത്ത.
Joyous, *a.* സന്തോഷമുള്ള, പ്രസാദമുള്ള.
Jubilant, *a.* സന്തോഷിച്ചു പാടുന്ന.
Jubilation, *s.* ജയഘോഷം പാടുന്നതു.
Jubilee, *s.* മഹോത്സവം.
Jucundity, *s.* മനോഹരം, രമ്യത, ആഹ്ലാദം.
Judaism, *s.* യഹൂദമതം.
Judge, *s.* ന്യായാധിപതി, വിധികൎത്താവു.
Judge, *v. a.* വിധിക്ക, നിദാനിക്ക, തീൎപ്പിക്ക.

Judgment, *s.* വിധി, ന്യായതീൎപ്പ, ശിക്ഷാവിധി.

Judicature, *s.* ന്യായാധിപത്യം.

Judicial, *a.* ന്യായവിസ്താരം സംബന്ധിച്ച.

Judicially, *ad.* നീതിശാസ്ത്രപ്രകാരം.

Judicious, *a.* വിവേകമുള്ള, ബുദ്ധിയുള്ള.

Judiciously, *ad.* ബുദ്ധിയോടെ.

Jug, *s.* പാനപാത്രം.

Juggle, *s.* ചെപ്പിടിവിദ്യ, മായാവിദ്യ.

Juggler, *s.* മായാവി, ഇന്ദ്രജാലികൻ.

Juice, *s.* ചാറ, നീർ, രസം, സാരം.

Juicy, *a.* ചാറുള്ള, നീരുള്ള.

July, *s.* കൎക്കിടക മാസം, ജുലായി.

Jumble, *v. a.* കൂട്ടികലൎത്തുക, മിശ്രമാക്ക.

Jumble, *v. n.* കൂട്ടികലരുക.

Jump, *v. n.* ചാട്ടുക, തുള്ളുക, കുതിക്ക.

Jump, *s.* ചാട്ടം, തുള്ളൽ, കുതിപ്പ, തത്തൽ.

Junction, *s.* ചേൎപ്പ, ഒന്നിപ്പ, സന്ധി.

Juncture, *s.* സന്ധി, സന്ധിപ്പ, ഐകമത്യം.

June, *s.* മിഥുനമാസം, ജൂൻ.

Junior, *a.* ഇളയ, വയസ്സ കുറഞ്ഞ.

Junior, *s.* ഇളയവൻ.

Junk, *s.* ചീനക്കപ്പൽ.

Junket, *s.* മധുരപലഹാരം.

Jurisdiction, *s.* ന്യായാധികാരം, ഇടവക.

Jurisprudence, *s.* നീതിശാസ്ത്രപരിചയം.

Jurist, *s.* നയജ്ഞൻ, നീതിശാസ്ത്രജ്ഞൻ.

Juror, *s.* സത്യക്കാരൻ.

Jury, *s.* പഞ്ചായക്കാർ.

Just, *a.* നീതിയുള്ള, നേരുള്ള.

Justice, *s.* നീതി, ധൎമ്മം, വ്യവഹാരം, രാജനീതി.

Justifiable, *a.* നീതീകരിക്കപ്പെടത്തക്ക.

Justifiably, *ad.* നീതീകരിക്കപ്പെടത്തക്കതായി.

Justification, *s.* നീതീകരണം.

Justifier, *s.* നീതീകരിക്കുന്നവൻ.

Justify, *v. a.* നീതീകരിക്ക, നീതിയാക്ക.

Justly, *ad.* നേരായി, നീതിയായി, സത്യമായി.

Justness, *s.* നീതി, ന്യായം, തിട്ടം, നേർ.

Jut, *v. n.* ഉന്തിനില്ക്ക, തള്ളിനില്ക്ക.

Juvenile, *a.* യൌവനമുള്ള, ബാല്യമുള്ള.

Juvenility, *s.* യൌവനം, കൌമാരം, ബാല്യം.

K.

Kalendar, *s.* പഞ്ചാംഗം.

Kaw, *v. n.* കാക്കപോലെ കരയുക.

Keck, *v. n.* ഓക്കാനിക്ക.

Keel, *s.* കപ്പലിന്റെ അടി.

Keen, *a.* മൂൎച്ചയുള്ള, കൂൎമ്മയുള്ള, ഉഗ്രമുള്ള.

Keenly, *ad.* കൂൎമ്മതയോടെ, ഉഗ്രമായി.

Keenness, *s.* മൂൎച്ച, കൂൎമ്മ, കൎശനം, തിക്ഷ്ണത.

Keep, *v. a.* വെക്ക, കാക്ക, സൂക്ഷിക്ക, ആചരിക്ക.

Keep, *s.* കാവൽ, വാട, ഉറപ്പുള്ള കോട്ട.

Keeper, *s.* കാവൽക്കാരൻ, സൂക്ഷിക്കുന്നവൻ.

Kell, *s.* പായസം, നൈവല.

Ken, *v. a.* കാണ്ക, അറിക.

Kennel, *s.* നായ്ക്കൂട, നായ്ക്കൂട്ടം.

Kerchief, *s.* ഉറുമാൽ, ലെഞ്ചി.

Kern, *v. n.* മണിപ്പിടിക്ക, മണിയാക.

Kernel, *s.* അണ്ടി, കുരു.

Kettle, *s.* ചെമ്പപാത്രം.

Kettledrum, *s.* ഭേരി, പെരിമ്പറ.
Key, *s.* താക്കോൽ, പിരിയാണി.
Keyhole, *s.* താക്കോൽ പഴുത.
Keystone, *s.* ആണിക്കല്ലു.
Kibe, *s.* ചുട്ടുവാതം.
Kick, *v. a.* ചവിട്ടുക, തൊഴിക്ക.
Kick, *s.* ചവിട്ടു, തൊഴി, മെതി.
Kid, *s.* കോലാട്ടിൻ കുട്ടി.
Kidnap, *v. a.* കുഞ്ഞുങ്ങളെ മോഷ്ടിക്ക, മനുഷ്യരെ മോഷ്ടിക്ക.
Kidney, *s.* കുണ്ടിക്ക.
Kill, *v. a.* കൊല്ലുക, വധിക്ക, മരിപ്പിക്ക.
Killer, *s.* ഘാതകൻ, ഹന്താവു.
Kiln, *s.* ചൂള, ചൂളയടുപ്പു.
Kin, *s.* ചാൎച്ച, ബന്ധു, സംബന്ധം.
Kind, *s.* ജാതി, തരം, വിധം, വക.
Kind, *a.* ദയയുള്ള, പ്രീതിയുള്ള, നല്ല.
Kindle, *v. a.* കത്തിക്ക, കൊളുത്തുക, പററിക്ക.
Kindle, *v. n.* കത്തുക, തീ പിടിക്ക.
Kindly, *ad.* ദയയോടെ, പ്രീതിയാൽ.
Kindly, *a.* ശാന്തമായ, സ്നേഹമുള്ള.
Kindness, *s.* പ്രീതി, ദയ, സ്നേഹം, പ്രേമം.
Kindred, *s.* ചാൎച്ച, ബന്ധുത്വം, ശേഷക്കാർ.
Kindred, *a.* സഹജമായ, സംബന്ധമുള്ള.
Kine, *s. pl.* പശുക്കൾ.
King, *s.* രാജാവു, രാജൻ, നൃപൻ, ഭൂപതി.
Kingdom, *s.* രാജ്യം, ദേശം, നാടു.
Kingly, *a.* രാജസംബന്ധമുള്ള.
Kingship, *s.* രാജസ്ഥാനം.
Kinsfolk, *s. pl.* ചാൎച്ചക്കാർ, ശേഷക്കാർ.
Kinsman, *s.* ചാൎച്ചക്കാരൻ, ബന്ധു.
Kinswoman, *s.* ചാൎച്ചക്കാരത്തി.
Kirk, *s.* പള്ളി.
Kirtle, *s.* ഉത്തരീയം, മേല്പുടവ.
Kiss, *v. a.* ചുംബിക്ക, മുത്തുക, ഉമ്മുത്തുക.
Kiss, *s.* ചുംബനം, മുത്തം, ഉമ്മ.
Kitchen, *s.* അടുക്കള, വെപ്പുപുര.
Kitchen-garden, *s.* സസ്യത്തോട്ടം.
Kitchen-maid, *s.* അടുക്കളക്കാരത്തി.
Kite, *s.* പരുന്തു.
Kitten, *s.* പൂച്ചക്കുട്ടി.
Klick, *v. n.* കിലുങ്ങുക, കിടുങ്ങുക.
Klicking, *s.* കിലുക്കം.
Knack, *s.* കൈവേഗം, മിടുക്ക, ഒരുക്കം.
Knap, *v. a.* കടിക്ക, പൊട്ടിക്ക.
Knapple, *v. n.* ഞെരിയുക, നുറുങ്ങുക.
Knapsack, *s.* പട്ടാളക്കാരുടെ, തോൽ മാറാപ്പു.
Knar, *s.* മുഴന്തു, മുഴ.
Knave, *s.* കള്ളൻ, മോഷണക്കാരൻ.
Knavery, *s.* കള്ളന്ത്രാണം.
Knead, *v. a.* കുഴെക്ക.
Knee, *s.* കാലിന്റെ മുട്ടു, മുഴങ്കാൽ.
Kneedeep, *a.* മുട്ടോളം ആഴമുള്ള.
Kneel, *v. n.* മുട്ടുകുത്തുക, കുമ്പിടുക.
Kneepan, *s.* മുട്ടിന്റെ കുഴ.
Knell, *s.* മണിയുടെ ശബ്ദം.
Knew, *pret. of to know*, അറിഞ്ഞു.
Knife, *s.* കത്തി, പീച്ചാങ്കത്തി.
Knight, *s.* സ്ഥാനി, പരാക്രമി, വീരൻ.
Knight, *v. a.* മാടമ്പിസ്ഥാനം, കൊടുക്ക.
Knighthood, *s.* മാടമ്പിസ്ഥാനം.
Knit, *v. a.* മെടഞ്ഞുകെട്ടുക, പിന്നുക.
Knob, *s.* മുഴന്തു, കമ്പു, മുട്ടു.
Knock, *v. a.* മുട്ടുക, തട്ടുക, ഇടിക്ക, അടിക്ക.
Knock, *s.* മുട്ടൽ, തട്ടൽ, ഇടി, കിടച്ചൽ.
Knocker, *s.* മുട്ടുന്നവൻ, കതകുതട്ടി.
Knoll, *v. n.* മണിപോലെ ശബ്ദിക്ക.
Knot, *s.* കെട്ടു, കമ്പു, കല, വിഷമത.
Knot, *v. a.* കെട്ടുക, പിന്നുക, കുഴക്ക.

Know, *v. a.* അറിക, ഗ്രഹിക്ക, ബോധിക്ക.
Knowable, *a.* അറിവാറാകുന്ന.
Knowing, *a.* അറിയുന്ന, സാമൎത്ഥ്യമുള്ള.
Knowingly, *ad.* അറിഞ്ഞിട്ടു.
Knowledge, *s.* അറിവു, ജ്ഞാനം, വിദ്യ, പരിചയം, പരിജ്ഞാനം.
Knuckle, *v. n.* വണങ്ങുക, കീഴടങ്ങുക.
Knuckle, *s.* വിരലിന്റെ മുട്ടു, മുട്ടു.

L.

La, *inter.* ഇതാ, കണ്ടാലും, കാണ്ക.
Labial, *s.* ഓഷ്ഠ്യം.
Laborant, *s.* രസവാദി, പുടവേലക്കാരൻ.
Laboratory, *s.* പുടവേല നടക്കുന്ന ശാല.
Laborious, *a.* അദ്ധ്വാനിക്കുന്ന, ഉഴെപ്പുള്ള.
Laboriously, *ad.* അദ്ധ്വാനത്തോടെ.
Laboriousness, *s.* അദ്ധ്വാനം, അതിപ്രയത്നം.
Labour, *s.* അദ്ധ്വാനം, പ്രയത്നം, വേല, പണി.
Labour, *v. n.* അദ്ധ്വാനിക്ക, വേലചെയ്യു.
Labour, *v. a.* പ്രയാസപ്പെട്ടുചെയ്യു, തല്ലുക, ഇടിക്ക.
Labourer, *s.* വേലക്കാരൻ, പ്രയത്നക്കാരൻ.
Labouring, *a.* അദ്ധ്വാനിക്കുന്ന, യത്നിക്കുന്ന.
Labyrinth, *s.* കൃത്രിമമണ്ഡപം, രാവണൻകോട്ട.
Lac, *s.* അരക്ക, ലാക്ഷ, ലക്ഷം.
Lace, *s.* നാട, കസവ, ഫീട്ടു.
Lace, *v. a.* നാടവെച്ചു തൈക്ക.
Lacerate, *v. a.* ചിനക്ക, കീറികളക, ചീന്തുക.
Laceration, *s.* ചിനക്ക, കീറൽ, ചീന്തൽ.
Lack, *v. n.* ആവശ്യപ്പെടുക, വേണ്ടിയിരിക്ക.
Lack, *s.* ആവശ്യം, മുട്ടു, കുറവു.
Laconism, *s.* വാചകചുരുക്കം.
Lactant, *a.* മുലകുടിക്കുന്ന, പാൽകൊടുക്കുന്ന.
Lad, *s.* ചെറുക്കൻ, ബാല്യക്കാരൻ.
Ladder, *s.* കോണി, ഏണി.
Lade, *v. a.* ഏററുക, ചുമടേററുക.
Lading, *s.* ഭാരം, കപ്പൽകേവു.
Lady, *s.* കുടുംബിനി, യജമാനത്തി, നാഥ.
Lag, *v. n.* പിന്നിടുക, പിൻവരിക, താമസിക്ക.
Laid, *part. pass. of to lay*, വെച്ചു, ഇട്ടു.
Lain, *part. pass. of to lie*, കിടന്ന.
Laity, *s.* സാധാരണ ജനങ്ങൾ.
Lake, *s.* വെള്ളത്തടാകം, പൊയ്ക, കായൽ.
Lamb, *s.* ആട്ടിൻകുട്ടി.
Lame, *a.* നൊണ്ടുള്ള, മുടന്തുള്ള, ഊനമുള്ള.
Lame, *v. a.* മുടന്താക്ക, നൊണ്ടിക്ക.
Lameness, *s.* മുടന്തു, നൊണ്ടൽ, ഊനത.
Lament, *v. a.* വിലാപിക്ക, പ്രലാപിക്ക.
Lamentable, *a.* സങ്കടമുള്ള, ദുഃഖമുള്ള.
Lamentation, *s.* വിലാപം, പ്രലാപം, കരച്ചൽ.
Lamenter, *s.* പ്രലാപിക്കുന്നവൻ, ദുഃഖിതൻ.
Lamp, *s.* വിളക്കു, ദീപം.
Lampblack, *s.* വിളക്കുമഷി.
Lance, *s.* കുന്തം, ഈട്ടി, വേൽ, ശൂലം.
Lancer, *s.* വേല്ക്കാരൻ, കുന്തക്കാരൻ.

Lancet, *s.* വജ്രകത്തി, ശസ്ത്രം, കരുവി.
Lanch, *v. a.* ചാട്ടുക, എറിയുക.
Lancinate, *v. a.* കീറുക, ചീന്തുക, പിളൎക്ക.
Land, *s.* നാട്ടു, പ്രദേശം, ദിക്ക, നിലം, ഭൂമി, കര.
Land, *v. a.* കരെക്ക ഇറങ്ങുക.
Landflood, *s.* വെള്ളപ്പൊക്കം, പ്രളയം.
Landholder, *s.* ജന്മി.
Landing, *s.* കടവു, കോണിയുടെ മേലത്തെ പടി.
Landlady, *s.* സത്രത്തിലെ യജമാനത്തി.
Landlord, *s.* ജന്മി, സത്രത്തിലെ യജമാനൻ.
Landmark, *s.* നിലത്തിന്റെ അതിരടയാളം.
Landscape, *s.* നാട്ടുപുറത്തിന്റെ ആകൃതി.
Landtax, *s.* നിലവരി, നികുതി, കരം.
Lane, *s.* ഇടവഴി, ഇടകുറഞ്ഞ വീഥി.
Language, *s.* ഭാഷ, വാക്ക.
Languid, *a.* ആലസ്യമുള്ള, ക്ഷീണതയുള്ള.
Languidness, *s.* ആലസ്യം, ദുൎബ്ബലം, ശോഷണം.
Languish, *v. a.* ആലസ്യപ്പെടുക, കുഴങ്ങുക.
Languishingly, *ad.* ക്ഷീണതയോടെ.
Languishment, *s.* കുഴച്ചൽ, തളൎച്ച.
Languor, *s.* ബലക്ഷയം, ആലസ്യം, മന്ദത.
Lank, *a.* മെലിഞ്ഞ, ശോഷിച്ച, കുഴച്ച.
Lankness, *s.* മെലിച്ചൽ, ശോഷണം.
Lantern, *s.* കൈവിളക്ക, (പാണസ്സു).
Lap, *s.* മടി, വസ്ത്രത്തിന്റെ തൊങ്ങൽ.
Lap, *v. a.* ചുററികെട്ടുക, ചുരുട്ടുക, മടക്ക.
Lap, *v. a.* ചുററുക, ചുരുളുക.
Lap, *v. n.* നക്കുക.

Lapidate, *v. a.* കല്ലു എറിയുക.
Lapideous, *a.* കല്ലുള്ള, കല്ലുപോലെയുള്ള.
Lapse, *s.* വീഴ്ച, പതിതം, പിഴ.
Lapse, *v. n.* വീഴുക, തെററുക, പതിയുക.
Larceny, *s.* കളവു, കള്ളം.
Lard, *s.* പന്നിനെയ്.
Large, *a.* വലിയ, വണ്ണമുള്ള, വിസ്താരമുള്ള.
Largeness, *s.* വലിപ്പം, വണ്ണം, വിസ്താരം, വിശാലത.
Largess, *s.* സമ്മാനം, ദാനം.
Lark, *s.* വാനംപാടി, ഭരദ്വാജകം.
Larum, *s.* അയ്യംവിളി, ആൎത്തനാദം.
Lascivious, *a.* കാമമദമുള്ള, കാമവികാരമുള്ള.
Lasciviousness, *s.* കാമാതുരത, കാമവികാരം.
Lash, *s.* കൊരടാവു, അടി, കൊൾ.
Lash, *v. a.* ചമ്മട്ടികൊണ്ടു അടിക്ക, കൊള്ളിക്ക.
Lass, *s.* പെൺ, പെൺപൈതൽ, കന്യക.
Lassitude, *s.* തളൎച്ച, ആലസ്യം, വിഷണ്ഡത.
Last, *a.* ഒടുക്കത്തുള്ള, പിമ്പുള്ള, കഴിഞ്ഞ.
Last, *ad.* ഒടുക്കം, ഒടുക്കത്തു, പിന്നിൽ.
Last, *v. n.* നിലനില്ക്ക.
Lasting, *a.* നിലനില്ക്കുന്ന, സ്ഥിരമുള്ള.
Lastly, *ad.* ഒടുക്കത്തു, പിമ്പിൽ.
Latch, *s.* കതകിന്റെ കൊളുത്തു, കുററി.
Latch, *v. a.* കൊളുത്തുക, പൂട്ടുക.
Latchet, *s.* ചെരിപ്പിന്റെ വാറു.
Late, *a.* കാലം വൈകിയ, കഴിഞ്ഞ, ഒടുക്കത്തെ.
Late, *ad.* നേരം വൈകീട്ടു, താമസിച്ചു.
Lately, *ad.* കുറയ മുമ്പെ, കുറയ നാൾ മുമ്പെ.
Lateness, *s.* വൈകൽ, താമസം.
Latent, *a.* ഗൂഢമുള്ള, മറവുള്ള, രഹസ്യമായ.

Lath, *s.* പട്ടിക, വാരി.
Lath, *v. a.* പട്ടിക തറെക്ക, വാരി കെട്ടുക.
Latin, *s.* ലത്തീൻ ഭാഷ, ലത്തീൻ വാക്ക.
Latish, *a.* അസാരം വൈകിയ.
Latitude, *s.* അകലം, അകലപ്പടി, വീതി.
Latten, *s.* പിച്ചള, ഇൗയം പൂശിയ ഇരിമ്പ.
Latter, *a.* രണ്ടിൽ ഒടുക്കത്തെ, ഇപ്പോഴത്തെ.
Lattice, *s.* കിളിവാതിൽ, ജാലകം.
Laud, *s.* പുകഴ്ച, സ്തുതി, സ്തോത്രം.
Laud, *v. a.* പുകഴ്ത്തുക, സ്തുതിക്ക.
Laudable, *a.* സ്തുത്യം, സ്തുതിക്കപ്പെടത്തക്ക.
Laugh, *v. n.* ചിരിക്ക, ഹസിക്ക.
Laugh, *v. a.* പരഹസിക്ക, അപഹസിക്ക.
Laugh, *s.* ചിരി, ഹാസം.
Laughable, *a.* ചിരിക്കത്തക്ക, ഹാസ്യമായ.
Laugher, *s.* ചിരിക്കുന്നവൻ, ഹാസ്യക്കാരൻ.
Laughter, *s.* ചിരി, ഹാസം, ഹാസ്യം.
Launch, *v. a.* കപ്പൽ വെള്ളത്തിൽ ഇറക്ക.
Launch, *v. n.* കടലിലേക്ക തള്ളികൊണ്ടുപോക.
Laundress, *s.* അലക്കകാരത്തി.
Laurel, *s.* പുന്നവൃക്ഷം.
Lavation, *s.* കഴുകൽ, ക്ഷാളനം.
Lave, *v. a.* കഴുക, കുളിപ്പിക്ക, കോരുക.
Laver, *s.* തൊട്ടി.
Lavish, *a.* അധികം ചെലവഴിക്കുന്ന, ദുർവ്യയമുള്ള, ധാരാളമുള്ള.
Lavish, *v. a.* ധാരാളമായി ചെലവഴിക്ക, ദുർവ്യയം ചെയ്യു, ചിതറിക്ക.
Lavisher, *s.* ദുർവ്യയക്കാരൻ, ധാരാളി.
Lavishment, *s.* ധാരാളത്വം, ദുർവ്യയം.
Law, *s.* ധൎമ്മം, നീതി, ചട്ടം, സ്മൃതി, കല്പന.
Lawful, *a.* ന്യായമുള്ള, നീതിയുള്ള.
Lawfulness, *s.* ന്യായം, നീതി.
Lawgiver, *s.* ന്യായദാതാവു, നീതികൎത്താവു.
Lawless, *a.* അന്യായമുള്ള, അക്രമമുള്ള.
Lawsuit, *s.* വ്യവഹാരം, വിവാദം.
Lawyer, *s.* ശാസ്ത്രി, ന്യായശാസ്ത്രി.
Lax, *a.* അയഞ്ഞ, തളൎന്ന, അഴിഞ്ഞ.
Laxity, *s.* അയവു, അഴിവു, അഴിമതി.
Lay, *pret. of to lie,* കിടന്നു.
Lay, *v. a.* വെക്ക, ഇടുക, സ്ഥാപിക്ക, അടക്ക, ഏല്പിക്ക, ചുമത്തുക, വിസ്തരിക്ക.
Lay, *s.* വരി, നിര, അട്ടക്ക, വാത, പാട്ടു, മൈഥാനം, മേച്ചിൽസ്ഥലം.
Lay, *a.* ജനസംബന്ധമുള്ള.
Layer *s.* വരി, നിര, അട്ടക്ക, പാത്തി.
Layman, *s.* സാധാരണപുരുഷൻ.
Lazar, *s.* വ്യാധിക്കാരൻ, രോഗി.
Lazaretto, *s.* ദീനപ്പുര, രോഗശാല.
Lazily, *ad.* മടിയോടെ, ഉദാസീനതയോടെ.
Laziness, *s.* മടി, ഉദാരത, ഉദാസീനത.
Lazy, *a.* മടിയുള്ള, മന്ഥരമുള്ള.
Lead, *s.* ഇൗയം.
Lead, *v. a.* ഇൗയമിടുക.
Lead, *v. a.* നടത്തുക, വഴികാട്ടുക, വശീകരിക്ക.
Lead, *v. n.* മുന്നടക്ക, നായകനാക.
Leaden, *a.* ഇൗയമുള്ള.
Leader, *s.* നായകൻ, നാഥൻ, അധിപതി.
Leading, *a.* നടത്തിക്കുന്ന.
Leaf, *s.* ഇല, പത്രം, ദലം, പൎണ്ണം, ഓല, ചപ്പു.
Leaf, *v. n.* ഇലവിടുക.

Leafless, *a.* ഇലയില്ലാത്ത.
Leafy, *a.* ഇലയുള്ള.
League, *s.* മൂന്നുനാഴികവഴി, ബന്ധുക്കെട്ടു.
League, *v. n.* സഖ്യതചെയ്യു.
Leaguer, *s.* നിരോധം, കോട്ടയെ ആക്രമിക്കുക.
Leak, *s.* ചോൎച്ച, കിഴുത്തു, ഒട്ട.
Leakage, *s.* ചോൎച്ച.
Leaky, *s.* ചോൎച്ചയുള്ള, ഒട്ടയുള്ള.
Lean, *v. a.* ചായുക, ചരിയുക, ചാരുക.
Lean, *a.* മെലിഞ്ഞ, നേൎത്ത, ശോഷിച്ച.
Leanness, *s.* മെലിച്ചൽ, ശോഷണം.
Leap, *v. a.* ചാടുക, തുള്ളുക, കുതിക്ക, തത്തുക.
Leap, *s.* ചാട്ടം, തുള്ളൽ, കുതിപ്പു, പാച്ചൽ.
Leap-year, *s.* അധിവൎഷം.
Learn, *v. a.* പഠിക്ക, അഭ്യസിക്ക, ശീലിക്ക.
Learned, *a.* പഠിച്ച, പഠിപ്പുള്ള, വിദ്യയുള്ള.
Learning, *s.* പഠിത്വം, പാണ്ഡിത്യം, വിദ്യ.
Lease, *s.* കുത്തക, പതിവു, ഉടമ്പടി.
Lease, *v. a.* കുത്തകെക്കു ഏല്പിക്ക, പാട്ടം കൊടുക്ക.
Leash, *s.* തോൽവാർ.
Leasing, *s.* ഭോഷ്കു, കള്ളം.
Least, *a.* എല്ലാററിലും ചെറിയ, ഏററവും ഇളയ.
Least, *ad.* ഒട്ടും, ഏതെങ്കിലും.
Leather, *s.* തോൽ, ചൎമ്മം, തുകൽ.
Leathern, *a.* തോലുള്ള.
Leave, *s.* അനുവാദം, അനുജ്ഞ, വിട്ടുതരൽ.
Leave, *v. a.* വിടുക, ഉപേക്ഷിക്ക, വെച്ചേക്ക.
Leaved, *a.* ഇലകളുള്ള.
Leaven, *s.* പുളിച്ചമാവു.
Leaven, *v. a.* പുളിപ്പിക്ക.
Leavings, *s.* ശേഷിപ്പു, ഉഛിഷ്ടം.
Lecher, *s.* കാമി, കാമുകൻ, കാമുകി.
Lechery, *s.* കാമം, കാമവികാരം.
Lection, *s.* വായന.
Lecture, *s.* പ്രസംഗം, പാഠകം, വായന.
Lecture, *v. a.* ചൊല്ലികൊടുക്ക, ആക്ഷേപിച്ചു പറക.
Lecturer, *s.* പാഠകൻ, ഗുരു.
Led, *part. pret. of to lead,* നടത്തി.
Ledge, *s.* നിര, വരി, മുഴ, ഉന്തൽ.
Lee, *s.* മട്ടു, ഊറൽ, കിട്ടം, കീടം.
Leech, *s.* അട്ട, ജളൂക, ചികിത്സകൻ.
Leechcraft, *s.* ചികിത്സ.
Leek, *s.* വെള്ളവെങ്കായം.
Leer, *s.* ചരിച്ചുനോക്കൽ, കടാക്ഷം.
Leer, *v. n.* ചരിച്ചുനോക്ക.
Leeward, *ad.* കാററിനു മറുപുറത്തോട്ടു.
Left, *part. pret. of to leave,* വിട്ടു.
Left, *a.* ഇടം, ഇടത്ത.
Leg, *s.* കാൽ, പാദം, ജംഘ.
Legacy, *s.* മരണപത്രികയിൽ എഴുതിവെച്ച ഓഹരി, ദത്തവകാശം.
Legal, *a.* ന്യായപ്രകാരമുള്ള, നീതിയുള്ള.
Legality, *s.* ന്യായം, നീതി, ധൎമ്മവെപ്പു.
Legalize, *v. a.* ന്യായമാക്ക, നീതിയാക്ക.
Legally, *ad.* ധൎമ്മമായി, ന്യായമായി.
Legate, *s.* സ്ഥാനപതി.
Legation, *s.* സ്ഥാനാപത്യം.
Legator, *s.* മരണപത്രികയിൽ ഒർ അവകാശം എഴുതികൊടുക്കുന്നവൻ.
Legend, *s.* കെട്ടുകഥ, കവിത, ചരിത്രം.
Legible, *a.* വായിക്കപ്പെടത്തക്ക, തെളിവുള്ള.
Legion, *s.* സേന, വലിയ തുക.
Legislate, *v. a.* രാജനീതിയെസ്ഥാപിക്ക.
Legislation, *s.* രാജനീതിയെ സ്ഥാപിക്കുന്നതു.
Legislative, *a.* രാജനീതിയെ സ്ഥാപിക്കുന്ന.

Legislator, *s.* ന്യായദാതാവു.
Legislature, *s.* രാജനീതി സ്ഥാപിപ്പാനുള്ള അധികാരം.
Legitimacy, *s.* വിവാഹഭാൎയ്യയിൽ ജനിച്ചതു, ഉത്തമത്വം, സ്വഭാവഗുണം.
Legitimate, *a.* വിവാഹഭാൎയ്യയിൽജനിച്ച.
Legume, *s.* പയറു.
Leisure, *s.* അവസരം, സമയം, സ്വസ്ഥത.
Leisurely, *ad.* സാവകാശമായി, പതുക്കെ.
Lemon, *s.* പുളിനാരങ്ങ, പുളിനാരകം.
Lend, *v. a.* വായിപ്പകൊടുക്ക, കടംകൊടുക്ക.
Lender, *s.* വായിപ്പകൊടുക്കുന്നവൻ.
Length, *s.* നീളം, ആയതം, നെടുപ്പ്.
Lengthen, *v. a.* നീളമാക്ക, നീട്ടുക.
Lengthen, *v. n.* നീളുക, ദീൎഘമാക.
Lengthwise, *ad.* നീളത്തിൽ, നീളവെ.
Lenient, *a.* ശാന്തമായ, ശമിപ്പിക്കുന്ന.
Lenify, *v. a.* ശാന്തമാക്ക, ശമിപ്പിക്ക.
Lenitive, *a.* ശാന്തകരമുള്ള.
Lenity, *s.* ദയ, കൃപ, സാവധാനശീലം.
Lens, *s.* സൂൎയ്യകാന്തച്ചില്ലു, കുഴൽ കണ്ണാടിച്ചില്ലു.
Lent, *part. pass. of to lend,* കടംകൊടുത്ത.
Lent, *s.* നോമ്പുകാലം.
Lentitude, *s.* സാവധാനം, താമസം.
Leonine, *a.* സിംഹം സംബന്ധിച്ച.
Leopard, *s.* പുലി.
Leper, *s.* കുഷ്ഠരോഗി.
Leprous, *a.* കുഷ്ഠമുള്ള.
Leprosy, *s.* കുഷ്ഠരോഗം, കുഷ്ഠം.
Less, *a.* അധികം ചെറിയ.
Less, *s.* കുറച്ചൽ, കുറവു, ന്യൂനം.
Lessee, *s.* കുത്തകക്കാരൻ, പാട്ടക്കാരൻ.
Lessen, *v. a.* കുറെക്ക, താഴ്ത്തുക, ഇറക്ക.
Lessen, *v. n.* കുറയുക, താഴുക, ഇളപ്പെടുക.
Lesson, *s.* പാഠം, ഉപദേശം, ശിക്ഷ.
Lessor, *s.* കുത്തകകൊടുക്കുന്നവൻ.
Lest, *conj.* അല്ല, ഇല്ല, തക്കവണ്ണം.
Let, *v. a.* അനുവദിക്ക, സമ്മതിക്ക, ഏല്പിക്ക.
Let, *v. n.* തടയുക, വിരോധിക്ക.
Let, *s.* തടവു, വിരോധം.
Lethargy, *s.* നിദ്രാമയക്കം, മയക്കം.
Lethe, *s.* മറവി.
Letter, *s.* അക്ഷരം, എഴുത്തു, കത്തു, ലേഖനം.
Letter, *v. a.* അക്ഷരം ഇടുക, അക്ഷരം പതിക്ക.
Letters, *s. pl.* അക്ഷരവിദ്യ, പഠിത്വം.
Levee, *s.* പരിജനക്കൂട്ടം.
Level, *a.* ഒപ്പനിരപ്പുള്ള, നിരന്ന, സമമുള്ള.
Level, *v. a.* നിരത്തുക, സമമാക്ക, മട്ടംവെച്ചുനോക്ക.
Level, *v. n.* ഉന്നുക, ഭാവിക്ക, ഉദ്ദേശിക്ക, ഊഹിക്ക.
Level, *s.* സമഭൂമി, തരം, ഒപ്പം, സമനം, മട്ടം.
Levelness, *s.* നിരപ്പു, സമം.
Lever, *s.* തുലാം, നിരകൊൽ, പാര, കൈക്കൊൽ.
Levet, *s.* കാഹളധ്വനി.
Leviable, *a.* പതിക്കപ്പെടത്തക്ക.
Leviathan, *s.* തിമിംഗലം.
Levigate, *v. a.* അരക്ക, പൊടിക്ക, നേൎപ്പിക്ക.
Levigation, *s.* പൊടിക്കൽ, നേൎപ്പിക്കൽ.
Levite, *s.* ലേവിഗോത്രക്കാരൻ.
Leviticus, *s.* മോശയുടെ മൂന്നാം പുസ്തകം.
Levity, *s.* ലഘുത്വം, അസ്ഥിരത, ഇളമനസ്സ്.
Levy, *v. a.* പട്ടാളംചേൎക്ക, വരിയിടുക, കരംപതിക്ക.

Levy, *s.* പട്ടാളം ചേൎക്കുന്നതു, കരംപതിക്കൽ.

Lewd, *a.* വഷളത്വമായ, ദുൎമ്മദമുള്ള, കാമാതുരമുള്ള.

Lewdness, *s.* ദുൎമ്മദം, കാമം, ദുൎമ്മോഹം.

Lexicon, *s.* അകാരാദി.

Liable, *a.* ഹേതുവാകുന്ന, ഉൾപെടത്തക്ക.

Liar, *s.* അസത്യവാദി, നുണയൻ, കള്ളൻ.

Libation, *s.* പാനീയകാഴ്ച.

Libel, *s.* അപനിന്ദയായ എഴുത്തു, ദൂഷണലേഖനം.

Libel, *v. a.* ദൂഷ്യം എഴുതുക, അപകീൎത്തിപ്പെടുത്തുക.

Libellous, *a.* നിന്ദിക്കുന്ന, അവമാനിക്കുന്ന.

Liberal, *a.* ഔദാൎയ്യമുള്ള, ദാനശീലമുള്ള.

Liberality, *s.* ഔദാൎയ്യം, ദാനശീലം, ധാരാളം.

Liberally, *ad.* ധാരാളമായി, ഔദാൎയ്യമായി.

Liberate, *v. a.* വിടുക, മോചിക്ക, സ്വാതന്ത്ര്യമാക്ക.

Liberation, *s.* വിടുതൽ, മോചനം, വിമോക്ഷണം.

Libertine, *s.* താന്തോന്നി, സ്ത്രീസക്തൻ, നമ്മൻ.

Libertine, *a.* താന്തോന്നിത്വമുള്ള, കാമാതുരമുള്ള.

Libertinism, *s.* താന്തോന്നിത്വം.

Liberty, *s.* വിടുതൽ, സ്വാതന്ത്ര്യം, അനുവാദം.

Libidinous, *a.* കാമുകത്വമുള്ള, ദുൎമ്മോഹമുള്ള.

Library, *s.* പുസ്തകശാല.

License, *s.* കല്പന, അനുവാദക്കടലാസ്സ്.

License, *v. a.* അനുവാദംകൊടുക്ക, കല്പനകൊടുക്ക.

Licentiate, *s.* അധികാരകല്പന ലഭിച്ചവൻ.

Licentious, *a.* തന്നിഷ്ടമായി നടക്കുന്ന.

Licentiousness, *s.* താന്തോന്നിത്വം, കാമവികാരം.

Lick, *v. a.* നക്ക, ലേഹനംചെയ്ക.

Licorice, *s.* ഇരട്ടിമധുരം.

Lid, *s.* മൂടി, അടപ്പു.

Lie, *s.* കള്ളം, ഭോഷ്കു, അസത്യം, പൊളി, നുണ.

Lie, *v. n.* കള്ളവാക്കു പറക, ഭോഷ്കുപറക.

Lie, *v. n.* കിടക്ക, ഊന്നുക, തിങ്ങിയിരിക്ക.

Liege, *s.* ദേശാധിപതി, രാജൻ.

Lieger, *s.* സ്ഥാനപതി.

Lier, *s.* കിടക്കുന്നവൻ, ഉറങ്ങുന്നവൻ.

Lieu, *s.* ഈട, പകരം, ഇട, പ്രതി.

Lieutenant, *s.* സഹപടത്തലവൻ.

Life, *s.* ജീവൻ, ഉയിർ, പ്രാണൻ, ജീവിതം.

Lifeblood, *s.* മൎമ്മരക്തം.

Lifeguard, *s.* രാജാവിന്റെ കാവൽപട്ടാളം.

Lifeless, *a.* ജീവനില്ലാത്ത, ചൈതന്യമില്ലാത്ത.

Lifestring, *s.* ജീവനാഡി.

Lifetime, *s.* ജീവകാലം, ആയുസ്സാലം.

Lift, *v. a.* ഉയൎത്തുക, പൊക്ക, ഓങ്ങുക, വലുതാക്ക.

Lift, *s.* പൊക്കുന്നതു, ഉയൎത്തൽ, താങ്ങൽ.

Ligament, *s.* കെട്ടു, ബന്ധനം, ഏപ്പു.

Ligation, *s.* കൂട്ടികെട്ടുന്നതു, മുറുക്കം.

Light, *s.* വെളിച്ചം, പ്രകാശം, പകൽ.

Light, *a.* ലഘുവുള്ള, ഘനമില്ലാത്ത, എളുപ്പമുള്ള.

Light, *ad.* ലഘുവായി, എളുപ്പത്തിൽ.

Light, *v. a.* കൊളുത്തുക, വെളിച്ചംകാട്ടുക.

Light, *v. n.* ഇറങ്ങുക, വീഴുക, തട്ടുക.

Lighten, *v. n.* ഇടിമിന്നുക, മിന്നുക.

Lighten, *v. a.* പ്രകാശിപ്പിക്ക, ഭാരമില്ലാതാക്ക.
Lightfooted, *a.* വേഗംഓടുന്ന ചുറുക്കുള്ള.
Lighthearted, *a.* ആമോദമുള്ള, സന്തോഷിക്കുന്ന.
Lighthouse, *s.* കൊടിമരം.
Lightly, *ad.* ഘനം കൂടാതെ, എളുപ്പത്തിൽ.
Lightminded, *a.* ഇളമനസ്സുള്ള, സ്ഥിരമില്ലാത്ത.
Lightness, *s.* ലഘുത്വം, അസ്ഥിരത.
Lightning, *s.* മിന്നൽ, ഇടിത്തീ, കൊള്ളിയാൻ.
Lights, *s. pl.* ശ്വാസനാടികൾ.
Lightsome, *a.* പ്രകാശമുള്ള, തെളിവുള്ള.
Lightsomeness, *s.* പ്രകാശം, തെളിവു, സന്തോഷം.
Like, *a.* പോലെയുള്ള, ഒത്ത, സമമായ.
Like, *s.* സാമ്യം, ഛായ, അനുരൂപത, ഇഷ്ടം.
Like and dislike, പ്രിയവും അപ്രിയവും.
Like, *ad.* അപ്രകാരം, പോലെ, പക്ഷെ.
Like, *v. a.* തെരിഞ്ഞെടുക്ക, ഇഷ്ടമാക.
Likelihood, *s.* തോന്നൽ, ഇട, സംഗതി.
Likely, *a.* ഇഷ്ടമുള്ള, തക്ക, അപ്രകാരമുള്ള.
Likely, *ad.* പക്ഷെ.
Liken, *v. a.* സമമാക്ക, സദൃശമാക്ക, ഒപ്പിക്ക.
Likeness, *s.* സാദൃശ്യം, ഉപമ, നിഭം, പ്രതിമ.
Likewise, *ad.* അപ്രകാരം, അങ്ങിനെ.
Liking, *s.* ശരീരവൃദ്ധി, രുചി, പ്രിയം, കാംക്ഷ.
Lily, *s.* താമരപ്പൂ.
Limb, *s.* അവയവം, അംശം, കൊമ്പു, വക.
Limber, *a.* എളുപ്പം വളയുന്ന.
Lime, *s.* ചുണ്ണാമ്പു, കുമ്മായം, പുളിനാരങ്ങ.
Lime, *v. a.* കുമ്മായം തേക്ക, കുടുക്ക.
Limekiln, *s.* കുമ്മായച്ചൂള.
Limestone, *s.* കുമ്മായക്കല്ലു.
Limit, *s.* അവധി, അറുതി, അതിർ, ക്ലിപ്തം.
Limit, *v. a.* അതിരിടുക, ക്ലിപ്തപ്പെടുത്തുക.
Limitation, *s.* അതിർ, ക്ലിപ്തം, അളവു.
Limp, *s.* നൊണ്ടൽ, മുടന്തു.
Limp, *v. n.* നൊണ്ടുക, നൊണ്ടിനടക്ക, മുടന്തുക.
Limpid, *a.* തെളിവുള്ള, സ്വച്ഛതയുള്ള.
Limpidness, *s.* തെളിവു, സ്വച്ഛത.
Limpingly, *ad.* നൊണ്ടലായി.
Limy, *a.* പശയുള്ള, കുമ്മായമുള്ള.
Line, *s.* വര, വരി, രേഖ, നിര, പന്തി, അണി.
Line, *v. a.* അകശീലയിടുക, ഇരട്ടിക്ക, മൂടുക.
Lineage, *s.* വംശവരി, വംശാവലി, വംശപാരമ്പൎയ്യം.
Lineal, *a.* വംശപരിയായം.
Lineament, *s.* വരി, മുഖഭാവം, ലക്ഷണം.
Linear, *a.* വരിവരിയായുള്ള.
Lineation, *s.* വര, രേഖ.
Linen, *s.* ചണനൂൽകൊണ്ടുണ്ടാക്കിയ തുണി.
Linger, *v. n.* ബഹുകാലം ദീനപ്പെട്ടിരിക്ക, താമസിക്ക, സംശയിക്ക.
Linguist, *s.* പലഭാഷകളെ അറിയുന്നവൻ.
Liniment, *s.* കുഴമ്പു, തൈലം.
Lining, *s.* അകത്തുണി.
Link, *s.* ചങ്ങലക്കണ്ണി, കൊളുത്തു, വളയം.
Link, *v. a.* കൊളുത്തുക, പിണെക്ക, ചേൎക്ക.
Linseed, *s.* ചെറു ചണം, ചെറു ചണവിത്തു.

Lintel, *s.* മിത്തലെ കുറുമ്പടി.
Lion, *s.* സിംഹം, കേസരി, ചിങ്ങം രാശി.
Lioness, *s.* സിംഹി, കേസരിപ്പെൺ.
Lip, *s.* ചുണ്ടു, അധരം, വിളിമ്പു.
Lipothymy, *s.* മോഹാലസ്യം, ബോധക്കേടു.
Liquation, *s.* ഉരുക്കൽ.
Liquefaction, *s.* ഉരുക്കം, അലിച്ചൽ, ലയം.
Liquefy, *v. a.* & *n.* ഉരുക്ക, അലിക്ക, ഉരുക.
Liquid, *a.* അലിച്ചലുള്ള, ഉരുകിയ.
Liquid, *s.* നീർപണ്ടം, രസം, ദ്രാവകം, ലയം.
Liquidate, *v. a.* തീൎത്തുകൊള്ളുക, കടം തീൎക്ക.
Liquor, *s.* നീർപണ്ടം, മദ്യം.
Lisp, *v. n.* കൊഞ്ഞുപറക, മൂളുക.
List, *s.* ചാൎത്തു, വരിച്ചാൎത്തു, പേർവരി.
List, *v. n.* ആഗ്രഹിക്ക, കൊതിക്ക, കാംക്ഷിക്ക.
List, *v. a.* പട്ടാളത്തിൽ ചേൎക്ക, ചാൎത്തുക, പതിക്ക.
Listed, *a.* പേർ ചാൎത്തിയ.
Listen, *v. n.* കേൾക്ക, ശ്രവിക്ക, ചെവിപാൎക്ക.
Listener, *s.* ചെവികൊള്ളുന്നവൻ.
Listless, *a.* വിചാരമില്ലാത്ത, സൂക്ഷ്മമില്ലാത്ത.
Lit, *pret. of to light*, കൊളുത്തി.
Litany, *s.* പ്രാൎത്ഥനക്രമം.
Literal, *a.* അക്ഷരാൎത്ഥമുള്ള.
Literary, *a.* പഠിതമുള്ള, അക്ഷരവിദ്യയുള്ള.
Literature, *s.* പഠിതം, വിദ്യ.
Lithography, *s.* കല്ലിന്മേൽ കൊത്തിഅച്ചടിപ്പു.
Litigant, *s.* വ്യവഹാരി.
Litigate, *v. a.* വ്യവഹരിക്ക, വാദിക്ക.
Litigation, *s.* വ്യവഹാരം, വിവാദം.
Litigious, *a.* വ്യവഹരിക്കുന്ന, വിവാദമുള്ള.
Litter, *s.* അന്തോളം, ഒരുവക വാഹനം.
Little, *a.* ചെറു, ചെറിയ, കൊച്ച്, കുറിയ.
Little, *s.* അല്പം, അസാരം, തെല്ലു, ഇത്തിരി.
Little, *ad.* കുറെ, അല്പമായി.
Littleness, *s.* ചെറുപ്പം, അല്പത, കുറച്ചം.
Liturgy, *s.* പ്രാൎത്ഥനക്രമം.
Live, *v. n.* ജീവിക്ക, വസിക്ക, പാൎക്ക, മേവുക.
Live, *a.* ജീവിക്കുന്ന, ജീവനുള്ള, ചുറുക്കുള്ള.
Livelihood, *s.* ജീവനം, ഉപജീവനം, വൃത്തി.
Liveliness, *s.* ഉണൎച്ച, ചുണ, ചൈതന്യം.
Livelong, *a.* ജീവനോളമുള്ള, നിലനില്ക്കുന്ന.
Lively, *a.* ഉണൎച്ചയുള്ള, ഉത്സാഹമുള്ള.
Lively, *ad.* ഉണൎച്ചയോടെ, ചൊടിപ്പായി.
Liver, *s.* കരൾ, പിത്തപാത്രം.
Livid, *a.* കരുവാളിച്ച, നിറഭേദമുള്ള.
Lividity, *s.* കരുവാളിപ്പു, നിറഭേദം.
Living, *s.* ജീവനം, ഉപജീവനം, പിഴെപ്പു.
Lizard, *s.* പല്ലി, ഗൌളി.
Lo, *inter.* അതാ, ഇതാ, കണ്ടാലും.
Load, *s.* ചുമടു, ഭാരം, ഭാണ്ഡം.
Load, *v. a.* ചുമടു ഏറ്റുക, ഭാരം വെക്ക, തോക്ക നിറക്ക.
Loadstone, *s.* കാന്തക്കല്ലു, അയസ്കാന്തം.
Loaf, *s.* അപ്പം, പിഷ്ടം.
Loam, *s.* കളിമണ്ണു.
Loam, *v. a.* കളിമണ്ണു തേക്ക.

Loan, *s.* കടം, വായിപ്പ, ഇരവു.
Loath, *a.* മനസ്സകേടുള്ള, വെറുപ്പുള്ള.
Loathe, *v. a.* വെറുക്ക, നിരസിക്ക, അരൊചിക്ക.
Loathing, *s.* വെറുപ്പു, അരൊചകം, നിരസം.
Loathsome, *a.* വെറുപ്പുള്ള, നിരസമുള്ള.
Loathsomeness, *s.* വെറുപ്പു, അറെപ്പു.
Lob, *s.* തടിയൻ, മന്ദൻ, കാരാഗൃഹം.
Lobe, *s.* ഒരു അംശം.
Lobster, *s.* കൊഞ്ചു.
Local, *a.* സ്ഥാനികരമുള്ള, സ്ഥലത്തുള്ള.
Locality, *s.* സ്ഥലം, ഇടം, പ്രദേശം.
Locally, *ad.* സ്ഥലത്തു, ഇടത്തിൽ.
Location, *s.* സ്ഥാപനം, വെക്കുന്നതു.
Lock, *s.* താഴ, പൂട്ടു, ജട.
Lock, *v. a.* പൂട്ടുക, കൂട്ടികെട്ടുക, കൂട്ടിപിടിക്ക.
Locker, *s.* പത്തായം, കള്ളികളുള്ള പെട്ടി.
Locket, *s.* ചെറിയ താഴ, ഒർ ആഭരണം.
Locomotion, *s.* സ്ഥലമാററം, ജംഗമം.
Locomotive, *a.* സ്ഥലമ്മാറുന്ന.
Locomotive, *s.* ആവിയന്ത്രം.
Locust, *s.* വെട്ടുക്കിളി, തുള്ളൻ.
Lodge, *v. a.* പാൎപ്പിക്ക, സ്ഥലം കൊടുക്ക.
Lodge, *v. n.* പാൎക്ക, വസിക്ക, കുടിയിരിക്ക.
Lodge, *s.* വാസം, ഇരിപ്പിടം, കുടിൽ.
Lodger, *s.* കൂലിക്കു പാൎക്കുന്നവൻ, പാൎക്കുന്നവൻ.
Lodging, *s.* വാസസ്ഥലം, ഇരിപ്പിടം.
Lodgement, *s.* പാൎപ്പു, ഇരിപ്പു.
Loft, *s.* തട്ടു, മേൽതട്ടു, മേൽമുറികൾ.
Loftily, *ad.* ഉയരെ, ഗൎവ്വത്തോടെ.
Loftiness, *s.* ഉയരം, ഉന്നതി, ശ്രേഷ്ഠത.
Lofty, *a.* ഉയരമുള്ള, ഉന്നതമായ, ഗൎവ്വമുള്ള.
Log, *s.* തടി, മുറിത്തടി, മുട്ടം.
Logger-head, *s.* വിഡ്ഢി, മടയൻ.
Logic, *s.* തൎക്കശാസ്ത്രം, തൎക്കവിദ്യ, മീമാംസം, ന്യായവാദം.
Logical, *a.* താൎക്കികമായ, സംബന്ധമായ.
Logically, *ad.* ന്യായസംബന്ധമായി.
Logician, *s.* തൎക്കി, തൎക്കശാസ്ത്രി.
Logwood, *s.* ചപ്പങ്ങം.
Loin, *s.* കടിപ്രദേശം, അര, എളി.
Loiter, *v. n.* താമസിക്ക, മിനക്കെടുക, മടിക്ക.
Loiterer, *s.* മിനക്കെടുന്നവൻ, മടിയൻ.
Loll, *v. n.* നാക്കു നീട്ടി കൊണ്ടിരിക്ക.
Lone, *a.* തനിച്ച, ഏകമായ, സ്വകാൎയ്യമായ.
Loneliness, *s.* ഏകത്വം, ഏകാന്തം, ഏകാകിത്വം.
Lonely, *a.* ഏകമായ, തനിച്ച, ജനവിഹീനമുള്ള,
Long, *a.* നീളമുള്ള, ദീൎഘമുള്ള, നീണ്ട, ബഹു.
Long, *ad.* നീളത്തിൽ, ദീൎഘമായി.
Long, *v. a.* വാഞ്ഛിക്ക, കൊതിക്ക, ആഗ്രഹിക്ക.
Longimanous, *a.* ബാഹുനീളമുള്ള.
Longing, *s.* വാഞ്ഛ, കൊതി, ആഗ്രഹം.
Longitude, *s.* നീളം, ഭൂഗോളത്തിന്റെ കിഴക്കുപടിഞ്ഞാറുള്ള ചുററളവു.
Longitudinal, *a.* നീളപ്പടിയുള്ള.
Longsuffering, *s.* ദീൎഘക്ഷമ.
Longsuffering, *a.* ദീൎഘക്ഷമയുള്ള.
Longways, *ad.* നെടുനീളത്തിൽ.
Look, *v. a.* നോക്ക, കാണ്ക, വിചാരിക്ക.
Look, *inter.* നോക്കു, ഇതാ.
Look, *s.* നോട്ടം, നോക്കു, ആലോകനം, ഭാവം.
Looking-glass, *s.* കണ്ണാടി, ദൎപ്പണം.
Loom, *s.* മഗ്ഗം, തറി, തറിമരം.

Loom, *v. n.* കാണാസ്സരിക.
Loon, *s.* നീചൻ, ചണ്ഡാലൻ.
Loop, *s.* കഴ.
Looped, *a.* കഴകളുള്ള.
Loophole, *s.* കഴ, സൂത്രദ്വാരം, ഉപായം.
Loose, *v. a.* അഴിക്ക, അഴിച്ചുവിടുക, തളൎത്തുക.
Loose, *a.* അഴിഞ്ഞ, അയഞ്ഞ, ആട്ടന്ന.
Loose, *s.* അഴിവു, അഴിച്ചൽ, വിട്ടുതൽ.
Loosen, *v. a.* കെട്ടഴിക്ക, ഇളക്ക, അയക്ക.
Looseness, *s.* അയവു, അഴിമതി, ഇളക്കം, അതിസാരം, ഊടാട്ടം, ചരവു.
Lop, *v. a.* കോതുക, കൊമ്പിറക്ക, അറുത്തു ഖണ്ഡിക്ക.
Lop, *s.* ഇറക്കിയ കൊമ്പു, ചെള്ളു.
Loquacious, *a.* ബഹുഭാഷിതം, പടപറയുന്ന.
Loquacity, *s.* പടവാക്കു, അതിസംസാരം.
Lord, *s.* കൎത്താവു, പ്രഭു, നാഥൻ, ഭൎത്താവു.
Lord, *v. n.* കൎത്തവ്യം ചെയ്ക.
Lordliness, *s.* ശ്രേഷ്ഠത, ശ്ലാഘ്യത, വലിപ്പം.
Lordly, *a.* കൎത്തൃത്വമുള്ള, ഗൎവ്വമുള്ള.
Lordship, *s.* കൎത്തൃത്വം, പ്രഭുത്വം, കൎത്തൃസ്ഥാനം.
Lore, *s.* പാഠം, ഉപദേശം, പഠിത്വം.
Lose, *v. a.* നഷ്ടമാക്ക, ചേതം വരുത്തുക, കളക.
Lose, *v. n.* തോല്ക്ക, നഷ്ടമാക, ചേതമാക.
Loser, *s.* തോല്ക്കുന്നവൻ.
Loss, *s.* നഷ്ടം, ചേതം, തോല്വ, അപജയം.
Lost, *part. a.* നഷ്ടമായ, കളഞ്ഞുപോയ.
Lot, *s.* അവസ്ഥ, വിധി, പങ്ക, ചിട്ടി, കുറി.
Lottery, *s.* കുറി, ഭാഗ്യക്കുറി.
Lotus, *s.* താമരപ്പൂ.
Loud, *a.* ഉയൎന്നശബ്ദമുള്ള, ഉച്ചത്തിലുള്ള.
Loudly, *ad.* ഉറക്കെ, ഉറക്കവെ, ഉച്ചത്തിൽ.
Loudness, *s.* ഉറച്ചശബ്ദം, ഒച്ച.
Lough, *s.* വെള്ളത്തടാകം, കായൽ.
Lounge, *v. n.* മിനക്കെട്ടു നടക്ക.
Lounger, *s.* മടിയൻ.
Louse, *s.* പേൻ.
Lout, *s.* കന്നൻ, വിടഭോഷൻ.
Love, *v. a.* സ്നേഹിക്ക, വാത്സലിക്ക, പ്രിയപ്പെടുക.
Love, *s.* സ്നേഹം, പ്രീതി, വാത്സല്യം, പ്രിയം.
Loveliness, *s.* സ്നേഹയോഗ്യത, സ്നിഗ്ദ്ധത.
Lovely, *a.* സ്നേഹയോഗ്യം, മനോഹരമുള്ള.
Lover, *s.* പ്രാണനാഥൻ, രമകൻ.
Lovesick, *a.* കാമമാലുള്ള, കാമാതുരമുള്ള.
Loving, *a.* പ്രിയമുള്ള, അൻപുള്ള.
Lovingkindness, *s.* കരുണ, പ്രീതിവാത്സല്യം.
Lovingly, *ad.* പ്രീതിയോടെ, സ്നേഹമായി.
Lovingness, *s.* പ്രീതി, അൻപു.
Low, *a.* താണ, താണ്മയുള്ള, ഇളയ, ഹീനമുള്ള.
Low, *ad.* ഹീനമായി, പതുക്കവെ.
Low, *v. a.* താഴ്ത്തുക, താഴ്ച്ചവരുത്തുക.
Low, *v. n.* മുക്കറയിടുക, അലറുക, അകിറുക.
Lower, *v. a.* താഴ്ത്തുക, ഇറക്ക, കുറക്ക.
Lower, *v. n.* താഴുക, താണുപോക, കുറയുക.
Lower, *v. n.* മഴക്കൊൾകൊള്ളുക, മേഘം മൂടുക.
Lower, *s.* മൂടൽ, മേഘമൂടൽ, ക്രൂരഭാവം.

Lowermost, *a.* എല്ലാററിലും താണ.
Lowland, *s.* താണഭൂമി, താണപ്രദേശം.
Lowliness, *s.* താണ്മ, ഇളമ, താഴ്ച, വിനയം.
Lowly, *a.* താണ്മയുള്ള, വിനയമുള്ള.
Lowness, *s.* താഴ്ച, അധമ, നികൃഷ്ടത.
Lowspirited, *a.* ദുഃഖഭാവമുള്ള.
Loyal, *a.* സ്വാമിഭക്തിയുള്ള, വിശ്വസ്തയുള്ള.
Loyalty, *s.* രാജഭക്തി, വിശ്വാസഭക്തി.
Lozenge, *s.* മാത്ര, ഔഷധഗുളികകൾ.
Lubricate, *v. a.* വഴക്കിക്ക, വഴക്കലാക്ക.
Lucent, *a.* പ്രകാശിക്കുന്ന, ശോഭിക്കുന്ന.
Lucid, *a.* തെളിവുള്ള, മിന്നുന്ന, സ്വഛമുള്ള.
Lucifer, *s.* പിശാച്, ഉദയനക്ഷത്രം.
Luciferous, *a.* വെളിച്ചമുണ്ടാക്കുന്ന.
Luck, *s.* ഭാഗ്യം, വിധി, അദൃഷ്ടം.
Luckily, *ad.* ഭാഗ്യത്താൽ, വിധിവശാൽ.
Lucky, *a.* ഭാഗ്യമുള്ള, ധന്യമായ.
Lucrative, *a.* ദ്രവ്യലാഭമുള്ള, ആദായമുള്ള.
Lucre, *s.* ദ്രവ്യലാഭം, ആദായം, ധനാശം.
Lucriferous, *a.* ലാഭംവരുത്തുന്ന.
Ludicrous, *a.* ചിരിയുണ്ടാക്കുന്ന.
Ludification, *s.* പരിഹാസം, അപഹാസം.
Lug, *v. a.* ഇഴക്ക, പിടിച്ചുവലിക്ക, ഊരുക.
Luggage, *s.* സാമാനം.
Lugubrious, *a.* ദുഃഖമുള്ള, സങ്കടമുള്ള.
Lukewarm, *a.* ശീതോഷ്ണമുള്ള.
Lukewarmness, *s.* ശീതോഷ്ണം.
Lull, *v. a.* ഉറക്ക, ശാന്തമാക്ക.
Lull, *s.* ശാന്തത, സാവധാനം.
Lullaby, *s.* താലോലം, താരാട്ടു.
Luminary, *s.* വെളിച്ചം, പ്രകാശരൂപം.
Luminous, *a.* പ്രകാശിക്കുന്ന, ശോഭയുള്ള.
Lump, *s.* കട്ട, പിണ്ഡം, കുമ്പാരം.
Lumping, *a.* കട്ടിയുള്ള, വലിയ, കനമുള്ള.
Lumpy, *a.* കട്ടയുള്ള.
Lunacy, *s.* ഭ്രാന്തു, ചന്ദ്രരോഗം.
Lunar, lunary, *a.* ചന്ദ്രസംബന്ധമുള്ള.
Lunatic, *a.* ഭ്രാന്തുള്ള.
Lunatic, *s.* ഭ്രാന്തൻ, പൈത്യക്കാരൻ.
Lunation, *s.* ചന്ദ്രഗതി.
Lunette, *s.* അൎദ്ധചന്ദ്രൻ.
Lungs, *s. pl.* ശ്വാസനാഡികൾ.
Lunt, *s.* വെടിത്തിരി, കയററുതിരി.
Lurch, *s.* നിരാധാരം, മോശം.
Lurch, *v. a.* വിഴുങ്ങുക, തട്ടിക്ക, ചതിക്ക.
Lure, *s.* ഇര, ആകൎഷണം.
Lurid, *a.* മങ്ങലുള്ള.
Lurk, *v. n.* പതിയിരിക്ക, പതുങ്ങുക, ഒളിച്ചിരിക്ക.
Lurker, *s.* പതിയിരിക്കുന്നവൻ.
Lurking-place, *s.* ഒളി, ഒളിപ്പിടം.
Luscious, *a.* അതിമധുരമുള്ള.
Lusciousness, *a.* അതിമധുരം, അതിരുചി.
Lust, *s.* മോഹം, കാമം, മദം, ദുരാശ, ഇച്ഛ.
Lust, *v. a.* മോഹിക്ക, കാമിക്ക, വാഞ്ഛിക്ക.
Lustful, *a.* മോഹമുള്ള, കാമമുള്ള, ദുരാശയുള്ള.
Lustily, *ad.* പുഷ്ടിയായി, ഉറക്കെ, ശക്തിയോടെ.
Lustiness, *s.* ദേഹപുഷ്ടി, കായബലം.
Lustre, *s.* കാന്തി, ശോഭ, തേജസ്സ, മിന്നസം.
Lustrous, *a.* ശോഭയുള്ള, കീൎത്തിയുള്ള.
Lusty, *a.* ആരോഗ്യമുള്ള, കായബലമുള്ള.
Lute, *s.* ഒരുവക വീണ.
Lutheran, *s.* ലൂഥരിന്റെ ശിഷ്യൻ.

Luxuriance, *s.* അതിവളൎച്ച, തഴപ്പു.

Luxuriate, *v. a.* അധികം വളരുക, തഴക്ക.

Luxurious, *a.* തഴപ്പുള്ള, അഭിവൃദ്ധിയുള്ള.

Luxury, *s.* അത്യാശ, മത്തവിലാസം, അഭിവൃദ്ധി.

Lying, *part. of to lie,* കിടക്കുന്ന.

Lyre, *s.* വീണ.

M.

Mace, *s.* ജാതിപത്രി, ഗദ, പൊന്തി.

Macebearer, *s.* ഗദക്കാരൻ.

Macerate, *v. a.* മെലിച്ചലാക്ക, കഴക്ക, തുവക്ക.

Maceration, *s.* കഴക്കൽ, തുവപ്പു.

Machinate, *v. a.* യന്ത്രിക്ക, ഉപായം വിചാരിക്ക.

Machination, *s.* കൌശലം, ഉപായം, തന്ത്രം.

Machine, *s.* യന്ത്രം, സൂത്രം.

Machinery, *s.* യന്ത്രപ്പണി, സൂത്രപ്പണി.

Machinist, *s.* യന്ത്രി, സൂത്രപ്പണിക്കാരൻ.

Maculation, *s.* കറ, കളങ്കം, അശുദ്ധി.

Maculate, *v. a.* കറയാക്ക, കളങ്കമാക്ക.

Mad, *a.* ഭ്രാന്തുള്ള, പേയുള്ള, വെറിപിടിച്ച.

Madam, *s.* മാദാമ്മ, യജമാനത്തി.

Madcap, *s.* ഭ്രാന്തൻ, ബുദ്ധികെട്ടവൻ.

Madden, *v. a.* ഭ്രാന്തുപിടിപ്പിക്ക, മദിപ്പിക്ക.

Madden, *v. n.* ഭ്രാന്താക, ഭ്രാന്തുപിടിക്ക.

Madder, *s.* മഞ്ചട്ടി.

Made, *part. pret. of to make,* ഉണ്ടാക്കി.

Madly, *ad.* ഭ്രാന്തോടെ, ബുദ്ധികേടായി.

Madman, *s.* ഭ്രാന്തൻ, വെറിയൻ.

Madness, *s.* ഭ്രാന്തു, ബുദ്ധിഭ്രമം, വെറി.

Magazine, *s.* കലവറ, ഉഗ്രാണം, ആയുധശാല, ഏറിയാവസ്ഥകളെ സംഗ്രഹിക്കുന്ന പുസ്തകം, വൎത്തമാന കടലാസ്സ്.

Maggot, *s.* പുഴു, കൃമി, വ്യാമോഹം.

Magi, *s. pl.* ജ്യോതിഷക്കാർ.

Magic, *s.* മന്ത്രവാദം, ജാലം, മായ.

Magical, *a.* മന്ത്രവാദമുള്ള.

Magician, *s.* മന്ത്രവാദി, ക്ഷുദ്രക്കാരൻ.

Magisterial, *a.* അധികാരമുള്ള.

Magistracy, *s.* രാജ്യാധികാരത്വം.

Magistrate, *s.* രാജ്യാധികാരി.

Magnanimity, *s.* മാഹാത്മ്യം, ധീരത.

Magnanimous, *a.* മഹാത്മാവായ, ധീരതയുള്ള.

Magnet, *s.* കാന്തക്കല്ലു, സൂചിക്കാന്തം.

Magnetism, *s.* ആകൎഷണശക്തി.

Magnific, *a.* മഹത്വമുള്ള, പ്രാഭവമായ.

Magnificence, *s.* പ്രാഭവം, പ്രബലത.

Magnificent, *a.* കോലാഹലമുള്ള, പ്രാഭവമായ.

Magnifier, *s.* ഉയൎത്തി പറയുന്നവൻ.

Magnify, *v. a.* മഹത്വപ്പെടുത്തുക, പുകഴ്ത്തുക.

Magnitude, *s.* മഹത്വം, വലിപ്പം, മഹിമ.

Mahometan, *s.* മുഹമ്മദീയൻ.

Mahometanism, *s.* മുഹമ്മദീയമതം.

Maid, maiden, *s.* കന്യക, വീട്ടിപ്പെണ്ണു.

Maiden, *a.* കന്യകസംബന്ധിച്ച.

Maidenhood, *s.* കന്യകാവ്രതം.

Maidservant, *s.* വേലക്കാരത്തി, വീട്ടിപ്പെണ്ണു.

Mail, *s.* കവചം, വൎത്തമാനകടലാസ്സ്.

Maim, *v. a.* ഊനം വരുത്തുക, മുടന്താക്ക.

Maim, *s.* ഊനം, മുടന്തു, അംഗഹീനത്വം.
Main, *a.* പ്രധാനമുള്ള, മുഖ്യമായ.
Mainland, *s.* വിസ്തീൎണ്ണഭൂമി.
Mainly, *ad.* പ്രധാനമായി, മുഖ്യമായി.
Mainmast, *s.* നടുപാമരം.
Mainprize, *s.* ജാമ്യം, പണയം.
Maintain, *v. a.* പാലിക്ക, ഉപജീവനം കൊടുക്ക.
Maintain, *v. n.* വ്യവഹരിക്ക, നിശ്ചയം പറക.
Maintainable, *a.* പാലിപ്പതിന്നു യോഗ്യം.
Maintenance, *s.* ജീവനം, അഹോവൃത്തി.
Maize, *s.* ചോളം.
Majestic, *a.* മഹത്വമുള്ള, തേജസ്സുള്ള.
Majesty, *s.* മഹത്വം, പ്രാഭവം, തേജസ്സു.
Major, *a.* അധികമുള്ള, സ്ഥാനവലിപ്പമുള്ള.
Major, *s.* പടനായകൻ.
Majority, *s.* വലിപ്പം, വൻകൂട്ടം, പടനായകസ്ഥാനം.
Make, *v. a.* ഉണ്ടാക്ക, നിൎമ്മിക്ക, തീൎക്ക.
Make, *v. n.* ചെല്ലുക, പായുക, നടക്ക.
Make, *s.* ആകൃതി, ഭാഷ, സ്വരൂപം.
Maker, *s.* സ്രഷ്ടാവു, നിൎമ്മാതാവു.
Malady, *s.* വ്യാധി, രോഗം.
Male, *a.* ആണായ, പുരുഷനായ.
Male, *s.* ആൺ, പുരുഷൻ.
Malecontent, *a.* അസന്തുഷ്ടിയുള്ള.
Malecontent, *s.* അസന്തുഷ്ടൻ, ദ്രോഹി.
Malediction, *s.* ശാപം, ദൂഷണവാക്ക.
Malefaction, *s.* ദുഷ്കൎമ്മം, അകൃത്യം, കുററം.
Malefactor, *s.* ദുഷ്കൎമ്മി, കുലപാതകൻ.
Malepractice, *s.* ദുഷ്ക്രിയ, ദുൎന്നടപ്പു.
Malevolence, *s.* ദുൎമ്മനസ്സു, വേണ്ടാസനം.
Malevolent, *a.* ദുൎമ്മനസ്സുള്ള, ദുൎബ്ബുദ്ധിയുള്ള.
Malice, *s.* ദ്വേഷം, ഈൎഷ്യ, ദുൎഗ്ഗുണം, പക.
Malicious, *a.* ദുൎഗ്ഗുണമുള്ള, പകയുള്ള, വിടക്ക.
Maliciousness, *s.* ദുൎവ്വിചാരം, മത്സരഭാവം.
Malign, *a.* ദ്വേഷമുള്ള, പകച്ചുയുള്ള.
Malign, *v. a.* ദൂഷ്യം പറക, ദ്വേഷിക്ക.
Malignity, *s.* ദുൎവ്വിചാരം, വേണ്ടാസനം.
Malignant, *a.* ദ്വേഷമുള്ള, പകച്ചുയുള്ള.
Malignant, *s.* വേണ്ടാസനക്കാരൻ, ദ്വേഷി.
Mall, *s.* ചുററിക, മുട്ടിക.
Mall, *v. a.* അടിക്ക, ഇടിക്ക.
Mallows, *s.* ഉത്തി.
Malt, *s.* നനെച്ചുണങ്ങിയ യവം.
Maltreat, *v. a.* ശകാരിക്ക, ഹിംസിക്ക.
Mamma, *s.* അമ്മ.
Mammet *s.* പാവ.
Mammock, *v. a.* ചീന്തുക, കീറുക.
Mammon, *s.* ധനം, ഐശ്വൎയ്യം, ധനപതി.
Man, *s.* മനുഷ്യൻ, മാനുഷൻ, പുരുഷൻ, പുമാൻ, മൎത്യൻ, നരൻ, ആൾ.
Man, *v. a.* ആളുകളെ കാവലാക്ക, ഉറപ്പിക്ക.
Man-of-war, *s.* പടക്കപ്പൽ.
Manacles, *s.* കൈവിലങ്ങ, കൈക്കൂച്ചു.
Manacle, *v. a.* കൈവിലങ്ങിടുക.
Manage, *v. a.* നടത്തുക, നിൎവ്വഹിക്ക, ഭരിക്ക, ശീലിപ്പിക്ക.
Management, *s.* നടത്തൽ, നിൎവ്വാഹം, ഭരിപ്പു.
Manageable, *a.* നടത്തിക്കപ്പെടത്തക്ക.
Manager, *s.* കാൎയ്യക്കാരൻ, നടത്തുന്നവൻ.
Manation, *s.* വല്ലതിൽനിന്നുള്ള ഉൽപാദനം.
Mancipate, *v. a.* അടിമയാക്ക, കെട്ടുക, ബന്ധിക്ക.
Mancipation, *s.* അടിമ, നിബന്ധം.

Mandarin, *s.* ചീനരാജ്യത്തിലെ അധികാരി.

Mandate, *s.* കല്പന, ആജ്ഞ, ചട്ടം.

Manducate, *v. a.* ചവെക്ക, ചവെച്ചുതിന്നുക.

Mane, *s.* കുതിരക്കഴുത്തിലെ രോമം, കുഞ്ചിരോമം.

Maneater, *s.* മാനുഷഭോക്താവു.

Manes, *s.* ദേഹി, ആത്മാവു.

Manful, *a.* ശൌൎയ്യമുള്ള, ധീരതയുള്ള.

Manfulness, *s.* പരാക്രമം, ധീരത, ആണത്വം.

Manger, *s.* പശുത്തൊട്ടി, പുൽക്കൂട്ട.

Mangle, *v. a.* നുറുക്ക, അറുത്തുകൊല്ലുക.

Mangler, *s.* നുറുക്കുന്നവൻ, കഷ്ണിക്കുന്നവൻ.

Mango, *s.* മാങ്ങാ, മാവു.

Manhood, *s.* മാനുഷ്യം, പുരുഷത്വം, യൌവ്വനം.

Maniac, *s.* ഭ്രാന്തൻ.

Manifest, *a.* പരസ്യമുള്ള, പ്രത്യക്ഷമായ.

Manifest, *v. a.* പരസ്യമാക്ക, പ്രസിദ്ധമാക്ക.

Manifestation, *s.* പരസ്യമാക്കൽ, പ്രത്യക്ഷത.

Manifestly, *ad.* പ്രസിദ്ധമായി, തെളിവായി.

Manifesto, *s.* വിളംബരം, പരസ്യം.

Manifold, *a.* നാനാവിധമുള്ള, പലവിധമുള്ള.

Manikin, *s.* മുണ്ടൻ, വാമനൻ, ആൺകുട്ടി.

Mankiller, *s.* ഘാതകൻ, കുലപാതകൻ.

Mankind, *s.* മനുഷ്യജാതി, മനുഷ്യവൎഗ്ഗം.

Manlike, manly, *a.* പുരുഷാൎത്ഥമുള്ള, ധീരതയുള്ള.

Manliness, *s.* ശൌൎയ്യം, ധീരത, യോഗ്യത.

Manna, *s.* മന്നാ.

Manner, *s.* പ്രകാരം, വിധം, നടപ്പു, മൎയ്യാദ.

Mannerly, *ad.* മൎയ്യാദയുള്ള, നല്ല ആചാരമുള്ള.

Manœuvre, *s.* കൌശലപ്രയോഗം, വിദഗ്ദ്ധത.

Mansion, *s.* വലിയ വീടു, ഭവനം, മഠം, വസതി.

Manslaughter, *s.* മനുഷ്യകുല, നരവധം.

Mansuetude, *s.* ശാന്തത, ഇണക്കം, മെരുക്കം.

Mantle, *s.* പുറങ്കുപ്പായം, നിലയങ്കി, കുപ്പായം.

Mantology, *s.* ദിഷ്ടദൎശനം.

Manual, *a.* കൈവേലയുള്ള, കൈപാടുള്ള.

Manufactory, *s.* ചരക്കുണ്ടാക്കുന്ന പണിപ്പുര.

Manufacture, *s.* പണി, കൃതി, നിൎമ്മാണം.

Manufacture, *v. a.* ഉണ്ടാക്ക, നിൎമ്മിക്ക, പണിയുക.

Manufacturer, *s.* ഉണ്ടാക്കുന്നവൻ, നിൎമ്മിതാവു.

Manure, *v. a.* വളമിടുക, ചവറിടുക.

Manure, *s.* വളം.

Manuscript, *s.* കൈയക്ഷരമുള്ള പുസ്തകം.

Many, *a.* വളരെ, പല, ബഹു, അനേകം, നാനാ.

Manytimes, *ad.* പലപ്പോഴും, പലപ്രാവശ്യം.

Map, *s.* ദേശപടം, ഭൂഗോളപടം.

Mar, *v. a.* കേടു വരുത്തുക, ചേതം വരുത്തുക.

Marasmus, *s.* ക്ഷയരോഗം.

Marble, *s.* മിനുസമുള്ള ഒരു വക കല്ലു.

March, *s.* മീനമാസം, പ്രയാണം, പ്രസ്ഥാനം.

March, *v. n.* അണിയായി നടക്ക, യാത്രയാക.

March, *v. a.* അണിയായി നടത്തുക.
Mare, *s.* പെൺകുതിര.
Mareschal, *s.* വലിയ സേനാപതി.
Margarite, *s.* മുത്തു, രത്നം.
Margin, *s.* ഒര, വിളിമ്പു, വക്ക.
Margrave, *s.* പ്രഭു.
Marigold, *s.* ഒരു വക മഞ്ഞ പുഷ്പം.
Marine, *a.* കടൽ സംബന്ധമുള്ള, സമുദ്രിയം.
Marine, *s.* കപ്പൽ പടയാളി, പടകപ്പൽ കാൎയ്യം.
Mariner, *s.* കടൽസഞ്ചാരി, കപ്പക്കാരൻ.
Mark, *s.* അടയാളം, കുറിപ്പു, കുറി, വട്ടു, ചിഹ്നം.
Mark, *v. a.* അടയാളമിട്ടുക, വരെക്ക, കുറിക്ക.
Market, *s.* ചന്ത, കടവീഥി, കൊട്ടക്കവാങ്ങൽ.
Market-day, *s.* ചന്തദിവസം.
Market-place, *s.* ചന്തസ്ഥലം.
Market-price, *s.* ചന്തവില, നടപ്പുവില.
Market-town, *s.* ചന്തനഗരം.
Marksman, *s.* കുറിക്കു വെക്കുന്നവൻ, ധനുൎവ്വേദി.
Marl, *s.* കളിമണ്ണു.
Marquis, *s.* പ്രഭു, (സ്ഥാനപേർ).
Marriage, *s.* വിവാഹം, കല്യാണം, വേളി.
Married, *a.* വിവാഹം ചെയ്തു, വേട്ട.
Marrow, *s.* മജ്ജ, അസ്ഥിഗൎഭം.
Marry, *v. a. & n.* വിവാഹം കഴിപ്പിക്ക, പെൺ കെട്ടുക, വേൾക്ക, കല്യാണം ചെയ്ക.
Mars, *s.* ചൊവ്വാ, കുജൻ.
Marsh, *s.* ചതുപ്പുനിലം, ചളിപ്രദേശം.
Marshal, *s.* ആയുധപ്രമാണി, മുന്നോടി.
Marshal, *v. a.* ക്രമപ്പെടുത്തുക, മുന്നോട്ടുക.
Marshy, *a.* ചതുപ്പുള്ള, ഈറമുള്ള.

Mart, *s.* ചന്തസ്ഥലം.
Martial, *a.* യുദ്ധവൈഭവമുള്ള, ധീരതയുള്ള.
Martyr, *s.* രക്തസാക്ഷി, സത്യത്തിന്നു വേണ്ടി മരിക്കുന്നവൻ.
Martyrdom, *s.* സത്യത്തിന്നു വേണ്ടി മരിക്കുന്നതു.
Marvel, *s.* ആശ്ചൎയ്യം, അത്ഭുതം, വിസ്മയം.
Marvel, *v. n.* വിസ്മയിക്ക, അതിശയിക്ക.
Marvellous, *a.* ആശ്ചൎയ്യമുള്ള, അപൂൎവ്വ.
Masculine, *a.* പുല്ലിംഗമുള്ള, ആണായ.
Mash, *s.* സമ്മേളനം, യോഗക്കൂട്ടു.
Mash, *v. a.* കലൎത്തുക, കുഴെക്ക.
Mask, *s.* മറുവേഷം, വേഷം, കോലം.
Mask, *v. a.* വേഷംകെട്ടുക, കോലംകെട്ടുക.
Mason, *s.* കല്പണിക്കാരൻ, പെരിന്തേരി.
Masonry, *s.* കല്പണി.
Masquerader, *s.* വേഷക്കാരൻ, വേഷധാരി.
Mass, *s.* കട്ട, കൂട്ട, പിണ്ഡം, മിസ്സ.
Massacre, *s.* ജനസംഹാരം, കുല.
Massacre, *v. a.* സംഹരിക്ക, കൊല്ലുക.
Massiness, *s.* ഘനം, ഭാരം, കട്ടി.
Massive, *a.* ഘനമുള്ള, തടിയുള്ള, ഭാരമുള്ള.
Massy, *a.* ഘനമുള്ള, തടിച്ച.
Mast, *s.* പാമരം, കൊടിമരം, സ്തംഭം.
Master, *s.* യജമാനൻ, ഗുരു, പതി, സ്വാമി, പ്രമാണി.
Master, *v. a.* അടക്ക, ജയിക്ക, സാധിപ്പിക്ക.
Masterly, *s.* വൈഭവത്തോടെ, നന്നായി.
Mastership, *s.* അധികാരം, ഭരിപ്പു, ശ്രേഷ്ഠത.
Mastery, *s.* ശക്തി, ജയം, കയററം, അധികാരം.

Mastication, *s.* ചവ, തിന്നുന്നതു.

Mat, *s.* പായി, തുണപ്പലി.

Mat, *v. a.* പായികൊണ്ടു മൂട്ടുക, പിന്നുക, മുടയുക.

Match, *s.* കത്തിരി, പോരാട്ടം, തുല്യത.

Match, *v. a. & n.* തുല്യമാക്ക, ശരിയാക്ക, വേൾക്ക.

Matchless, *a.* തുല്യമില്ലാത്ത, അതുലമായ.

Mate, *s.* ഭൎത്താവു, ഭാൎയ്യ, കൂട്ടുകാരൻ, കൂട്ടുകാരത്തി.

Material, *a.* കാൎയ്യമുള്ള, തടിവുള്ള, സ്ഥൂലമുള്ള.

Material, *s.* സ്ഥൂലമുള്ള വസ്തു, കോപ്പു, ഉരുപ്പടി.

Materialism, *s.* പ്രപഞ്ചസക്തി, നാസ്തികത.

Materialist, *s.* പ്രപഞ്ചസക്തൻ, നാസ്തികൻ.

Materiality, *s.* ശരീരാവസ്ഥ, ദേഹാവസ്ഥ.

Materially, *ad.* രൂപത്തോടെ, കാൎയ്യമായി.

Materials, *s.* സാധനങ്ങൾ, ഉപകരണങ്ങൾ.

Maternal, *a.* മാതൃസംബന്ധമുള്ള, വാത്സല്യമുള്ള.

Mathematical, *a.* കണക്കുള്ള, ഗണിതശാസ്ത്രമുള്ള.

Mathematician, *s.* കണക്കൻ, ഗണിതക്കാരൻ.

Mathematics, *s.* കണക്കസാരം, ഗണിതശാസ്ത്രം.

Mathesis, *s.* കണക്കസാരം.

Matin, *a.* കാലത്തു, രാവിലെ, എതിരെ.

Matrass, *s.* ഒരുവക പാത്രം.

Matress, *s.* മെത്ത.

Matrix, *s.* ഗൎഭപാത്രം, അക്ഷരങ്ങളെ വാൎക്കുന്നതിന്നു വേണ്ടിയ അച്ച.

Matricide, *s.* മാതൃഹത്യ, മാതൃഘാതകൻ.

Matrimonial, *a.* വിവാഹസംബന്ധമുള്ള.

Matrimony, *s.* വിവാഹം, കല്യാണം, വേളി.

Matron, *s.* അമ്മ, മൂത്തച്ചി, മഹിക്ഷി.

Matter, *s.* വസ്തു, സാധനം, കാൎയ്യം, ചലം, മൂൎത്തി.

Mattock, *s.* ക്രന്താലി, ചുണ്ടൽ, കൈക്കോട്ടു.

Maturation, *s.* പകചമാക്കുന്നതു.

Maturative, *a.* പകചമാക്കുന്ന, പഴുപ്പിക്കുന്ന.

Mature, *a.* പകചമുള്ള, പാകമുള്ള, മൂത്ത.

Mature, *v. a.* പകചമാക്ക, പഴുപ്പിക്ക.

Maturity, *s.* മൂപ്പു, പകചത, പാകം.

Maul, *s.* മരമുട്ടി, മുട്ടിക.

Maunder, *v. n.* മുരളുക, പിറുപിറുക്ക.

Mausoleum, *s.* വിചിത്രമായ പ്രേതക്കല്ലറ.

Maxim, *s.* പ്രമാണം, ചട്ടം, സിദ്ധാന്തം.

Maximum, *s.* മഹത്തമ, ഉത്തമം.

May, *s.* ഇടവമാസം, യൌവനപ്രായം.

May, *v. n.* ആകാം, ആം.

Mayor, *s.* നഗരപ്രമാണി.

Maze, *s.* മനക്കലക്കം, സംഭ്രമം, തുമ്പില്ലായ്മ.

Mazy, *a.* സംഭ്രമമുള്ള, രൂപകേടുള്ള.

Me, *pron.* എന്നെ.

Meadow, *s.* മേച്ചൽസ്ഥലം, പുൽതകടി.

Meager, *a.* മെലിഞ്ഞ.

Meal, *s.* അഷ്ടി, ഊണ, ആഹാരം, മാവു.

Mean, *a.* ഹീനമുള്ള, നീചമായ, നിസ്സാരമുള്ള.

Mean, means, *s.* മദ്ധ്യമം, ഇട, വക, കഴിവു, ഗതി.

Mean, *v. n.* തോന്നുക, ഭാവിക്ക, അൎത്ഥമാക.

Mean, *v. a.* നിശ്ചയിക്ക, സങ്കല്പിക്ക.
Meaning, *s.* ഭാവം, അഭിപ്രായം, അൎത്ഥം.
Meanly, *ad.* ഹീനമായി, നീചമായി.
Meanness, *s.* ഹീനത, കുറവു, ഇളപ്പം.
Measles, *s.* അഞ്ചാംപനി, പൊങ്ങൻപനി.
Measurable, *a.* അളക്കപ്പെടത്തക്ക, മിതമുള്ള.
Measure, *s.* അളവു, പരിമാണം, വീതം, മാനം.
Measure, *v. a.* അളക്ക.
Measureless, *a.* അളവില്ലാത്ത, അളവററ.
Measurement, *s.* അളക്കുന്നതു, അളവു, പ്രമാണം.
Measurer, *s.* അളവുകാരൻ.
Meat, *s.* ഇറച്ചി, മാംസം, ആഹാരം.
Meatoffering, *s.* ആഹാരകാഴ്ച, നിവേദ്യം.
Mechanic, *s.* യന്ത്രി, സൂത്രവേലക്കാരൻ.
Mechanics, *s.* യന്ത്രപ്രയോഗം, സൂത്രവിദ്യ.
Mechanism, *s.* യന്ത്രപ്പണി, സൂത്രവേല.
Medal, *s.* രാജാവു മാനത്തിന്നു കൊടുക്കുന്ന നാണ്യം.
Meddle, *v. n.* ഇടപ്പെടുക, ഉൾപ്പെടുക.
Meddler, *s.* അന്യകാൎയ്യത്തിലുൾപ്പെടുന്നവൻ.
Mediate, *v. n.* മദ്ധ്യസ്ഥംചെയ്ക.
Mediate, *a.* മദ്ധ്യെയുള്ള, ഇടനിലയുള്ള.
Mediation, *s.* മദ്ധ്യസ്ഥത, തടസ്ഥം, സിപാൎശി.
Mediator, *s.* മദ്ധ്യസ്ഥൻ, മൂന്നാമൻ.
Mediatorship, *s.* മദ്ധ്യസ്ഥസ്ഥാനം.
Medical, *a.* ചികിത്സിക്കുന്ന, വൈദ്യസംബന്ധമുള്ള.
Medicament, *s.* മരുന്നു, ഔഷധം.
Medicinal, *a.* മരുന്നുസംബന്ധിച്ച.
Medicine, *s.* ഔഷധം, മരുന്നു.

Mediety, *s.* മദ്ധ്യം, പാതി, അൎദ്ധം.
Mediocrity, *s.* മദ്ധ്യം, നടുത്തരം, പാതിപ്പാടു.
Meditate, *v. a.* ധ്യാനിക്ക, വിചാരിക്ക, ചിന്തിക്ക.
Meditation, *s.* ധ്യാനം, വിചാരം, ചിന്ത.
Meditative, *a.* ധ്യാനിക്കുന്ന, ചിന്തിക്കുന്ന.
Mediterranean, *a.* ദേശമദ്ധ്യത്തിലുള്ള.
Medium, *s.* മദ്ധ്യം, നടവു, മുഖാന്തരം.
Medley, *s.* കലച്ചു, കൂട്ടു.
Meed, *s.* സമ്മാനം, പ്രതികാരം.
Meek, *a.* സൌമ്യതയുള്ള, ശാന്തമായ.
Meekness, *s.* സൌമ്യത, സാധുത്വം.
Meet, *a.* ഉചിതമായ, യോഗ്യമുള്ള, തക്ക.
Meet, *v. a.* എതിരേല്ക്ക, എതിൎക്ക, ദൎശിക്ക.
Meet, *v. n.* കൂടുക, ചേരുക.
Meeting, *s.* സംഘം, യോഗം, കൂട്ടം, ജനസഭ.
Meeting-house, *s.* പള്ളി.
Meetness, *s.* യോഗ്യത, ചേൎച്ച, ഔചിത്യം.
Melancholy, *s.* കുണ്ഠിതം, സങ്കടം, വ്യസനം.
Meliorate, *v. a.* നന്നാക്ക, വിശേഷംവരുത്തുക.
Mellow, *a.* അലിയുന്ന, ഉലയുന്ന, പഴുത്ത.
Mellow, *v. a.* അലെക്ക, പഴുപ്പിക്ക.
Mellow, *v. n.* അലയുക, അഴിയുക, ഉലയുക.
Mellowness, *s.* ഉലെപ്പു, അലച്ചൽ, മുഴുപ്രായം.
Melody, *s.* രാഗം, സ്വരവാസന, മധുരസ്വരം.
Melon, *s.* കക്കരിക്കാ, വത്തക്കാ.
Melt, *v. a.* ഉരുക്ക, ദ്രവിപ്പിക്ക, അലിക്ക, ക്ഷയിപ്പിക്ക.
Melt, *v. n.* ഉരുക, ദ്രവിക്ക, അലിയുക.
Member, *s.* അവയവം, അംശം, ഉപാംശം.

Memoir, *s.* വൃത്താന്തപുസ്തകം, ജിവചരിത്രം.
Memorable, *a.* ഓൎക്കത്തക്ക, ഓൎപ്പാനുള്ള.
Memorandum, *s.* കുറിപ്പു, കുറിമാനം.
Memorial, *s.* ജ്ഞാപകകാൎയ്യം, എഴുത്തു.
Memorialist, *s.* ഓൎമ്മപ്പെടുത്തുന്നവൻ.
Memorialize, *v. a.* ഓൎമ്മപ്പെടുത്തുക.
Memory, *s.* ഓൎമ്മ, ധാരണ, ജ്ഞാപകം.
Menace, *v. a.* ഭയപ്പെടുത്തുക, ഭീഷണി കാട്ടുക.
Menace, *s.* ഭയപ്പെടുത്തുന്നതു, ശാസന.
Menacer, *s.* ഭീഷണിക്കാരൻ.
Menage, *s.* മൃഗശേഖരം.
Mend, *v. a.* നന്നാക്ക, കേടുതീൎക്ക, സഹായിക്ക.
Mend, *v. n.* നന്നാക, നന്നായിവരിക.
Mendacity, *s.* വ്യാജം, ഭോഷ്കു, നുണ.
Mendicant, *s.* ഭിക്ഷു, താപസൻ.
Mendicate, *v. n.* ഇരന്നു നടക്ക.
Mendicity, *s.* ഭിക്ഷാടനം, ഇരപ്പാളിത്വം.
Menial, *s.* വീട്ടുവേലക്കാരൻ, ഭൃത്യൻ.
Menology, *s.* മാസക്കണക്ക.
Menpleaser, *s.* മുഖസ്തുതിക്കാരൻ.
Menstrual, *a.* മാസംതോറുമുള്ള.
Mensurable, *a.* അളക്കപ്പെടത്തക്ക.
Mensurate, *v. a.* അളക്ക.
Mensuration, *s.* അളക്കൽ, അളവുവിദ്യ.
Mental, *a.* മനസ്സുസംബന്ധമുള്ള, മനസിജം.
Mentally, *ad.* മനസ്സുകൊണ്ടു, അറിവോടെ.
Mention, *s.* കഥനം, ചൊൽ, ഓൎമ്മകൊടുക്കൽ.
Mention, *v. a.* പറക, ചൊല്ലുക, ഓൎമ്മകൊടുക്ക.
Mercantile, *a.* കച്ചവടം സംബന്ധിച്ച.
Mercat, *s.* വ്യാപാരം, കച്ചവടസ്ഥലം.
Mercenary, *s.* കൂലിക്കാരൻ, ശമ്പളക്കാരൻ.
Merchandise, *s.* വ്യാപാരം, കച്ചവടം, ചരക്ക.
Merchant, *s.* വ്യാപാരി, വൎത്തകൻ, കച്ചവടക്കാരൻ.
Merchant-man, *s.* കച്ചവടക്കപ്പൽ.
Merciful, *a.* കരുണയുള്ള, അലിവുള്ള.
Mercifulness, *s.* കൃപ, ആൎദ്രകരുണ.
Merciless, *a.* കൃപയില്ലാത്ത, കഠിനമുള്ള.
Mercurial, *a.* രസം കൊണ്ടുണ്ടാക്കിയ.
Mercury, *s.* രസം, ചുറുക്ക, ബുധൻ.
Mercy, *s.* കരുണ, കാരുണ്യം, ദയ, ക്ഷമ.
Mercy-seat, *s.* കൃപാസനം.
Mere, *a.* മാത്രം, വെറുതെ, ശുദ്ധ.
Merely, *ad.* മാത്രം, കേവലം.
Meridian, *s.* ഉച്ചം, മദ്ധ്യാഹ്നം, മദ്ധ്യരേഖ.
Merit, *s.* യോഗ്യത, ഗുണം, ഉത്തമത്വം, സാരം.
Merit, *v. a.* യോഗ്യമാക, പാത്രമാക.
Meritorious, *a.* യോഗ്യമുള്ള, പാത്രമായ.
Meritoriousness, *s.* സമ്മാനയോഗ്യത.
Merrily, *ad.* സന്തോഷത്തോടെ, ഉല്ലാസമായി.
Merriness, *s.* സന്തോഷം, ആഹ്ലാദം.
Merry, *a.* സന്തോഷിക്കുന്ന, പ്രസാദമുള്ള.
Mersion, *s.* മുങ്ങൽ, മുഴുകൽ, മഗ്നം.
Mesentery, *s.* കുടൽഞരമ്പു.
Mesh, *s.* വലക്കണ്ണി.
Mess, *s.* ഭക്ഷണം, സഹഭോജനം.
Mess, *v. n.* സഹഭോജനം കഴിക്ക, ഭക്ഷിക്ക.
Message, *s.* ദൂതു, വൎത്തമാനം, ചെതി.
Messenger, *s.* ദൂതൻ, ചാരൻ, സ്ഥാനപതി.
Messiah, *s.* അഭിഷിക്തൻ, ക്രിസ്തൻ, മശീഹ.

Met, *pret. & part. of to meet*, എതിരേററു.

Metal, *s.* ലോഹം, പഞ്ചലോഹം, ചൂണ്ണ.

Metallic, *a.* പഞ്ചലോഹസമന്വിതം.

Metalline, *a.* ലോഹമുള്ള.

Metamorphose, *v. a.* രൂപാന്തരപ്പെടുത്തുക.

Metamorphosis, *s.* മറുരൂപം, രൂപാന്തരം.

Metaphor, *s.* ഉപമിതി, സദൃശം, ജ്ഞാനാൎത്ഥം.

Metaphorical, *a.* ജ്ഞാനാൎത്ഥമുള്ള.

Metaphrase, *s.* പരിഭാഷ.

Metaphysics, *s.* ജീവതത്വം.

Mete, *v. a.* അളക്ക.

Meteor, *s.* കൊള്ളിമീൻ.

Method, *s.* പ്രകാരം, രീതി, വഴി, ക്രമം, ചട്ടം.

Methodical, *a.* യഥാക്രമമുള്ള.

Methodize, *v. a.* ക്രമമാക്ക, രീതിയാക്ക.

Metre, *s.* വൃത്തം, പദ്യം, ശ്ലോകം, പാദം.

Metrical, *a.* പദ്യമുള്ള, വൃത്തസംബന്ധിച്ച.

Metropolis, *s.* പ്രധാനനഗരം.

Metropolitan, *s.* പ്രധാനമേല്പട്ടക്കാരൻ.

Mettle, *s.* ചൊടിപ്പു, ബുദ്ധി, മനോവേഗം.

Mew, *v. a.* പൂച്ചപോലെ കരക.

Microcosm, *s.* ചെറുലോകം, മനുഷ്യൻ.

Microscope, *s.* ഭൂതക്കണ്ണാടി.

Mid, *a.* നടുവിലുള്ള, ഇടയിലുള്ള.

Midcourse, *s.* നടുവഴി, പാതിവഴി.

Midday, *s.* ഉച്ച, മദ്ധ്യാഹ്നം.

Middle, midst, *s.* നടുവു, മദ്ധ്യം, നടുമയ്യം.

Middle-aged, *a.* നടുപ്രായമുള്ള.

Middling, *a.* മദ്ധ്യമുള്ള, നടുവിലുള്ള.

Midheaven, *s.* മദ്ധ്യാകാശം.

Midland, *a.* മദ്ധ്യദേശത്തുള്ള.

Midnight, *s.* അൎദ്ധരാത്രി, പാതിരാ.

Midsea, *s.* നടുക്കടൽ, മദ്ധ്യസമുദ്രം.

Midway, *s.* പാതിവഴി.

Midway, *ad.* വഴിമദ്ധ്യെ, പാതിവഴിയിൽ.

Midwife, *s.* പേററി, പ്രസൂതി.

Mien, *s.* ഭാവം, മുഖഭാവം, മുഖദൃഷ്ടി.

Might, *s.* ശക്തി, ബലം, പരാക്രമം.

Mightily, *ad.* ശക്തിയോടെ.

Mightiness, *s.* ശക്തി, വലിപ്പം, പ്രതാപം.

Mighty, *a.* ശക്തിയുള്ള, ഊക്കുള്ള.

Migrate, *v. a.* സ്ഥലം മാറിപാക്ക.

Migration, *s.* സ്ഥലം മാറി പാക്കൽ, കുടിനീക്കം.

Mild, *a.* സൌമ്യതയുള്ള, ശാന്തമായ.

Mildew, *s.* പുഴക്കുത്തു, പുഴുത്തിൻ, എരിച്ചൽ.

Mildly, *ad.* ശാന്തമായി, സാവധാനത്തോടെ.

Mildness, *s.* സൌമ്യത, സാവധാനം, ശാന്തത.

Mile, *s.* ഒരു നാഴിക.

Milestone, *s.* നാഴികക്കല്ലു.

Militant, *a.* പൊരുതുന്ന, യുദ്ധസേവയുള്ള.

Military, *a.* പടസേനസംബന്ധിച്ച.

Militate, *v. n.* പൊരുതുക, നേരിടുക, ചെറുക്ക.

Militia, *s.* പടസൈന്യം.

Milk, *s.* പാൽ, ക്ഷീരം, ചാറു, നീർ.

Milk, *v. a.* കറക്ക.

Milken, *a.* പാലുള്ള.

Milkiness, *s.* പാൽപോലെയുള്ള മാൎദ്ദവം.

Milkmaid, *s.* പാല്ക്കാരത്തി.

Milkman, *s.* പാല്ക്കാരൻ.

Milkpail, *s.* പാൽപാത്രം, ദോഹം.

Milkpan, *s.* പാൽചട്ടി, പാല്കൂലം.
Milkpottage, *s.* പാൽപായസം.
Milksop, *s.* ഭീരു, ധൈൎയ്യമില്ലാത്തവൻ.
Milky, *a.* പാൽകൊണ്ടുണ്ടാക്കിയ, ഭീതിയുള്ള.
Milkyway, *s.* ആകാശഗംഗാ, പാൽവഴി.
Mill, *s.* യന്ത്രം, തിരിക്കല്ലു.
Mill, *v. a.* അരെക്ക.
Millenary, *a.* ആയിരം.
Millennium, *s.* ആയിരം ആണ്ടു.
Millepede, *s.* തേരട്ട ഇത്യാദി.
Miller, *s.* മാവു ഉണ്ടാക്കുന്നവൻ.
Million, *s.* പത്തുലക്ഷം, പ്രയുതം.
Millstone, *s.* തിരിക്കല്ലു, യന്ത്രക്കല്ലു.
Millteeth, *s. pl.* അണപ്പല്ലുകൾ.
Milt, *s.* പനഞ്ഞീൽ, പ്ലീഹ.
Mime, *s.* വിനോദക്കാരൻ, പൊറാട്ടുകാരൻ.
Mime, *v. a.* ഗോഷ്ഠി കാട്ടുക.
Mimic, *s.* നടൻ, ഗോഷ്ഠിക്കാരൻ.
Mimic, *v. a.* ഭാവം നടിക്ക, ഗോഷ്ഠി കാട്ടുക.
Mimical, *a.* ഭാവം നടിക്കുന്ന.
Mimicry, *s.* ഭാവനടിപ്പു, തൊങ്കാരം.
Mince, *v. a.* നുറുക്ക, അരിയുക, ചുരുക്കിപ്പറക.
Mince, *v. n.* തത്തിതത്തി നടക്ക.
Mind, *s.* മനസ്സു, മതി, ബുദ്ധി, വിചാരം.
Mind, *v. a.* കരുതുക, കൂട്ടാക്ക, വിചാരിക്ക.
Mindful, *a.* ഓൎമ്മയുള്ള, വിചാരമുള്ള.
Mindstricken, *a.* മനസ്സിൽ തറച്ച.
Mine, *pron.* എന്റെ, എനിക്കുള്ള.
Mine, *s.* ലോഹം എടുക്കുന്ന കുഴി, തുരങ്കം.
Mine, *v. n.* തുരക്ക.
Mine, *v. a.* തുരങ്കമിടുക.
Miner, *s.* തുരങ്കമിടുന്നവൻ, ധാതുവാദി.

Mineral, *s.* ധാതു, അരിതാരം, ധാതുദ്രവ്യം.
Mineral, *a.* ധാതുള്ള, അയിരുള്ള.
Mineralist, *s.* ധാതുവാദി.
Mineralogy, *s.* ധാതുവാദം, ധാതുവാദശാസ്ത്രം.
Mingle, *v. a.* കലക്ക, കലൎത്തുക, കുഴെക്ക.
Mingle, *v. n.* കലങ്ങുക, കലരുക.
Mingle, *s.* ചേൎച്ച, കലൎപ്പു.
Miniature, *s.* ചെറു ചിത്രം, ചെറിയ പടം.
Minim, *s.* മുണ്ടൻ, കൃശൻ, കുള്ളൻ, തുള്ളി.
Minion, *s.* ഇഷ്ടൻ, പ്രിയൻ, ഓമലാൾ.
Minish, *v. a.* കുറെക്ക, കുറുക്ക.
Minister, *s.* കാൎയ്യസ്ഥൻ, മന്ത്രി, ദൈവഭൃത്യൻ.
Minister, *v. a.* കൊടുക്ക, നല്കു, നടത്തുക.
Minister, *v. n.* ശുശ്രൂഷിക്ക, ഉപകരിക്ക, ഉതക.
Ministerial, *a.* മന്ത്രിസ്ഥാനസംബന്ധിച്ച.
Ministration, *s.* കാൎയ്യവിചാരം, ശുശ്രൂഷ.
Ministry, *s.* ശുശ്രൂഷ, മന്ത്രിവൃത്തി, ദൈവശുശ്രൂഷ.
Minium, *s.* ചായില്യം.
Minor, *a.* ചെറിയ, കുറച്ചലുള്ള.
Minor, *s.* ഇളയവൻ, പ്രായംകുറഞ്ഞവൻ.
Minority, *s.* ഇളംപ്രായം, ചെറുപ്പം.
Minster, *s.* പ്രധാനപള്ളി, ആശ്രമം.
Minstrel, *s.* വാദ്യക്കാരൻ.
Mint, *s.* തുളസി.
Mint, *s.* തങ്കശാല.
Mint, *v. a.* നാണിയം അടിക്ക.
Mintage, *s.* നാണിയം, നാണിയം അടിപ്പിക്കുന്ന അധികാരം.
Minter, *s.* നാണിയം അടിക്കുന്നവൻ.
Minute, *a.* ചെറിയ, അല്പമുള്ള, സൂക്ഷ്മമുള്ള.
Minute, *s.* ഒരു വിനാഴിക.

Minute, *v. a.* കുറിക്ക, ചുരുക്കത്തിൽ എഴുതി വെക്ക.
Minutely, *ad.* സൂക്ഷ്മമായി, വിനാഴിക തോറും.
Minuteness, *s.* സൂക്ഷ്മം, ചെറുപ്പം, കൃശത.
Minutiæ, *s.* സൂക്ഷ്മവസ്തു, അണു.
Minx, *s.* വിലാസിനി.
Miracle, *s.* അത്ഭുതം, അതിശയം, ആശ്ചൎയ്യം.
Miraculous, *a.* അതിശയമുള്ള, അത്ഭുതമുള്ള, ആശ്ചൎയ്യമുള്ള.
Mire, *s.* ചേറു, ചളി, പങ്കം.
Mire, *v. a.* ചേറിടുക, ചളിപിരട്ടുക.
Mirror, *s.* കണ്ണാടി, ദൎപ്പണം, മാതൃക.
Mirth, *s.* സന്തോഷം, ഉല്ലാസം, മോടി.
Mirthful, *a.* സന്തോഷമുള്ള, മോടിയുള്ള.
Miry, *a.* ചേറുള്ള, ചളിയുള്ള.
Mis, ദുർ, നിർ.
Misacceptation, *s.* തെററായി ഗ്രഹിക്കുന്നതു.
Misadventure, *s.* അപകടം, അനൎത്ഥം.
Misadvise, *v. a.* ദുരാലോചന ചെയ്ക.
Misapplication, *s.* ദുഷ്പ്രയോഗം.
Misapply, *v. a.* തെററായിപ്രയോഗിക്ക.
Misapprehension, *s.* മതിഭ്രാന്തി, തെററു.
Misbehave, *v. n.* ദോഷമായിനടക്ക.
Misbehaviour, *s.* ദുൎന്നടപ്പു, ദുൎവ്യാപാരം.
Miscalculate, *v. a.* കണക്കതെററി ഗണിക്ക.
Miscall, *v. a.* പേർതെററി വിളിക്ക.
Miscarriage, *s.* ഗൎഭമലസൽ, ഭംഗം.
Miscarry, *v. n.* ഗൎഭം അലസുക, ഭംഗം വരിക.
Miscellaneous, *a.* പലവകയുള്ള.
Miscellany, *s.* പലവക, ബഹുവിധം.
Mischance, *s.* ദുൎഭാഗ്യം, നിൎഭാഗ്യം, ദുൎഗ്ഗതി.
Mischief, *s.* ദോഷം, ദുഷ്യം, അകൃത്യം.
Mischievous, *a.* ദോഷമുള്ള, ദുഷ്ടമുള്ള.
Misclaim, *s.* ന്യായക്കേടുള്ള വ്യവഹാരം.
Misconception, *s.* ദുശ്ശങ്ക, ദുൎഗ്രഹം, തെററു.
Misconduct, *s.* ദുൎന്നടപ്പു, ദുശ്ചരിത്രം.
Misconstruction, *s.* ദുൎവ്യാഖ്യാനം, വക മാററം.
Misconstrue, *v. a.* തെററായി വ്യാഖ്യാനിക്ക.
Miscount, *v. a.* തെററായി കണക്കുകൂട്ടുക.
Miscreant, *s.* കള്ളമതത്തിൽ ചേൎന്നവൻ, ദുൎമ്മാൎഗ്ഗി.
Misdeed, *s.* ദുഷ്കൎമ്മം, ദുഷ്പ്രവൃത്തി, അക്രമം.
Misdemeanour, *s.* ദുൎന്നടപ്പു, ദുസ്സാമൎത്ഥ്യം.
Misdo, *v. a.* കുററംചെയ്ക, തെററുകാണിക്ക.
Misemploy, *v. a.* തെററായി പ്രയോഗിക്ക.
Miser, *s.* ലുബ്ധൻ, കൃപണൻ, ദുരാഗ്രഹക്കാരൻ.
Miserable, *a.* അരിഷ്ടമുള്ള, ഹീനമുള്ള.
Misery, *s.* അരിഷ്ടത, നിൎഭാഗ്യം, കഷ്ടം, ദുഃഖം.
Misfortune, *s.* അനൎത്ഥം, ആപത്തു, വിപത്തു.
Misgivings, *s.* ദുശ്ശങ്ക, ഉൾഭീതി.
Misgovernment, *s.* ദുൎവ്വാഴ്ച, ദുൎന്നടത്തൽ.
Misguide, *v. a.* വഴിതെററി നടത്തുക.
Mishap, *s.* ദുൎഗ്ഗതി, ആപത്തു, ഭാഗ്യക്കേടു.
Misinform, *v. a.* കള്ളംബോധിപ്പിക്ക.
Misinformation, *s.* കള്ളംബോധിപ്പിക്കൽ.
Misinterpret, *v. a.* അൎത്ഥംപിഴച്ചുപറക.
Misjudge, *v. a.* തെററായി നിശ്ചയിക്ക.
Mislay, *v. a.* സ്ഥലംമാററിവെക്ക.
Misle, *v. n.* ചാറുക, ധൂളുക.
Mislead, *v. a.* വഴിതെററി നടത്തിക്ക, ദോഷത്തിലേക്ക നടത്തിക്ക.

Mismanagement, *s.* ദുൎന്നടത്തൽ, വിചാരക്കുറവു.
Misname, *v. a.* പേർ മാററംചെയ്യു.
Misplace, *v. a.* സ്ഥലം മാററിവെക്ക.
Misprint, *v. a.* തെററായി അച്ചടിക്ക.
Misrepresent, *v. a.* കള്ളമായി അറിയിക്ക.
Misrepresentation, *s.* കള്ളമായി അറിയിക്കുന്നതു.
Misrule, *s.* കലാപം, താറുമാറു, കലശൽ.
Miss, *s.* വിവാഹമില്ലാത്ത കുമാരി.
Miss, *v. a.* തെററുക, പിഴക്ക, വിട്ടുകളക.
Miss, *v. n.* ഇല്ലാതെപോക, കുറയുക.
Mission, *s.* നിയോഗം, മിശ്ശൻ.
Missionary, *s.* ബോധകൻ, പാതിരി.
Missive, *a.* അയക്കപ്പെടത്തക്ക.
Misspell, *v. a.* അക്ഷരം തെററിക്കൂട്ടുക.
Misspend, *v. a.* ദുൎവ്യയംചെയ്യു.
Misstate, *v. a.* തെററായി അറിയിക്ക.
Mist, *s.* മൂടൽമഞ്ഞു, ധൂളിക.
Mistake, *s.* തെററു, പിഴ, തപ്പു.
Mistake, *v. a.* തെററുക, തപ്പുക.
Mistress, *s.* യജമാനത്തി, പഠിപ്പിക്കുന്നവൾ.
Mistrust, *s.* വിശ്വാസക്കേടു, ദുശ്ശങ്ക.
Mistrust, *v. a.* സംശയിക്ക, ദുശ്ശങ്കപ്പെടുക.
Mistrustful, *a.* വിശ്വാസക്കേടുള്ള, പേടിയുള്ള.
Misty, *a.* മൂടലുള്ള, മഴക്കാറുള്ള.
Misunderstand, *v. a.* തെററായി ഗ്രഹിക്ക.
Misunderstanding, *s.* തിരിയായ്മ, തെററു, വിപരീതം, വ്യത്യാസം.
Misusage, *s.* അധിക്ഷേപം, ദുരാചാരം, കയ്യേററം.
Misuse, *v. a.* അധിക്ഷേപിക്ക, അപമാനിക്ക, ദുൎവ്യാപരിക്ക.
Misuse, *s.* ദുൎവ്യാപാരം, അവമാനം.
Mite, *s.* ചെറുപുഴ, ചാഴി, അത്യല്പം.
Mithridate, *s.* വിഷഹരമുള്ള മരുന്നു.
Mitigate, *v. a.* ശമിപ്പിക്ക, ശാന്തപ്പെടുത്തുക.
Mitigation, *s.* ശമനം, ശാന്തത, തണുപ്പു.
Mitre, *s.* മുടി, ശിരോലങ്കാരം.
Mittent, *a.* പുറപ്പെടുവിക്കുന്ന.
Mix, *v. a.* കലൎത്തുക, കലക്ക, കൂട്ടിചേൎക്ക.
Mix, *v. n.* കൂടുക, കലരുക, കൂടിചേരുക.
Mixture, *s.* കലൎച്ച, കലൎപ്പു, ചേൎപ്പു, മിശ്രം.
Mizmaze, *s.* തിക്കടെപ്പു, ഉമ്പില്ലായ്മ, കാലുഷ്യം.
Moan, *v. n.* ഞരങ്ങുക, ദുഃഖിക്ക, വിലാപിക്ക.
Moan, *s.* ഞരക്കം, ദുഃഖം, വിലാപം, കരച്ചൽ.
Moat, *s.* കിടങ്ങ, വാടക്കിടങ്ങ, വാടക്കുഴി.
Moat, *v. a.* കിടങ്ങ ഉണ്ടാക്ക.
Mob, *s.* ജനക്കൂട്ടം, ആൾതിരക്കു.
Mob, *v. a.* കലഹിപ്പിക്ക, അമളിപ്പിക്ക.
Mobile, *s.* ജനതിരക്കു.
Mobility, *s.* ഇളക്കം, നിലക്കേടു, ജനക്കൂട്ടം.
Mock, *v. a.* പരിഹസിക്ക, അപഹസിക്ക, നിന്ദിക്ക.
Mock, *a.* പരിഹാസമുള്ള, കളവുള്ള.
Mockery, *s.* പരിഹാസം, ഗോഷ്ഠി, പൃച്ഛം.
Mode, *s.* രീതി, പ്രകാരം, വിധം, ഭാഷ.
Model, *s.* മാതിരി, അച്ച, മട്ടം, ചട്ടം.
Model, *v. a.* മാതിരിയാക്ക, രൂപമാക്ക.
Modeller, *s.* രൂപമാക്കുന്നവൻ.
Maderate, *a.* അടക്കമുള്ള, പരിപാകമുള്ള.
Moderate, *v. a.* അടക്ക, ശമിപ്പിക്ക, പാകമാക്ക.
Moderately, *ad.* അടക്കത്തോടെ.

Moderation, *s.* അടക്കം, മിതം, സാവധാനം.
Moderator, *s.* അടക്കുന്നവൻ, ശമിപ്പിക്കുന്നവൻ.
Modern, *a.* പുതുക്കമുള്ള, അപൂൎവ്വമുള്ള.
Modernize, *v. a.* പുതുക്രമമാക്ക.
Modest, *a.* അടക്കമുള്ള, ലജ്ജയുള്ള.
Modesty, *s.* അടക്കം, ലജ്ജ, വിനയം.
Modification, *s.* ശമനം, മാററം, ഭേദം.
Modify, *v. a.* ഭേദംവരുത്തുക, ശമിപ്പിക്ക.
Modulate, *v. a.* ശബ്ദമേളനം വരുത്തുക.
Modulation, *s.* സ്വരവാസന, ശബ്ദലയം.
Module, *s.* ഛായ, ഭാഷ, ഭാവം.
Modus, *s.* പ്രകരം, ഈട.
Mogul, *s.* മുകിള രാജാവു.
Moiety, *s.* പാതി, അൎദ്ധം.
Moist, *a.* നനഞ്ഞ, ഈറമുള്ള, പശയുള്ള.
Moisten, *v. a.* നനക്ക, ഈറമാക്ക, കുതിൎക്ക.
Moisture, *s.* നനവു, ഈറം, കുതിൎമ്മ.
Mole, *s.* മറു, പെരിച്ചാഴി.
Molest, *v. a.* അസഹ്യപ്പെടുത്തുക, ബുദ്ധിമുട്ടിക്ക.
Molestation, *s.* അസഹ്യം, വിഘ്നാടം, ഞെരക്കം.
Mollient, *a.* ശമിപ്പിക്കുന്ന, മൃദുത്വം വരുത്തുന്ന.
Mollification, *s.* ശമനം, മൃദുത്വം.
Mollify, *v. a.* ശമിപ്പിക്ക, മൃദുത്വം വരുത്തുക.
Molten, *part. pass. of to melt*, ഉരുക്കിയ.
Moment, *s.* ക്ഷണം, മാത്ര, സാരം, സാരകാൎയ്യം.
Momentary, *a.* ക്ഷണനേരത്തേക്കുള്ള.
Momentous, *a.* സാരമുള്ള, ബഹു അൎത്ഥമുള്ള.
Monachism, *s.* സന്ന്യാസം, ആശ്രമവാസം.

Monarch, *s.* രാജാവു, ഏകാധിപതി.
Monarchial, *a.* ഏകാധിപതിസംബന്ധിച്ച.
Monarchical, *a.* ഏകാധിപത്യമുള്ള.
Monarchy, *s.* ഏക ഛത്രാധിപത്യം, രാജത്വം.
Monastery, *s.* സന്ന്യാസിമഠം, ആശ്രമം.
Monday, *s.* തിങ്കളാഴ്ച, സൊമവാരം.
Money, *s.* മുതൽ, ദ്രവ്യം, പണം, ധനം, അൎത്ഥം.
Moneybag, *s.* പണസ്സഞ്ചി.
Moneychanger, *s.* നാണ്യക്കാരൻ.
Moneyless, *a.* പണമില്ലാത്ത.
Moneymatter, *s.* പണക്കാൎയ്യം.
Monger, *s.* വ്യാപാരി, വില്ക്കുന്നവൻ.
Monish, *v. a.* ബുദ്ധി ചൊല്ലികൊടുക്ക, ഓൎമ്മപ്പെടുത്തുക.
Monition, *s.* ബുദ്ധി ഉപദേശം, ഓൎമ്മ.
Monitor, *s.* ബുദ്ധി ചൊല്ലികൊടുക്കുന്നവൻ.
Monitory, *a.* ബുദ്ധി ഉപദേശിക്കുന്ന.
Monitory, *s.* ഓൎമ്മ, ഗുണദോഷം.
Monk, *s.* സന്ന്യാസി, ആശ്രമവാസി.
Monkey, *s.* കുരങ്ങ, മരഞ്ചാടി, കപി, മൎക്കടം, വാനരൻ.
Monopolist, *s.* കുത്തകക്കാരൻ.
Monopolize, *v. a.* അടക്കം വാങ്ങിവില്ക്ക.
Monopoly, *s.* കുത്തക, അടക്കംപിടിച്ചു വില്ക്കൽ.
Monsoon, *s.* മഴക്കാലം, വൎഷകാലം,
Monster, *s.* ഭയങ്കരജന്തു, ഭീമരൂപം.
Monstrous, *a.* ഭീമാകാരമായ, ഭയങ്കരമുള്ള.
Month, *s.* മാസം, തിങ്ങൾ.
Monthly, *a.* മാസാന്തരം, മാസികം, മാസം മാസമുള്ള.
Monument, *s.* സ്മരണസ്തംഭം, ഗോരി.

Mood, *s.* ക്രിയാമാററം, ശീലം, വിധാനം.
Moody, *a.* കോപമുള്ള, നീരസമുള്ള.
Moon, *s.* ചന്ദ്രൻ, സോമൻ, അമ്പിളി.
Moonbeam, *s.* ചന്ദ്രരശ്മി, ചന്ദ്രകിരണം.
Moonlight, *s.* നിലാവു, ചന്ദ്രരശ്മി.
Moonshine, *s.* നിലാവു, ചന്ദ്രരശ്മി.
Moor, *s.* കാപ്പിരി, ചതുപ്പുനിലം.
Moorhen, *s.* നീൎക്കോഴി, കാട്ടുകോഴി.
Mooring, *s.* നങ്കൂരം താഴ്ത്തുന്ന സ്ഥലം.
Moorland, *s.* ചതുപ്പുനിലം, ചളിപ്രദേശം.
Moorman, *s.* തുലുക്കൻ.
Moot, *v. a.* വ്യവഹരിക്ക, ന്യായംകൊണ്ടു തൎക്കിക്ക.
Mooted, *a.* വേരോടെ പറിച്ച.
Mope, *v. n.* മയങ്ങുക, മന്ദമായിരിക്ക.
Mope, *v. a.* മയക്ക, ബുദ്ധിമന്ദിപ്പിക്ക.
Mope, mopus, *s.* മയക്കമുള്ളവൻ, വിഡ്ഢി.
Moral, *s.* നീതി, സന്മാൎഗ്ഗം, ധൎമ്മം, ഫലശ്രുതി.
Moralize, *v. a.* സന്മാൎഗ്ഗത്തെ ഉപദേശിക്ക.
Morality, *s.* ധൎമ്മജ്ഞാനം, നീതിമാൎഗ്ഗം.
Moralist, *s.* ധൎമ്മജ്ഞൻ, സന്മാൎഗ്ഗം ആചരിക്കുന്നവൻ.
Morally, *ad.* നീതിയായി, സന്മാൎഗ്ഗത്തോടെ.
Morals, *s.pl.* മൎയ്യാദകൾ, ആചാരമുറകൾ.
Morass, *s.* ചതുപ്പുനിലം, ചളിപ്രദേശം.
Morbid, *a.* വ്യാധിപിടിച്ച, കെട്ട.
More, *a.* അധികമുള്ള, ഏറെയുള്ള.
More, *ad.* അധികമായി, ഏറെ, ഏററം.
More, *s.* അധികത്വം.
Moreover, *ad.* വിശേഷിച്ചും, അത്രയുമല്ല.
Morn, morning, *s.* കാലത്തു, രാവിലെ.
Morningstar, *s.* ഉദയനക്ഷത്രം, ശുക്രൻ.
Morose, *a.* ദുശ്ശീലമുള്ള, വക്രമുഖമുള്ള.
Moroseness, *s.* വക്രത, ദുശ്ശീലം, മുങ്കോപം.
Morrow, *s.* അടുത്തനാൾ, നാളെ.
Morse, *s.* കടൽകുതിര.
Morsel, *s.* നുറുക്കു, കഷണം, കണ്ടം, ഖണ്ഡം.
Mortal, *a.* മരണമുള്ള, നാശകരമുള്ള.
Mortality, *s.* മരണം, മൎത്യത, മനുഷ്യസ്വഭാവം.
Mortally, *ad.* മരിക്കത്തക്കമായി, മൃത്യുവായി.
Mortar, *s.* ഉരല, ഒരുവക പീരങ്കിത്തോക്കു.
Mortar, *s.* കുമ്മായം.
Mortgage, *s.* പണയം, കാണം.
Mortgagee, *s.* പണയക്കാരൻ, കാണക്കാരൻ.
Mortification, *s.* സങ്കടം, നാശം, മരിപ്പിക്കുന്നതു.
Mortify, *v. a.* മരിപ്പിക്ക, കെടുത്തുക, പീഡിപ്പിക്ക.
Mortify, *v. n.* കെട്ടുക, നശിക്ക, മാംസം കെട്ടു പോകുന്നതു.
Mortise, *v. a.* തുളെക്ക.
Mosque, *s.* മാപ്പിള്ളപള്ളി.
Moss, *s.* പായൽ.
Mossy, *a.* പായൽപിടിച്ച.
Most, *a. & ad.* അതി, മഹാ, മിക്കതും, തുലോം.
Most, *s.* അധികം, ഏററം.
Mostly, *ad.* അധികമായി, മിക്കതും.
Motation, *s.* അനക്കം, ഇളക്കം.
Mote, *s.* കരട, തരി.
Moth, *s.* പുഴ, ഉറപ്പുഴ.
Mother, *s.* അമ്മ, തള്ള, മാതാവു, ജനനി.
Mother, *v. n.* അമ്മയാക.
Motherhood, *s.* മാതൃത്വം.
Mother-in-law, *s.* അമ്മായമ്മ.
Motherless, *a.* അമ്മയില്ലാത്ത.

Motherly, *a.* മാതൃസംബന്ധിച്ച.

Motion, *s.* സ്ഥലമാററം, അനക്കം, ഇളക്കം, ചലനം, ധാരം, ഗതി, വികാരം.

Motionless, *a.* അനക്കമില്ലാത്ത.

Motive, *s.* കാരണം, ഹേതു, സംഗതി.

Motto, *s.* മേലെഴുത്തു, മുഖവുര.

Mould, *s.* പൂപ്പു, വളിപ്പു, മണ്ണു, കരു.

Mould, *v. n.* പൂക്ക, പൂപ്പുപിടിക്ക, വളിക്ക.

Mould, *v. a.* ആകൃതിപ്പെടുത്തുക, ഭാഷ വരുത്തുക.

Moulder, *v. a.* പൊടിയുക, ധൂളിയാക.

Mouldiness, *s.* പൂപ്പു, വളിപ്പു.

Mouldy, *a.* പൂപ്പുള്ള, വളിപ്പുള്ള.

Moult, *v. n.* തുവൽ ഉതിരുക.

Mound, *s.* മാട, കയ്യാല, മൺകോട്ട.

Mount, *s.* പൎവ്വതം, മല, കുന്നു.

Mount, *v. n.* ഉയരുക, കേറുക, പൊങ്ങുക.

Mount, *v. a.* ഉയൎത്തുക, കയററുക.

Mountain, *s.* പൎവ്വതം, മല, ഗിരി, ഭൂധരം.

Mountaineer, *s.* മലയൻ, മലവാസി.

Mountainous, *a.* മലസംബന്ധിച്ച, കുന്നുള്ള.

Mountebank, *s.* കള്ളവൈദ്യൻ, ചാട്ടുകാരൻ.

Mourn, *v. n.* ദുഃഖിക്ക, പ്രലാപിക്ക, കരക.

Mourner, *s.* ദുഃഖിക്കുന്നവൻ, ക്ലേശിക്കുന്നവൻ.

Mournful, *a.* ദുഃഖമുള്ള, സങ്കടമുള്ള.

Mourning, *s.* ദുഃഖം, വിലാപം.

Mouse, *s.* ചുണ്ടെലി.

Mousetrap, *s.* എലിക്കൂട, എലിക്കണി.

Mouth, *s.* വായ്, വക്ത്രം, തൊള്ള.

Mouth, *v. n.* അട്ടഹാസിക്ക, പിറുപിറുക്ക.

Mouthful, *s.* കബളം, ഉരുള, അല്പം.

Mouthless, *a.* വായില്ലാത്ത.

Move, *v. a.* സ്ഥലം മാററുക, നീക്ക, ഇളക്ക.

Move, *v. n.* നീങ്ങുക, അനങ്ങുക, ഇളക്ക.

Moveable, *a.* നീക്കപ്പെടത്തക്ക, ഇളക്കമുള്ള.

Movement, *s.* ഇളക്കം, അനക്കം, നീക്കം.

Mover, *s.* ഇളക്കുന്നവൻ, തുടങ്ങുന്നവൻ.

Moving, *part. a.* ഇളക്കുന്ന, ഹേതുവാകുന്ന.

Mow, *v. a.* പുല്ലറുക്ക, അറുക്ക, കൊയ്യുക.

Mower, *s.* പുല്ലറുക്കുന്നവൻ.

Much, *a.* അധികം, വളര, അനേകം, അനല്പം.

Much, *ad.* അധികം, അനേകം, വളരെ.

Much, *s.* ബഹു, ബഹുത്വം, ഭൂരി.

Muck, *s.* കുപ്പ, ചപ്പു, ചാണകം, വളം.

Muckhill, *s.* കുപ്പക്കുന്നു.

Mucky, *ad.* കുപ്പയുള്ള, അഴുക്കുള്ള.

Mucus, *s.* ചളി, മൂക്കിള.

Mud, *s.* ചേറു, ചളി, മണ്ണു, പങ്കം.

Muddiness, *s.* കലങ്ങൽ, കല്മഷം, പിടി.

Muddle, *v. a.* കലക്ക, മദിപ്പിക്ക, ലഹരിപ്പിക്ക.

Muddy, *a.* ചേറുള്ള, ചളിയുള്ള.

Muddy, *v. a.* കലക്ക, ബുദ്ധിമയക്ക.

Mudwall, *s.* മൺചുവര.

Muffin, *s.* ചെറുവക അപ്പം.

Muffle, *v. a.* പാതിമുഖം മൂടുക, കണ്ണുമൂടികെട്ടുക.

Mug, *s.* ചെറുപാനപാത്രം, മൊന്ത.

Muggy, *a.* നനഞ്ഞ, ഈറമുള്ള.

Mulberry, *s.* അമാറത്തി.

Mulct, *s.* പ്രായശ്ചിത്തം, ദണ്ഡം, പിഴ.

Mule, *s.* കോവർ കഴുത.

Mullar, *s.* കുഴവി.

Mullet, *s.* ചെറുമീൻ.

Multangular, *a.* പലകോണുള്ള.

Multiform, *a.* ബഹുരൂപമുള്ള, പലഭാഷയുള്ള.
Multipede, *s.* പലകാലുള്ള പുഴ.
Multipliable, *a.* പെരുക്കപ്പെടത്തക്ക.
Multiplicand, *s.* പെരുക്കുവാനുള്ള സംഖ്യ.
Multiplication, *s.* പെരുക്കുന്നതു, ഗുണിതം.
Multiplicator, *s.* പെരുക്കുന്ന സംഖ്യ, തള്ള.
Multiplicity, *s.* പെരുപ്പം, അനേകത്വം.
Multiplier, *s.* പെരുക്കുന്നവൻ, തള്ള.
Multiply, *v. a.* പെരുക്ക, ഗുണിക്ക, വൎദ്ധിപ്പിക്ക.
Multiply, *v. n.* പെരുക, വൎദ്ധിക്ക, വളരുക.
Multipotent, *a.* പലശക്തിയുള്ള.
Multitude, *s.* പെരുപ്പം, പുരുഷാരം, സംഘം, ഗണം, സഞ്ചയം, ബഹുത്വം.
Multitudinous, *a.* ബഹു, പലവിധമുള്ള.
Multivious, *a.* അനേകം വഴിയുള്ള, പലപ്രകാരമുള്ള.
Mum, *inter.* ചുമ്മാ.
Mumble, *v. n.* മന്ത്രിക്ക, കരളുക, മുറുമുറുക്ക.
Mummer, *s.* വേഷധാരി, നാട്യക്കാരൻ.
Mummy, *s.* സുഗന്ധവൎഗ്ഗമിട്ടു സൂക്ഷിക്കപ്പെട്ട ശവം.
Mummery, *s.* വേഷധാരണം, ഭോഷത്വം.
Mump, *v. a.* കരളുക, ഇരക്ക.
Mumps, *s.* മുണ്ടിനീർ, പുളിപ്പു, ഋഗ്ശ്ലീലം.
Munch, *v. a.* വേഗം വേഗം തിന്നുക.
Mundane, *a.* ലൌകികമുള്ള, പ്രാപഞ്ചികം.
Mundation, *s.* ശുദ്ധീകരണം, സ്വച്ഛമാക്കുന്നതു.
Mundify, *v. a.* ശുചിയാക്ക, സ്വച്ഛമാക്ക.
Munerary, *a.* സമ്മാനമായ.
Municipal, *a.* നഗരസംബന്ധമുള്ള, ജനസംബന്ധിച്ച.
Munificence, *s.* ഔദാൎയ്യം, ധാരാളം, ദാനം.
Munificent, *a.* ഔദാൎയ്യമുള്ള, ധാരാളമുള്ള.
Muniment, *s.* കോട്ട, സങ്കേതസ്ഥലം.
Munition, *s.* വെടിസാധനങ്ങൾ, കൊത്തളം.
Mural, *a.* ചുവര സംബന്ധിച്ച.
Murder, *s.* കുല, കുലപാതകം, വധം.
Murderer, *s.* കുലപാതകൻ, ഘാതകൻ, ഹന്താവു.
Murderous, *a.* കൊല്ലുന്ന, ഹനിക്കുന്ന.
Murk, *s.* അന്ധകാരം, ഇരുൾ്ച.
Murmur, *s.* പിറുപിറുപ്പു, മുറുമുറുപ്പു.
Murmur, *v. n.* പിറുപിറുക്ക, മുറുമുറുക്ക.
Murmurer, *s.* പിറുപിറുക്കുന്നവൻ.
Muscle, *s.* മാംസപ്രദേശം, ദശപ്പു, കക്കാ.
Muscular, *a.* ദശപ്പുള്ള, ആരോഗ്യമുള്ള.
Muse, *s.* ധ്യാനം.
Muse, *v. n.* ധ്യാനിക്ക, നിരൂപിക്ക.
Museum, *s.* കാഴ്ചഗൃഹം.
Mushroom, *s.* നല്ല കൂണ, അതിഛത്രം.
Music, *s.* ഗീതവാദ്യം, ശബ്ദശാസ്ത്രം, മെളം.
Musical, *a.* ഗീതവാദ്യമുള്ള, മാധുൎയ്യശബ്ദമുള്ള.
Musician, *s.* സംഗീതക്കാരൻ.
Musk, *s.* കസ്തൂരി.
Musket, *s.* തോക്കു.
Musketeer, *s.* തോക്കുകാരൻ.
Musky, *a.* കസ്തൂരിസംബന്ധിച്ച.
Muslin, *s.* നേരിയ ശീല.
Mussulman, *s.* മുഹമ്മദീയൻ, തുലുക്കൻ.
Must, *v. n.* വേണുക, വെൺ.
Must, *v. n.* പൂക്ക, പൂപ്പുപിടിക്ക, വളിക്ക.

Mustache, *s.* മീശ.
Mustard, *s.* കടുക.
Muster, *v. n.* ഒന്നിച്ചു കൂടുക.
Muster, *v. a.* കൂട്ടത്തെ എണ്ണം നോക്കുക.
Muster, *s.* പട്ടാളശോധന, മാതിരി.
Mustiness, *s.* വളിപ്പു, പൂപ്പു.
Mutability, *s.* മാററം, ഭേദ്യം, അസ്ഥിരത.
Mutable, *a.* ഭേദ്യമുള്ള, മാറുന്ന.
Mutation, *s.* മാറുന്നതു, മാററം.
Mute, *a.* ശബ്ദിക്കാത്ത, മിണ്ടാതെയുള്ള.
Mute, *s.* മൂകൻ, ശബ്ദിക്കാത്തവൻ.
Mutilate, *v. a.* അംഗഭംഗം വരുത്തുക.
Mutilation, *s.* അംഗഭംഗം, അംഗഹാനി.
Mutineer, *s.* കലഹക്കാരൻ, ദ്രോഹി.
Mutinous, *a.* കലഹമുള്ള, മത്സരമുള്ള.
Mutiny, *s.* മത്സരം, ദ്രോഹം, കലഹം.
Mutiny, *v. n.* മത്സരിക്ക, ദ്രോഹിക്ക.
Mutter, *v. n.* മുരളുക, പിറുപിറുക്ക.
Muttering, *s.* മുരൾച്ച, പിറുപിറുപ്പു.
Mutton, *s.* ആട്ടിറച്ചി.
Mutual, *a.* പരസ്പരമുള്ള, അന്യോന്യമുള്ള.
Mutuality, *s.* പരസ്പരം, അന്യോന്യത.
Muzzle, *v. a.* വായ് കെട്ടുക.
My, *pron.* എന്റെ, ഇനിക്കുള്ള.
Myriad, *s.* പതിനായിരം, അയുതം.
Myrrh, *s.* കണ്ടിവെണ്ണ.
Myrtle, *s.* കൊഴന്ത.
Myself, *pron.* ഞാൻ തന്നെ.
Mysterious, *a.* രഹസ്യമുള്ള, ഗൂഢമുള്ള, ഗോപ്യമായ.
Mysteriously, *ad.* രഹസ്യമായി.
Mystery, *s.* രഹസ്യം, ഗോപനം, മറവു, മർമ്മം.
Mystic, *a.* ഗൂഢാൎത്ഥമുള്ള, രഹസ്യമുള്ള.
Mythology, *s.* കെട്ടുകഥ, കവിത, പ്രബന്ധം.

N.

Nab, *v. a.* യദൃഛയാൽ പിടിക്ക.
Nail, *s.* നഖം, ആണി.
Nail, *v. a.* ആണിതറക്ക.
Naked, *a.* നഗ്നമായ, വസ്ത്രമില്ലാത്ത.
Nakedness, *s.* നഗ്നത, വസ്ത്രഹീനത, സ്പഷ്ടത.
Name, *s.* നാമം, പേർ.
Name, *v. a.* പേരിടുക, പേർവിളിക്ക.
Nameless, *a.* പേരില്ലാത്ത.
Namely, *ad.* അതാവിതു, വിവരമായി.
Namesake, *s.* സമനാമമുള്ളവൻ.
Nap, *s.* കുറെ നിദ്ര, മയക്കം.
Nape, *s.* പിടലി, പിൻകഴുത്തു.
Napkin, *s.* കൈത്തുവാല.
Narcotic, *a.* മയക്കമുണ്ടാക്കുന്ന, നഞ്ചുള്ള.
Narcotic, *s.* മയക്കമുണ്ടാക്കുന്ന ഔഷധം.
Nard, *s.* അമൃതം.
Narrate, *v. a.* ചൊല്ലുക, വിവരംപറക.
Narration, *s.* കഥ, വൃത്താന്തം, ചരിത്രം.
Narrative, *a.* ചൊല്ലുന്ന, വിസ്തരിച്ചുപറയുന്ന.
Narrator, *s.* കഥകൻ, വിസ്തരിച്ചു പറയുന്നവൻ.
Narrow, *a.* വിസ്താരം കുറഞ്ഞ, ഇടുക്കമുള്ള.
Narrow, *v. a.* ഇടകുറക്ക, ഇടുക്ക, ഇറുക്ക.
Narrowly, *ad.* ഇടുക്കമായി, അല്പം.
Narrowness, *s.* ഇടുക്കം, ഞെരുക്കം, ലുബ്ധു.
Nasal, *a.* അനുനാസികം.
Nastiness, *s.* അഴുക്കു, കല്മഷം, അശുദ്ധി.
Nasty, *a.* അഴുക്കുള്ള, ചീത്ത, അശുദ്ധമുള്ള.

Natal, *a.* ജനനസംബന്ധമുള്ള, ജാതകമുള്ള.

Nation, *s.* ജാതി, വംശം.

National, *a.* ജാതിസംബന്ധമുള്ള, പൊതുവിലുള്ള.

Native, *a.* സ്വദേശത്തുള്ള, നാടൻ.

Native-land, *s.* സ്വദേശം, ജന്മഭൂമി.

Nativity, *s.* ജനനം, പിറപ്പു, പിറവി, ജാതകം.

Natural, *a.* പ്രകൃതമുള്ള, സ്വാഭാവികമുള്ള.

Natural, *s.* പ്രാകൃതൻ, മൂഢൻ.

Naturalist, *s.* വസ്തുക്കളുടെ സ്വഭാവത്തെ ആരായുന്നവൻ.

Naturalization, *s.* അന്യദേശാവകാശം കൊടുക്കുന്നതു.

Naturalize, *v. a.* അന്യദേശാവകാശം കൊടുക്ക.

Naturally, *ad.* ജാത്യാൽ, താനെ, സ്വതവെ.

Nature, *s.* പ്രകൃതി, സ്വഭാവം, ഗുണം, ശീലം.

Naught, *a.* ചീത്ത, ആകാത്ത, വഷളായ.

Naughtily, *ad.* ചീത്തയായി, വഷളായി.

Naughtiness, *s.* വേണ്ടാസനം, വഷളത്വം.

Naughty, *a.* വിടക്ക, കെട്ട, ചീത്ത.

Nausea, *s.* അരോചകം, അരുചി, ഓക്കാനം.

Nauseate, *v. a.* അരോചിക്ക, ഓക്കാനിക്ക.

Nauseous, *a.* വെറുപ്പുള്ള, അരുചിയുള്ള.

Nautical, *a.* കപ്പൽകാൎയ്യം സംബന്ധമുള്ള.

Naval, *a.* കപ്പൽകാൎയ്യം സംബന്ധമുള്ള.

Nave, *s.* പള്ളിയുടെ നടുഭാഗം.

Navel, *s.* നാഭി, പൊക്കിൾ.

Navigable, *a.* കപ്പലോട്ടത്തിന്നു ഉചിതമുള്ള.

Navigate, *v. a.* കപ്പലോടിക്ക, കടൽയാത്രചെയ്ക.

Navigation, *s.* കപ്പലോട്ടം.

Navigator, *s.* കപ്പൽകാരൻ.

Navy, *s.* പടക്കപ്പൽക്കൂട്ടം, പടക്കപ്പൽകാൎയ്യം.

Nay, *ad.* അല്ല, അത്രയുമല്ല.

Neap, *a.* താണ, ചുരുക്കമുള്ള.

Near, *prep.* അടുക്കൽ, അടുക്കെ, സമീപത്തു.

Near, *a.* അടുത്ത, സമീപമുള്ള, അരികത്തുള്ള.

Near, *ad.* അടുക്കെ, അരികെ, അന്തികെ.

Nearly, *ad.* അടുക്കെ, ഏകദേശം.

Nearness, *s.* അടുപ്പം, സാമീപ്യം, സമീപത, അണയം, സന്നിധി, സന്നിധാനം.

Neat, *s.* കന്നുകാലി.

Neat, *a.* വെടിപ്പുള്ള, നല്ല, ശുദ്ധമുള്ള.

Neatly, *ad.* വെടിപ്പായി, നന്നായി.

Neatness, *s.* വെടിപ്പു, സൌന്ദൎയ്യം, വാസന.

Neb, *s.* മൂക്കു, കൊക്കു, ചുണ്ടു, ചുണ്ടു.

Necessaries, *s.* ആവശ്യവസ്തുക്കൾ, ആവശ്യങ്ങൾ.

Necessary, *a.* വേണ്ടുന്ന, ആവശ്യമുള്ള.

Necessitate, *v. a.* ആവശ്യപ്പെടുത്തുക.

Necessitude, *s.* ആവശ്യം, മുട്ടു.

Necessity, *s.* ആവശ്യം, മുട്ടു, നിബന്ധം.

Neck, *s.* കഴുത്തു, ഗളം, കന്ധരം, കണ്ഠകാണ്ഡം.

Necklace, *s.* കണ്ഠഭൂഷ.

Necromancer, *s.* മന്ത്രവാദി.

Necromancy, *s.* മന്ത്രവാദം.

Nectar, *s.* അമൃത്, പീയൂഷം, സുധ.

Need, *s.* ആവശ്യം, മുട്ടു, അടിയന്തരം.

Need, *v. n.* ആവശ്യപ്പെടുക, വേണുക, മുട്ടാക, കുറവാക.

Needful, *a.* വേണ്ടുന്ന, ആവശ്യമുള്ള.
Needle, *s.* സൂചി.
Needlework, *s.* സൂചിവേല, തയ്യൽപണി.
Needless, *a.* ആവശ്യമില്ലാത്ത, വേണ്ടാത്ത.
Needs, *ad.* ആവശ്യമായി, മുട്ടായി.
Needy, *a.* അശക്തിയുള്ള, മുട്ടുള്ള, നിൎവ്വാഹമില്ലാത്ത.
Nefarious, *a.* ദോഷമായ, വെറുപ്പുള്ള.
Negation, *s.* നിഷേധം, അഭാവം, വിരോധം.
Negative, *a.* നിഷിദ്ധം, മറുത്ത, വിരോധമുള്ള.
Negative, *s.* നിഷേധവാക്ക, പ്രതിവിരോധം.
Neglect, *s.* ഉപേക്ഷ, ഉദാസീനത, മുടക്കം.
Neglect, *v. a.* ഉപേക്ഷിക്ക, മുടക്ക, ഉദാസീനമായിരിക്ക.
Neglectful, *a.* ഉപേക്ഷയുള്ള, ഉദാസീനമുള്ള,
Negligence, *s.* ഉപേക്ഷ, മടിവു, അജാഗ്രത.
Negligent, *a.* ഉപേക്ഷയുള്ള, അജാഗ്രതയുള്ള.
Negotiate, *v. a.* നടപ്പാക്ക, ഉടമ്പടി കെട്ടുക.
Negotiation, *s.* സന്ധിആലോചന.
Negro, *s.* കാപ്പിരി.
Neigh, *v. n.* കുതിരകരയുക, ചിറാലിക്ക.
Neigh, *s.* കുതിരനാദം, ചിറാലിപ്പു.
Neighbour, *s.* അയല്ക്കാരൻ, കൂട്ടുകാരൻ.
Neighbourhood, *s.* അയൽവക്കം, അയൽ.
Neighbourly, *a.* സ്നേഹമുള്ള, ദയയുള്ള.
Neither, *conj.* അതുമില്ല, ഇതുമില്ല,
Neither, *pron.* അവനുമല്ല, ഇവനുമല്ല.
Nephew, *s.* മരുമകൻ, അനന്തരവൻ.
Nerve, *s.* ഞരമ്പു, ബലം.
Nerveless, *a.* ബലമില്ലാത്ത.
Nervous, *a.* ഞരമ്പുള്ള, ബലമുള്ള, മനോകമ്പമുള്ള.
Nervousness, *s.* ബലം, മനോകമ്പം.
Nescience, *s.* അറിവില്ലായ്മ.
Nest, *s.* പക്ഷിക്കൂട്ടു, കൂട്ടു, ഇരിപ്പിടം.
Nestle, *v. n.* പതുങ്ങിയിരിക്ക.
Nestling, *s.* കൂട്ടിലെ പക്ഷിക്കുഞ്ഞു.
Net, *s.* വല, ജാലകം.
Nether, *a.* താണ, കീഴെയുള്ള.
Nethermost, *a.* ഏററവും താണ.
Nettle, *s.* ചൊറിയണം, തുവ.
Network, *s.* വലപ്പണി, പിന്നൽവേല.
Never, *ad.* ഒരിക്കലുമില്ല, ഒരുനാളുമില്ല.
Nevertheless, *ad.* എന്നിട്ടും, എന്നാലും.
Neuter, *a.* നപുംസകം, സാമാന്യമുള്ള.
Neutrality, *s.* ദ്വൈധം, സാമാന്യം.
New, *a.* പുതിയ, പുത്തൻ, അപൂൎവ്വം, നവം.
Newel, *s.* കോണിത്തണ്ടു.
Newfashioned, *a.* പുതുമാതിരിയുള്ള.
Newly, *ad.* പുതുതായി, നൂതനമായി.
Newness, *s.* പുതുക്കം, നൂതനത.
News, *s.* വാൎത്ത, വൎത്തമാനം, വൃത്താന്തം.
Newsmonger, *s.* ഉദന്തകൻ.
Newspaper, *s.* വൎത്തമാനക്കടലാസ്സ്.
Next, *a.* അടുത്ത, രണ്ടാം, പിറെറ.
Nib, *s.* ചുണ്ടു, കൊക്ക, മുന, മൂക്കു.
Nibble, *v. a.* മെല്ലവെ തിന്നുക, കടിക്ക.
Nice, *a.* നല്ല, വൃത്തിയുള്ള, രുചികരമുള്ള.
Nicety, *s.* വിശേഷത, വാസന, മാൎദ്ദവം.
Nick, *s.* തക്കസമയം, മുഹൂൎത്തം, കണക്ക.
Nick, *v. a.* കൊള്ളിക്ക, ഒപ്പിക്ക.
Nickname, *s.* പരിഹാസപ്പേർ.
Niece, *s.* മരുമകൾ.
Niggard, *s.* പിശുക്കൻ, ലുബ്ധൻ.
Play, *v. n.* കളിക്ക, കൂത്താടുക, ഉല്ലസിക്ക, ചൂതാടുക.
Play, *v. a.* വീണമീട്ടുക, നാടകമാടുക.
Play, *s.* കളി, ക്രീഡ, ലീല, വിനോദം.
Playday, *s.* കളിദിവസം.
Player, *s.* കളിക്കാരൻ, ചൂതാളി, വിനോദക്കാരൻ.
Playfellow, *s.* കളിപ്പിള്ള.
Playful, *a.* കളിനിറഞ്ഞ, ഉല്ലാസമുള്ള.
Playgame, *s.* പിള്ളക്കളി, കളി, വിളയാട്ടു.
Playhouse, *s.* കളിപ്പുര, നാടകശാല.
Plaything, *s.* കളിക്കോപ്പു, കളിസാമാനം.
Plea, *s.* വ്യവഹാരം, കാരണം, അവധി.
Plead, *v. a.* വ്യവഹരിക്ക, വാദിക്ക, വിസ്തരിക്ക.
Plead, *v. n.* അവിധപറക.
Pleader, *s.* വ്യവഹാരി, വാദി, വക്കീൽ.
Pleading, *s.* വ്യവഹാരം, വാദിക്കുന്നതു.
Pleasant, *a.* ഇൻപമുള്ള, ഇഷ്ടമുള്ള, മനോഹരമുള്ള.
Pleasantness, *s.* ഇൻപം, ഉന്മേഷം, കൌതുകം.
Pleasantry, *s.* ഉന്മേഷം, ലീല, വിനോദം, കുതുകം.
Please, *v.a.* സന്തോഷിപ്പിക്ക, രസിപ്പിക്ക.
Please, *v. n.* ഇഷ്ടമാക, രസിക്ക, അനുസരിക്ക.
Pleasurable, *a.* സന്തോഷമുള്ള, ഇഷ്ടകരമുള്ള.
Pleasure, *s.* സന്തോഷം, ഇൻപം, പ്രസാദം.
Plebeian, *s.* താണജനം, സാമാന്യജനം.
Pledge, *s.* ഉറപ്പു, ഈടു, പണയം, ജാമ്യം.
Pleiades, *s.* കാൎത്തിക.
Plenary, *a.* പൂൎണ്ണമായ, തികവുള്ള.
Plenilunary, *s.* പൌൎണ്ണമി സംബന്ധിച്ച.
Plenipotence, *s.* പൂൎണ്ണശക്തി, പൂൎണ്ണാധികാരം.
Plenipotent, *a.* പൂൎണ്ണശക്തിയുള്ള.
Plenipotentiary, *s.* പൂൎണ്ണാധികാരമുള്ള സ്ഥാനപതി.
Plenitude, *s.* പൂൎണ്ണത, പരിപൂൎത്തി, അധികത്വം.
Plentious, *a.* സംപൂൎണ്ണമുള്ള, സുഭിക്ഷമായ.
Plentiful, *a.* പരിപൂൎണ്ണമുള്ള, ധാരാളമായ.
Plenty, *s.* സംപൂൎണ്ണത, ബഹുത്വം, ഫലപുഷ്ടി.
Plethora, *s.* രക്തപിത്തം.
Plethoric, *a.* രക്തപിത്തമുള്ള.
Plethory, *s.* അതിപുഷ്ടി.
Pliable, *a.* പതമുള്ള, വണങ്ങുന്ന, മെരിക്കമുള്ള.

Pliableness, *s.* പതം, വഴക്കം, ഇണക്കം, പാകം.
Pliant, *a.* വഴങ്ങുന്ന, മയമുള്ള, പാകമുള്ള.
Plight, *s.* നില, അവസ്ഥ, മടക്കു.
Plight, *v. a.* വാക്കുകൊടുക്ക, ജാമ്യംകൊടുക്ക.
Plod, *v. n.* അദ്ധ്വാനിക്ക, പാടുപെടുക.
Plodder, *s.* അദ്ധ്വാനിക്കുന്നവൻ.
Plot, *s.* ഉപായം, തന്ത്രം, കൂട്ടുകെട്ടു, ദുസ്സൂറ.
Plot, *v. n.* ദുസ്സൂറായി കൂടുക.
Plot, *v. a.* യന്ത്രിക്ക, ദുരാലോചന കഴിക്ക.
Plotter, *s.* കൂട്ടുകെട്ടുകാരൻ, ദുമ്മന്ത്രി.
Plough, *s.* കരി, ഞേങ്ങോൽ.
Plough, *v. a.* ഉഴുക, കാലിപ്പൂട്ടുക.
Ploughman, *s.* ഉഴവുകാരൻ.
Ploughshare, *s.* കൊഴു.
Plover, *s.* കുളക്കോഴി.
Pluck, *v. a.* പറിക്ക, പിഴുക്ക, അടക്ക.
Pluck, *s.* പറിക്കൽ, പിഴുകൽ.
Plug, *s.* അടമാനം, അടപ്പു.
Plug, *v. a.* ദ്വാരം അടക്ക, വാതിൽപൂട്ടുക.
Plum, *s.* മുന്തിരിങ്ങാപ്പഴം.
Plumage, *s.* തൂവൽക്കൂട്ടം.
Plumb, *s.* ഈയക്കട്ടി.
Plumb, *ad.* നിവിരെ.
Plumb, *v. a.* ഈയക്കട്ടിയിട്ടു ആഴം നോക്ക.
Plumbery, *s.* ഈയപ്പണി.
Plume, *s.* തൂവൽ, പീലി, തൂവൽകെട്ടു.
Plume, *v. a.* തൂവലുകൾകൊണ്ടു അലങ്കരിക്ക.
Plumous, *a.* തൂവലുള്ള.
Plump, *a.* പുഷ്ടിച്ച, സ്ഥൂലിച്ച, തടിച്ച.
Plump, *v. a.* സ്ഥൂലിപ്പിക്ക, തടിപ്പിക്ക.
Plump, *v. n.* വീഴുക, സ്ഥൂലിക്ക, വീക്ക.
Plumpness, *s.* സ്ഥൂലിപ്പു, പുഷ്ടി, മുഴുപ്പു.
Plumpy, *a.* പുഷ്ടിച്ച, തടിച്ച.
Plumy, *a.* തൂവലുള്ള, പുഷ്ടിയുള്ള.
Plunder, *v. a.* കവരുക, കൊള്ളയിടുക.
Plunder, *s.* കവൎച്ച, കൊള്ള, അപഹൃതം.
Plunderer, *s.* കവൎച്ചക്കാരൻ, അപഹാരി.
Plunge, *v. n.* മുങ്ങുക, മുഴുക, അകപ്പെടുക.
Plunge, *v. a.* മുക്ക, പെട്ടന്ന വീഴ്ത്തുക.
Plunge, *s.* മുക്കൽ, മുഴുകൽ, വീഴ്ച.
Plural, *a.* ബഹുവചനമായ, അനേകം.
Plurality, *s.* ബഹുത്വം, അനേകത്വം.
Pluvial, *a.* മഴയുള്ള.
Ply, *v. a.* അതിയായി യത്നിക്ക, കെഞ്ചുക.
Ply, *v. n.* അദ്ധ്വാനിക്ക, ബദ്ധപ്പെടുക.
Ply, *s.* ചായിവു, മടക്കു.
Poach, *v. a.* മെല്ലെ വേവിക്ക, അവിക്ക, കക്ക.
Poachy, *a.* നനവുള്ള, നനഞ്ഞ.
Pock, *s.* വസൂരിക്കുരു.
Pocket, *s.* സഞ്ചി, ചാക്ക.
Pocket, *v. a.* സഞ്ചിയിലിടുക, മറച്ചുവെക്ക.
Pocket-book, *s.* സഞ്ചിയിൽ ഇടുന്ന പുസ്തകം.
Poculent, *a.* കുടിപ്പാന്തക്ക.
Pod, *s.* കത്തി, തോടു, പുട്ടിൽ.
Podagrical, *a.* വാതംപിടിച്ച.
Poem, *s.* കാവ്യം, പാട്ടു, കവിത.
Poesy, *s.* കവിത, പാട്ടു.
Poet, *s.* കവി, കവിതക്കാരൻ, വിദ്വാൻ.
Poetess, poetress, *s.* കവിതക്കാരത്തി.
Poetical, *a.* കാവ്യമുള്ള.
Poetry, *s.* കവിത, പാട്ടു, ശ്ലോകം.
Poignancy, *s.* കൎശനം, മൂൎക്കത, എരിവു.
Poignant, *a.* എരിവുള്ള, കാരമുള്ള, നീറുന്ന.
Point, *s.* വിന്ദു, കുറി, മുന, കൂൎപ്പു, ലാക്ക.
Point, *v. a.* കൂൎപ്പിക്ക, കുറിക്ക, ചൂണ്ടികാണിക്ക.

Point, *v. n.* ലാക്കനോക്ക, ചൊവ്വെനോക്ക.
Pointed, *part.* കൂൎത്ത, കുത്തിപറയുന്ന.
Pointedness, *s.* കൂൎപ്പ്, മൂൎച്ച, കുത്തുവാക്ക.
Pointer, *s.* ചൂണ്ടുകോൽ.
Pointless, *a.* മൂൎച്ചയില്ലാത്ത, മുരണ്ട.
Poise, *s.* തൂക്കം, ഇട, സമനില, നിറ.
Poise, *v. a.* സമതൂക്കം ഇടുക, ശരിനിരയാക്ക.
Poison, *s.* വിഷം, നഞ്ച്, കാളകൂടം.
Poison, *v. a.* വിഷംകൊടുക്ക.
Poisonous, *a.* വിഷമുള്ള, നഞ്ചുള്ള.
Poke, *s.* ചാക്ക, പൈ, സഞ്ചി, കുത്തു.
Poke, *v. a.* ഇരിട്ടിൽ തപ്പുക, വടികുത്തിനോക്ക.
Polar, *a.* ധ്രുവമായ.
Pole, *s.* ധ്രുവം.
Polemic, *a.* തൎക്കം സംബന്ധിച്ച.
Polemic, *s.* തൎക്കക്കാരൻ, താൎക്കികൻ, വാദി.
Polestar, *s.* ധ്രുവൻ.
Police, *s.* നഗര വിചാരണ.
Policy, *s.* രാജയുക്തി, വിക്രമം.
Polish, *v. a.* മിനുക്ക, തെക്ക, തേജസ്സരിക്ക.
Polish, *s.* മിനുസം, മിനുക്കം, വിളക്കം, നല്ല ആചാരം.
Polisher, *s.* മിനുക്കുന്നവൻ.
Polite, *a.* ആചാരമുള്ള, മൎയ്യാദയുള്ള.
Politeness, *s.* ആചാരം, മൎയ്യാദ, നാഗരികം.
Political, *a.* രാജ്യാധികാരം സംബന്ധിച്ച, ജനവാസാൎത്ഥകം.
Politician, *s.* രാജ്യകാൎയ്യജ്ഞൻ, കൌശലക്കാരൻ.
Politics, *s.* പ്രജാപാലനം, പാലനജ്ഞാനം.
Politure, *s.* മിനുക്കം, ശോഭ, പ്രഭ.
Polity, *s.* രാജനീതി, ദേശാചാരം.
Poll, *s.* തല, വരിചാൎത്തൽ.
Poll, *v. a.* അറുക്ക, കത്രിക്ക, ഉരിക്ക.
Pollen, *s.* പൂമ്പോടി, പുഷ്പരാഗം.
Pollute, *v. a.* അശുദ്ധിയാക്ക, കറയാക്ക, വഷളാക്ക.
Polluter, *s.* അശുദ്ധിവരുത്തുന്നവൻ.
Pollution, *s.* അശുദ്ധി, തീണ്ടൽ, കറ.
Poltroon, *s.* ഭീരു, ഭീതൻ, പേടിക്കുന്നവൻ.
Polygamist, *s.* അനേക ഭാൎയ്യമാരുള്ളവൻ.
Polygamy, *s.* അനേകകളത്രത്വം.
Polyglot, *a.* പലഭാഷകളിലെഴുതിയ.
Polyglot, *s.* അനേകംഭാഷകളെ സംസാരിക്കുന്നവൻ.
Polygon, *s.* ബഹുകോണജം.
Polygonal, *a.* പലകോണുള്ള.
Polyphonism, *s.* ബഹുശബ്ദം.
Polysyllable, *s.* കൂട്ടിച്ചൊൽ.
Polytheism, *s.* ബഹുദേവത്വം.
Pomade, *s.* സൌരഭ്യതൈലം.
Pomegranate, *s.* മാതളനാരങ്ങ, മാതളനാരകം.
Pommel, *s.* വാൾപിടി.
Pommel, *v. a.* അടിക്ക, തല്ലുക, ഇടിക്ക.
Pomp, *s.* കോലാഹലം, ഘോഷം, ആഡംബരം.
Pomposity, *s.* കോലാഹലം, ഘോഷം.
Pompous, *a.* ആഡംബരമുള്ള, കോലാഹലമായ.
Pond, *s.* കുളം, തടാകം.
Ponder, *v. a.* വിചാരിച്ചുനോക്ക, ചിന്തിക്ക, നിരൂപിക്ക, ധ്യാനിക്ക.
Ponderal, *a.* തൂക്കിനോക്കിയ.
Ponderous, *a.* ഭാരമുള്ള, സാരമുള്ള.
Ponent, *s.* പടിഞ്ഞാറുള്ള, പശ്ചിമം.
Poniard, *s.* ചൊട്ട, കട്ടാരം.
Pontiff, *s.* മഹാ പുരോഹിതൻ.

Pontifical, *a.* പാപ്പാസംബന്ധമുള്ള.
Pontificate, *s.* പാപ്പാസ്ഥാനം.
Pontifice, *s.* പാലംപണി.
Ponton, *s.* ചങ്ങാടം.
Pony, *s.* മട്ടക്കുതിര, ചെറുകുതിര.
Pool, *s.* കുളം, ജലാശയം, കായൽ.
Poop, *s.* കപ്പലിന്റെ പിങ്കെട്ടു.
Poor, *a.* ദരിദ്രമുള്ള, അശക്തിയായ, സാധുവായ.
Poorness, *s.* ദാരിദ്ര്യം, എളിമ, ശക്തിയില്ലായ്മ.
Pop, *s.* താണശബ്ദം, പൊട്ടു, വെടിയുടെ ശബ്ദം.
Pop, *v. a.* വേഗത്തിൽ അകത്തിടുക.
Pop, *v. n.* ഓടിവരിക, ഓടിപ്പുറപ്പെടുക, പൊട്ടുക.
Pope, *s.* പാപ്പാ.
Popedom, *s.* പാപ്പാസ്ഥാനം, പാപ്പാധികാരം, പാപ്പാമതം, രോമമതം.
Popery, *s.* പാപ്പാമതം.
Popinjay, *s.* മരംകൊത്തി, അല്പജ്ഞൻ.
Popish, *a.* പാപ്പാസംബന്ധമുള്ള.
Poplar, *s.* വെള്ളില.
Populace, *s.* പ്രജ, പുരുഷാരം, ജനസഞ്ചയം.
Popular, *a.* ലോകസമ്മതമുള്ള.
Popularity, *s.* ജനപ്രസാദം, ലോകസമ്മതം.
Populate, *v. a.* ജനങ്ങളെ പാൎപ്പിക്ക.
Population, *s.* ജനസമൂഹം, ജനവൃത്തി.
Populous, *a.* ജനം നിറഞ്ഞ, ജനപുഷ്ടിയുള്ള.
Porcelain, *s.* ചീനപ്പിഞ്ഞാണം.
Porch, *s.* പൂമുഖം, മണ്ഡപം, പടിക്കെട്ടു.
Porcupine, *s.* മുള്ളൻ, മുള്ളൻപന്നി.
Pore, *v. n.* ഉററുനോക്ക.
Pore, *s.* രോമദ്വാരം, രോമകൂപം, സുശിരം.

Pork, *s.* പന്നിയിറച്ചി.
Porker, porkling, *s.* പന്നിക്കുട്ടി.
Porosity, *s.* രോമാഞ്ചം.
Porous, pory, *a.* സുശിരമുള്ള, അരിപ്പയുള്ള.
Porpoise, *s.* കടല്പന്നി.
Porraceous, *a.* പച്ചനിറമുള്ള.
Porridge, *s.* പായസം.
Porringer, *s.* അന്നപാത്രം, ഭക്ഷണപാത്രം.
Port, *s.* അഴിമുഖം, തുറമുഖം, വാതിൽ.
Portable, *a.* ചുമക്കപ്പെടത്തക്ക, വഹിക്കപ്പെടത്തക്ക.
Portage, *s.* ചുമട്ടുകൂലി, വണ്ടിക്കൂലി.
Portal, *s.* വാതിൽ, വാതിലിന്റെമേൽവളവു.
Porte, *s.* തുൎക്കരുടെ രാജസഭ.
Portend, *v. a.* ലക്ഷണംപറക, മുന്നറിയിക്ക.
Portention, *s.* മുന്നറിയിപ്പു, ലക്ഷണം പറകൽ.
Portent, *s.* നിമിത്തം. ദുല്ലക്ഷണം.
Portentous, *a.* ദുൎന്നിമിത്തമുള്ള.
Porter, *s.* വാതിൽകാവൽകാരൻ.
Porterage, *s.* ചുമട്ടുകൂലി.
Portfolio, *s.* കടലാസ്സുറ.
Portico, *s.* നടപ്പുര, നടപ്പന്തൽ.
Portion, *s.* വീതം, അംശം, ഓഹരി, സ്ത്രീധനം.
Portion, *v. a.* പകുക്ക, പങ്കിടുക, വീതമിടുക.
Portly, *a.* ഉന്നതമുള്ള, പുഷ്ടിയുള്ള, വലിയ.
Portmanteau, *s.* തോൽപൊതിഞ്ഞ ഉടുപ്പുപെട്ടി.
Portrait, *s.* പ്രതിരൂപം, ചിത്രം.
Portray, *v. a.* ചിത്രമെഴുതുക, വരക്ക, വൎണ്ണിക്ക.

Portress, *s.* വാതിൽകാവല്ക്കാരത്തി.
Pose, *v. a.* അന്ധാളിപ്പിക്ക, വിരോധിക്ക.
Poser, *s.* ദുശ്ചോദ്യക്കാരൻ.
Position, *s.* നില, അവസ്ഥ, സ്ഥിതി, സ്ഥാനം, ഇടം, പൂൎവ്വപക്ഷം.
Positive, *a.* നിശ്ചയമുള്ള, തിട്ടമുള്ള.
Positively, *ad.* നിശ്ചയമായി, തികവായി.
Positiveness, *s.* നിശ്ചയം, സ്ഥിരത.
Posse, *s.* ആയുധക്കൂട്ടം, ആൾക്കൂട്ടം, കൂട്ടം.
Possess, *v. a.* അടക്ക, അനുഭവിക്ക, കൈയാളുക.
Possession, *s.* ഉടമ, അനുഭവം, അടക്കൽ, അനുഭോഗം.
Possessive, *a.* അനുഭവിക്കുന്ന, കൈവശമായ.
Possessor, *s.* ഉടയക്കാരൻ, അനുഭവിക്കുന്നവൻ.
Possibility, *s.* കഴിവു, സാദ്ധ്യം, ശക്യത, പ്രാപ്തി.
Possible, *a.* സാദ്ധ്യമായ, കഴിയുന്ന.
Post, *s.* തപ്പാൽ, അഞ്ചൽ, തൂൺ, സ്തംഭം, കമ്പം, ഉദ്യോഗം, വേല, ദൂതൻ, ഒട്ടാളൻ.
Post, *v. a.* വെക്ക, ആക്ക, നിൎത്തുക, ഇടുക.
Post, *v. n.* അഞ്ചലോടുക, വേഗം പോക.
Postage, *s.* തപ്പാൽകൂലി, അഞ്ചൽകൂലി.
Postboy, *s.* തപ്പാൽകാരൻ.
Postdiluvian, *a.* ജലപ്രളയശേഷം ജീവിക്കുന്ന.
Posterior, *a.* പിൻവരുന്ന, പിൻപുറത്തുള്ള.
Posteriority, *s.* പിൻകാലം, പിമ്പു, അനന്തരത്വം.
Posteriors, *s.* പിൻപുറങ്ങൾ, പൃഷ്ഠഭാഗങ്ങൾ.
Posterity, *s.* സന്തതി, സന്താനം.
Postern, *s.* ചെറിയ വാതിൽ.
Postexistence, *s.* ഭവിഷ്യസ്ഥിതി.
Posthaste, *s.* അഞ്ചൽവേഗം.
Posthouse, *s.* അഞ്ചൽപുര.
Posthumous, *a.* മരിച്ചശേഷമുണ്ടായ.
Postic, *a.* പിമ്പുറത്തുള്ള, പുറകോട്ടുള്ള.
Postil, *s.* വ്യാഖ്യാനം, പ്രസംഗം.
Postillion, *s.* തേരാളി, സാരഥി.
Postmaster, *s.* അഞ്ചൽ വിചാരകൻ.
Postmeridian, *a.* മദ്ധ്യാഹ്നശേഷമുള്ള.
Postoffice, *s.* തപ്പാൽചാവടി, അഞ്ചൽചാവടി.
Postpone, *v. a.* താമസിപ്പിക്ക, നിൎത്തിവെക്ക.
Postscript, *s.* ഉപഎഴുത്തു, പിൻഎഴുത്തു.
Posttown, *s.* തപ്പാൽ ചാവടിയുള്ള നഗരം.
Postulate, *v. a.* സങ്കല്പിക്ക, ഊഹിക്ക.
Postulate, *s.* സങ്കല്പം.
Postulation, *s.* സങ്കല്പം, അകാരണമായ ഊഹം.
Posture, *s.* നില, ഇരിപ്പു, കിടപ്പു, അവസ്ഥ.
Pot, *s.* കലം, പാനപാത്രം, കുടം.
Potable, *a.* കുടിക്കതക്ക, പേയം.
Potash, *s.* കാരം, പപ്പടക്കാരം.
Potation, *s.* പാനം.
Potato, *s.* ഉരുളക്കിഴങ്ങ.
Potbelly, *s.* കുടവയറു.
Potch, *v. a.* പതുക്കെ വേവിക്ക, പുഴുങ്ങുക.
Potency, *s.* ബലം, ശക്തി, വല്ലഭത്വം.
Potent, *a.* ശക്തിയുള്ള, ബലമുള്ള.
Potentate, *s.* രാജാവു, ഭൂപതി, നരപതി.
Potential, *a.* ശക്തിയുള്ള, ശക്യമായ.
Pother, *s.* കലഹം, തിട്ടുക്കം, അമളി.
Pother, *v. a.* കലഹിക്ക, തൊള്ളയിടുക.
Potherb, *s.* ചീര.
Potion, *s.* മിടില, മിടറ.

Potter, *s.* കുശവൻ, കുംഭകാരൻ.

Pottery, *s.* കുശവപ്പണി, കുംഭശാല.

Pouch, *s.* ഉറുപ്പ, സഞ്ചി, പൈ, വട്ടിവയറു.

Poult, *s.* കോഴിക്കുഞ്ഞു.

Poultice, *s.* വെച്ചുകെട്ടുന്ന പതമുള്ള മരുന്നു.

Poultry, *s.* വീട്ടുകോഴി മുതലായവ.

Pounce, *s.* ഇരപിടിക്കുന്ന പക്ഷിയുടെ നഖം.

Pounce, *v. a.* തുളെക്ക, നഖംഇട്ടു മാന്തുക, നഖംകൊണ്ടു പിടിക്ക, റാഞ്ചുക, അള്ളുക.

Pound, *s.* ഒരു റാത്തൽ, പത്തു ഉറുപ്പികവിലയുള്ള നാണിയം, പൌണ്ട.

Pound, *v. a.* പൊടിക്ക, ഇടിക്ക, അവെക്ക.

Poundage, *s.* ഇടലാഭം.

Pounder, *s.* ഉലെക്ക, ഒരു വലിയ തോക്കു.

Pour, *v. a.* ഒഴിക്ക, പകരുക, ഊററുക.

Pour, *v. n.* ഒഴുക, പൊഴിഞ്ഞുവീഴുക, വൎഷിക്ക.

Pout, *v. n.* ചുണ്ടുപിതുക്ക, കിണുങ്ങുക.

Poverty, *s.* ദാരിദ്ര്യം, നിൎദ്ധനം, നിൎഗ്ഗതി, മുട്ടു.

Powder, *s.* പൊടി, ധൂളി, ചൂൎണ്ണം, വെടിമരുന്നു.

Powder, *v. a.* പൊടിക്ക, ചൂൎണ്ണിക്ക.

Powderbox, *s.* പൊടിയിടുന്ന പെട്ടി.

Powderhorn, *s.* വെടിമരുന്നു ഇടുന്ന കൊമ്പു.

Powdermill, *s.* വെടിമരുന്നു ഉണ്ടാക്കുന്ന ശാല.

Powdery, *a.* പൊടിനിറഞ്ഞ.

Power, *s.* ശക്തി, ബലം, ഊക്കു, ആധിപത്യം, വശം, പ്രാപ്തി, സൈന്യം.

Powerful, *a.* ശക്തിയുള്ള, അധികാരമുള്ള, ആരോഗ്യമുള്ള, വീൎയ്യമുള്ള.

Powerless, *a.* ശക്തിയില്ലാത്ത, അധികാരമില്ലാത്ത.

Pox, *s.* വസൂരി, പൊള്ളൽ, കുരു.

Practicability, *s.* കഴിവു, സാദ്ധ്യം.

Practicable, *a.* കഴിവുള്ള, സാദ്ധ്യമാകുന്ന.

Practical, *a.* നടപ്പായ, നടന്നുവരുന്ന.

Practice, *s.* പരിചയം, ശീലം, അഭ്യാസം.

Practice, *v. a.* അനുഷ്ഠിക്ക, ചെയ്തുവരിക, അഭ്യസിക്ക.

Practiser, *s.* ചെയ്യുന്നവൻ, ചികിത്സിക്കുന്നവൻ, വൈദ്യൻ.

Pragmatical, *a.* അന്യകാൎയ്യത്തിൽ കൈയിടുന്ന.

Praise, *s.* പുകഴ്ച, കീൎത്തി, യശസ്സു, സ്തുതി.

Praise, *v. a.* സ്തുതിക്ക, വാഴ്ത്തുക, കൊണ്ടാടുക.

Praiseworthy, *a.* സ്തുത്യം, സ്തുതിക്കു യോഗ്യം.

Prance, *v. a.* തുള്ളുക, പിടിച്ചു കളിക്ക.

Prank, *v. a.* മോടിയായി അലങ്കരിക്ക.

Prank, *s.* തുള്ളിക്കളി, കൂത്താട്ടം, വിനോദം.

Prate, *v. n.* ജല്പിക്ക, വായാടുക.

Prate, *s.* വായാട്ടം, വെറും സംസാരം.

Prater, *s.* വായാടി, ജല്പകൻ.

Prattle, *v. n.* ചിലെക്ക, ജല്പിക്ക.

Prattle, *s.* ജല്പം, വാചാടം, വ്യൎത്ഥസംസാരം.

Prattler, *s.* ജല്പകൻ, വായാടി.

Pravity, *s.* വക്രതത്വം, ചീത്തത്വം.

Prawn, *s.* ചെമ്മീൻ, ജലവൃശ്ചികം.

Pray, *v. a.* പ്രാൎത്ഥിക്ക, അപേക്ഷിക്ക, യാചിക്ക, അൎത്ഥിക്ക.

Prayer, *s.* പ്രാൎത്ഥന, യാചന, അപേക്ഷ.

Prayerbook, *s.* പ്രാൎത്ഥനാപുസ്തകം.

Preach, *v. a.* പ്രസംഗിക്ക, പ്രസ്ഥാപിക്ക.

Preacher, *s.* പ്രസംഗി, പ്രസ്ഥാപി.

Preamble, *s.* മുഖവുര, അവതാരിക.

Precarious, *a.* അപകടമായ, അനിശ്ചയമുള്ള.

Precaution, *s.* മുൻകരുതൽ, മുൻവിചാരം, സമ്പ്രേക്ഷ, മുന്നറിവു.

Precaution, *v. a.* മുന്നറിയിക്ക, മുൻസൂചിപ്പിക്ക.

Precede, *v. a.* മുമ്പാക, മുന്നടക്ക, മുൻകടക്ക.

Precedence, *s.* മുമ്പു, മുന്നില, പൂൎവ്വത.

Precedency, *s.* മുഖ്യത, ശ്രേഷ്ഠത.

Precedent, *a.* മുമ്പുള്ള, മുൻചെല്ലുന്ന.

Precept, *s.* കല്പന, ചട്ടം, വിധി, അനുജ്ഞ.

Preceptive, *a.* കല്പിക്കുന്ന, ആജ്ഞാപിക്കുന്ന.

Preceptor, *s.* ഗുരു, ഗുരുനാഥൻ.

Precession, *s.* മുന്നടക്കുന്നതു.

Precinct, *s.* ചുററുമുള്ള അതിരു.

Precious, *a.* വിലയേറിയ, ബഹുവിലയുള്ള.

Preciousness, *s.* വിലയേററം, ബഹുമൂല്യം.

Precipice, *s.* കിഴക്കാന്തൂക്കം, പ്രപാതം.

Precipitance, *s.* തിടുക്കം, അതിസാഹസം.

Precipitancy, *s.* ബദ്ധപ്പാടു.

Precipitant, *a.* തിടുക്കമുള്ള, അതിസാഹസമുള്ള.

Precipitate, *v. a.* അധോമുഖമായി വീഴ്ത്തുക.

Precipitate, *v. n.* അധോമുഖമായി വീഴുക.

Precipitate, *a.* കിഴക്കാന്തൂക്കമായ, സാഹസമുള്ള.

Precipitation, *s.* തിടുക്കം, അതിസാഹസം.

Precipitous, *a.* കിഴക്കാന്തൂക്കമുള്ള, തിടുക്കമുള്ള.

Precise, *a.* തിട്ടമായ, ശരിയായ, സൂക്ഷ്മമുള്ള.

Preciseness, *s.* സൂക്ഷ്മം, തിട്ടം, നിശ്ചയം.

Precision, *s.* തിട്ടം, സൂക്ഷ്മം, ഖണ്ഡിതം.

Precisive, *a.* സൂക്ഷ്മമായ, ഖണ്ഡിതമായ.

Preclude, *v. a.* പുറത്താക്ക, വിരോധിക്ക, തടുക്ക.

Precogitation, *s.* മുൻവിചാരം, മുന്നിരൂപണം.

Precognition, *s.* മുന്നറിവു, മുൻവിചാരണ.

Preconceive, *v. a.* മുൻഗ്രഹിക്ക, മുൻതോന്നുക.

Preconception, *s.* മുൻബോധം, മുൻകാഴ്ച.

Preconcert, *s.* മുൻതോന്നൽ, മുൻകാഴ്ച.

Preconcert, *v. a.* മുന്നിശ്ചയിക്ക.

Precontract, *s.* മുൻകറാർ, മുന്നുടമ്പടി.

Precurse, *s.* മുന്നോട്ടം, മുൻപാച്ചൽ.

Precursor, *s.* മുന്നോടുന്നവൻ.

Predation, *s.* കൊള്ള, കവൎച്ച, അപഹാരം.

Predatory, *a.* കൊള്ളയിടുന്ന.

Predecessor, *s.* പൂൎവ്വൻ, മുമ്പൻ, കാരണവൻ.

Predestinate, *v. a.* മുന്നിശ്ചയിക്ക, മുൻവിധിക്ക.

Predestination, *s.* മുന്നിയമം, പൂൎവ്വവിധി.

Predetermination, *s.* മുന്നിൎണ്ണയം.

Predetermine, *v. a.* മുന്നിൎണ്ണയിക്ക.

Predicament, *s.* തരം, വിധം, സ്ഥാനം.

Predicant, *s.* സ്ഥിരപ്പെടുത്തി പറയുന്നവൻ.

Predicate, *s.* ആഖ്യാതം.

Predicate, *v. a.* സ്ഥിരപ്പെടുത്തി പറക.

Predication, *s.* നിശ്ചയവാക്ക.

Predict, *v. a.* മുന്നറിയിക്ക, ശകുനം പറക.

Prediction, *s.* മുന്നറിയിപ്പു, ദീൎഘദൎശനം, പ്രവാചകം, ജ്ഞാനദൃഷ്ടി.

Predictor, *s.* പ്രവാചകൻ, ഭവിഷ്യദ്വാദി.
Predilection, *s.* പക്ഷപാതം, പക്ഷഭേദം.
Predispose, *v. a.* പ്രതീക്ഷിപ്പിക്ക.
Predispose, *v. n.* പ്രതീക്ഷിക്ക.
Predisposition, *s.* പ്രതീക്ഷ, മുന്നാശ, മുന്നനുയോജ്യത.
Predominance, *s.* മേലധികാരം.
Predominant, *a.* മേലധികാരമുള്ള.
Predominate, *v. a.* പ്രബലപ്പെടുക.
Pre-elect, *v. a.* മുൻതെരിഞ്ഞെടുക്ക.
Pre-eminence, *s.* പ്രാഭവം, ആധിക്യത, മുഖ്യത, കൎത്തൃത്വം, അത്യക്ഷത.
Pre-eminent, *a.* പ്രാഭവമുള്ള, അതിശ്രേഷ്ഠമായ.
Pre-engage, *v. a.* മുന്നിശ്ചയിക്ക, മുമ്പിൽചട്ടം കെട്ടുക.
Pre-exist, *v. a.* മുമ്പെജീവിക്ക.
Pre-existence, *s.* പൂൎവ്വസ്ഥിതി.
Pre-existent, *a.* മുമ്പെയുള്ള, മുന്നിരുന്ന.
Preface, *s.* മുഖവുര, അവതാരിക, തലവാചകം.
Preface, *v. a.* മുഖവുര എഴുതുക.
Prefatory, *a.* മുഖവുരയുള്ള.
Prefect, *s.* നാട്ടുവാഴി, ദേശാധിപതി.
Prefecture, *s.* നാട്ടുവാഴിസ്ഥാനം.
Prefer, *v. a.* ഇച്ഛിക്ക, ഇഷ്ടപ്പെടുക, താൽപൎയ്യപ്പെടുക, കൊതിക്ക.
Preferable, *a.* ഇഷ്ടപ്പെടത്തക്ക, കൊതിക്കത്തക്ക, ഇച്ഛിക്കത്തക്ക.
Preference, *s.* കൊതി, ആഗ്രഹം, ഇച്ഛ, താൽപൎയ്യം.
Preferment, *s.* ഉയൎച്ച, കയററം.
Prefiguration, *s.* മുൻകുറിക്കുന്നതു.
Prefigure, *v. a.* മുൻകുറിക്ക, മുൻപ്രതിബിംബിക്ക.
Prefix, *v. a.* മുൻസ്ഥാപിക്ക, മുൻവെക്ക.
Prefix, *s.* ഉപസൎഗ്ഗം, മുൻപദം.

Pregnancy, *s.* ഗൎഭധാരണം, സുഭിക്ഷത.
Pregnant, *a.* ഗൎഭമുള്ള, പുഷ്ടിയുള്ള.
To be pregnant, ഗൎഭം ധരിക്ക.
Prejudge, *v. a.* മുൻവിധിക്ക, വിധിമുന്നിശ്ചയിക്ക.
Prejudicate, *v. a.* പക്ഷമായി വിധിമുന്നിശ്ചയിക്ക.
Prejudication, *s.* പക്ഷമായി വിധിക്കുന്നതു.
Prejudice, *s.* മുൻവിധി, പക്ഷപാതം, ദുൎന്നിൎണ്ണയം, അസൂയ, പക, നീരസം.
Prejudice, *v. a.* നീരസപ്പെടുത്തുക.
Prejudicial, *a.* നാശകരമുള്ള.
Prelate, *s.* മേല്പട്ടക്കാരൻ, ബിശൊപ്പു.
Prelation, *s.* വിശേഷത, വലുതാക്കൽ.
Prelection, *s.* വായന, പാഠകം.
Preliminary, *a.* മുമ്പുള്ള, പ്രാരംഭമുള്ള.
Prelude, *v. n.* ആരംഭിക്ക, പ്രാരംഭിക്ക.
Prelude, *s.* ആരംഭം, പൂൎവ്വരംഗം.
Premature, *a.* അകാലമുള്ള, കാലം തികയാത്ത.
Prematurity, *s.* അകാലം, കാലം തികയാത്തതു.
Premeditate, *v. a.* മുൻധ്യാനിക്ക, മുന്നിരൂപിക്ക.
Premeditation, *s.* മുൻധ്യാനം, മുന്നിരൂപണം.
Premier, *s.* മുമ്പൻ, പ്രധാനമന്ത്രി.
Premise, *v. a.* മുന്നറിയിക്ക, മുൻവിവരിക്ക.
Premises, *s. pl.* പൂൎവ്വപക്ഷങ്ങൾ, ഭവനങ്ങൾ.
Premiss, *s.* മുമ്പടം, ആദ്യവചനം.
Premium, *s.* സമ്മാനം, ഇനാം, ഓണപ്പുടം.
Premonish, *v. a.* മുന്നറിയിക്ക, മുൻപ്രബോധിപ്പിക്ക.
Premonition, *s.* മുന്നറിയിപ്പു.

Premonitory, *a.* മുന്നറിയിക്കുന്ന.
Premonstrate, *v. a.* മുമ്പെ കാണിക്ക, പറക.
Prenominate, *v. a.* മുന്നേമിക്ക.
Prentice, *s.* വിദ്യാൎത്ഥി, തൊഴിൽ ശീലിക്കുന്നവൻ.
Prenticeship, *s.* വിദ്യാൎത്ഥിത്വം.
Prenunciation, *s.* മുന്നറിയിക്കുന്നതു.
Preoccupancy, *s.* മുന്നനുഭവം
Preoccupy, *v. a.* മുന്നനുഭവിക്ക, മുന്നടക്ക.
Preopinion, *s.* മുന്നഭിപ്രായം, മുൻവിധി.
Preordain, *v. a.* മുന്നിയമിക്ക.
Preordinance, *s.* മുന്നിയമം.
Preparation, *s.* ഒരുക്കൽ, പ്രാരംഭം, സന്നാഹം.
Preparative, *a.* ഒരുക്കിയ, പ്രാരംഭമുള്ള.
Preparative, *s.* ഒരുക്കുന്നതു, ഒരുമ്പാടു.
Preparatory, *a.* ഒരുങ്ങുന്ന, പ്രാരംഭമുള്ള.
Prepare, *v. a.* ഒരുക്ക, വട്ടംക്കൂട്ടുക, ചട്ടമാക്ക.
Prepare, *v. n.* ഒരുങ്ങുക, ഒരുമ്പെടുക, വട്ടംക്കൂട്ടുക.
Prepense, *a.* മുൻവിചാരിച്ച, മുൻവിചാരമുള്ള.
Preponderate, *v. a.* ഏററം തൂക്ക, മിഞ്ചുക്കം നില്ക്ക.
Preponderate, *v. n.* ശക്തിപ്പെടുക, ഘനമാക.
Preposition, *s.* മുൻചൊൽ, മുമ്പദം.
Prepossess, *v. a.* മുൻവിധിയാക്ക, പക്ഷപാതം വരുത്തുക.
Prepossession, *s.* പക്ഷപാതം, പക്ഷഭേദം.
Preposterous, *a.* ദുൎയ്യുക്തിയുള്ള, അബദ്ധമായ.
Prepotency, *s.* മേലധികാരം, ബലാധിക്യം.
Prerogative, *s.* പ്രത്യേകമുള്ള അവകാശം, സ്വന്ത അധികാരം, കൎത്തൃത്വം.
Presage, *s.* ശകുനം, നിമിത്തം, മുന്നടയാളം.
Presbyter, *s.* മൂപ്പൻ, മുമ്പൻ.
Presbytery, *s.* മൂപ്പസ്ഥാനം, മൂപ്പസംഘം.
Prescience, *s.* മുന്നറിവു, പൂൎവ്വജ്ഞാനം.
Prescient, *a.* മുന്നറിവുള്ള, ഭവിഷ്യജ്ഞാനമുള്ള.
Prescind, *v. a.* ഖണ്ഡിച്ചുകളക, ഛേദിച്ചുകളക.
Prescribe, *v. a.* കല്പിക്ക, ചട്ടമിടുക, പറഞ്ഞുകൊടുക്ക.
Prescript, *s.* കല്പന, കല്പനച്ചട്ടം, മരുന്നകുറിപ്പു.
Prescription, *s.* ചട്ടം, വെപ്പു, മരുന്നകുറിപ്പു.
Presence, *s.* സന്നിധി, സന്നിധാനം, സമ്മുഖം.
Presence-chamber, *s.* കാഴ്ചമുറി.
Present, *a.* അടുക്കെയുള്ള, സമീപത്തുള്ള, ഇന്നിരിക്കുന്ന.
Present, *s.* ഇപ്പോൾ, വൎത്തമാനകാലം.
Present, *s.* കാഴ്ച, സമ്മാനം, ഇനാം, ദാനം.
Present, *v. a.* മുമ്പിൽവെക്ക, സമൎപ്പിക്ക, കാഴ്ചവെക്ക, സമ്മാനിക്ക, കാണിക്ക.
Presentable, *a.* മുമ്പിൽവെക്കപ്പെടത്തക്ക.
Presentation, *s.* വരപ്രസാദം, അൎപ്പണം, കാഴ്ചവെക്കുന്നതു, കാണിക്കൽ.
Presentee, *s.* ഇടവകസ്ഥാനി.
Presenter, *s.* പ്രദാതാവു.
Presential, *a.* പ്രത്യക്ഷമായ.
Presentiment, *s.* മുൻതോന്നൽ.
Presently, *ad.* ഉടനെ, ഇപ്പോൾ തന്നെ.
Presentment, *s.* കാണിച്ചുകൊടുക്കൽ.
Presentness, *s.* ധൈൎയ്യബുദ്ധി.

Preservation, *s.* പരിപാലനം, രക്ഷ, ശരണം.

Preservative, *s.* പരിരക്ഷണം, പരിപാലനം.

Preservative, *a.* പരിത്രാണനമുള്ള.

Preserve, *v. a.* കാത്തുരക്ഷിക്ക, പരിപാലിക്ക.

Preserve, *s.* മധുരസാധനം.

Preserver, *s.* പരിപാലകൻ, രക്ഷകൻ.

Preside, *v. n.* സംഘപ്രമാണിയാക.

Presidency, *s.* മുമ്പു, സംസ്ഥാനം, മേലധികാരം, മുഖ്യത.

President, *s.* മുന്നാൾ, സംഘപ്രമാണി, അദ്ധ്യക്ഷൻ.

Presidentship, *s.* സംഘപ്രമാണിസ്ഥാനം.

Press, *v. a.* ചതെക്ക, ഞെക്ക, ഞെരുക്ക, നിബന്ധിക്ക, തിക്ക, തുറുത്തുക, അമുക്ക.

Press, *v. n.* ഞെങ്ങുക, ചതയുക, നിബന്ധപ്പെടുക.

Press, *s.* ചക്കു, അച്ചടിക്കുന്നയന്ത്രം, തിരക്കു.

Pressing, *part.* നിബന്ധിക്കുന്ന, ഞെരുക്കുന്ന.

Pression, *s.* ഞെരുക്കം, അമുക്കൽ, തിക്കൽ.

Pressman, *s.* അച്ചടിക്കാരൻ.

Pressure, *s.* ഞെരുക്കം, തിക്കൽ, ഭാരം, പീഡ.

Prest, *s.* കടം, വായിപ്പ.

Prestiges, *s.pl.* മായാവിദ്യ, കണ്കെട്ടുവിദ്യ.

Presume, *v. n.* ഊഹിക്ക, തോന്നുക, ഉദ്ദേശിക്ക.

Presumer, *s.* ദുരഹങ്കാരി, ദുരഭിമാനി.

Presumption, *s.* മുൻവിചാരം, തോന്നൽ, ഊഹം, ഉദ്ദേശം, തുനിവു, ദുരഹങ്കാരം, തന്റേടം.

Presumptive, *a.* അപരീക്ഷം, ദുരഭിമാനമുള്ള.

Presumptuous, *a.* പ്രൌഢിയുള്ള, ദുരഹങ്കാരമുള്ള.

Presuppose, *v. a.* മുൻവിചാരിക്ക, മുന്നൂഹിക്ക.

Presupposition, *s.* മുൻവിചാരം, മുന്നൂഹം.

Presurmise, *s.* മുന്നൂഹം, മുൻസങ്കല്പം.

Pretence, *s.* നടിപ്പു, ഭള്ളു, കടിലത, ധാഷ്ട്യത.

Pretend, *v. a.* നടിക്ക, അഹങ്കരിക്ക, ധാഷ്ട്യം കാട്ടുക.

Pretender, *s.* ഭള്ളുകാരൻ, നടിപ്പവൻ.

Pretension, *s.* ദുർവ്യവഹാരം, ഭള്ളു, നടിപ്പു.

Preterit, *a.* ഭൂതമായ, കഴിഞ്ഞകാലമായ.

Pretermit, *v. a.* വിടുക, വിട്ടുകളക.

Pretext, *s.* നടിപ്പു, ഉപായം, ദുർവ്വഴക്കു.

Prettiness, *s.* വിശേഷത, സൌന്ദൎയ്യം.

Pretty, *a.* വിശേഷമായ, ഭംഗിയുള്ള.

Pretty, *ad.* ഒട്ടു, മിക്കവാറും.

Prevail, *v. n.* പ്രബലപ്പെടുക, സാധിക്ക.

Prevailing, *a.* പ്രബലമുള്ള, സാധിക്കുന്ന.

Prevalence, *s.* അതിശക്തി, അധികാരം.

Prevalent, *a.* പ്രബലമുള്ള, വ്യാപാരശക്തിയുള്ള.

Prevarication, *s.* ദുസ്തൎക്കം, വക്രോക്തി.

Prevaricator, *s.* ശാഠ്യക്കാരൻ.

Prevenient, *a.* മുമ്പിടുന്ന, മുൻചെല്ലുന്ന.

Prevent, *v. a.* വിരോധിക്ക, തടുക്ക, മുടക്ക.

Prevention, *s.* വിരോധം, വിലക്കം, തടവു.

Preventive, *a.* വിരോധിക്കുന്ന, പരിഹാരമുള്ള.

Previous, *a.* മുമ്പുള്ള, മുന്തിയ.

Previously, *ad.* മുമ്പിൽ, മുന്നമെ.

Prey, *s.* ഇര, കൊള്ള, കവൎച്ച.

Prey, *v. n.* ഇരപിടിച്ചു തിന്നുക, കൊള്ള യിടുക.

Price, *s.* വില, ക്രയം, മൂല്യം, മതിപ്പു, നിരക്ക.

Prick, *v. a.* കുത്തുക, തുളെക്ക.

Prick, *s.* മുള്ളു, തമര, മുന, കുത്ത, കുറി.

Pricker, *s.* തമര, വേധനി.

Prickle, *s.* മുള്ളു, കണ്ടകം, കാരമുള്ളു.

Prickly, *a.* മുള്ളുള്ള, കൂൎമ്പുള്ള.

Pride, *s.* അഹങ്കാരം, ഗൎവ്വം, ഡംഭം.

Pride, *v. a.* ഡംഭം കാട്ടുക, അഹങ്കരിക്ക.

Priest, *s.* പട്ടക്കാരൻ, പുരോഹിതൻ.

Priestcraft, *s.* ഭക്തിവഞ്ചന.

Priestess, *s.* പുരോഹിത.

Priesthood, *s.* പുരോഹിതത്വം.

Prim, *a.* സൂക്ഷ്മമായ, ശൃംഗാരമുള്ള.

Primacy, *s.* പ്രധാനത്വം.

Primarily, *ad.* ഒന്നാമതു, ആദിയായി.

Primary, *a.* ആദിയായ, പ്രധാനമുള്ള.

Primary cause, *s.* ആദികാരണം.

Primate, *s.* പ്രധാന പുരോഹിതൻ.

Prime, *s.* പ്രഭാതകാലം, പ്രധാന ഭാഗം, മേത്തരം, വിശേഷത, യൌവനകാലം.

Prime, *a.* ആദികാലമുള്ള, മേത്തരമായ.

Prime, *v. a.* കുറിഞ്ഞിയിടുക, തുടങ്ങുക, ആരംഭിക്ക.

Primer, *s.* പാഠാരംഭം, ഒന്നാം പാഠപുസ്തകം.

Primeval, *a.* ആദിയിലുള്ള, പൂൎവ്വത്തിലുണ്ടായ.

Primitive, *a.* പണ്ടുള്ള, മൂലമുള്ള, താണ.

Primitiveness, *s.* പൂൎവ്വാവസ്ഥ, താണ്മ.

Primogenial, *a.* മുൻപിറന്ന, ആദ്യജാതമായ.

Primogeniture, *s.* ആദ്യജാതത്വം.

Primordial, *a.* ആദ്യംതുടങ്ങിയുള്ള.

Prince, *s.* രാജാവു, രാജകുമാരൻ തമ്പുരാൻ, രാജപുത്രൻ, അധിപതി.

Princedom, *s.* രാജസ്ഥാനം, പ്രഭുത്വം.

Princely, *a.* രാജമയമുള്ള, മഹത്തായ.

Princess, *s.* രാജ്ഞി, രാജകുമാരി, തമ്പുരാട്ടി.

Principal, *a.* പ്രധാനമുള്ള, മുഖ്യമായ.

Principal, *s.* പ്രധാനി, പ്രമാണി, മുഖ്യസ്ഥൻ.

Principality, *s.* രാജാധികാരം, രാജത്വം, മേലധികാരം.

Principle, *s.* പ്രധാനസംഗതി, കാരണം, തത്വം.

Print, *v. a.* അച്ചടിക്ക.

Print, *s.* അച്ചടിരേഖ, അച്ചടി.

Printer, *s.* അച്ചടിക്കാരൻ.

Prior, *a.* മുമ്പുള്ള, പൂൎവ്വമായ, പ്രഥമ.

Prior, *s.* ആശ്രമപ്രമാണി, മുമ്പൻ.

Prioress, *s.* ആശ്രമപ്രമാണിച്ചി.

Priority, *s.* പ്രഥമസ്ഥാനം, മുഖ്യത, മുന്നില.

Priorship, *s.* പ്രഥമത്വം, പ്രധാനത്വം.

Priory, *s.* സന്ന്യാസമഠം.

Prison, *s.* കാരാഗൃഹം, തടവു, തുറുങ്ക.

Prison, *v. a.* തടവിൽ പാൎപ്പിക്ക.

Prisoner, *s.* തടവുകാരൻ, ബദ്ധൻ.

Prisonhouse, *s.* കാരാഗൃഹം.

Pristine, *a.* പുരാതനമായ, മുൻകാലത്തുള്ള.

Prithee, *v. a.* ഞാൻ നിന്നോടു അപേക്ഷിക്കുന്നു.

Privacy, *s.* സ്വകാൎയ്യം, ഗൂഢത.

Private, *a.* സ്വകാൎയ്യമുള്ള, രഹസ്യമുള്ള, സ്വന്തം.

Privately, *ad.* രഹസ്യമായി, സ്വകാൎയ്യമായി.

Privation, *s.* ഇല്ലാതാക്കൽ, നാശം, സ്ഥാനഭ്രഷ്ടു.

Privative, *a.* ഇല്ലാതാക്കുന്ന, നാശം വരുത്തുന്ന.

Privilege, *s.* അവകാശം, സ്ഥാനമാനം, പദവി.

Privilege, *v. a.* സ്ഥാനമാനം കൊടുക്ക, ആദരിക്ക.

Privity, *s.* ഗൂഢാലോചന, രഹസ്യസ്ഥലം.

Privy, *a.* രഹസ്യമായ, ഗൂഢമായ.

Privy, *s.* മറപ്പുര, രഹസ്യസ്ഥലം.

Prize, *s.* വിരുത, സമ്മാനം, ഇനാം, അപഹൃതം.

Prize, *v. a.* വിലനിശ്ചയിക്ക, വിലമതിക്ക.

Pro, വേണ്ടി.

Probability, *s.* തോന്നൽ, ഊഹം, ഇട, സംഗതി.

Probable, *a.* തോന്നുന്ന, സംഗതിയുള്ള.

Probation, *s.* സാക്ഷി, തെളിച്ചൽ, പരിക്ഷണം.

Probe, *v. a.* ശോധനചെയ്യു, പരീക്ഷ കഴിക്ക.

Probity, *s.* പരമാൎത്ഥം, നിഷ്കപടം, സന്മാൎഗ്ഗം.

Problem, *s.* ചോദ്യം, പൃച്ഛിതം.

Problematical, *a.* തൎക്കത്തിലുള്ള, നിശ്ചയമില്ലാത്ത.

Procacity, *s.* ഗൎവ്വം, സത്ഭാവം.

Procedure, *s.* ഗതി, നടത്തൽ, നിൎവ്വാഹം.

Proceed, *v. n.* നടക്ക, പോക, ചെല്ലുക, പുറപ്പെടുക.

Proceed, *s.* വരവു.

Proceeding, *s.* നടപ്പു, ഗമനം, യാത്ര, പുറപ്പാടു.

Procerity, *s.* ഉയൎച്ച, വളൎച്ച, പൊക്കം.

Process, *s.* കാലക്രമം, ക്രമമുള്ളഗതി, ചട്ടം, മുറ, വ്യവഹാരം.

Procession, *s.* ഘോഷയാത്ര, പുറപ്പാടു.

Processionary, *a.* ഘോഷയാത്രയായ.

Procinct, *s.* പൂൎണ്ണയത്നം, ഒരുങ്ങൽ.

Proclaim, *v. a.* പരസ്യമാക്ക, അറിയിക്ക.

Proclamation, *s.* പരസ്യം, വിളംബരം.

Proclivity, *s.* ചായിവു, ചരിച്ചൽ, മിടുക്കു.

Proclivous, *a.* കീഴോട്ടുചാഞ്ഞ.

Proconsul, *s.* നാടുവാഴി.

Procrastinate, *v. a.* താമസിപ്പിക്ക.

Procrastination, *s.* താമസം, ദീൎഘസൂത്രം.

Procreate, *v. a.* ജനിപ്പിക്ക, ഉത്ഭവിപ്പിക്ക.

Procreation, *s.* ഉത്ഭവം, ഉൽപാദനം.

Procreative, *a.* ജനിപ്പിക്കുന്ന.

Proctor, *s.* കാൎയ്യസ്ഥൻ, വക്കീൽ.

Procumbent, *a.* കിടക്കുന്ന, ശയിക്കുന്ന.

Procurable, *a.* സമ്പാദിതം.

Procuration, *s.* സമ്പാദിക്കൽ, സമ്പാദ്യം.

Procurator, *s.* കാൎയ്യസ്ഥൻ, വക്കീൽ.

Procure, *v. a.* സമ്പാദിക്ക, മേടിക്ക, കിട്ടുക.

Procurer, *s.* സമ്പാദിക്കുന്നവൻ.

Prodigal, *a.* ദുൎവ്യയമുള്ള, അഴിമതിയുള്ള.

Prodigal, *s.* ധാരാളി, ദുൎവ്യയൻ.

Prodigality, *s.* ധാരാളം. ദുൎവ്യയം.

Prodigious, *a.* മഹാ, ബഹു, വിസ്മയമുള്ള.

Prodigy, *s.* അപ്രകൃതകാൎയ്യം, ശകുനകാൎയ്യം.

Prodition, *s.* ദ്രോഹം, ചതി.

Produce, *v. a.* കാണിക്ക, ബോധിപ്പിക്ക, ജനിപ്പിക്ക.

Produce, *s.* വരവു, ലാഭം, ഉദയം, ഫലം.

Producent, *s.* പരസ്യമായി കാണിക്കുന്നവൻ.

Producible, *a.* കാണിക്കപ്പെടത്തക്ക.

Product, *s.* ഫലം, വിളവു, കായി, സിദ്ധി.

Production, *s.* കാണിക്കൽ, കൃതി, വിളവു, പണി.

Productive, *a.* ഫലിക്കുന്ന, കായിക്കുന്ന, വിളയുന്ന, സാഫല്യമുള്ള, ജനിപ്പിക്കുന്ന.
Profanation, *s.* അശുദ്ധിയാക്കുന്നതു, നിന്ദ, ദൈവദൂഷണം.
Profane, *v. a.* അശുദ്ധമാക്ക, നിന്ദ്യമാക്ക.
Profane, *a.* അശുദ്ധമുള്ള, നിന്ദ്യമായ.
Profaneness, *s.* അശുദ്ധി, ഭക്തികേടു.
Profess, *v. a.* അറിയിക്ക, അനുസരിച്ചു പറക, തീൎത്തുപറക, പരസ്യമായിപറക.
Professedly, *ad.* പരസ്യമായി, തെളിവായി.
Profession, *s.* തൊഴിൽ, പണി, അനുസരണവാക്കു.
Professional, *a.* തൊഴിലിന്നൊത്ത.
Professor, *s.* പണ്ഡിതൻ, ശാസ്ത്രി.
Professorship, *s.* പണ്ഡിതസ്ഥാനം.
Proffer, *v. a.* ആലോചന പറക, നീട്ടുക.
Proficiency, *s.* അഭിവൃദ്ധി, വൎദ്ധനം, പ്രവീണത, വിദഗ്ദ്ധത.
Proficient, *s.* അറിവുള്ളവൻ, വിദഗ്ദ്ധൻ.
Proficuous, *a.* പ്രയോജനമുള്ള.
Profile, *s.* അൎദ്ധമുഖം, അൎദ്ധമുഖമുള്ള ചിത്രം.
Profit, *s.* ലാഭം, ആദായം, ഉപകാരം.
Profit, *v. a.* ലാഭമുണ്ടാക്ക, ഉപകരിപ്പിക്ക.
Profit, *v. n.* ലാഭമുണ്ടാക, ഉപകരിക്ക.
Profitable, *a.* ലാഭമുള്ള, ഉപകാരമുള്ള.
Profitableness, *s.* ഫലസിദ്ധി, അഭിവൃദ്ധി.
Profitless, *a.* ലാഭമില്ലാത്ത, ഉപകാരമില്ലാത്ത.
Profligacy, *s.* ദുൎന്നടപ്പു, അഴിമതി, ധൂൎത്തു.
Profligate, *a.* ദുൎന്നടപ്പുള്ള, നിൎല്ലജ്ജയുള്ള.
Profligate, *s.* ദുൎന്നടപ്പുകാരൻ, ദുഷ്ടൻ, ധൂൎത്തൻ.
Profligateness, *s.* ദുൎന്നടപ്പു, ദുൎമ്മാൎഗ്ഗം.
Profluence, *s.* വൎദ്ധന, കരേററം, ഗതി.
Profluent, *a.* മുന്നൊഴുകുന്ന, കവിയുന്ന.
Profound, *a.* ആഴമുള്ള, അഗാധമുള്ള, താണ.
Profound, *s.* ആഴം, അഗാധം, ഗംഭീരത.
Profoundness, *s.* ആഴം, അഗാധം.
Profundity, *s.* ആഴം, അഗാധം.
Profuse, *a.* അതിവ്യയം ചെയ്യുന്ന, ധാരാളമുള്ള.
Profusion, *s.* അതിവ്യയം, ധാരാളം, സംപൂൎണ്ണത.
Prog, *s.* ആഹാരം, കൊററു.
Progenitor, *s.* പൂൎവ്വൻ, പിതാമഹൻ, കാരണവൻ.
Progeny, *s.* സന്തതി, സന്താനം, വംശം.
Prognostic, *a.* മുന്നടയാളം പറയുന്ന.
Prognostic, *s.* മുന്നടയാളം, മുൻശകുനം.
Prognosticate, *v. a.* മുന്നറിയിക്ക, ലക്ഷണം പറക.
Prognostication, *s.* മുന്നടയാളം, ലക്ഷണം.
Prognosticator, *s.* ലക്ഷണം പറയുന്നവൻ.
Progress, *s.* നടപ്പു, ഗതി, യാത്ര, വൎദ്ധന, വൃദ്ധി.
Progress, *v. n.* മുന്നോട്ടുചെല്ലുക, കരേറുക, വൎദ്ധിക്ക, പെരുക.
Progression, *s.* വൃദ്ധി, അഭിവൃദ്ധി, കരേററം, വൎദ്ധന, മുന്നോട്ടുള്ള ഗതി.
Progressional, *a.* വൎദ്ധിക്കുന്ന, കരേറുന്ന.
Progressive, *a.* മുന്നോട്ടുചെല്ലുന്ന, വൎദ്ധിക്കുന്ന.
Prohibit, *v. a.* വിരോധിക്ക, വിലക്ക, തടുക്ക.
Prohibition, *s.* വിരോധം, പ്രതിഷേധം.
Prohibitory, *a.* വിരോധിക്കുന്ന, വിലക്കുന്ന.
Project, *s.* മുൻവിചാരം, മുന്നിശ്ചയം, യന്ത്രം.

Project, *v. a.* മുൻവിചാരിക്ക, വഴിയു ണ്ടാക്ക, മുന്നാലോചിക്ക, യന്ത്രിക്ക.
Projection, *s.* മുന്നിണ്ണയം, ഉന്തൽ, തുറിപ്പു, യന്ത്രം, സൂത്രം.
Projector, *s.* യന്ത്രി, ഉപായി, കൌശല ക്കാരൻ.
Projecture, *s.* ഉന്തൽ, തുറിപ്പു.
Prolapse, *v. n.* തുറിക്ക, പുറത്തിറങ്ങുക.
Prolate, *v. a.* ഉച്ചരിക്ക, ചൊല്ലുക.
Prolate, *a.* പരപ്പുള്ള.
Prolation, *s.* ഉച്ചാരണം, താമസം.
Prolegomena, *s.* മുൻവാചകം.
Prolepsis, *s.* കാലഹരണം, എടുത്തുചാട്ടം, തെറ്റുപാട്.
Prolific, *a.* സന്തതിയുള്ള, ഫലവത്ത.
Prolix, *a.* വിസ്താരമുള്ള, വിശാലമുള്ള.
Prolixity, *s.* വിസ്തരണം, വിസ്തീർണ്ണത.
Prologue, *s.* തലവാചകം, അവതാരിക.
Prolong, *v. a.* ദീഘമാക്ക, താമസിപ്പിക്ക.
Prolongation, *s.* ദീഘം, കാലതാമസം.
Prolusion, *s.* ഉല്ലാസകഥ.
Prominence, *s.* ഉത്തമം, മഹിമ.
Prominency, *s.* ഉന്തിനില്പു, മേട, കാൎയ്യം.
Prominent, *a.* ഉത്തമമായ, മുന്നോട്ടു നി ല്ക്കുന്ന.
Promiscuous, *a.* മിശ്രമുള്ള, അമാന്തമായ.
Promise, *s.* വാഗ്ദത്തം, പ്രതിജ്ഞ.
Promise, *v. a.* വാഗ്ദത്തം ചെയ്യു.
Promise-breach, *s.* വാഗ്ദത്തലംഘനം.
Promising, *part.* ഗുണലക്ഷണമുള്ള.
Promissory, *a.* വാഗ്ദത്തമുള്ള.
Promontory, *s.* മുനമ്പു, മുന.
Promote, *v. a.* വൎദ്ധിപ്പിക്ക, ഉയൎത്തുക.
Promoter, *s.* ഉയൎത്തുന്നവൻ, വൎദ്ധിപ്പിക്കു ന്നവൻ.
Promotion, *s.* വൎദ്ധന, കയററം.
Prompt, *a.* വേഗമുള്ള, മിടുക്കുള്ള.
Prompt, *v. a.* ഉത്സാഹിപ്പിക്ക, ഉദ്യോഗി പ്പിക്ക.
Prompter, *s.* ഉത്സാഹിപ്പിക്കുന്നവൻ, സ ഹായി.
Promptitude, *s.* ജാഗ്രത, ത്വരിതം, ഒ രുക്കം.
Promptness, *s.* ചുറുക്കു, വേഗത, സ ത്വരം.
Promulgate, *v. a.* പ്രസിദ്ധമാക്ക, അറി യിക്ക.
Promulgation, *s.* പ്രസിദ്ധമാക്കുക, പ രസ്യം.
Promulgator, *s.* പരസ്യമാക്കുന്നവൻ.
Prone, *a.* ചരിഞ്ഞ, ചായുന്ന, ശീലമുള്ള.
Proneness, *s.* ചായിവു, ചരിവു, ശീലം.
Prong, *s.* കവരം, പല്ലി.
Pronoun, *s.* പ്രതിസംജ്ഞ (ഞാൻ, നീ, etc).
Pronounce, *v. a.* ഉച്ചരിക്ക, ചൊല്ലുക, ശബ്ദിക്ക.
Pronunciation, *s.* ഉച്ചാരണം, ശബ്ദം.
Proof, *s.* പ്രമാണം, സിദ്ധാന്തം, പരീക്ഷ.
Proof, *a.* ഏശാത്ത, തട്ടാത്ത, കടക്കാത്ത.
Prop, *s.* ഊന്നു, താങ്ങ, മുട്ടു, ആധാരം.
Prop, *v. a.* ഊന്നുകൊടുക്ക, തുൺകൊടുക്ക.
Propagate, *v. a.* പരത്തുക, പ്രസിദ്ധ മാക്ക.
Propagation, *s.* പടപ്പു, പരപ്പു, പ്രസി ദ്ധമാക്കൽ.
Propel, *v. a.* മുന്നോട്ടു തള്ളുക, ഓടിക്ക.
Propend, *v. n.* ചായുക, ചരിയുക.
Propendency, *s.* മനച്ചായിവു, മനോ ഗതം.
Propense, *a.* ചാഞ്ഞ, ചരിഞ്ഞ, കാംക്ഷ യുള്ള.
Propensity, *s.* മനോഗതം, ഇച്ഛ, കാംക്ഷ.

Proper, *a.* ഉചിതം, തക്ക, യോഗ്യമുള്ള.
Property, *s.* ആസ്തി, വക, ധനം, ഗുണം.
Prophecy, *s.* പ്രവാചകം, ദീഘദൎശനം.
Prophesy, *v. a.* പ്രവചിക്ക, ദീഘദൎശനം പറക.
Prophet, *s.* പ്രവാചകൻ, ദീഘദൎശി, ഭവിഷ്യദ്വാദി.
Prophetess, *s.* പ്രവാചകി, ദീഘദൎശിനി.
Prophetic, *a.* പ്രവാചകമുള്ള, ദീഘദൎശനമുള്ള.
Propinquity, *s.* സമീപത, സംബന്ധം.
Propitiate, *v. a.* ശമിപ്പിക്ക, ശാന്തിവരുത്തുക.
Propitiation, *s.* പ്രതിശാന്തി, പ്രായശ്ചിത്തം.
Propitiator, *s.* പരിഹാരി, ശമിപ്പിക്കുന്നവൻ.
Propitiatory, *a.* ശാന്തി വരുത്തുന്ന.
Propitious, *a.* കരുണയുള്ള, അനുകൂലമുള്ള.
Propitiousness, *s.* കൃപ, അനുകൂലത.
Proponent, *s.* ആലോചനക്കാരൻ.
Proportion, *s.* അനുപാതം, ഒപ്പം.
Proportion, *v. a.* അനുപാതം വെക്ക.
Proportionable, *a.* അനുപാതം വെപ്പാന്തക്ക.
Proportional, *a.* അനുപാതമുള്ള, ഒത്ത.
Proportionate, *a.* ശരാശരിയുള്ള.
Proposal, *s.* ആലോചന, അഭിപ്രായം.
Propose, *v. a.* ആലോചന പറക, സൂത്രം തിരിക്ക.
Proposer, *s.* ആലോചന പറയുന്നവൻ.
Proposition, *s.* പ്രബോധനം.
Propound, *v. a.* അഭിപ്രായം പറക.
Proprietary, *s.* മുതലാളി, ജന്മി.
Proprietor, *s.* മുതലാളൻ, ജന്മി, ഉടയവൻ.
Proprietress, *s.* മുതലാളിച്ചി, ഉടയക്കാരത്തി.
Propriety, *s.* സാധനം, ഉചിതം, യോഗ്യത.
Propugn, *v. a.* കാത്തുകൊൾക, ആദരിക്ക, രക്ഷിക്ക.
Propulsion, *s.* മുന്നോട്ടുള്ള ഉന്തിത്തള്ളൽ.
Prorogation, *s.* ദീഘം, നിൎത്തൽ, കാലതാമസം.
Prorogue, *v. a.* നിൎത്തിവെക്ക, താമസിപ്പിക്ക.
Proruption, *s.* കടകട പൊട്ടിക്കുന്നതു.
Prosaic, *a.* ഭാഷയായ.
Proscribe, *v. a.* ഭ്രഷ്ടാക്കിക്കളക, ആട്ടിക്കളക.
Proscription, *s.* ശാപാജ്ഞ.
Prose, *s.* ഭാഷ, വാചകം.
Prose, *v. a.* നീട്ടി സംസാരിക്ക.
Prosecute, *v. a.* പിന്തുടരുക, അന്യായം വെക്ക.
Prosecution, *s.* പിന്തുടൎച്ച, വഴക്ക, അന്യായം.
Prosecutor, *s.* പിന്തുടരുന്നവൻ, അന്യായക്കാരൻ.
Proselyte, *s.* മതാവലംബി.
Prosody, *s.* കവിതാപദ്ധതി, ശബ്ദലക്ഷണം.
Prospect, *s.* കാഴ്ച, ദൎശനം, മുൻകാഴ്ച.
Prospective, *a.* ദൂരത്തിൽനിന്നു കാണുന്ന.
Prospective glass, *s.* കുഴൽകണ്ണാടി.
Prospectus, *s.* മുഖവുര, അവതാരിക.
Prosper, *v. a.* ഗുണപ്പെടുത്തുക, സാധിപ്പിക്ക.
Prosper, *v. n.* വളരുക, ശുഭപ്പെടുക, ഫലിക്ക.
Prosperity, *s.* ശുഭം, മംഗലം, നന്മ, സൌഖ്യം.

Prosperous, *a.* വളരുന്ന, ശുഭമുള്ള, ഫലിക്കുന്ന.

Prosternation, *s.* കുണ്ഠിതം, വ്യസനം.

Prostitute, *s.* തേവിടിച്ചി, കൂത്തച്ചി, വേശ്യ.

Prostitution, *s.* വേശ്യാവൃത്തി.

Prostrate, *a.* സാഷ്ടാംഗമായി വീണ, താണ.

Prostrate, *v. n.* സാഷ്ടാംഗമായി വീഴുക, കാല്പിടിക്ക.

Prostration, *s.* സാഷ്ടാംഗം, കാല്പിടിക്കൽ, ബലക്ഷയം, തളൎച്ച, ഇടിവു.

Protect, *v. a.* രക്ഷിക്ക, പാലിക്ക, ആദരിക്ക.

Protection, *s.* പരിരക്ഷണം, പാലനം, ശരണം.

Protective, *a.* രക്ഷിക്കുന്ന, പാലിക്കുന്ന.

Protector, *s.* രക്ഷകൻ, ബന്ധു, പോററി, പാലകൻ.

Protectress, *s.* രക്ഷക, പാലക.

Protend, *v. a.* നീട്ടുക.

Protest, *s.* എതിർവാദം, പ്രതിവാദം.

Protest, *v. n.* തീൎത്തു പറക.

Protest, *v. a.* എതിർവാദിക്ക, വിരോധം പറക.

Protestant, *a.* പ്രതിവാദിക്കുന്ന.

Protestant, *s.* പ്രതിവാദിക്കുന്നവൻ.

Protestantism, *s.* സുവിശേഷമതം.

Protestation, *s.* പ്രതിയായ സാക്ഷീകരണം.

Protester, *s.* എതിർവാദി.

Protocol, *s.* പട്ടോല.

Prototype, *s.* വല്ല പേൎപ്പിന്റെ മൂലം, മാതൃക.

Protract, *v. a.* നീളമാക്ക, താമസം, വരുത്തുക.

Protraction, *s.* താമസം, നാൾനീക്കം, ദീൎഘം.

Protractive, *a.* താമസമുള്ള, ദീൎഘസൂത്രമായ.

Protrude, *v. a.* ഉന്തിത്തള്ളുക, പുറത്താക്ക.

Protrusion, *s.* ഉന്തിത്തള്ളൽ, തുറിപ്പു.

Protuberate, *v. n.* വീങ്ങിയിരിക്ക.

Proud, *a.* അഹംഭാവമുള്ള, ഡംഭമുള്ള.

Prove, *v. a.* നേരുതെളിയിക്ക, പരീക്ഷിക്ക.

Prove, *v. n.* തെളിയുക, ആയ്തീരുക, സാധിക്ക.

Proveable, *a.* തെളിയുന്ന, തെളിയിപ്പാനുള്ള.

Provender, *s.* മൃഗഭക്ഷണം, തീൻപണ്ടം.

Proverb, *s.* പഴഞ്ചൊൽ, സദൃശം, പഴമ.

Proverbial, *a.* ലോകശ്രുതിയുള്ള.

Provide, *v. a.* സമ്പാദിക്ക, സംഭരിക്ക, ശേഖരിക്ക.

Providence, *s.* ദൈവവിചാരണ, ദൈവാധീനം, ദൈവഗതി, മുൻവിചാരം.

Provident, *a.* മുൻവിചാരമുള്ള, ബുദ്ധിയുള്ള.

Providential, *a.* ദൈവാധീനമുള്ള.

Provider, *s.* ശേഖരിക്കുന്നവൻ.

Province, *s.* സംസ്ഥാനം, നാടു, ഉപരാജ്യം.

Provincial, *a.* സംസ്ഥാന സംബന്ധമുള്ള.

Provincial, *s.* സഭാപതി.

Provision, *s.* മുൻകരുതൽ, ഭക്ഷണസാധനം,

Provisional, *a.* തൽക്കാലത്തെക്കു നിയമിച്ച.

Provocation, *s.* കോപഹേതു, പരിഭവം.

Provoke, *v. a.* കോപിപ്പിക്ക, വെറുപ്പിക്ക.

Provoker, *s.* കോപിപ്പിക്കുന്നവൻ.

Provost, *s.* സമൂഹപ്രമാണി.

Prow, *s.* കപ്പലിന്റെ തല, അണിയം.

Prowess, *s.* ധീരത, ശൌൎയ്യം, വിക്രമം.

Prowl, *v. n.* ഇരന്നുനടക്ക, സഞ്ചരിക്ക.
Proximate, *a.* സമീപമുള്ള, അടുത്ത.
Proxime, *a.* അരികത്തുള്ള.
Proximity, *s.* സമീപത, സന്നിധി.
Proxy, *s.* ആൾപേർ, കാൎയ്യസ്ഥൻ.
Prudence, *s.* ബുദ്ധി, വിവേകം, ദീൎഘദൃഷ്ടി.
Prudent, *a.* വിവേകമുള്ള, ബുദ്ധിയുള്ള.
Prudential, *a.* ബുദ്ധിനിറഞ്ഞ.
Prudentials, *s. pl.* വിവേകസംഗതികൾ.
Prune, *v. a.* കോതുക, ചെത്തിക്കളക.
Prune, *s.* ഒരു വിലാത്തിപ്പഴം.
Pruner, *s.* വൃക്ഷക്കൊമ്പുചെത്തുന്നവൻ.
Pruning-hook, *s.* വൃക്ഷക്കൊമ്പുകളെ ചെത്തുവാൻ വേണ്ടിയ കത്തി.
Pry, *v. n.* ഒററുനോക്ക, ശോധനചെയ്ക.
Psalm, *s.* സങ്കീൎത്തനം, ജ്ഞാനപ്പാട്ടു.
Psalmist, *s.* സങ്കീൎത്തനക്കാരൻ.
Psalmody, *s.* കീൎത്തനം, പാട്ടു.
Psalter, *s.* സങ്കീൎത്തന പുസ്തകം.
Psaltery, *s.* തംബുരു.
Pseudo, *a.* വ്യാജമായ, കളവുള്ള.
Pseudology, *s.* വ്യാജസംസാരം, ഭള്ളു.
Pshaw, *inter.* ഛി, കഷ്ടം.
Puberty, *s.* യൌവ്വനം, കൌമാരം.
Public, *a.* ജനസംബന്ധമുള്ള, പ്രസിദ്ധമുള്ള.
Publican, *s.* ചുങ്കക്കാരൻ.
Publication, *s.* പ്രസിദ്ധമാക്കുക.
Publish, *v. a.* പ്രസിദ്ധമാക്ക, പരസ്യമാക്ക.
Publisher, *s.* പ്രസിദ്ധമാക്കുന്നവൻ.
Pucelage, *s.* കന്യാവ്രതം.
Pucker, *v. a.* ചുളുക്ക, മടക്ക, ഞെറിയുക.
Pucker, *s.* ചുളുക്കു, മടക്കു, ഞെറിവു.
Pudder, *s.* ഇരെച്ചു, അമളി, കലഹം.
Pudder, *v. n.* ഇരെക്ക, കലഹിക്ക, അമളിക്ക.
Pudding, *s.* പാൽപിട്ടു, ഭക്ഷണം.
Pudding-time, *s.* ഭക്ഷണസമയം, തക്കസമയം.
Puddle, *s.* ചേററുകുഴി, ചെറുകുഴി.
Puddly, *a.* ചേറുള്ള, ചളിയുള്ള.
Pudence, *s.* മാനം, പാതിവ്രത്യം.
Puerile, *a.* ബാല്യപ്രായമുള്ള, ശിശുപ്രായമുള്ള.
Puerility, *s.* ബാല്യം, ശിശുത്വം, അല്പബുദ്ധി.
Puff, *s.* കാററുവീഴ്ച, കിതപ്പു, പൊങ്ങൽ.
Puff, *v. a.* ഊതുക, വീക്ക, ചീപ്പിക്ക, ചീറുക.
Puffy, *a.* വീൎത്ത, കാററുള്ള, വായുള്ള, ചീൎത്ത.
Pug, *s.* ഒരുവക നായ്.
Pugh, *inter.* ഛൂ.
Pugnacious, *a.* കലഹപ്രിയമുള്ള, ശണ്ഠപ്രിയമുള്ള.
Pugnacity, *s.* കലഹപ്രിയം, ശണ്ഠപ്രിയം.
Puisne, *a.* ഇളയ, ചെറിയ, രണ്ടാന്തരം.
Puissance, *s.* ബലം, ശക്തി, ഊക്കു, ബലബന്ധം.
Puissant, *a.* ബലമുള്ള, ശക്തിയുള്ള, നിബന്ധമുള്ള.
Puke, *v. a.* ഛൎദ്ദിക്ക, ഓക്കാനിക്ക, കിണങ്ങുക.
Pulchritude, *s.* സൌന്ദൎയ്യം, അഴകു, ഭംഗി.
Pule, *v. n.* മെല്ലെ കരയുക, കിണങ്ങുക.
Pull, *s.* വലി, ഇഴെച്ചു, പിഴകൽ, പിട്ടങ്ങൽ.
Pull, *v. a.* വലിക്ക, ഇഴെക്ക, പറിക്ക, കീറുക.
Pulley, *s.* കപ്പി.
Pullulate, *v. a.* മുളെക്ക, തളിൎക്ക.
Pulp, *s.* കാമ്പു, കഴമ്പു, ചുള.
Pulpit, *s.* പള്ളിയിൽ പ്രസംഗിപ്പാൻവേണ്ടിയ പീഠം.

Pulpy, *a.* കഴമ്പുള്ള, മയമുള്ള.
Pulsation, *s.* നാഡിഓട്ടം.
Pulse, *s.* നാഡി, ധാതു, പയർ.
Pulverable, *a.* പൊടിപ്പാന്തക്ക.
Pulverization, *s.* പൊടിച്ചൽ, ചൂൎണ്ണനം.
Pulverize, *v. a.* പൊടിയാക്ക, ചൂൎണ്ണിക്ക.
Pulvil, *s.* സുഗന്ധപ്പൊടി.
Pump, *s.* ചാമ്പ, വെള്ളംവലിക്കുന്നയന്ത്രം, ജലസൂത്രം.
Pump, *v. a.* ചാമ്പുക.
Pun, *s.* വക്രോക്തി, ഗൂഢാൎത്ഥം, വിടുകഥ.
Pun, *v. n.* വക്രോക്തിപറക, വിളയാടുക.
Punch, *v. a.* ഊടതുളെക്ക, കുത്തുക.
Punch, *s.* കുത്തുകരു, തുളെക്കുന്ന യന്ത്രം.
Puncto, *s.* ഉപചാരരീതി.
Punctual, *a.* തിട്ടമുള്ള, ശരിയായ, സൂക്ഷ്മമുള്ള.
Punctuality, *s.* തിട്ടം, സൂക്ഷ്മം, നിശ്ചയം.
Punctuation, *s.* വ്യക്തീകരണം.
Pungency, *s.* എരിവു, കാരം, തീക്ഷ്ണം.
Pungent, *a.* എരിവുള്ള, കുത്തലുള്ള.
Punic, *a.* വ്യാജമുള്ള, ചതിവുള്ള.
Puniness, *s.* കൃശത, അല്പതരം.
Punish, *v. a.* ശിക്ഷിക്ക, ദണ്ഡിപ്പിക്ക.
Punishable, *a.* ശിക്ഷാപാത്രമുള്ള.
Punishment, *s.* ശിക്ഷ, ദണ്ഡം, പിഴ.
Punition, *s.* ശിക്ഷ, ദണ്ഡം, പിഴ.
Punk, *s.* തെവിടിച്ചി, വേശ്യ.
Puny, *a.* ഇളയ, ചെറിയ, ക്ഷീണമുള്ള.
Puny, *s.* ഇളയവൻ, നവീനൻ.
Pupil, *s.* കണ്മിഴി, കണ്മണി, ശിഷ്യൻ.
Pupilage, *s.* ശിഷ്യത്വം, ശിഷ്യസ്ഥാനം.
Puppet, *s.* പാവ.
Puppetshow, *s.* പാവക്കളി.
Puppy, *s.* നായ്ക്കുട്ടി, (നായിന്റെ മകൻ).
Purchasable, *a.* മേടിക്കാകുന്ന, ക്രയ്യം.
Purchase, *v. a.* കൊള്ളുക, മേടിക്ക, വാങ്ങുക.
Purchase, *s.* വാങ്ങൽ, ക്രയം.
Purchaser, *s.* വിലക്കു വാങ്ങുന്നവൻ.
Pure, *a.* ശുദ്ധമുള്ള, ശുചിയുള്ള, വെടിപ്പുള്ള.
Pureness, *s.* ശുദ്ധി, ശുചി, വെടിപ്പു, സ്വച്ഛത.
Purgation, *s.* വിരേചനം, ശോധന, ഒഴിച്ചൽ.
Purgative, *a.* വിരേചിപ്പിക്കുന്ന.
Purgative, *s.* വയറു ഇളക്കുന്ന മരുന്നു.
Purgatory, *s.* വസ്സുഗ്ഗ്രാൻ, ബദ്ധവാഗ്നി.
Purge, *v. a.* ശുദ്ധമാക്ക, വയറു ഇളക്ക.
Purging, *s.* ശോധന, ഒഴിച്ചൽ, ഒഴിവു.
Purification, *s.* ശുദ്ധീകരണം, ശുദ്ധി, പുടം.
Purificatory, *a.* ശുദ്ധിവരുത്തുന്ന.
Purifier, *s.* ശുദ്ധമാക്കുന്നവൻ.
Purify, *v. a.* ശുദ്ധമാക്ക, ശുദ്ധീകരിക്ക, വെടിപ്പാക്ക.
Puritan, *s.* നിൎമ്മലൻ.
Purity, *s.* ശുദ്ധി, ശുചി, വെടിപ്പു, പരമാൎത്ഥം.
Purloin, *v. a.* വഞ്ചിക്ക, മോഷ്ടിക്ക.
Purple, *s.* ധൂമ്രവൎണ്ണം, ശ്യാമളവൎണ്ണം.
Purport, *s.* വാക്കിന്റെ സാരം, പൊരുൾ, ഭാവം.
Purport, *v. n.* ഭാവിക്ക, വിചാരിക്ക.
Purpose, *s.* ഭാവം, ഉദ്ദേശം, അഭിപ്രായം, സംഗതി, ഹേതു, കാരണം, കാൎയ്യം.
Purpose, *v. n.* ഭാവിക്ക, നിശ്ചയിക്ക, ഉദ്ദേശിക്ക.
Purr, *v. a.* പൂച്ചപോലെ കറുക.
Purse, *s.* പണസ്സഞ്ചി.
Pursiness, *s.* ശ്വാസമ്മുട്ടൽ.
Pursuable, *a.* പിന്തുടരാകുന്ന.

Pursuance, *s.* നടപ്പു, പ്രയോഗം.
Pursue, *v. a.* പിന്തുടരുക, ഓടിക്ക.
Pursue, *v. n.* നടക്ക, സഞ്ചരിക്ക.
Pursuit, *s.* പിന്തുടൎച്ച, ഓട്ടം, നായാട്ടു.
Purvey, *v. a.* ഭക്ഷണസാധനങ്ങളെ ശേഖരിക്ക.
Pus, *s.* ചലം, പൂയം, ദുഷ്ടു, മലജം.
Push, *v. a.* ഉന്തുക, തള്ളുക, കുത്തുക, ഇടിക്ക.
Push, *v. n.* ശ്രമിക്ക, തിക്ക, കിടയുക.
Push, *s.* കുത്തു, തള്ളൽ, ഉന്തു, ആക്രമം.
Pushing, *a.* അതിപ്രയത്നമുള്ള, ഊക്കുള്ള.
Pusillanimity, *s.* അധൈൎയ്യം, ഭീരുത.
Puss, *s.* പൂച്ച, മുയൽ.
Pustule, *s.* പൊള്ളം, വ്രണം, കുരു.
Pustulous, *a.* പൊള്ളമുള്ള, തണവ്രണമുള്ള.
Put, *v. a.* ഇടുക, വെക്ക, ആക്ക, കിടത്തുക, ഉദ്യോഗിപ്പിക്ക, നിബന്ധിക്ക, കൂട്ടുക, നീട്ടുക, താഴ്ത്തുക, ചേൎക്ക, ഏല്പിക്ക.
Put, *s.* ഞെരുക്കം, മുട്ടു, ചൂതുകളി.
Putative, *a.* വിചാരിച്ച, ഊഹിച്ച.
Putid, *a.* ഹീനമുള്ള, താണ, നിസ്സാരമുള്ള.
Putlog, *s.* അന്താഴപ്പലക.
Putrefaction, *s.* അഴുകൽ, ചീച്ചൽ, അളിച്ചൽ.
Putrefactive, *a.* അളിയിക്കുന്ന, ചീയിക്കുന്ന.
Putrefy, *v. a.* അളിക്ക, ചീയിക്ക.
Putrefy, *v. n.* അഴുക, അളിയുക, ചീയുക.
Putrescence, *s.* അഴുകൽ, അളിച്ചൽ.
Putrid, *a.* അഴുകിയ, ചീഞ്ഞ, നാറുന്ന.
Puzzle, *v. a.* കുഴപ്പിക്ക, മലെപ്പിക്ക, ബുദ്ധിമുട്ടിക്ക.
Puzzle, *v. n.* കുഴപ്പുക, ഭ്രമിക്ക, അന്ധാളിക്ക.
Puzzle, *s.* കുഴപ്പു, മലെപ്പു, ഭ്രമം, ബുദ്ധിമുട്ടു.
Pygmy, *s.* മുണ്ടൻ, വാമനൻ, കൃശൻ.
Pyramid, *s.* കൽസൂചി.
Pyre, *s.* ചിത, പട്ടട.
Pyromancy, *s.* ദീപലക്ഷണം, അഗ്നിമയം.
Pyrrhonism, *s.* സംശയ ഭാവം.

Q.

Quack, *v. n.* ആതിപോലെ കരക, പിട്ടു പറക.
Quack, *s.* പൊട്ടുവൈദ്യൻ, കള്ളവൈദ്യൻ.
Quackery, *s.* പൊട്ടുചികിത്സ, കള്ളവൈദ്യം.
Quadrangle, *s.* ചതുഷ്കോണം.
Quadrangular, *a.* ചതുരശ്രമുള്ള.
Quardrant, *s.* വൃത്തപാദം.
Quadrantal, *a.* വൃത്തപാദമുള്ള.
Quadrate, *a.* ചതുരശ്രമായ.
Quadrate, *s.* ചതുരശ്രം.
Quadratic, *a.* ചതുരശ്രമായ.
Quadrennial, *a.* ചതുൎവത്സരമുള്ള.
Quadrible, *a.* ചതുരമാക്കാകുന്ന.
Quadrilateral, *a.* ചതുൎഭാഗമുള്ള.
Quadruped, *s.* നാല്ക്കാലി, ചതുഷ്പാത്ത്.
Quadruple, *a.* നാലിരട്ടിയുള്ള.
Quaff, *v. a.* കുടിക്ക, മട്ടമടെ കുടിക്ക.
Quaggy, *a.* ചതുപ്പുള്ള, ഈറമുള്ള.
Quagmire, *s.* ചതുപ്പുനിലം, ചളി.
Quail, *s.* കാടപ്പക്ഷി.
Quaint, *a.* സൂക്ഷ്മമുള്ള, ചാതുൎയ്യമുള്ള.

Quaintness, *s.* സൂക്ഷ്മം, മേനി, ഉപായം.
Quake, *v. n.* വിറെക്ക, കിടുകിടുക്ക, വിരളുക.
Quake, *s.* വിറ, വിറയൽ, നടുക്കം, കമ്പം.
Quaker, *s.* ഒരുവക ഇങ്ക്ലിഷ ക്രിസ്തുമതക്കാർ.
Qualification, *s.* പ്രാപ്തി, ശേഷി, സാമൎത്ഥ്യം.
Qualify, *v. a.* പ്രാപ്തിവരുത്തുക, യോഗ്യമാക്ക.
Quality, *s.* ഗുണം, സ്വഭാവം, തരം, സ്ഥാനം.
Qualm, *s.* മൂൎച്ഛനം, ആലസ്യം.
Quandary, *s.* അനുമാനം, വിഷമം.
Quantity, *s.* സംഖ്യ, തുക, കൂട്ടം, പരിമാണം.
Quantum, *s.* ഉപചയം, പൊരിമ, തുക.
Quarantine, *s.* പകരുന്ന വ്യാധി നടപ്പായ രാജ്യത്തിൽനിന്നു എത്തുന്ന കപ്പലുകളും ആളുകളും ദൂരം പാൎക്കേണ്ടുന്ന കാലം.
Quarrel, *s.* ശണ്ഠ, കലഹം, കലമ്പൽ, പിണക്കം.
Quarrel, *v. n.* കലഹിക്ക, കലമ്പുക, പിണങ്ങുക.
Quarrelsome, *a.* കലഹപ്രിയമുള്ള.
Quarrelsomeness, *s.* കലഹപ്രിയം.
Quarry, *s.* മട്ടം, കക്കുഴി, കല്ലുമട.
Quarry, *v. a.* കല്ലുകൊത്തുക, ഇരപിടിക്ക.
Quarryman, *s.* കൽകൊത്തി.
Quart, *s.* ഒരു കാലംശം.
Quarter, *s.* കാലംശം, ദിക്ക, സ്ഥലം.
Quarter, *v. a.* നാലംശമാക്ക, പട്ടാളം പാൎപ്പിക്ക.
Quarterage, *s.* ഒരു കാൽവൎഷത്തിന്റെ ശമ്പളം.
Quarterly, *ad.* മൂമ്മൂന്നുമാസം കൂടുമ്പോൾ.
Quartermaster, *s.* പടയാളികൾക്കു ഇരിപ്പിടങ്ങളെ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ.
Quartern, *s.* ഉഴക്ക്.
Quarto, *s.* നാലായിട്ടു മടക്കിയ കടലാസുകൊണ്ടുള്ള പുസ്തകം.
Quash, *v. a.* ചതെക്ക, ഞെരിക്ക, അമൎത്തുക.
Quaternion, *s.* ചതുൎത്ഥം, നാല്.
Quaver, *v. n.* ശബ്ദം പതറുക, വിറെക്ക.
Queasiness, *s.* ഓക്കാനം, വിരക്തി.
Queck, *v. n.* ചുളുങ്ങുക, വ്യസനം കാട്ടുക.
Queen, *s.* രാജ്ഞി, തമ്പുരാട്ടി.
Queer, *a.* പുതുമയുള്ള, അപൂൎവ്വമായ.
Queerness, *s.* പുതുമ, വിശേഷത, അപൂൎവ്വം.
Quell, *v. a.* അമൎത്തുക, അടക്ക.
Quench, *v. a.* കെടുക്ക, ആററുക, അടക്ക.
Quenchable, *a.* കെടുക്കപ്പെടത്തക്ക.
Querent, *s.* സങ്കടക്കാരൻ, ആവലാധിക്കാരൻ.
Querist, *s.* ചോദ്യക്കാരൻ.
Query, *s.* ചോദ്യം, വിചാരണ.
Quest, *s.* അന്വേഷണം, വിചാരണ.
Question, *s.* ചോദ്യം, പൃച്ഛ, സംശയം.
Question, *v. a.* ചോദിക്ക, വിസ്തരിക്ക.
Questionable, *a.* സംശയമുള്ള.
Questioner, *s.* ചോദിക്കുന്നവൻ.
Quibble, *v. n.* വക്രോക്തി പറക.
Quibble, *s.* വക്രോക്തി, വിളയാട്ടുവാക്ക.
Quick, *a.* ജീവനുള്ള, വേഗമുള്ള, ചുറുക്കുള്ള.
Quick, *s.* മൎമ്മസ്ഥലം.
Quicken, *v. a.* ജീവിപ്പിക്ക, ഉയിൎപ്പിക്ക.
Quicken, *v. n.* ജീവനുണ്ടാക, ഉയരുക.
Quickness, *s.* വേഗത, ചുറുക്ക, സൂക്ഷ്മബുദ്ധി.

Quicksand, *s.* ചുഴിമണൽ, ചുഴി.
Quicksightedness, *s.* സൂക്ഷ്മദൃഷ്ടി.
Quicksilver, *s.* രസം, പാരതം.
Quiddity, *s.* ദുസ്തക്കം, സാരം, സത്തു.
Quiescence, *s.* സ്വസ്ഥത, സാവധാനം.
Quiescent, *a.* സ്വസ്ഥമുള്ള, അടക്കമുള്ള.
Quiet, *a.* ശാന്തമുള്ള, സാവധാനമായ.
Quiet, *s.* ശാന്തത, ശമം, അമച്ച്.
Quiet, *v. a.* ശമിപ്പിക്ക, ശാന്തതപ്പെടുത്തുക.
Quietism, *s.* ശാന്തത, സാമമതം.
Quietist, *s.* സാമക്കാരൻ.
Quietness, *s.* ശാന്തത, സാവധാനം.
Quietude, *s.* ശമനം, മൌനം.
Quietus, *s.* മോക്ഷം, സൌഖ്യം, മരണം.
Quill, *s.* എഴുതുവാനുള്ള തൂവൽ, മുള്ളന്റെ മുള്ള, വായനക്കോൽ.
Quinsy, *s.* മുള്ള.
Quintessence, *s.* സാരം, സത്തു, ദ്രാവകം.
Quintuple, *a.* അഞ്ചിരട്ടി, പഞ്ചധാ.
Quip, *s.* കുത്തുമൊഴി, പരിഹാസം.
Quip, *v. a.* വാക്കുകൊണ്ടു കുത്തുക.
Quire, *s.* ഇരുപത്തനാലു പായ് കടലാസ്സ.
Quirister, *s.* ഗായകൻ.
Quirk, *s.* വേഗത്തിലുള്ള അടി, കളിവാക്കു.
Quit, *v. a.* വീട്ടുക, വിട്ടുക, തീക്ക, നിവൃത്തിക്ക.
Quite, *ad.* തിരെ, മുഴുവൻ, അശേഷം.
Quitrent, *s.* ഇറ.
Quittance, *s.* കടംവീട്ടൽ, പൃക്കുചീട്ട.
Quiver, *s.* ആവനാഴിക, തൂണീരം, പൂണി.
Quodlibet, *s.* സൂക്ഷ്മകാൎയ്യം.
Quoin, *s.* കോൺ, പൂൾ.
Quota, *s.* ഓഹരി, വീതം, പങ്കു.
Quotation, *s.* വല്ല എഴുത്തിൽനിന്നു എടുത്തു കാണിച്ച ഉദാഹരണം, ഇട്ടുകുറിപ്പു.
Quote, *v. a.* ഉദാഹരണം പറക, കുറിച്ചെടുക്ക.
Quoth, *imp.* പറഞ്ഞു.
Quotidian, *a.* ദിനംപ്രതിയുള്ള.
Quotient, *s.* കഴിച്ച കണക്കിൽ ശിഷ്ടം തുക, ഫലം.

R.

Rabate, *v. a.* പുള്ള തിരിച്ചു കിട്ടുക.
Rabbet, *v. a.* ഏക്ക, ഏച്ചു ഇണെക്ക.
Rabbi, *s.* യഹൂദരുടെ ഗുരു.
Rabbit, *s.* മുയൽ.
Rabble, *s.* കലഹമുള്ള ജനക്കൂട്ടം, പുരുഷാരം.
Rabid, *a.* മദമുള്ള, ഭ്രാന്തുള്ള, വിഷമുള്ള.
Race, *s.* ജാതി, വംശം, സന്തതി, വൎഗ്ഗം, വക.
Racehorse, *s.* മത്സരിച്ചു ഓടിപ്പാനുള്ള കുതിര.
Racemate, *v. a.* കലെക്ക.
Racer, *s.* മത്സരിച്ചു ഓടുന്നവൻ.
Rack, *s.* ബന്ധനം, അതിവേദന, അതിവ്യഥ.
Rack, *v. a.* ബന്ധിപ്പിക്ക, തെളിയിക്ക, ഊററുക.
Racket, *s.* തൊള്ള, നിലവിളി, അമളി.
Racy, *a.* കട്ടുപ്പുമുള്ള, എരിവുള്ള, ദുസ്സ്വാദുള്ള.
Radiance, *s.* ശോഭ, പ്രകാശം, പ്രഭ.
Radiancy, *s.* ശോഭ, മിനുമിനുപ്പു, രശ്മി.
Radiant, *a.* രശ്മിയുള്ള, പ്രജ്വലിതമുള്ള.
Radiate, *v. a. & n.* രശ്മിവീശുക, മിനുങ്ങുക.

Radical, *a.* മൂലമുള്ള, പൂൎവ്വമുള്ള, സ്വാഭാവികം.

Radically, *ad.* മൂലത്തിൽ, വേരോടെ.

Radicate, *v. a.* വേരൂന്നിക്ക, വേർപിടിപ്പിക്ക.

Radication, *s.* വേർ പിടിപ്പിക്കുക.

Radish, *s.* മുള്ളങ്കി, കിഴങ്ങ.

Radius, *s.* വൃത്തത്തിന്റെ അൎദ്ധവ്യാസം.

Raff, *v. a.* അടിച്ചുവാരുക, സമ്മാൎജ്ജനം ചെയ്ക.

Raft, *s.* ചങ്ങാടം, ഉഡുപം, പൊങ്ങുതടി.

Rafter, *s.* കഴക്കോൽ, ചെറുവിട്ടം.

Rag, *s.* കീറിയ തുണി, പഴന്തുണി, ജീൎണ്ണവസ്ത്രം.

Rágamuffin, *s.* നീചൻ, നികൃഷ്ടൻ.

Rage, *s.* കടുങ്കോപം, ക്രോധം, രോഷം, ഉഗ്രത.

Rage, *v. a.* ക്രുദ്ധിക്ക, ക്രോധിക്ക, മദിക്ക.

Ragged, *a.* കീറിയ, കീറലുള്ള, ജീൎണ്ണമായ.

Ragingly, *ad.* ക്രോധത്തോടെ, മൂൎക്ക്വതയോടെ.

Rail, *s.* അഴി, കിരാതി.

Rail, *v. a.* അഴിയിടുക, നിന്ദിക്ക, ശകാരിക്ക.

Railer, *s.* ദുൎവ്വാക്കുകാരൻ, നിന്ദിക്കുന്നവൻ.

Raillery, *s.* ശകാരം, ദൂഷിവാക്കു, നിന്ദാവാക്കു.

Railway, *s.* ഇരിമ്പുപാത.

Raiment, *s.* ഉടുപ്പു, വസ്ത്രം.

Rain, *s.* മഴ, വൃഷ്ടി, വൎഷം, മാരി.

Rain, *v. n.* മഴപെയ്യുക, വൎഷിക്ക.

Rainbow, *s.* മഴവില്ലു, പച്ചവില്ലു, ഇന്ദ്രധനുസ്സ.

Raindeer, *s.* മാൻ.

Rainy, *a.* മഴയുള്ള, മഴപെയ്യുന്ന.

Rainwater, *s.* മഴവെള്ളം.

Raise, *v. a.* എടുക്ക, പൊങ്ങിക്ക, ഉയൎത്തുക, നാട്ടുക, എഴുനീല്പിക്ക, കരേററുക, ഉദ്യോഗിപ്പിക്ക.

Raisin, *s.* ഉണങ്ങിയ മുന്തിരിങ്ങാപ്പഴം.

Rake, *s.* വരണ്ടി, പല്ലി, തെമ്മാടി, ദുൎന്നടപ്പുകാരൻ.

Rake, *v. a.* വരണ്ടുക, വാരിക്കൂട്ടുക.

Rake, *v. n.* ദോഷമായി നടക്ക, തപ്പിത്തിരയുക.

Rakish, *a.* അഴിമതിയുള്ള, ദുൎമ്മാൎഗ്ഗമുള്ള.

Rally, *v. a.* ഛിന്നഭിന്നമായവരെ തിരിച്ചുകൂട്ടി യഥാക്രമത്തിലാക്ക, ധൈൎയ്യപ്പെടുത്തുക.

Rally, *v. n.* തിരിച്ചു ക്രമപ്പെടുക.

Ram, *s.* മുട്ടാടു, ആട്ടുകൊററൻ, മതിലുകളെ ഇടിച്ചുകളവാനുള്ള യന്ത്രം.

Ram, *v. a.* ഇടിച്ചുറപ്പിക്ക, താങ്ങിടുക.

Ramble, *s.* ഉഴല്ച, ഉഴന്നുനടക്കുക.

Ramble, *v. n.* ഉഴലുക, ഉഴന്നുനടക്ക.

Rambler, *s.* ഉഴന്നു നടക്കുന്നവൻ.

Ramification, *s.* ഛിനെപ്പു, ശാഖകളാക്കി തീൎക്കുക.

Ramify, *v. a.* ഛിനെപ്പിക്ക, ശാഖകളാക്ക.

Ramify, *v. n.* ഛിനെക്ക, ശാഖകളായ്തീരുക.

Rammer, *s.* മന്ത, തോക്കിൻ അച്ചുകോൽ.

Ramous, *a.* ഛിനെപ്പുള്ള, കൊമ്പുള്ള.

Ramp, *s.* പാഞ്ഞുചാട്ടം, പുളെപ്പു.

Ramp, *v. n.* പാററികേറുക, പാഞ്ഞു ചാടുക.

Rampant, *a.* ചാടിത്തുള്ളുന്ന, പുളെച്ച.

Rampart, *s.* കോട്ടമതിൽ, വാട.

Ramrod, *s.* തോക്കിന്റെ അച്ചുകോൽ.

Ran, *pret. of to run,* ഓടി.

Ranch, *v. a.* ഉളുക്കിക്ക, തള്ളിപ്പൊളിക്ക.

Rancid, *a.* കാറലുള്ള, ദുൎഗ്ഗന്ധമുള്ള.

Rancidity, *s.* കാറൽ, കനെപ്പു, നാററം.

Rancorous, *a.* പകയുള്ള, വൈരമുള്ള.
Rancour, *s.* പക, വൈരം, ദുശ്ചിന്ത.
Rand, *s.* വക്കു, ഒരം.
Random, *s.* ക്രമക്കേടു, നാനാവിധം.
Random, *a.* നാനാവിധമുള്ള, ആകസ്മികമുള്ള.
Rang, *pret. of to ring*, മണിയടിച്ചു.
Range, *s.* വരി, നിര, ക്രമം, തരം, അതിർ.
Range of mountains, തുടർമലകൾ.
Range, *v. a.* നിരത്തുക, ക്രമപ്പെടുത്തുക.
Rank, *a.* കാറലുള്ള, കനെപ്പുള്ള.
Rank, *s.* അണി, നിര, സ്ഥാനം, സ്ഥാനപ്പേർ.
Rank, *v. a.* ക്രമപ്പെടുത്തുക, അണിയായി നിൎത്തുക.
Rank, *v. n.* ക്രമപ്പെടുക, നിരക്ക.
Rankle, *v. n.* ചലവിക്ക, പഴക്ക, കത്തുക.
Rankness, *s.* അതിവളൎച്ച, കനെപ്പു.
Ransack, *v. a.* കൊള്ളയിടുക, നള്ളിപ്പെരുക്ക.
Ransom, *s.* വീണ്ടെടുപ്പു, വീളുന്നവില.
Ransom, *v. a.* വീളുക, വീണ്ടുകൊള്ളുക.
Rant, *v. n.* ഉച്ചത്തിൽ സംസാരിക്ക, ഗൎവ്വിച്ചുപറക.
Rant, *s.* ഉറക്കെ സംസാരം, ഗൎവ്വവാക്കു.
Rap, *s.* അടി, താഡനം, കമ, മുട്ടു.
Rap, *v. a. & n.* അടിക്ക, അറയുക, താഡിക്ക, തട്ടുക, മുട്ടുക, പിടിച്ചുപറിക്ക.
Rapacious, *a.* പിടിച്ചുപറിക്കുന്ന, അപഹരിക്കുന്ന.
Rapacity, *s.* പിടിച്ചുപറി, അപഹാരം, അത്യാശ.
Rape, *s.* ബലാൽക്കാരം, സാഹസം, എള്ളു.
Rapid, *a.* വേഗമുള്ള, ബദ്ധതിയുള്ള.
Rapidity, *s.* വേഗത, ബദ്ധതി, ശീഘ്രം, ത്വരിതം.
Rapine, *s.* കവൎച്ച, കൊള്ള, സാഹസം.
Rapture, *s.* വിവശത, പരവശത, ച്യുറുക്കു.
Raptured, *a.* പരവശമായ.
Rapturous, *a.* വിവശതയുള്ള, പരവശതയുള്ള.
Rare, *a.* ദുൎല്ലഭമുള്ള, അപൂൎവ്വമുള്ള, വിശേഷമുള്ള.
Rarefaction, *s.* വിസ്താരമാക്കുക, സൂക്ഷ്മം.
Rarefy, *v. a.* വിസ്താരമാക്ക, നേൎപ്പിക്ക, സൂക്ഷ്മമാക്ക.
Rarely, *ad.* ദുൎല്ലഭമായി, അപൂൎവ്വമായി.
Rareness, *s.* അപൂൎവ്വത, വിശേഷത, ദുൎല്ലഭം.
Rarity, *s.* പുതുമ, വിശേഷത, നേൎമ്മ, പ്രിയം.
Rascal, *s.* ചണ്ഡാലൻ, ഖലൻ, കള്ളൻ, നീചൻ.
Rascality, *s.* ചണ്ഡാലത്വം, നീചത്വം.
Rascallion, *s.* ചണ്ഡാലൻ, നീചൻ.
Rascally, *a.* ഹീനമുള്ള, കള്ളത്തരമായ.
Rase, *v. a.* ചീക, ചുരണ്ടുക, നിൎമ്മൂലമാക്ക, മാച്ചു.
Rash, *a.* സാഹസമായ, തിടുക്കമുള്ള.
Rash, *s.* മേൽപൊള്ളൽ, ചിലന്നി, കരു.
Rashness, *s.* സാഹസം, തിടുക്കം, അവിവേകം.
Rasp, *s.* പച്ചരം.
Rasp, *v. a.* രാക.
Raspatory, *s.* ശസ്ത്രവൈദ്യന്റെ അരം.
Raspberry, *s.* ഒരുവക വിലാത്തിപ്പഴം.
Rasure, *s.* ചീകൽ, ചുരണ്ടൽ, കുത്തൽ.
Rat, *s.* എലി, മൂഷികൻ.
Ratable, *a.* വിലമതിക്കാകും, കരംപതിക്കാകും.
Ratan, *s.* ചൂരൽ.
Rate, *s.* വില, നിരക്കു, പതിവു, വീതം, വിധം.
Rath, *a.* അതികാലത്തുള്ള.
Rather, *ad.* അതിനേക്കാൾ, കാൾ, വിശേഷാൽ.

Ratification, *s.* സ്ഥാപനം, ഉറപ്പിക്കൽ.
Ratifier, *s.* ഉറപ്പിക്കുന്നവൻ.
Ratify, *s.* സ്ഥാപിക്ക, ഉറപ്പിക്ക, സ്ഥിരപ്പെടുത്തുക.
Ratio, *s.* വീതം, തിട്ടം, പ്രമാണം, അളവു.
Rational, *a.* ന്യായമുള്ള, ബുദ്ധിയുള്ള.
Rationalist, *s.* ലോകജ്ഞാനി.
Rationality, *s.* ലോകജ്ഞാനം, ബുദ്ധിശക്തി.
Ratoon, *s.* ഒരുവക കറുക്കൻ.
Ratsbane, *s.* എലിപ്പാഷാണം.
Rattle, *v. n.* കടുകടശബ്ദിക്ക, കിട്ടുകിട്ടുക്ക, ചിലമ്പുക.
Rattle, *v. a.* കിലുപ്പിക്ക, കിലുകിലുക്ക, ശകാരിക്ക.
Rattle, *s.* കിട്ടുകിട്ടുപ്പു, കിലുക്കൽ, ചിലമ്പൽ.
Rattleheaded, *a.* ബുദ്ധിലാത്ത, രൂപമില്ലാത്ത.
Rattlesnake, *s.* ചിലമ്പുന്ന പാമ്പു.
Raucity, *s.* ഒച്ചയടപ്പു.
Ravage, *v. a.* പാഴാക്ക, കൊള്ളയിടുക.
Ravage, *s.* കൊള്ള, കവൎച്ച, വിനാശം.
Ravager, *s.* കവൎച്ചക്കാരൻ, പാഴാക്കുന്നവൻ.
Rave, *v. n.* ബുദ്ധിഭ്രമിക്ക, പിച്ചുപറക, മദിക്ക.
Ravel, *v. a.* കുഴക്ക, പിണക്ക, പിരിയഴിക്ക.
Ravel, *v. n.* കുഴങ്ങുക, കുഴപ്പുക, കവലപ്പെടുക.
Ravelin, *s.* അൎദ്ധചന്ദ്രാകൃതിയുള്ള കൊത്തളം.
Raven, *s.* കാക്ക, മലംകാക്ക, കൃഷ്ണകാകൻ.
Raven, *v. a. & n.* വിഴുങ്ങുക, ഇരപിടിക്ക.
Ravenous, *a.* ബുഭുക്ഷയുള്ള, കൊതിത്തരമുള്ള.
Ravenousness, *s.* ബുഭുക്ഷ, അത്യാശ.
Ravin, *s.* കവൎച്ച, ഇര, കൊള്ള, അപഹൃതം.
Spotless, *a.* കറയില്ലാത്ത, നിഷ്കളങ്കമുള്ള.

Spotty, *a.* കറകളുള്ള, പുള്ളിയുള്ള.

Spousal, *s.* വിവാഹം, കല്യാണം.

Spouse, *s.* ഭൎത്താവ, ഭാൎയ്യ.

Spout, *s.* ജലപ്പാത്തി, തുമ്പ, കഴൽ.

Sprain, *v. a.* ഉളുക്കിക്ക.

Sprain, *s.* ഞരമ്പുളുക്ക, ഉളുക്ക.

Sprat, *s.* നളമീനം, ചെമ്മീൻ.

Sprawl, *v. n.* അലെക്ക, പിടഞ്ഞു കിടക്ക.

Spray, *s.* ചുള്ളിവിറക, ചുള്ളിക്കൊമ്പ.

Spread, *v. a.* വിരിക്ക, പരത്തുക, വ്യാപിപ്പിക്ക.

Spread, *v. n.* വിരിയുക, പരക്ക, വ്യാപിക്ക.

Spread, *s.* വിരിച്ചൽ, വിരിവ, പരപ്പ, വിടൎച്ച, വ്യാപകം, പിരട്ടൽ, വിസ്താരം.

Sprig, *s.* ചുള്ളിക്കൊമ്പ, തളിർ.

Spright, *s.* ആവി, വീൎയ്യം, ഭൂതം.

Sprightliness, *s.* ചൈതന്യം, ചൊടിപ്പ.

Spring, *v. n.* മുളെക്ക, വളരുക, പായുക, തുള്ളുക.

Spring, *v. a.* ഇളക്ക, വേഗത്തിൽ ഉണ്ടാക്ക.

Spring, *s.* വസന്തകാലം, വില്ല, കമ്പി ചാട്ടം, ഉറവ, മൂലം, കാരണം.

Springtide, *s.* വാവ അടുക്കുമ്പോളുള്ള വേലി ഏററവും ഇറക്കവും.

Sprinkle, *v. a.* തളിക്ക, തൎപ്പിക്ക, ധൂളിക്ക.

Sprinkling, *s.* തളിപ്പ, തൎപ്പണം, ധൂളിപ്പ.

Sprit, *s.* മുള, തളിർ.

Sprit, *v. a.* പായിക്ക, പുറത്തു ചാടിക്ക.

Sprite, *s.* ആവി, ഭൂതം, പിശാച.

Sprout, *v. n.* മുളെക്ക, കിളുക്ക, തളിക്ക.

Sprout, *s.* മുള, തളിർ. ക്രമ്പ, തുമ്പ.

Spruceness, *s.* ഭംഗി, വാസന, മോടി.

Spume, *s.* പത, നര.

Spume, *v. n.* പതയുക, നരയുക.

Spur, *s.* കുതിരമുള്ള, കൊഴിമുള്ള.

Spur, *v. a.* മുള്ളുകൊണ്ടുകുത്തുക.

Spurious, *a.* കള്ളമായ, ദുർബ്ബീജമുള്ള.
Spurn, *v. a.* ചവിട്ടുക, ത്യജിച്ചുകളക.
Spurn, *s.* ചവിട്ടു, ഉത, നിന്ദ, ധിക്കാരം.
Spurt, *s.* ചാട്ടം, ഞെട്ടൽ, നട്ടക്കം.
Sputter, *v. n.* തുള്ളിതുള്ളിയായി തെറിക്ക.
Spy, *s.* ദൂതൻ, ഒററുകാരൻ, ചാരൻ.
Spy, *v. a.* ഒററുനോക്ക, കിണ്ണാണിക്ക.
Squabble, *v. n.* ശണ്ഠപിടിക്ക, വക്കാണിക്ക.
Squabble, *s.* ശണ്ഠ, വക്കാണം, പിണക്കം.
Squabbler, *s.* വക്കാണക്കാരൻ.
Squadron, *s.* സമൂഹം, പടവ്യൂഹം, സൈന്യത്തിന്റെ പകുതി, പടക്കപ്പൽക്കൂട്ടം.
Squall, *v. n.* നിലവിളിക്ക, അലറുക.
Squall, *s.* നിലവിളി, പെരുങ്കാററടി, കോൾ.
Squander, *v. a.* ദുർവ്യയം ചെയ്ക.
Squanderer, *s.* ദുർവ്യയക്കാരൻ.
Square, *a.* സമചതുരമായ, ബലമുള്ള.
Square, *s.* ചതുരശ്രം, സമചതുരശ്രം.
Square, *v. a.* ചതുരശ്രമാക്ക.
Square, *v. n.* ചതുരശ്രമാക, ശരിപ്പെട്ടുക.
Squareness, *s.* ചതുരശ്രത.
Squash, *v. a.* കുഴെക്ക, ചതക്ക.
Squeak, *v. n.* നിലവിളിക്ക, വാവിട്ടു കരക.
Squeak, *s.* നിലവിളി, കാറൽ.
Squeeze, *v. a.* പിഴിയുക, പിതുക്ക, ഞെക്ക.
Squeeze, *v. n.* ഇടറുക, ഞെങ്ങുക, ഇട്ടങ്ങുക.
Squeeze, *s.* പിഴിച്ചൽ, ഞെക്കൽ, ഇട്ടക്കം.
Squill, *s.* കാട്ടുവെങ്കായം, മത്സ്യം, പുഴ.
Squint, *v. n.* ചരിച്ചുനോക്ക.
Squire, *s.* അകമ്പടിക്കാരൻ.
Squirrel, *s.* അണ്ണാൻ.
Squirt, *s.* പീച്ചാങ്കുഴൽ, പിച്ചൽ.
Stab, *v. a.* കുത്തുക, കുത്തികൊല്ലുക.
Stab, *s.* കുത്തു, കുത്തിമുറിവു.
Stabber, *s.* കുത്തുന്നവൻ, വഞ്ചിച്ചു കൊല്ലുന്നവൻ.
Stability, *s.* സ്ഥിരത, ഉറുതി, ഉറപ്പു, നില.
Stable, *a.* സ്ഥിരമായ, ഉറപ്പുള്ള.
Stable, *s.* കുതിരാലയം, കുതിരലായം.
Stablish, *v. a.* ഉറപ്പിക്ക, സ്ഥാപിക്ക.
Stack, *s.* തുറു, കളം, ധാന്യമൂട, വിറകക്കൂട്ടം.
Stack, *v. a.* കൂട്ടമായി കൂട്ടുക.
Staff, *s.* വടി, ദണ്ഡു, കോൽ, യഷ്ടി, കൊടി.
Stag, *s.* കല, ഹരിണം.
Stage, *s.* രംഗസ്ഥലം, അരങ്ങ, നാടകസ്ഥലം.
Stageplay, *s.* ആട്ടം, നാടകം, കൂത്തു, കഥകളി.
Stageplayer, *s.* കൂത്തുകാരൻ, നാടകക്കാരൻ.
Stagger, *v. n.* ചാഞ്ചാട്ടുക, ക്ഷീണിക്ക.
Stagger, *v. a.* ചാഞ്ചാടിക്ക, ഭ്രമിപ്പിക്ക.
Stagnant, *a.* ഒഴുകാത്ത, ഇളകാത്ത.
Stagnate, *v. n.* കെട്ടിനില്ക്ക, മട്ടുപ്പാക.
Stagnation, *s.* ഇളക്കമില്ലായ്മ, നില, നിൽത്തൽ.
Staid, *a.* തെളിവുള്ള, ക്രമമുള്ള.
Staidness, *s.* തെളിവു, സ്ഥിരത, ക്രമം.
Stain, *s.* കറ, കളങ്കം, കലനം, കറവു.
Stain, *v. a.* കറയാക്ക, കളങ്കമാക്ക.
Stainless, *a.* കറയില്ലാത്ത, നിർമ്മലമുള്ള.
Stair, *s.* പടി, നട, കോണിപ്പടി.
Staircase, *s.* പടിക്കെട്ടു, കോണി.
Stake, *s.* കുററി, തറി, കമ്പം, കീലം, പണയം.
Stake, *v. a.* കുററിതറെക്ക, പന്തംകെട്ടുക.
Stale, *a.* പഴയ, പഴക്കമുള്ള, വളിച്ച.
Stalk, *v. n.* ഞെളിഞ്ഞു നടക്ക.
Stalk, *s.* ഞെളിഞ്ഞ നടപ്പു, കാമ്പു, കഴമ്പു, തണ്ടു.

Stalky, *a.* തണ്ടുള്ള, കഴമ്പുള്ള.
Stall, *s.* ലായം, തൊഴുത്തു, പീടിക.
Stall, *v. a.* തൊഴുത്തിൽ കെട്ടുക.
Stamina, *s.* ആദികാരണങ്ങൾ.
Stammer, *v. n.* കൊഞ്ഞപറക, വിക്കി വിക്കി പറക.
Stammerer, *s.* കൊഞ്ഞക്കാരൻ.
Stammering, *s.* കൊഞ്ഞ, വിക്കു, കുഴച്ചു.
Stamp, *v. a.* ചവിട്ടുക, ഇടിക്ക, മുദ്രകുത്തുക.
Stamp, *s.* മുദ്ര, അച്ച്, കുത്തു, കുറി, പുള്ളി.
Stamper, *s.* ഉലെക്ക.
Stanch, *v. a.* നിൎത്തുക, ഒലിക്കാതാക്ക.
Stanch, *v. n.* ചോരനില്ക്ക, ഒലിക്കാതിരിക്ക.
Stanch, *a.* കെട്ടിയ, ഒലിക്കാത്ത, നേരുള്ള.
Stanchion, *s.* തൂൺ, ഊന്നു, താങ്ങു.
Stanchness, *s.* ഉറപ്പു, ബലം, വിശ്വാസം.
Stand, *v. n.* നില്ക്ക, സ്ഥിരപ്പെടുക.
Stand, *v. a.* സഹിക്ക, എതിൎക്ക, വഹിക്ക.
Stand, *s.* സ്ഥാനം, നില, പാദം, നിൎത്തു, അതിര, അമ്പരപ്പു, സംശയം.
Standard, *s.* പടക്കൊടി, കൊടിക്കൂറ, ധ്വജം.
Standard-bearer, *s.* കൊടിക്കാരൻ.
Stander, *s.* നില്ക്കുന്നവൻ.
Standing, *part. a.* നില്ക്കുന്ന, നിലയുള്ള.
Standing, *s.* നിലനില്പു, സ്ഥിതി, പദവി.
Stanza, *s.* ശ്ലോകച്ഛേദം, പദ്യം, പ്രാസം.
Staple, *s.* ചന്ത, മൂലസാധനം.
Staple, *a.* സ്ഥാപിതമായ.
Star, *s.* നക്ഷത്രം, താരം.
Starch, *s.* കഞ്ഞിപ്പശ.
Stare, *v. n.* തുറിച്ചുനോക്ക, ഭ്രമിച്ചുനോക്ക.
Stark, *a.* ഉറപ്പുള്ള, കടുപ്പമുള്ള.
Stark, *ad.* കേവലം, അശേഷം, മാത്രം.
Starless, *a.* നക്ഷത്രപ്രകാശമില്ലാത്ത.
Starlight, *s.* നക്ഷത്രപ്രകാശം, മീൻവെട്ടം.
Starlight, *a.* നക്ഷത്രപ്രകാശമുള്ള.
Starlike, *a.* നക്ഷത്രസമം.
Starry, *a.* നക്ഷത്രാലങ്കാരമുള്ള.
Start, *v. n.* ഞെട്ടുക, നടുങ്ങുക, പുറപ്പെടുക.
Start, *v. a.* ഞെട്ടിക്ക, നടുക്ക, യാത്രയയക്ക.
Start, *s.* ഞെട്ടൽ, നടുക്കം, പുറപ്പാടു.
Startle, *v. n.* ഞെട്ടുക, വിരളുക, പേടിക്ക.
Startle, *v. a.* വിരട്ടുക, ഭ്രമിപ്പിക്ക.
Startle, *s.* ഞെട്ടൽ, നടുക്കം, ഭ്രമം.
Starvation, *s.* പട്ടിണി, ഉപോഷം.
Starve, *v. n.* പട്ടിണി കിടക്ക, പട്ടിണി കിടന്നുചാക.
Starve, *v. a.* പട്ടിണിയിടുക, ക്ഷീണിപ്പിക്ക.
Starving, *part. a.* പട്ടിണി കിടക്കുന്ന.
State, *s.* നില, അവസ്ഥ, ഇരിപ്പു, രാജ്യം.
State, *v. a.* ബോധിപ്പിക്ക, അറിയിക്ക, വിവരിക്ക.
Stateliness, *s.* പ്രഭാവം, വലിപ്പം, പ്രതാപം.
Stately, *a.* പ്രഭാവമുള്ള, കോലാഹലമുള്ള.
Statement, *s.* വാമൊഴി, വചനം, വസ്തു.
Statesman, *s.* രാജമന്ത്രി.
Station, *s.* നില, സ്ഥലം, ഉദ്യോഗം, തൊഴിൽ.
Station, *v. a.* സ്ഥലത്താക്ക, ആക്കിവെക്ക.
Stationary, *a.* നില്ക്കുന്ന, ഇളകാത്ത.
Stationery, *s.* കടലാസപുസ്തകം മുതലായ ചരക്കു.
Statistics, *s. pl.* ദേശാവസ്ഥകളുടെ വിവരങ്ങൾ.
Statuary, *s.* കൊത്തുന്ന വിദ്യ, കൊത്തുകാരൻ.
Statue, *s.* കൊത്തിയ തൂൺ, സ്തംഭം, ബിംബം.

Stature, *s.* ശരീരപരിമാണം, ശരീരവളൎച്ച.
Statutable, *a.* നീതിപ്രകാരമുള്ള.
Statute, *s.* നീതി, ന്യായം, കല്പന, ചട്ടം, രാജകല്പന.
Stave, *v. a.* ഉടച്ചു തകൎക്ക, കോൽകൊണ്ടു തല്ലുക.
Stay, *v. n.* നില്ക്ക, നിലെക്ക, പാൎക്ക, വസിക്ക.
Stay, *v. a.* നിൎത്തുക, താമസിപ്പിക്ക, പാൎപ്പിക്ക.
Stay, *s.* നിലനില്പ, നിൎത്തൽ, വിരോധം.
Stayed, *part. a.* സ്ഥിരപ്പെട്ട, നിൎത്തിയ.
Stead, *s.* സ്ഥലം, ഇടം, പകരം, സഹായം.
Stead, *v. a.* സഹായിക്ക, താങ്ങുക, നില്ക്ക.
Steadfast, *a.* നിലയുള്ള, ഉറപ്പുള്ള.
Steadfastness, *s.* നില, ഉറപ്പ, സ്ഥിരത.
Steadily, *ad.* ഇളക്കം കൂടാതെ.
Steadiness, *s.* സ്ഥിരത, സ്ഥിതി, ധീരത.
Steady, *a.* ഇളകാത്ത, സ്ഥിരതയുള്ള.
Steady, *v. a.* ഉറപ്പിക്ക, സ്ഥിരമാക്ക.
Steak, *s.* മാംസഖണ്ഡം.
Steal, *v. a.* മോഷ്ടിക്ക, കക്ക, കളവുചെയ്യ.
Stealer, *s.* മോഷ്ടാവ, കള്ളൻ.
Stealth, *s.* മോഷണം, കളവ, കവൎച്ച.
Stealthy, *a.* ഒളിച്ചു ചെയ്യ.
Steam, *s.* ആവി, പുക, ധൂമം.
Steam, *v. n.* ആവി പുറപ്പെടുക, തീക്കപ്പൽ ഓടുക.
Steamer, *s.* തീക്കപ്പൽ.
Steed, *s.* പെണ്കുതിര, പടക്കുതിര.
Steel, *s.* ഉരുക്ക, ആയുധം, കട്ടപ്പം.
Steely, *a.* ഉരുക്ക സംബന്ധിച്ച.
Steep, *a.* കിഴക്കാന്തുക്കമുള്ള.
Steep, *s.* കിഴക്കാന്തുക്കം, ചരിവ.
Steep, *v. a.* കുതിൎക്ക, തുവെക്ക, നനെക്ക.
Steeple, *s.* ഗോപുരം, മണിമാളിക.
Steepness, *s.* കിഴക്കാന്തുക്കം.
Steer, *s.* എരുത, കാള.
Steer, *v. a.* വഴികാട്ടുക, ചുക്കാൻ പിടിക്ക.
Steerage, *s.* ചുക്കാൻ പിടിക്കൽ, ഓടിക്കുന്ന ക്രമം.
Steersman, *s.* ചുക്കാങ്കാരൻ, മാല്യമി.
Steganography, *s.* ഗൂഢയെഴുത്ത.
Stellate, *a.* നക്ഷത്രംപോലെ മിന്നുന്ന.
Stellation, *s.* നക്ഷത്രത്തിന്റെ മിന്നൽ.
Stem, *s.* തണ്ട, താള, കാണ്ഡം, വംശം.
Stem, *v. a.* തടുക്ക, നിൎത്തുക, മാററുക.
Stench, *s.* ദുൎഗ്ഗന്ധം, നാററം.
Stenography, *s.* കുറുക്കെഴുത്ത.
Step, *v. n.* അടിവെക്ക, നടക്ക, ഗമിക്ക.
Step, *s.* അടി, പടി, നട, പദം, ചവിട്ട, ഗതി.
Stepchild, *s.* ഭാൎയ്യയുടെയൊ ഭൎത്താവിന്റെയൊ കുട്ടി.
Stepfather, *s.* അമ്മയുടെ ഭൎത്താവ.
Stepmother, *s.* അച്ശന്റെ ഭാൎയ്യ.
Stepping-stone, *s.* നടക്കല്ല, മെതിക്കല്ല.
Sterile, *a.* വിളയാത്ത, തരിശായ, അഫലമുള്ള.
Sterility, *s.* വിളയായ്മ, അഫലത.
Sterling, *s.* ഒർ ഇങ്ക്ലിഷനാണ്യം.
Stern, *a.* കടുപ്പമുള്ള, നിൎദ്ദയമുള്ള.
Stern, *s.* കപ്പലിന്റെ പിമ്പുറം, അമരം.
Sternly, *ad.* ഉഗ്രതയോടെ.
Sternness, *s.* രൂക്ഷത, ഉഗ്രത, രൌദ്രത.
Stew, *v. a.* വേവിക്ക, അനത്തുക.
Stew, *s.* വെന്ത ഭക്ഷണം.
Steward, *s.* കലവറക്കാരൻ, രാജമന്ത്രി.
Stewardship, *s.* വീട്ടുവിചാരണ.
Stick, *s.* വടി, കോൽ, യഷ്ടി.
Stick, *v. a.* കുത്തുക, ഒട്ടിക്ക, പററിക്ക.
Stick, *v. n.* പററുക, ഒട്ടുക, പിടിക്ക, നില്ക്ക.

Stick, *v. a.* കുത്തി എടുക്ക, കുത്തി കൊള്ളുക.

Stickiness, *s.* ഒട്ടൽ, പററു, പിടിത്തം.

Sticky, *a.* ഒട്ടുന്ന, പററുന്ന, പശയുള്ള.

Stiff, *a.* വളയാത്ത, മയമില്ലാത്ത.

Stiffen, *v. a.* കട്ടപ്പമാക്ക, മുഴപ്പിക്ക.

Stiffen, *v. n.* കട്ടക്ക, മുഴക്ക, തരിക്ക.

Stiffnecked, *a.* കഠിന കണ്ടമുള്ള, ദുശ്ശാഠ്യമായ.

Stiffness, *s.* മുഴപ്പു, കട്ടപ്പം, കഠിനത.

Stifle, *v. a.* ഞെക്ക, തിക്കി മുട്ടിക്ക, അമുക്ക, അടക്ക.

Stigma, *s.* ദുഷ്കീൎത്തിയുടെ അടയാളം, കറ.

Stigmatize, *v. a.* അപമാനപ്പെടുത്തുക.

Stile, *s.* സൂൎയ്യഘടികാരത്തിന്റെ സൂചി.

Still, *v. a.* മൌനമാക്ക, അമൎത്തുക.

Still, *a.* മൌനമായ, ശാന്തമുള്ള.

Still, *ad.* ഇതുവരെ, ഇനിയും, എന്നിട്ടും.

Still, *s.* മൌനം, ശാന്തത, അമൎച്ച.

Still, *v. a.* ഊററുക, കാച്ചുക, ദ്രവിപ്പിക്ക.

Stillborn, *a.* ചാവുപിള്ളയായി പിറന്ന.

Stillness, *s.* മൌനം, ശാന്തത, നിശ്ശബ്ദം.

Stilts, *s. pl.* പൊയ്ക്കാൽ.

Stimulate, *v. a.* ഉത്സാഹിപ്പിക്ക, ഉദ്യോഗിപ്പിക്ക.

Stimulation, *s.* ഉത്സാഹം, കുത്തൽ, എരിച്ചൽ.

Sting, *v. a.* കുത്തുക, കൊത്തുക, കടിക്ക.

Sting, *s.* കുത്തു, കൊത്തു, കൊമ്പു, മുള്ളു.

Stinginess, *s.* ലുബ്ധു, പിശുക്കു, ലോഭം.

Stingy, *a.* ലുബ്ധുള്ള, ദുരാഗ്രഹമുള്ള.

Stink, *v. n.* നാറുക, നാററം പിടിക്ക.

Stink, *s.* നാററം, ദുൎഗ്ഗന്ധം, ദുൎമ്മണം.

Stinkard, *s.* നാറി.

Stint, *v. a.* അതിരിടുക, നിൎത്തുക.

Stint, *s.* അതിർ, തിട്ടം, അംശം, ക്ലിപ്തം.

Stipend, *s.* പണസഹായം, ശമ്പളം.

Stipendiary, *a.* പണസഹായം വാങ്ങുന്ന.

Stipendiary, *s.* പണസഹായം വാങ്ങുന്നവൻ.

Stipulate, *v. a.* ഉടമ്പടിചെയ്യു, സമയം ചെയ്ക.

Stipulation, *s.* ഉടമ്പടി, പ്രതിജ്ഞ, സമയം.

Stir, *v. a.* അനക്ക, ചലിക്ക, കിണ്ടുക, ഇളക്ക.

Stir, *s.* അനക്കം, ഇളക്കം, കലഹം, അമളി.

Stitch, *v. a.* തുന്നുക, തൈക്ക, കൊളുത്തുക.

Stitch, *s.* കുത്തു, തുന്നൽ, കൊളുത്തു.

Stitchery, *s.* തുന്നൽപണി.

Stive, *v. a.* അമുക്ക, ചൂടു പിടിപ്പിക്ക.

Stock, *s.* തണ്ടു, ഉടൽ, കുററി, വംശം, മൂലധനം.

Stock, *v. a.* സംഗ്രഹിച്ചു വെക്ക, ശേഖരിക്ക.

Stockdove, *s.* കാട്ടുപ്രാവു, കപോതം.

Stocking, *s.* കാലുറ.

Stockish, *a.* മൂഢതയുള്ള, തടിമുറണ്ടുള്ള.

Stocks, *s. pl.* തടിവിലങ്ങു, ആമം, മൂലധനം.

Stockstill, *a.* അനങ്ങാത്ത.

Stoic, *s.* സൎവ്വസംഗത്യാഗി.

Stoicism, *s.* സൎവ്വസംഗത്യാഗം.

Stole, *s.* നിലയങ്കി.

Stomach, *s.* തീൻപണ്ടം, ജഠരാഗ്നി, ആൎത്തി.

Stomach, *v. a.* കോപം കൊള്ളുക, വൈരം വെക്ക.

Stone, *s.* കല്ലു, ശൈലം, അണ്ടി, കുരു.

Stone, *a.* കല്ലുകൊണ്ടുള്ള, കല്ലുസംബന്ധിച്ച.

Stone, *v. a.* കല്ലു എറിയുക, കല്ലു എറിഞ്ഞു കൊല്ലുക.

Stonecutter, *s.* കല്ലാശാരി.

Stonefruit, *s.* അണ്ടിയുള്ള കായ്.

Stonepit, *s.* കക്കുഴി.
Stonework, *s.* കല്പണി.
Stony, *a.* കല്ലുകൊണ്ടുണ്ടായ, കല്ലുള്ള.
Stool, *s.* പീഠം, ആസനം, വിരേചനം.
Stoop, *v. n.* കുനിയുക, താഴുക, കുനുക, ഇറങ്ങുക.
Stoop, *s.* കുനിവു, താഴ്ച, വഴങ്ങൽ, ഇറക്കം.
Stop, *v. a.* നിൎത്തുക, വിരോധിക്ക, വിലക്ക, അടക്ക.
Stop, *v. n.* നില്ക്ക, അടയുക, അടഞ്ഞുപോക.
Stop, *s.* നിൎത്തൽ, വിരോധം, തടവു, നിവൃത്തി.
Stoppage, *s.* നില്പു, നിൎത്തൽ, അടപ്പു, വിഘ്നം.
Stopper, *s.* അടപ്പു, മൂടി, ആപ്പു.
Store, *s.* കൂട്ടം, ധാന്യക്കൂട്ടം, ചയം, പത്തായം.
Store, *v. a.* കൂട്ടുക, ശേഖരിക്ക, സംഗ്രഹിക്ക.
Storehouse, *s.* പാണ്ടിശാല, ഉഗ്രാണം.
Storekeeper, *s.* കലവറക്കാരൻ.
Stork, *s.* കൊക്കു, ബകം, വെളിർ.
Storm, *s.* കൊടുങ്കാററു, കോൾ, ആക്രമം.
Storm, *v. a.* ആക്രമിക്ക, പടയേററുക.
Storm, *v. n.* കൊടുങ്കാററു അടിക്ക.
Stormy, *a.* പെരുങ്കാററുള്ള, കലശലുള്ള.
Story, *s.* കഥ, വൃത്താന്തം, മാളികയുടെ നില.
Storyteller, *s.* കഥക്കാരൻ, നുണയൻ.
Stout, *a.* തടിച്ച, തടിപ്പുള്ള, പുഷ്ടിയുള്ള.
Stoutly, *ad.* ബലമായി, പുഷ്ടിയായി.
Stoutness, *s.* തടിപ്പു, വണ്ണം, പുഷ്ടി.
Stove, *s.* തീച്ചട്ടി, തീക്കലം, അടുപ്പു.
Stove, *v. a.* ചൂടുള്ള സ്ഥലത്തു വെക്ക.
Stow, *v. n.* അടുക്കി വെക്ക, സംഗ്രഹിക്ക.
Stowage, *s.* അടുക്കി വെക്കുക.
Straggle, *v. n.* ഉഴലുക, തെററി ഉഴലുക.
Straggler, *s.* ഉഴന്നു നടക്കുന്നവൻ.
Straight, *a.* നേരെയുള്ള, വളവില്ലാത്ത.
Straightway, *ad.* നേരെ, ഉടനെ.
Straighten, *v. a.* നേരെയാക്ക, നിവിൎക്ക.
Straightness, *s.* നേരു, ചൊവ്വു, നിവിൎച്ച.
Strain, *v. a.* അരിക്ക, ഞെക്ക, പിഴിയുക.
Strain, *v. n.* മുക്ക, പ്രയത്നം ചെയ്ക.
Strain, *s.* ഉളുക്കു, അതിമുറുക്കം, സന്തതി, പാട്ടു, സ്വരം, വിധം, സ്ഥാനം.
Strait, *a.* ഇടുക്കമുള്ള, വിസ്താരം കുറഞ്ഞ.
Strait, *s.* ഇടുക്കുവഴി, കടൽകൈവഴി.
Straiten, *v. a.* ഇടുക്ക, ചുരുക്ക, മുറുക്ക.
Straitness, *s.* ഇടുക്കം, ഞെരുക്കം, വിഷമം.
Strake, *s.* ഇരിമ്പുതകിടു, മൂട്ട, വീതി.
Strand, *s.* കടല്പുറം, ഇഴ.
Strand, *v. a.* കരയിൽ ഓടിച്ചു കേററുക.
Strange, *a.* അന്യമായ, അപൂൎവ്വമുള്ള.
Strangeness, *s.* അന്യത, പരത്വം, പുതുക്കം.
Stranger, *s.* അന്യൻ, പരൻ, വഴിപോക്കൻ.
Strangle, *v. a.* വീൎപ്പുമുട്ടിക്ക, ഞെക്കികൊല്ലുക.
Strangulation, *s.* ഞെക്കിക്കുല.
Strap, *s.* തോൽവാറ, നൂൽകച്ച.
Strapping, *a.* സ്ഥൂലിച്ച, തടിച്ച.
Stratagem, *s.* ചതിപ്രയോഗം, തന്ത്രം.
Stratum, *s.* നിര, വരി, അട്ടി, തടം.
Straw, *s.* വയ്ക്കോൽ, കച്ചി, നെൽകച്ചി.
Strawbuilt, *a.* വയ്ക്കോൽകൊണ്ടു തീൎത്ത.
Stray, *v. n.* വഴിതെററുക, ഉഴലുക.
Stray, *a.* ഉഴന്നുപോയ, തെററിനടക്കുന്ന.
Streak, *s.* വരിപ്പുള്ളി, കീററു, ചീന്തു.
Streak, *v. a.* വരെക്ക, കരയിടുക.

Streaky, *a.* കരയുള്ള, വരയുള്ള.
Stream, *s.* ഒഴുക്കു, പുഴ, നദി, വാഹിനി.
Stream, *v. n.* ഒഴുക, ഒലിക്ക, കതിർവിടുക.
Streamer, *s.* കൊടിക്കൂറ, ധ്വജം.
Streamy, *a.* ഒഴുക്കുള്ള, ഒലിപ്പുള്ള.
Street, *s.* തെരുവു, വീഥി, വഴി, ശ്രേണി.
Streetwalker, *s.* കുത്തിച്ചി, വിലമകൾ.
Strength, *s.* ശക്തി, ബലം, ഊക്കു, വീൎയ്യം.
Strengthen, *v. a.* ബലപ്പെടുത്തുക, ഉറപ്പിക്ക.
Strengthen, *v. n.* ബലപ്പെടുക, ഉറെക്ക.
Strengthener, *s.* ബലപ്രദൻ.
Strengthless, *a.* ബലഹീനമുള്ള.
Strenuous, *a.* ധൈൎയ്യമുള്ള, മിടുക്കുള്ള.
Stress, *s.* സാരം, ബലം, മുറുക്കം.
Stretch, *v. a.* നീട്ടുക, നിവിൎക്ക, വിരിക്ക.
Stretch, *v. n.* നീളുക, വലിയുക, കടത്തിപറക.
Stretch, *s.* നീട്ടം, മുറുക്കം, അത്യൎത്ഥം.
Stretcher, *s.* ചവിട്ടുപടി.
Strew, *v. a.* ചിതറുക, വിതറുക, ധൂളിക്ക.
Strict, *a.* മുറുക്കുള്ള, ഖണ്ഡിതമായ.
Strictly, *ad.* ഖണ്ഡിതമായി, തിട്ടമായി.
Strictness, *s.* മുറുക്കം, കട്ടപ്പം, സൂക്ഷ്മം.
Stricture, *s.* തട്ടു, അമുക്കൽ, പിടിത്തം.
Stride, *s.* കവെപ്പു.
Stride, *v. n.* കവെക്ക, കവെച്ചിരിക്ക.
Strife, *s.* കലഹം, വാഗ്വാദം, പിണക്കം.
Strike, *v. a.* അടിക്ക, തല്ലുക, മുട്ടിക്ക, താഡിക്ക, തട്ടിക്ക, വിരട്ടുക.
Strike, *v. n.* അടിക്ക, മുട്ടുക, കിടയുക.
Strike, *s.* ഒരു അളവു, താപ്പു.
Striking, *part. a.* അടിക്കുന്ന.
String, *s.* ചരടു, നൂൽ, കയറ, നാട.
String, *v. a.* ചരട ഇടുക, കോൎക്ക.
Stringed, *a.* കമ്പിയുള്ള, കോൎത്ത.
Stringent, *a.* മുറുക്കുന്ന, ബന്ധിക്കുന്ന.
Strip, *v. a.* ഉരിക്ക, നഗ്നമാക്ക, കവരുക.
Stripe, *v. a.* വരിപ്പുള്ളിയിടുക, കരയിടുക.
Stripe, *s.* വരി, വരിപ്പുള്ളി, കര, അടി.
Stripling, *s.* ബാലകൻ, കുമാരൻ.
Strive, *v. n.* പ്രയാസപ്പെടുക, ശ്രമിക്ക.
Striving, *s.* ശ്രമം, സാഹസം, പോരാട്ടം.
Stroke, *s.* അടി, തല്ലു, താഡനം, പ്രഹരം.
Stroke, *v. a.* തലോടുക, തടവുക, ഉഴിയുക.
Stroking, *s.* തലോടൽ, ഉഴിച്ചൽ.
Stroll, *v. n.* ഉഴലുക, ഉഴന്നുനടക്ക.
Stroller, *s.* ഉഴലക്കാരൻ.
Strong, *a.* ബലമുള്ള, ശക്തിയുള്ള, ഊക്കുള്ള.
Strongfisted, *a.* മുഷ്ടിബലമുള്ള.
Stronghand, *s.* കൈമിടുക്കു, ബലമുള്ള ഭുജം.
Stronghold, *s.* കോട്ടു, ഉറപ്പുള്ള സ്ഥലം.
Strongly, *ad.* ബലമായി, ശക്തിയോടെ.
Strongwater, *s.* മദ്യം.
Strophe, *s.* ശ്ലോകപാദം.
Structure, *s.* വീട്ടുപണി, ഭാഷ, ആകൃതി.
Struggle, *v. n.* അദ്ധ്വാനിക്ക, പ്രയാസപ്പെടുക, പോരാടുക, പൊരുതുക, പിടയുക.
Struggle, *s.* പ്രയത്നം, അദ്ധ്വാനം, സാഹസം, പോരാട്ടം, പോർ, പിടച്ചൽ.
Struma, *s.* കണ്ഠമാല.
Strut, *v. n.* ഞെളിഞ്ഞു നടക്ക, പൊങ്ങുക, വീൎക്ക.
Strut, *s.* അഹമ്മതിയുള്ള നടപ്പു.
Stub, *s.* കുററി, മുട്ടത്തടി.
Stub, *v. a.* കുററിപറിക്ക, കിളച്ചുപറിക്ക.
Stubble, *s.* താളടി, കച്ചി.
Stubborn, *a.* ദുശ്ശഠതയുള്ള, തൻേറടമുള്ള.
Stubbornness, *s.* ശാഠ്യം, തൻേറടം, മുരണ്ടു.

Stubby, *a.* കററിയായ.
Stubnail, *s.* മുറിയാണി.
Stud, *s.* കററി, കുടുക്കു, മൊട്ട, കുതിരക്കൂട്ടം.
Student, *s.* ശിഷ്യൻ, വിദ്യാൎത്ഥി, അദ്ധ്യായി.
Studied, *a.* പഠിതമുള്ള, വിദ്യയുള്ള.
Studious, *a.* വിദ്യാഭ്യാസതാൽപൎയ്യമുള്ള.
Studiousness, *s.* വിദ്യാഭ്യാസതാൽപൎയ്യം, ശ്രദ്ധ.
Study, *s.* വിദ്യാഭ്യാസം, പഠിത്തം, അദ്ധ്യയനം.
Study, *v. a.* പഠിക്ക, അഭ്യസിക്ക, ധ്യാനിക്ക.
Stuff, *s.* വസ്തു, സാധനം, പണ്ടം, ചരക്കു.
Stuff, *v. a.* നിറെക്ക, കൊള്ളിക്ക, ഉറുത്തുക.
Stultify, *v. a.* ഭോഷത്വമാക്ക.
Stum, *s.* പുത്തൻ മധു.
Stumble, *v. a.* കാലിടറുക, വഴുതുക.
Stumble, *v. n.* തെററുക, സംശയിക്ക.
Stumbling, *s.* കാലിടച്ച്, വഴുതൽ, തെററു.
Stumblingblock, *s.* വിരുദ്ധകല്ലു, ഇടച്ചകല്ലു.
Stump, *s.* കററി, കണ്ടം, കുട്ടി.
Stumpy, *a.* കററിയുള്ള, കുട്ടിയുള്ള.
Stun, *v. a.* തരിപ്പിക്ക, ബോധക്കേടു വരുത്തുക.
Stunt, *v. a.* വളരാതാക്ക.
Stupefaction, *s.* ബുദ്ധിഭ്രമം, മൂഢത.
Stupendous, *a.* അത്ഭുതമുള്ള.
Stupid, *a.* മൂഢതയുള്ള, ഭോഷത്വമുള്ള.
Stupidity, *s.* ബുദ്ധിമാന്ദ്യത, ജളത, മന്ദത, വിസ്മിതത്വം, മൌഢ്യം, മൊഴ.
Stupifier, *s.* മന്ദപ്രദൻ.
Stupify, *v. a.* മോഹിപ്പിക്ക, ഭ്രമിപ്പിക്ക.
Stupor, *s.* ബുദ്ധിമാന്ദ്യം, ബോധക്കേടു.
Sturdiness, *s.* സിദ്ധാന്തം, കഠിനത, ഉറപ്പു.
Sturdy, *s.* കരുപ്പുമുള്ള, സ്ഥിരമുള്ള.
Sturk, *s.* ഇളം കാള, കടച്ചി.
Stutter, *v. n.* വിക്കിവിക്കി പറക, നാവിടറുക.
Stutter, *s.* വിക്കു, വിക്കൽ, കൊഞ്ഞവാക്കു.
Stutterer, *s.* വിക്കൻ, കൊഞ്ഞൻ.
Sty, *s.* പന്നിക്കൂടു.
Style, *s.* വാചകരീതി, സംസാരരീതി.
Style, *v. a.* ചൊല്ലുക, പേരിടുക.
Suasive, *a.* ബോധം വരുത്താകുന്ന.
Suavity, *s.* മാധുൎയ്യം, മനോരസം.
Sub, കീഴെ, താഴെ, താണ.
Subact, *v. a.* കീഴാക്ക, കീഴടക്ക.
Subaltern, *a.* താണ, കീഴ്പെട്ട, ചെറിയ.
Subaltern, *s.* പട്ടാളത്തിൽ കീഴുദ്യോഗസ്ഥൻ.
Subalternate, *a.* മാറിമാറിവരുന്ന.
Subdivide, *v. a.* രണ്ടാമത വിഭാഗിക്ക.
Subdivision, *s.* പകുതിയുടെ പകുതി.
Subduce, *v. a.* നീക്ക, തള്ളുക.
Subduct, *v. a.* കിഴിക്ക, ഹരിക്ക.
Subduction, *s.* ഹരണം, നീക്കം, തള്ളൽ.
Subdue, *v. a.* അടക്ക, കീഴടക്ക, ജയിക്ക.
Subduer, *s.* ജയിക്കുന്നവൻ.
Subjacent, *a.* കീഴെ കിടക്കുന്ന.
Subject, *v. a.* കീഴിലാക്ക, സ്വാധീനമാക്ക.
Subject, *a.* കീഴുള്ള, കീഴിലുള്ള, ഉൾപ്പെട്ട.
Subject, *s.* കുടിയാൻ, പ്രജ, കാൎയ്യം, വൃത്താന്തം.
Subjected, *a.* കീഴടക്കപ്പെട്ട, ഉൾപ്പെട്ട.
Subjection, *s.* കീഴടക്കം, സ്വാധീനത.
Subjective, *a.* കാൎയ്യത്തോടു ചേൎന്ന.
Subjoin, *v. a.* കൂടെ ചേൎക്ക.
Subjugate, *v. a.* ജയിക്ക, കീഴടക്ക.
Subjugation, *s.* കീഴടക്കം, അമച്ചു.
Subjunction, *s.* കൂടെ കൂട്ടുന്നതു.

Subjunctive, *a.* വ്യാകരണത്തിൽ അനുവാദകം.
Sublation, *s.* ഹരണം, നീക്കം.
Sublevation, *s.* ഉയൎത്തുക, ഉന്നതി.
Sublimable, *a.* ശുദ്ധീകരിക്കപ്പെടത്തക്ക.
Sublimation, *s.* പുടപ്രയോഗം.
Sublime, *a.* ഉയൎന്ന, ഉന്നതമുള്ള.
Sublimity, *s.* ഉയൎച്ച, ഉന്നതി, മുഖ്യത.
Sublunar, *a.* ചന്ദ്രനുകീഴുള്ള, ഭൌമികം.
Submarine, *s.* സമുദ്രത്തിനു കീഴെയുള്ള.
Submerge, *v. a.* വെള്ളത്തിൽ മുക്ക.
Submersion, *s.* മുഴുകൽ, നിമഗ്നനം.
Submission, *s.* വിനയം, വണക്കം.
Submissive, *a.* വിനയമുള്ള, വണക്കമുള്ള.
Submissiveness, *s.* വിനയം, വണക്കം.
Submit, *v. a.* താഴ്ത്തുക, കീഴടക്ക, ഏല്പിക്ക, ബോധിപ്പിക്ക.
Submit, *v. n.* വിനയപ്പെടുക, വണങ്ങുക.
Subordinancy, *s.* താണ സ്ഥാനം.
Subordinate, *a.* കീഴുള്ള, താണ.
Subordinate, *s.* കീഴാൾ, രണ്ടാമൻ.
Subscribe, *v. a.* സമ്മതിച്ചു ഒപ്പിടുക.
Subscriber, *s.* ഒപ്പിടുന്നവൻ.
Subscription, *s.* സമ്മത ഒപ്പു, കൈയൊപ്പു, (ധൎമ്മകാൎയ്യത്തിനും മററും വല്ലതും കൊടുക്കാം എന്നുള്ള, ഒപ്പു).
Subsecutive, *a.* ക്രമത്തിലുള്ള, പിന്തുടരുന്ന.
Subsequence, *s.* പിന്തുടൎച്ച, പിൻവരവു.
Subsequent, *a.* ക്രമേണയുള്ള, പിന്തുടരുന്ന.
Subserve, *v. a.* ഉപയോഗിപ്പിക്ക, സഹായിക്ക.
Subserviency, *s.* ഉപയോഗം, പരവശത.
Subservient, *a.* ഉപയോഗിക്കുന്ന.
Subside, *v. n.* താഴുക, കുറഞ്ഞുപോക.

Subsidence, *s.* കാഴ്ച, അമൎച്ച, കുറവു.
Subsidiary, *a.* സഹായിക്കുന്ന.
Subsidy, *s.* സഹായം, കപ്പം.
Subsign, *v. n.* താഴെ ഒപ്പിടുക.
Subsist, *v. n.* ഉപജീവിക്ക, സ്ഥിതിചെയ്ക.
Subsistence, *s.* ഉപജീവനം, കഴിച്ചൽ.
Subsistent, *a.* ജീവിതമായ, ഇരിക്കുന്ന.
Subsisting, *a.* ഉപജീവിക്കുന്ന, ഇരിക്കുന്ന.
Substance, *s.* വസ്തു, സാരം, മൂൎത്തി, അൎത്ഥം, ധനം, കഴമ്പു, ശരീരം.
Substantial, *a.* വസ്തുവുള്ള, സാരമുള്ള.
Substantiality, *s.* കാൎയ്യം, മൂൎത്തിത്വം.
Substantially, *ad.* ഉറപ്പോടെ, ബലമായി.
Substantials, *s. pl.* സാരാംശങ്ങൾ.
Substantiate, *v. a.* നിശ്ചയംവരുത്തുക, സ്ഥിരപ്പെടുത്തുക, ദൃഷ്ടാന്തപ്പെടുത്തുക.
Substantive, *s.* ഒരുനാമം.
Substantive, *a.* ഉള്ളതിനെ കാട്ടുന്ന, ഉള്ള.
Substitute, *s.* പകരക്കാരൻ, കാൎയ്യസ്ഥൻ.
Substitute, *v. a.* പ്രതിപകരമാക്ക.
Substitution, *s.* പകരം വെക്കുക, വകമാററം.
Substract, *v. a.* കിഴിക്ക, ഹരിക്ക, നീക്ക.
Substraction, *s.* കിഴിപ്പു, ഹരണം.
Subtend, *v. n.* കീഴോട്ടു ഞാലുക.
Subterfuge, *s.* ഒഴികഴിവു, ഉപായം.
Subterranean, *a.* പാതാള സംബന്ധമുള്ള.
Subtile, *a.* നേൎത്ത, കൃത്രിമമുള്ള, കൌശലമുള്ള.
Subtileness, *s.* നേൎമ്മ, സൂക്ഷ്മം, ഉപായം.
Subtiliate, *v. a.* നേൎപ്പിക്ക, സൂക്ഷ്മമാക്ക.
Subtility, *s.* നേൎപ്പു, സൂക്ഷ്മം, കൌശലം.
Subtle, *a.* ഉപായമുള്ള, കൃത്രിമമുള്ള.
Subtlety, *s.* ഉപായം, കൃത്രിമം, സൂക്ഷ്മബുദ്ധി.
Subtly, *ad.* ഉപായത്തോടെ, കൌശലത്താൽ.

Subtract, *v. a.* കിഴിക്ക, ഹരിക്ക, നീക്ക.
Subtraction, *s.* ഹരണം, തള്ളൽ, കിഴിപ്പു.
Subtrahend, *s.* ഹാരകം.
Subversion, *s.* കീഴ്മേൽ മറിച്ചൽ, വീഴ്ച.
Subversive, *a.* നാശകരമുള്ള.
Subvert, *v. a.* നശിപ്പിക്ക, തള്ളിയിടുക.
Suburb, *s.* ഉപഗ്രാമം, ഉപനഗരം, ഉപപുരം.
Suburban, *a.* ഉപനഗരസംബന്ധമുള്ള.
Succeed, *v. n.* മറെറാരുത്തന്റെ സ്ഥാനം പ്രാപിക്ക, സാധിക്ക, ഫലിക്ക, വാഴ്ക.
Succeed, *v. a.* സാധിപ്പിക്ക, ജയിക്ക.
Succeeding, *a.* പിൻവരുന്ന, പിൻചെല്ലുന്ന.
Success, *s.* സാദ്ധ്യം, സിദ്ധി, ഫലം, ജയം.
Successful, *a.* സാധിക്കുന്ന, ഫലിതമായ.
Successfulness, *s.* ഫലപ്രാപ്തി, ഇഷ്ടലാഭം.
Succession, *s.* ഒരുത്തന്റെ സ്ഥാനംപ്രാപിക്കുന്നതു, അനുക്രമം, സന്തതി.
Successive, *a.* ക്രമേണ പിന്തുടരുന്ന.
Successively, *ad.* ക്രമേണ, ഇടയിടെ.
Successless, *a.* അസാദ്ധ്യമുള്ള.
Successor, *s.* അനന്തരവൻ.
Succinct, *a.* മടക്കിയ, ചുരുങ്ങിയ.
Succour, *v. a.* സഹായിക്ക, തുണെക്ക.
Succour, *s.* സഹായം, തുണ, ആദരവു.
Succourer, *s.* സഹായി, ഉപകാരി.
Succourless, *a.* സഹായമില്ലാത്ത.
Succumb, *v. n.* അടങ്ങുക, അമരുക.
Succussion, *s.* കുലുക്കം.
Such, *pron.* അപ്രകാരമുള്ള, ഇപ്രകാരമുള്ള.
Suck, *v. a.* വലിച്ചു കുടിക്ക, മുലകുടിക്ക, ചപ്പുക.
Suck, *v. n.* വലിയുക, ഉണ്ണുക.
Suck, *s.* മുലകുടി, മുലപ്പാൽ.
Sucket, *s.* പലഹാരം, മധുരയപ്പം.
Suckle, *v. a.* മുലകൊടുക്ക, പോററുക.
Suckling, *s.* മുലകുടിക്കുന്ന കുട്ടി, ശിശു.
Sudation, *s.* വിയൎപ്പു, സ്വേദം.
Sudden, *a.* പെട്ടന്നുള്ള, ക്ഷണമുള്ള.
Suddenly, *ad.* പെട്ടന്ന, പൊട്ടന്നനവെ, ഉടനെ, ഝടിതി, ക്ഷണാൽ.
Suddenness, *s.* അസംഗതി, ക്ഷണം.
Sue, *v. a.* അന്യായം ബോധിപ്പിക്ക, വ്യവഹരിക്ക.
Suet, *s.* നെയ്യ, കൊഴുപ്പു.
Suffer, *v. a.* സഹിക്ക, പൊറുക്ക, അനുഭവിക്ക.
Suffer, *v. n.* കഷ്ടപ്പെടുക, പാടുപെടുക.
Sufferable, *a.* സഹ്യമായ, പൊറുക്കത്തക്ക.
Sufferance, *s.* പീഡ, ക്ഷമ, പൊറുതി.
Sufferer, *s.* കഷ്ടം അനുഭവിക്കുന്നവൻ.
Suffering, *s.* വേദന, കഷ്ടം, പീഡ, പാടു.
Suffice, *v. n.* മതിയാക, തികയുക.
Suffice, *v. a.* മതിയാക്ക, തൃപ്തിയാക്ക.
Sufficiency, *s.* മതി, പ്രാപ്തി, തൃപ്തി, അലംഭാവം.
Sufficient, *a.* മതിയായ, വേണ്ടുന്ന.
Suffocate, *v. a.* മുട്ടിക്ക, വീൎപ്പുമുട്ടിക്ക.
Suffocation, *s.* വീൎപ്പുമുട്ടൽ, ശ്വാസംമുട്ടൽ.
Suffrage, *s.* സമ്മതം, അനുവാദം.
Suffuse, *v. a.* മീതെ പരത്തുക.
Suffusion, *s.* മീതെ പരത്തൽ.
Sugar, *s.* പഞ്ചസാര, മധുരം.
Sugar, *v. a.* പഞ്ചസാര ഇടുക.
Sugarcandy, *s.* കല്കണ്ടം.
Sugarcane, *s.* കരിമ്പു.
Sugary, *a.* പഞ്ചസാരയുള്ള.
Suggest, *v. a.* സൂചിപ്പിക്ക, തോന്നിക്ക.
Suggestion, *s.* സൂചകം, തോന്നൽ, ഉപദേശം, അനുഭാവം.
Suicide, *s.* തന്നെത്താൻ കൊല്ലുക, ആത്മഹത്തി, ആത്മഘാതകൻ.

Suit, *s.* കൂട്ടം, ഇണ, ഒർ ഉടുപ്പുവസ്ത്രം, അപേക്ഷ, വ്യവഹാരം, വഴക്ക.
Suit, *v. a.* ഇണക്ക, ചേൎക്ക, കൊള്ളിക്ക.
Suit, *v. n.* ഇണങ്ങുക, ചേരുക, ചേലാക.
Suitable, *a.* ഇണങ്ങുന്ന, കൊള്ളാകുന്ന, ചേൎച്ചയുള്ള.
Suitableness, *s.* ഇണക്കം, യോജ്യത.
Suite, *s.* പരിജനം, അനുചാരകന്മാർ.
Suiter, *s.* സങ്കടക്കാരൻ, അൎത്ഥി.
Sulkiness, *s.* ദുൎമ്മുഖം, ദുശ്ശീലം.
Sulky, *a.* ദുൎമ്മുഖമുള്ള, ദുശ്ശീലമുള്ള.
Sullen, *a.* ദുൎമ്മുഖമുള്ള, ദുശ്ശാഠ്യമുള്ള.
Sullenness, *s.* ദുൎമ്മുഖം, കുണ്ഠിതം, മന്ദബുദ്ധി.
Sully, *v. a.* ദുഷിക്ക, മുഷിപ്പിക്ക.
Sulphur, *s.* ഗന്ധകം, ധാതുവൈരി.
Sulphureous, *a.* ഗന്ധകമുള്ള.
Sulphury, *a.* ഗന്ധകമുള്ള.
Sultan, *s.* തുൎക്കരുടെ രാജാവു, സുല്ത്താൻ.
Sultriness, *s.* അത്യുഷ്ണം, വേവു.
Sultry, *a.* അത്യുഷ്ണമുള്ള.
Sum, *s.* തുക, സംഖ്യ, കണക്ക, തീൎച്ച.
Sum, *v. a.* കണക്കകൂട്ടുക, തുകകൂട്ടുക.
Sumless, *a.* അസംഖ്യ.
Summarily, *ad.* ചുരുക്കത്തിൽ.
Summary, *a.* ചുരുക്കമായ, സംക്ഷേപമുള്ള.
Summary, *s.* ചുരുക്കൽ, സംക്ഷേപണം.
Summer, *s.* വേനൽകാലം, ഗ്രീഷ്മകാലം.
Summit, *s.* മുകൾ, ശിഖരം, അഗ്രം, ഉയൎച്ച.
Summon, *v. a.* കല്പിച്ചു വിളിപ്പിക്ക.
Summons, *s.* ഹാജരാവാനുള്ള കല്പന.
Sumptuous, *a.* ധാരാള ചെലവുള്ള.
Sun, *s.* ആദിത്യൻ, സൂൎയ്യൻ, ദിനേശൻ, ദിനകരൻ, ഭാനു, കതിരവൻ.
Sun, *v. a.* വെയിലിൽ വെക്ക.
Sunbeam, *s.* സൂൎയ്യരശ്മി, സൂൎയ്യകിരണം.
Sunbeat, *part. a.* വെയിൽ തട്ടിയ.
Sunbright, *a.* സൂൎയ്യശോഭയുള്ള.
Sunburnt, *a.* വെയിൽകൊണ്ടു കരിഞ്ഞ.
Sunday, *s.* ഞായറാഴ്ച.
Sunder, *v. a.* പിരിക്ക, വേർപെടുക്ക.
Sundial, *s.* സൂൎയ്യഘടികാരം.
Sundry, *a.* ചില, പല, അനേകം.
Sunflower, *s.* സൂൎയ്യകാന്തിപ്പൂ.
Sunless, *a.* വെയിലില്ലാത്ത.
Sunlike, *a.* സൂൎയ്യസമമുള്ള.
Sunny, *a.* വെയിലുള്ള.
Sunrise, *s.* സൂൎയ്യോദയം, ഉദയകാലം.
Sunset, *s.* സൂൎയ്യാസ്തമനം, അസ്തമനം.
Sunshine, *s.* വെയിൽ, ആതപം.
Sunshiny, *a.* വെയിലുള്ള.
Sup, *v. a.* അത്താഴം ഉണ്ണുക.
Super, അതി, അധികം, മേലെ.
Superable, *a.* ജിത്യമായ, സാദ്ധ്യമുള്ള.
Superabound, *v. n.* അധികം വൎദ്ധിക്ക.
Superabundance, *s.* പരിപൂൎണ്ണത.
Superabundant, *a.* പരിപൂൎണ്ണമുള്ള.
Superadd, *v. a.* അതിയായി ചേൎക്ക.
Superb, *a.* അതിവിശേഷമുള്ള.
Supereminence, *s.* അതിശ്രേഷ്ഠത.
Supereminent, *a.* അതിശ്രേഷ്ഠമുള്ള.
Superexcellent, *a.* അതിശോഭനമായ.
Superfice, *s.* പുറഭാഗം, ബഹിൎഭാഗം.
Superficial, *a.* പുറഭാഗത്തുള്ള, സാരമില്ലാത്ത.
Superficially, *ad.* പുറമെ, ശോധന കൂടാതെ.
Superfine, *a.* മഹാമിനുസമുള്ള, ഭംഗിയുള്ള.
Superfluent, *a.* വഴിഞ്ഞുവന്ന, കവിയുന്ന.
Superfluity, *s.* അധികത്വം, കവിച്ചൽ.
Superfluous, *a.* നിറഞ്ഞു കവിയുന്ന.
Superflux, *s.* കവിച്ചൽ.

Superhuman, *a.* അതിമാനുഷത്വമുള്ള.
Superintend, *v. a.* മേൽവിചാരം ചെയ്യു.
Superintendence, *s.* മേൽവിചാരം, അ ദ്ധ്യക്ഷത, മേലധികാരം.
Superintendent, *s.* മേൽവിചാരക്കാരൻ.
Superior, *s.* പ്രവരൻ, വരൻ, അധിപൻ.
Superior, *a.* വിശേഷമായ, ശ്രേഷ്ഠമുള്ള.
Superiority, *s.* അതിശ്രേഷ്ഠത, പ്രഭാവം.
Superlation, *s.* അതിപ്രശംസ.
Superlative, *a.* ഏററം അധികമുള്ള.
Supernal, *a.* ഉന്നതിയുള്ള.
Supernatural, *a.* സ്വഭാവത്തിന്മീതെയു ള്ള, ദിവ്യമായ.
Superscribe, *v. a.* മേൽവിലാസം എഴു തുക.
Superscription, *s.* മേൽവിലാസം.
Supersede, *v. a.* ബലമില്ലാതാക്ക, പി ഴക്ക.
Superstition, *s.* ദുർവ്വിശ്വാസം.
Superstitious, *a.* ദുർവ്വിശ്വാസമുള്ള.
Superstruction, *s.* മേല്പുര.
Superstructure, *s.* മേല്പുര.
Supervenient, *a.* വിശേഷാലുള്ള, കൂടുത ലുള്ള.
Supervise, *v. a.* മേൽവിചാരം ചെയ്യു.
Supervisor, *s.* മേൽവിചാരക്കാരൻ.
Supine, *a.* മലൎന്നു കിടക്കുന്ന.
Supineness, *s.* മലൎച്ച, മടി, മയക്കം.
Supinely, *a.* മയക്കത്തോടെ.
Supper, *s.* അത്താഴം, രാത്രിഭക്ഷണം.
Supplant, *v. a.* സ്ഥാനഭ്രഷ്ടനാക്ക, പി ഴക്ക, ജയിക്ക.
Supple, *a.* വളയുന്ന, മയമുള്ള.
Supple, *v. a.* വളെക്ക, വഴക്ക, ഇണക്ക.
Supplement, *s.* കൂട്ട, പൂൎത്തി.
Suppliant, *a.* യാചിക്കുന്ന, അപേക്ഷി ക്കുന്ന.
Suppliant, *s.* യാചകൻ, അൎത്ഥി.
Supplicate, *v. a.* യാചിക്ക, അൎത്ഥിക്ക.
Supplication, *s.* യാചന, പ്രാൎത്ഥന.
Supply, *v. a.* കുറവു തീൎക്ക, പൂൎത്തിയാക്ക, കൊടുക്ക, ഉപകരിക്ക.
Supply, *s.* കുറവു തീൎക്കുക, ഉതവി, ശേഖ രിപ്പു.
Support, *v. a.* രക്ഷിക്ക, ആദരിക്ക, താ ങ്ങുക.
Support, *s.* സഹായം ആധാരം, ഉപജീ വനം.
Supportable, *a.* സഹ്യമായ.
Supporter, *s.* രക്ഷിക്കുന്നവൻ, സഹായി.
Suppose, *v. a.* ഊഹിക്ക, സങ്കല്പിക്ക, തോന്നുക, നിനെക്ക, നിരൂപിക്ക.
Suppose, *s.* ഊഹം, നിനവു, തോന്നൽ.
Supposition, *s.* ഊഹം, നിനവു, സങ്ക ല്പനം.
Suppress, *v. a.* അമൎക്ക, അടക്ക, നി ൎത്തുക.
Suppression, *s.* അമൎച്ച, അടപ്പു, നിൎത്തൽ.
Supputation, *s.* കണക്കു, ഗണനം, ഗ ണിതം.
Suppute, *v. a.* ഗണിക്ക, എണ്ണുക.
Supra, മേലെ, മുമ്പെ.
Supremacy, *s.* അത്യുന്നതി, അതിശ്രേ ഷ്ഠത.
Supreme, *a.* മുഖ്യമായ, പ്രധാനമുള്ള.
Supremely, *ad.* അതിവിശേഷമായി.
Sur, മേൽ, മേലെ, മീതെ, അധികം.
Surance, *s.* ഉറപ്പു, നിശ്ചയം, ഭദ്രം.
Surcharge, *s.* അതിഭാരം.
Surd, *a.* കേൾക്കാത്ത, ശബ്ദിക്കാത്ത.
Surdity, *s.* കേളായ്മ, ഭോഷത്വം, മൂഢത.
Sure, *a.* നിശ്ചയമുള്ള, സംശയമില്ലാത്ത.
Surely, *ad.* നിശ്ചയമായി, നിസ്സംശയം.
Sureness, *s.* നിശ്ചയം, ഉറപ്പു, തിട്ടം.

Suretiship, *s.* ജാമ്യം, ഉത്തരവാദം.
Surety, *s.* നിശ്ചയം, ഉറപ്പു, ആധാരം.
Surf, *s.* മുന്തിര, അല.
Surface, *s.* മേൽഭാഗം, പുറഭാഗം, മുഖം.
Surge, *s.* കല്ലോലം, തിരമാല, ഓളം.
Surge, *v. n.* ഓളം പൊങ്ങിമറിയുക.
Surgeon, *s.* ശസ്ത്രവൈദ്യൻ.
Surliness, *s.* ദുശ്ശീലം. ദുർമ്മുഖം, പുളിപ്പു.
Surly, *a.* ദുരാചാരമുള്ള.
Surmise, *v. a.* ഊഹിക്ക, നിരൂപിക്ക.
Surmise, *s.* ഊഹം, നിരൂപണം, തോന്നൽ.
Surmount, *v. a.* മേലെ കയറുക, ജയിക്ക.
Surmountable, *a.* ജിത്യമായ, ജയിക്കാകുന്ന.
Surname, *s.* വംശപ്പേർ, മറുനാമം.
Surpass, *v. a.* അതിക്രമിക്ക, കവിയുക.
Surpassing, *part. a.* അതിക്രമിക്കുന്ന, കവിയുന്ന.
Surplice, *s.* നിലയങ്കി.
Surplus, *s.* ശേഷിപ്പു, ശിഷ്ടം.
Surprise, *s.* അറിയാതെ അടുക്കുന്നതു, അത്ഭുതം, വിസ്മയം.
Surprise, *v. a.* അറിയാതെ ചെല്ലുക, വിസ്മയിപ്പിക്ക, ഭ്രമിപ്പിക്ക.
Surprising, *a.* ആശ്ചൎയ്യമുള്ള.
Surrender, *v. a.* ഒഴിയുക, വിടുക, ഏല്പിക്ക.
Surrender, *v. n.* അടങ്ങുക, അനുസരിക്ക, വഴിപ്പെടുക, വഴങ്ങുക.
Surrender, *s.* ഒഴിച്ചൽ, കീഴടങ്ങൽ.
Surreption, *s.* അത്ഭുതം, പെട്ടന്നുള്ള കവൎച്ച.
Surround, *v. a.* ചുറ്റുക, വളെക്ക.
Survene, *v. n.* വന്നുകൂടുക.
Survey, *v. a.* ചുറ്റും നോക്ക, കണ്ടളക്ക.
Surveyor, *s.* നിലം അളക്കുന്നവൻ.
Survive, *v. n.* ജീവനോടെ ശേഷിക്ക.
Surviver, *s.* ശേഷക്കാരൻ.
Susceptibility, *s.* സ്വീകാരം, പററു.
Susceptible, *a.* പററുന്ന, പിടിക്കുന്ന.
Susception, *s.* കൈക്കൊള്ളുക, സ്വീകരണം.
Suscipient, *s.* കൈക്കൊള്ളുന്നവൻ, സ്വീകാരി.
Suscitate, *v. a.* ഉത്സാഹിപ്പിക്ക.
Suspect, *v. a.* സംശയിക്ക, ശങ്കിക്ക, ഊഹിക്ക.
Suspend, *v. a.* തൂക്ക, മുടക്ക, പിഴക്ക.
Suspense, *s.* അനുമാനം, നിശ്ചയമില്ലായ്മ.
Suspense, *a.* നിശ്ചയമില്ലാത്ത, മുടക്കിയ.
Suspension, *s.* തൂങ്ങൽ, നിൎത്തൽ.
Suspicion, *s.* സംശയം, അനുമാനം.
Suspicious, *a.* സംശയമുള്ള, അവിശ്വാസമുള്ള.
Suspiciousness, *s.* സംശയം, അനുമാനം.
Sustain, *v. a.* ആദരിക്ക, താങ്ങുക, സഹായിക്ക, പോഷിക്ക, ആശ്വസിപ്പിക്ക.
Sustainable, *a.* സഹായിക്കപ്പെടത്തക്ക.
Sustenance, *s.* ഉപജീവനം, സഹായം.
Sustentation, *s.* സംരക്ഷണം, ജീവധാരണം.
Swaddle, *s.* ശിശുക്കളെ ചുററികെട്ടുന്ന വസ്ത്രം.
Swaddlingcloth, *s.* ജീൎണ്ണവസ്ത്രം.
Swaggerer, *s.* വൻപൻ, ഊററക്കാരൻ.
Swain, *s.* ബാലകൻ, പ്രിയൻ.
Swallow, *s.* മീവൽപക്ഷി.
Swallow, *v. a.* വിഴുങ്ങുക, ഗ്രസിക്ക, ഇറക്ക.
Swallow, *s.* വിഴുങ്ങൽ, കണ്ഠം.
Swamp, *s.* ചളിപ്രദേശം, ചതുപ്പുനിലം.
Swampy, *a.* ചതുപ്പുള്ള, ഊററുള്ള.
Swan, *s.* അന്നം, അരയന്നം, ഹംസം.

Swap, *v. a.* തമ്മിൽ മാററുക.
Swarm, *s.* കൂട്ടം, പുരുഷാരം, ജനക്കൂട്ടം.
Swarm, *v. n.* കൂട്ടമായി കൂടുക.
Swash, *v. n.* ഇരെക്ക, അമളിക്ക.
Swathe, *v. a.* ചുററിക്കെട്ടുക.
Sway, *v. a.* പിടിച്ചോങ്ങുക, വാഴുക.
Sway, *v. n.* ഭാരപ്പെടുക, അധികാരം നടക്ക.
Sway, *s.* ഭാരം, ശക്തി, അധികാരം, വാഴ്ച.
Swear, *v. n.* ആണയിടുക, സത്യംചെയ്ക.
Swear, *v. a.* സത്യം ചെയ്യിക്ക.
Swearer, *s.* ആണയിടുന്നവൻ, ശപിക്കുന്നവൻ.
Swearing, *s.* ആണയിടുന്നതു, ശപിക്ക.
Sweat, *s.* വിയൎപ്പ്, സ്വേദം, ആവി.
Sweat, *v. n.* വിയൎക്ക, സ്വേദിക്ക.
Sweat, *v. a.* വിയൎപ്പിക്ക, സ്വേദിപ്പിക്ക.
Sweaty, *a.* വിയൎപ്പുള്ള, ചൂടുള്ള.
Sweep, *v. a.* അടിച്ചുവാരുക, തുടെക്ക.
Sweep, *v. n.* വീശുക, കൈനീട്ടിവലിക്ക.
Sweep, *s.* വീച്ച, നീട്ടിവലി, വിനാശം.
Sweepings, *s.* കുപ്പ, കുറുമ്മൻ, ചവറ.
Sweepy, *a.* ക്ഷണത്തിൽ കടന്നുപോകുന്ന.
Sweet, *a.* മധുരമുള്ള, സ്വാദുള്ള, രുചികരമുള്ള, സുഗന്ധമുള്ള.
Sweet, *s.* മധുരം, രസം, മനോഹരം.
Sweeten, *v. a.* മധുരിപ്പിക്ക, ഇൻപമാക.
Sweeten, *v. n.* മധുരിക്ക, ഇൻപമാക്ക.
Sweetener, *s.* രസിപ്പിക്കുന്നവൻ.
Sweetheart, *s.* പ്രിയൻ, പ്രിയ.
Sweetish, *a.* മധുരഭാവമുള്ള.
Sweetly, *ad.* മധുരമായി, ഇൻപമോടെ.
Sweetmeat, *s.* മധുരയപ്പം, പലഹാരം.
Sweetness, *s.* മധുരം, മാധുൎയ്യം, ഇൻപം.
Sweetscented, *a.* സുഗന്ധമുള്ള, പരിമളമുള്ള.

Swell, *v. n.* വീങ്ങുക, വീക്ക, പൊങ്ങുക.
Swell, *v. a.* വീങ്ങിക്ക, വീപ്പിക്ക, ഗൎവ്വിക്ക.
Swell, *s.* വീങ്ങൽ, വീക്കം, കോപം.
Swelling, *s.* വീക്കം, നീർ, തിണൎപ്പ്.
Swelter, *v. a.* ഉണക്ക.
Swerve, *v. n.* ഉഴന്നുനടക്ക, തെററുക.
Swift, *a.* വേഗമുള്ള, ചുറുക്കുള്ള.
Swift, *s.* മീവൽപക്ഷി.
Swiftly, *ad.* വേഗത്തിൽ, ഝടിതി.
Swiftness, *s.* വേഗത, ക്ഷിപ്രം, ദ്രുതം.
Swill, *v. a.* അതിയായി കുടിക്ക.
Swim, *v. n.* നീന്തുക, പൊങ്ങി ഒഴുക.
Swimmer, *s.* നീന്തുന്നവൻ.
Swimming, *s.* നീന്തൽ, പൊന്തൽ.
Swimmingly, *ad.* എളുപ്പത്തിൽ, നന്നായി.
Swindle, *v. a.* വഞ്ചിച്ചെടുക്ക, ചതിക്ക.
Swindler, *s.* വഞ്ചകൻ, തക്കിടിക്കാരൻ.
Swindling, *s.* വഞ്ചന, തക്കിടി.
Swine, *s.* പന്നി, സൂകരം.
Swineherd, *s.* സൂകരപാലൻ.
Swing, *v. n.* ആടുക, തൂങ്ങുക, അഞ്ചുക.
Swing, *v. a.* ആട്ടുക, വീശുക.
Swing, *s.* ആട്ടം, തൂക്കം, ഓട്ടം.
Swinge, *v. a.* അടിക്ക, ശിക്ഷിക്ക.
Swingingly, *ad.* ഏററവും, വളരെ.
Swivel, *s.* കുഴലാണി, തിരിയാണി.
Swoon, *v. n.* മോഹിക്ക, മോഹാലസ്യപ്പെടുക, തളരുക, മന്ദിക്ക.
Swoon, *s.* മോഹം, മൂൎച്ഛനം, ബോധക്കേടു.
Swoop, *v. a.* ചാടിപ്പിടിക്ക, റാഞ്ചുക.
Swop, *v. a.* തമ്മിൽ മാററുക.
Sword, *s.* വാൾ, വെട്ടുവാൾ, കരപാലം.
Swordfish, *s.* വാൾമീൻ.
Swordsman, *s.* വാൾക്കാരൻ.
Sycamore, *s.* കാട്ടത്തിവൃക്ഷം.
Sycophant, *s.* മുഖസ്തുതിക്കാരൻ, തക്കാരി.

Syllable, *s.* ഒററപ്പദം, അക്ഷരം.
Sylvan, *a.* കാട്ടു സംബന്ധിച്ച.
Symbol, *s.* ദൃഷ്ടാന്തം, ഉപമാനം.
Symbolical, *a.* ദൃഷ്ടാന്തമുള്ള.
Symbolize, *v. a.* സാദൃശ്യപ്പെടുത്തുക.
Symmetry, *s.* ചേൎച്ച, അനുരൂപത.
Sympathize, *v. n.* മമതകാട്ടുക, പരിതപിക്ക.
Sympathy, *s.* മമത, അലിവു.
Symphony, *s.* സ്വരച്ചേൎച്ച.
Symptom, *s.* ലക്ഷണം, കുറി, അനുഭാവം.
Synagogue, *s.* യഹൂദരുടെ പള്ളി.
Syncope, *s.* മോഹം, മോഹാലസ്യം.
Syndic, *s.* കാൎയ്യക്കാരൻ, അധികാരി.
Syndicate, *v. a.* തീൎപ്പു നിശ്ചയിക്ക, വിധിക്ക.
Synod, *s.* മൂപ്പുയോഗം, വൈദികയോഗം.
Synonyma, *s.* ഏകാൎത്ഥമുള്ള പേരുകൾ.
Synonyme, *s.* ഏകാൎത്ഥമുള്ള വാക്കു.
Synopsis, *s.* സംക്ഷേപണം, സംഗ്രഹം.
Synoptical, *a.* സംക്ഷേപമുള്ള.
Syntax, *s.* പദച്ചേൎച്ച, പദഖാണ്ഡം.
Synthesis, *s.* സംയോജനം, യോഗം.
Syrtis, *s.* ചുഴിമണൽ, ചതുപ്പുനിലം.
System, *s.* ചട്ടം, നിബന്ധനം, സൂത്രം.
Systematical, *a.* ചട്ടമുള്ള, ക്രമമുള്ള.
Systematize, *v. a.* ചട്ടമിടുക; ക്രമമാക്ക.

T.

Tabefaction, *s.* ക്ഷയം, മെലിച്ചൽ.
Tabefy, *v. a.* ക്ഷയിപ്പിക്ക.
Tabefy, *v. n.* ക്ഷയിക്ക, മെലിയുക.
Tabernacle, *s.* കൂടാരം, ദൈവാലയം.
Tabernacle, *v. n.* കൂടാരത്തിൽ പാൎക്ക.
Tabidness, *s.* ക്ഷയരോഗം.
Table, *s.* മേശ, പീഠം, നിരപ്പുള്ളസ്ഥലം.
Tablecloth, *s.* മേശത്തുപ്പട്ടി.
Tablet, *s.* ചെറിയ മേശ, എഴുത്തുപലക.
Tabletalk, *s.* ഭക്ഷിക്കുമ്പോളുള്ള സംസാരം.
Tabor, *s.* തമ്മിട്ടം, തുടി, ഉടുക്കു.
Tabret, *s.* തുടി, മുരജം.
Tabular, *a.* കള്ളികളായി എഴുതിയ.
Tacit, *a.* മൌനമായ, ഉരിയാടാത്ത.
Taciturn, *a.* മൌനശീലമുള്ള.
Taciturnity, *s.* മൌനം, മൌനത.
Tack, *v. a.* കെട്ടിയിടുക, കപ്പൽതിരിക്ക.
Tack, *s.* ചെറിയ ആണി, കപ്പൽ കയറു.
Tackle, *s.* കോപ്പുകൾ, കപ്പലിന്റെ കയറുകൾ.
Tackling, *s.* കപ്പൽകോപ്പു.
Tactics, *s. pl.* യുദ്ധസാമൎത്ഥ്യം, വ്യൂഹനിദാനം.
Taction, *s.* സ്പൎശനം, തൊടൽ, തട്ടു.
Tadpole, *s.* മിട്ടൽ.
Tag, *s.* നീചവസ്തു.
Tag-rag, *s.* നീച ജനങ്ങൾ.
Tail, *s.* വാൽ, പുഛം, ബാലം, അററം.
Tailor, *s.* തുന്നക്കാരൻ, പാണൻ.
Taint, *v. a.* പകരുക, പിടിപ്പിക്ക, വഷളാക്ക.
Taint, *s.* കറ, പകൎച്ച, മലിനത, കളങ്കം.
Taintless, *a.* കറയില്ലാത്ത.
Tainture, *s.* കറ, കളങ്കം, അപവാദം.
Take, *v. a.* എടുക്ക, വാങ്ങുക, മേടിക്ക, കൈക്കൊള്ളുക, കൈയേല്ക്ക, പരിഹരിക്ക, പിടിക്ക, രസിപ്പിക്ക, ഗ്രഹിക്ക, ധരിക്ക, സ്വീകരിക്ക, സഹിക്ക.

Take, *v. n.* വഴി പിടിക്ക, ചായുക, ഫലിക്ക.
Taking, *s.* പിടിത്തം, ഭയം, പ്രയാസം.
Tale, *s.* കഥ, കെട്ടുകഥ, കൃതി, വൃത്താന്തം.
Talebearer, *s.* കരളക്കാരൻ, ഏഷണിക്കാരൻ.
Talebearing, *s.* കരള, ഏഷണി, നുണ.
Talent, *s.* വരം, സമൎത്ഥത, ബുദ്ധി.
Talented, *a.* സമൎത്ഥതയുള്ള.
Talisman, *s.* യന്ത്രം, ആഭിചാരയന്ത്രം.
Talk, *v. n.* പറക, സംസാരിക്ക, ജല്പിക്ക.
Talk, *s.* സംസാരം, വാക്ക, ശ്രുതി.
Talkative, *a.* ജല്പിക്കുന്ന.
Talkative, *s.* വാചാലൻ, വായ്പാടി.
Talkativeness, *s.* വായാട്ടം, ജല്പനം.
Talker, *s.* സംസാരി, വായ്പാടി.
Talking, *s.* സംസാരം, സംഭാഷണം.
Tall, *a.* നെട്ടക്കമുള്ള, നെടിയ, ഉയൎന്ന.
Tallage, *s.* ഇറവരി, ചുങ്കം.
Tallness, *s.* വളൎച്ച, പൊക്കം, ഉന്നതി.
Tally, *s.* ഇണ, ഒത്തത.
Tally, *v. a.* ഒപ്പിക്ക, ശരിയാക്ക, ഇണെക്ക.
Tally, *v. n.* ഒക്ക, ഇണങ്ങുക, ചേരുക.
Talmud, *s.* യഹൂദരുടെ ശാസ്ത്രം.
Tamarind, *s.* പുളി, ആമ്ലം.
Tame, *s.* ഇണക്കമുള്ള, സാധുവായ.
Tame, *v. a.* ഇണക്ക, അടക്ക, മരുക്ക, ജയിക്ക.
Tameable, *a.* ഇണക്കപ്പെടത്തക്ക.
Tameness, *s.* ഇണക്കം, സാധുത്വം.
Tamer, *s.* ഇണക്കുന്നവൻ, ദമി.
Tamper, *v. a.* വ്യാപരിക്ക, പരീക്ഷിക്ക.
Tan, *v. a.* തോൽ പതമിട്ടുക, പതം വരുത്തുക.
Tang, *v. n.* അടിക്ക, നിനദിക്ക.
Tang, *s.* ദുസ്സ്വാദു, ചുവ, കാരം, ശബ്ദം.

Tangent, *s.* സ്പൎശരേഖ.
Tangible, *a.* സ്പൎശിക്കത്തക്ക, തൊടാകുന്ന.
Tangle, *v. a.* ചുററിപ്പിണക്ക, അകപ്പെടുത്തുക.
Tangle, *v. n.* ചുററിപ്പിണങ്ങുക.
Tangle, *s.* പിണക്കം, കുടുക്ക.
Tank, *s.* കളം, ജലാശയം, വാപി.
Tanner, *s.* തോൽകൊല്ലൻ, ചെമ്മാൻ.
Tantalize, *v. a.* ദുൎമ്മോഹിപ്പിക്ക.
Tantamount, *a.* തുല്യമായ, ശരാശരിയുള്ള.
Tap, *v. a.* മിടിക്ക, തട്ടുക, മേൽതൊട്ടുക.
Tape, *s.* നാട, കച്ച.
Taper, *s.* മെഴുകുതിരി.
Tapestry, *s.* ചിത്രകംബളം, ചവുക്കാളം.
Tar, *s.* കീൽ.
Tar, *v. a.* കീൽതേക്ക.
Tardily, *ad.* താമസമായി, മന്ദതയോടെ.
Tardiness, *s.* താമസം, മന്ദത, ദീൎഘസൂത്രം.
Tare, *s.* കള.
Target, *s.* പരിച.
Tariff, *s.* നിരക്ക.
Tarnish, *v. a.* കറപ്പെടുത്തുക.
Tarnish, *v. n.* മുഷിക്ക, മങ്ങിക്ക, കറപ്പെടുക.
Tarriance, *s.* താമസം, പാൎപ്പ.
Tarry, *v. n.* താമസിക്ക, പാൎക്ക, കാത്തിരിക്ക.
Tart, *a.* പുളിപ്പുള്ള, കൎശനമുള്ള.
Tartar, *s.* വീഞ്ഞിന്റെ മട്ട.
Tartly, *ad.* പുളിപ്പായി, മൂൎച്ചയോടെ.
Tartness, *s.* പുളിപ്പ, മൂൎച്ച, രൂക്ഷത.
Task, *s.* പാഠം, അദ്ധ്യാനം, ചുമത്തിയ വേല.
Task, *v. a.* വേല ചുമത്തുക.
Taskmaster, *s.* ചുമത്തിയ വേല എടുപ്പിക്കുന്നവൻ.
Tastable, *a.* രുചിക്കപ്പെടത്തക്ക, രുചിയുള്ള.

Taste, *v. a.* രുചിനോക്ക, ആസ്വാദിക്ക.

Taste, *v. n.* രസിക്ക, രുചിക്ക, അനുഭവിക്ക.

Taste, *s.* രുചി, രസം, സ്വാദു, അനുഭവം.

Tasteful, *a.* രുചികരമായ, രസമുള്ള.

Tasteless, *a.* രുചിയില്ലാത്ത, രസമില്ലാത്ത.

Tastelessness, *s.* അരുചി, രസക്കേടു.

Taster, *s.* രുചിനോക്കുന്നവൻ.

Tatter, *v. a.* ചീന്തുക, കീന്തുക, കീറുക.

Tatter, *s.* ചീന്തൽ, കീറൽ, പഴന്തുണി.

Tattle, *v. n.* ജല്പിക്ക, വായാടുക.

Tattle, *s.* ജല്പം, വായാട്ടം.

Tattler, *s.* ജല്പനൻ, വായാടി.

Taunt, *v. a.* നിന്ദിച്ചുപറക, ധിക്കരിക്ക.

Taunt, *s.* അപഹാസം, ധിക്കാരം.

Taunter, *s.* നിന്ദക്കാരൻ, നുണയൻ.

Tautology, *s.* ദ്വാത്രിരുക്തം, മുഹുർഭാഷ.

Tavern, *s.* ചാരായപ്പീടിക, സത്രം.

Tawdriness, *s.* നീച അലങ്കാരം.

Tawny, *a.* കുരാൽനിറമുള്ള, പിംഗലമായ.

Tax, *s.* കരം, വരി, നികുതി, ചുങ്കം.

Tax, *v. a.* നികുതികെട്ടുക, കരം പതിക്ക.

Taxable, *a.* നികുതി കെട്ടപ്പെടത്തക്ക.

Taxation, *s.* നികുതി ചാർത്തൽ, കരം.

Taxgatherer, *s.* നികുതി പിരിക്കുന്നവൻ.

Tea, *s.* ചായ.

Teach, *v. a.* പഠിപ്പിക്ക, ഉപദേശിക്ക, അഭ്യസിപ്പിക്ക.

Teachable, *a.* പഠിപ്പിക്കപ്പെടത്തക്ക.

Teachableness, *s.* പഠിപ്പാനുള്ള താല്പര്യം.

Teacher, *s.* പഠിപ്പിക്കുന്നവൻ, ഗുരു, ഉപദേശി, ഉപദേഷ്ടാവു, പണ്ഡിതൻ, ഗുരുഭൂതൻ.

Tead, *s.* ചൂട്ടു, പന്തം.

Teak, *s.* തേക്കു, ജാതിമരം.

Teal, *s.* എരണ്ട.

Team, *s.* ഏർകുതിര, ഏർകാള.

Tear, *s.* കണ്ണീർ, ബാഷ്പം, അശ്രു.

Tear, *s.* ചീന്തൽ, കീറൽ, പിളപ്പു.

Tear, *v. a.* ചീന്തുക, കീറുക, പിളൎക്ക, പറിക്ക.

Tear, *v. n.* പിളരുക, കീറിപ്പോക, ക്രോധിക്ക.

Tearful, *a.* കണ്ണീർനിറഞ്ഞ, കരയുന്ന.

Tearless, *a.* കണ്ണീരില്ലാത്ത.

Tease, *v. a.* മുഷിപ്പിക്ക, അസഹ്യപ്പെടുത്തുക.

Teaser, *s.* മുഷിപ്പിക്കുന്നവൻ, ഉപദ്രവി.

Teat, *s.* മുലക്കാമ്പു, സ്തനം.

Technical, *a.* ശാസ്ത്രസംബന്ധമുള്ള.

Tedious, *a.* അസഹ്യമായ, തൊല്ലയുള്ള.

Tediousness, *s.* അസഹ്യത, തൊല്ല.

Teem, *v. n.* പെരുക, ചൊരിയുക, നിറഞ്ഞിരിക്ക.

Teem, *v. a.* പ്രസവിക്ക, ജനിപ്പിക്ക, ഊറുക.

Tegument, *s.* മൂടൽ, പുറഭാഗം.

Teint, *s.* വർണ്ണം, നിറം, ഛായ, രേഖ.

Telegraph, *s.* കമ്പിട്ടപ്പാൽ, വർത്തമാന കമ്പി.

Telescope, *s.* കുഴൽകണ്ണാടി, ചീനക്കുഴൽ.

Tell, *v. a.* പറക, ചൊല്ലുക, വചിക്ക.

Tell, *v. n.* ഒററുക, എണ്ണുക.

Telltale, *s.* ഏഷണിക്കാരൻ.

Temerity, *s.* തുനിച്ചൽ, സാഹസം, തന്റേടം.

Temper, *v. a.* പാകമാക്ക, പതം വരുത്തുക.

Temper, *s.* സ്വഭാവം, ശീലം, പതം, മിതം.

Temperament, *s.* സ്വഭാവം, പരിപാകം.

Temperance, *s.* പരിപാകം, ശാന്തത.

Temperate, *a.* പരിപാകമുള്ള, മിതമുള്ള.

Temperature, *s.* ശീതോഷ്ണം.

Tempest, *s.* കൊട്ടങ്കാററു, കോൾ, അമളി.
Tempestuous, *a.* കൊട്ടങ്കാററുള്ള, കോളുള്ള.
Temple, *s.* ആലയം, ക്ഷേത്രം.
Temple, *s.* നെററിത്തടം, ചെന്നി.
Temporal, *a.* അനിത്യം, തൽക്കാലികം, ക്ഷണികം.
Temporality, *s.* അനിത്യ വസ്തുവക.
Temporally, *ad.* അനിത്യമായി, തൽക്കാലമായി.
Temporary, *a.* അല്പകാലത്തേക്കുള്ള.
Temporize, *v. n.* താമസിപ്പിക്ക, കാലം സേവിക്ക.
Tempt, *v. a.* പരീക്ഷിക്ക, മോഹിപ്പിക്ക.
Temptable, *a.* മോഹനീയം.
Temptation, *s.* പരീക്ഷ, മോഹനം.
Tempter, *s.* പരീക്ഷകൻ, മോഹിപ്പിക്കുന്നവൻ.
Tempting, *a.* മോഹിപ്പിക്കുന്ന.
Temulent, *a.* ലഹരി പിടിച്ച.
Ten, *n. a.* പത്തു, ദശ.
Tenable, *a.* പിടിച്ചുകൊള്ളാകുന്ന.
Tenacious, *a.* മുറുക പിടിക്കുന്ന.
Tenacity, *s.* പിടിത്തം, മുറുകപിടിക്കൽ.
Tenacy, *s.* പാട്ടം, കുത്തക.
Tenant, *s.* പാട്ടക്കാരൻ, കുടിയാൻ.
Tenant, *v. a.* പാട്ടത്തിനു ഏല്ക്ക.
Tend, *v. a.* കാത്തിരിക്ക, അനുചരിക്ക.
Tend, *v. n.* ചായുക, ഭാവിക്ക, ഉതക.
Tendance, *s.* കാത്തിരിപ്പു, താൽപര്യം.
Tendence, *s.* ചായ്വൽ, മനോഗതം.
Tendency, *s.* ഭാവം, ചായുന്ന ഇച്ഛ, ഗതം.
Tender, *a.* മൃദുവായ, നേൎമ്മയുള്ള, പ്രിയമുള്ള, മാൎദ്ദവമുള്ള, ഇളയ, ഇളന്തരമുള്ള.
 Tender-age, ഇളയ വയസ്സു.
Tender, *v. a.* കൊടുക്ക, കൈകാണിക്ക, ദൎക്കാസ്സ എഴുതുക.
Tender, *s.* കൊടുക്കൽ, ദൎക്കാസ്സ, ചെറുകപ്പൽ.
Tender-hearted, *a.* മനസ്സലിവുള്ള.
Tenderling, *s.* ഉണ്ണി, ഓമനക്കുഞ്ഞു.
Tenderness, *s.* മൃദുത്വം, കാരുണ്യം, കൃപ.
Tendon, *s.* ഞരമ്പു, സന്ധിബന്ധനം.
Tendril, *s.* ചെവിയുടെ ഞരമ്പു, ചുരുൾ.
Tenement, *s.* കൂലിക്കു വാങ്ങിയ വീടു, പാട്ടപ്പറമ്പു.
Tenet, *s.* നില, പക്ഷം, അഭിപ്രായം.
Tenor, *s.* നടപടി, വിധം, പ്രകാരം, അവസ്ഥ.
Tense, *a.* മുറുകിയ, മുറുക്കമുള്ള.
Tense, *s.* ക്രിയാപദങ്ങളുടെ കാലഭേദം.
Tenseness, *s.* മുറുക്കം, ഇറുക്കം.
Tensible, *a.* വിസ്താരമാക്കതക്ക, മുറുക്കാകുന്ന.
Tension, *s.* മുറുക്കം, വലിച്ചൽ.
Tensive, *a.* മുറുക്കമുള്ള, അയവില്ലാത്ത.
Tent, *s.* കൂടാരം, തമ്പു, പടകുടി.
Tentation, *s.* പരീക്ഷ, ശോധന, യത്നം.
Tentative, *a.* ശോധന ചെയ്യുന്ന.
Tenth, *n. a.* പത്താമത, ദശമം.
Tenth, *s.* പത്താലൊന്നു, ദശാംശം.
Tenthly, *ad.* പത്താമതു.
Tenuity, *s.* നേൎമ്മ, സൂക്ഷ്മത.
Tenure, *s.* ഉടമ്പടി, അനുഭവത്തിന്റെ മുറ.
Tepid, *a.* അനച്ച, ചൂടുള്ള.
Terebrate, *v. a.* തുളെക്ക, വേധിക്ക.
Term, *s.* അതിർ, ചൊൽ, വചനം, അവധി, തവണ, ഊഴം, വിധം.
Term, *v. a.* പേരിടുക, വിളിക്ക.
Termagancy, *s.* അമളി, തൊള്ള.
Terminable, *a.* അതിരിടാകുന്ന.
Terminate, *v. a.* അതിരിടുക, തീൎച്ചവരുത്തുക.

Terminate, *v. n.* അവസാനിക്ക, തീരുക.
Termination, *s.* അതിർ, അവധി, തീച്ച.
Termless, *a.* അതിരില്ലാത്ത, തീരാത്ത.
Terrace, *s.* പുറംതിണ്ണ, തളം, വരമ്പു.
Terrestrial, *a.* ഭൂമിസംബന്ധമുള്ള, മണ്ണുള്ള.
Terrible, *a.* ഭയങ്കരമുള്ള, ഭീമമായ.
Terribleness, *s.* ഭയങ്കരത്വം, ഭീമം, ഘോരത.
Terribly, *ad.* ഘോരമായി, കട്ടപ്പമായി.
Terrific, *a.* ഭയങ്കരമായ, ഭൈരവമുള്ള.
Terrify, *v. a.* ഭയപ്പെടുത്തുക, പേടിപ്പിക്ക.
Territorial, *a.* രാജ്യം സംബന്ധിച്ച.
Territory, *s.* നിലം, നാട്ട, രാജ്യം, ഭൂമി.
Terror, *s.* ഭയം, പേടി, ഭീതി, നടുക്കം.
Terse, *a.* മിനുപ്പമുള്ള, വൃത്തിയുള്ള.
Test, *s.* പരീക്ഷ, സാക്ഷി, ഉരകല്ല.
Test, *v. a.* പരിശോധന ചെയ്ക, പുടമിടുക.
Testament, *s.* നിയമം, മരണപത്രിക.
Testamentary, *a.* മരണപത്രിക സംബന്ധിച്ച.
Testate, *v. a.* മരണപത്രിക എഴുതിവെക്ക.
Testator, *s.* മരണപത്രിക എഴുതിവെച്ചവൻ.
Testatrix, *s.* മരണപത്രിക എഴുതി വെച്ചവൾ.
Tested, *a.* പരിക്ഷിക്കപ്പെട്ട.
Testifier, *s.* സാക്ഷിക്കാരൻ.
Testify, *v. n.* സാക്ഷിപറക, തെളിയുക.
Testify, *v. a.* സാക്ഷീകരിക്ക, നേർതെളിയിക്ക.
Testily, *ad.* മുങ്കോപമായി.
Testimonial, *s.* നടപ്പുസാക്ഷി എഴുത്തു, ആധാരം.
Testimony, *s.* സാക്ഷി, പ്രമാണം, ആധാരം.
Testiness, *s.* മുങ്കോപം, ദുശ്ശീലം.
Testy, *a.* ദ്വേഷ്യോപമുള്ള.
Tetragonal, *a.* ചതുഷ്കോണജമുള്ള.
Tetrarch, *s.* എടപ്രഭു.
Tew, *v. a.* ഉഴക്ക, വലിക്ക, ഇടിക്ക.
Text, *s.* ഒരു വേദവാക്യം, മൂലം.
Textuary, *a.* വേദവാക്യത്തിലുള്ള.
Than, *ad.* കാൾ, കാളം, ഇല്യം.
Thank, *v. a.* വന്ദനം ചെയ്ക, നന്ദികാണിക്ക.
Thankful, *a.* നന്ദിയുള്ള, കൃതജ്ഞതയുള്ള.
Thankfulness, *s.* നന്ദി, കൃറു, കൃതജ്ഞത.
Thankless, *a.* നന്ദിയില്ലാത്ത, കൃതഘ്നതയുള്ള.
Thankoffering, *s.* സ്തോത്രബലി.
Thanks, *s. pl.* കൃറു, നന്ദി.
Thanksgiving, *s.* സ്തോത്രം, സ്തുതി.
Thankworthy, *a.* സ്തുത്യമായ.
That, *pron.* ആ, അതു.
That, *conj.* എന്ന, അതുകൊണ്ടു.
Thatch, *s.* മേല്പുര.
Thatch, *v. a.* വീട്ടു മേയുക.
Thaw, *v. n.* അലിയുക, ഉരുക.
The, *art.* ആ.
Theatre, *s.* രംഗസ്ഥലം, കളിപ്പുര.
Theft, *s.* മോഷണം, കളവു, കവൎച്ച.
Their, *pron. pl.* അവരുടെ.
Theism, *s.* അദ്വൈതം.
Theist, *s.* അദ്വയവാദി.
Theme, *s.* സമാസ്യ, മുഖ്യവിചാരം.
Themselves, *pron. pl.* അവർ തന്നെ.
Then, *ad.* അപ്പോൾ, അന്നു, പിന്നെ.
Thence, *ad.* അവിടെനിന്നു, അന്നുമുതൽ.
Thenceforth, *ad.* അന്നുമുതൽ.
Thenceforward, *ad.* അന്നുതുടങ്ങി.
Theocracy, *s.* ദൈവാധികാരം.
Theocratical, *a.* ദൈവാധികാരം സംബന്ധിച്ച.

Theologian, *s.* വേദശാസ്ത്രി, വൈദികൻ.
Theological, *a.* വേദശാസ്ത്രംസംബന്ധിച്ച.
Theologue, *s.* വേദശാസ്ത്രി, വൈദികൻ.
Theology, *s.* വേദശാസ്ത്രം, വേദസിദ്ധാന്തം.
Theorem, *s.* സിദ്ധപരീക്ഷ.
Theoretical, *a.* സൂത്രമുള്ള.
Theorist, *s.* ശാസ്ത്രി, സൂത്രക്കാരൻ.
Theory, *s.* ചിന്ത, ധ്യാനം, അഭ്യാസം.
There, *ad.* അവിടെ, അങ്ങു, അതാ.
Thereabout, *ad.* അവിടെ, സമീപത്തു.
Thereafter, *ad.* അപ്രകാരം, അതുപോലെ.
Thereat, *ad.* അതിങ്കൽ.
Thereby, *ad.* അതിനാൽ, അതുകൊണ്ടു.
Therefore, *ad.* അതുകൊണ്ടു, ആകയാൽ.
Therefrom, *ad.* അതിങ്കൽനിന്നു.
Therein, *ad.* അതിൽ, ഇതിൽ.
Thereinto, *ad.* അതിലേക്കു, ഇതിലേക്കു.
Thereof, *ad.* അതിന്റെ, ഇതിന്റെ.
Thereon, *ad.* അതിന്മേൽ, അതിങ്കൽ, ഉടനെ.
Thereto, *ad.* അതിനു, അതിങ്കലേക്കു.
Thereunder, *ad.* അതിൻകീഴെ.
Therewith, *ad.* അതിനോടുകൂടെ, അതുകൊണ്ടു.
Thermometer, *s.* താപമാനം.
These, *pron. pl. of this*, ഇവർ, ഇവ.
Thesis, *s.* അഭിപ്രായം, പക്ഷം, കാൎയ്യം, സംഗതി.
They, *pron. pl. of he*, അവർ, അവ.
Thick, *a.* കനമുള്ള, തടിച്ച, കേമമായ.
Thick, *s.* വണ്ണം, കനം, കേമം, തടി.
Thicken, *v. a.* കനപ്പിക്ക, മുഴപ്പിക്ക, തടിപ്പിക്ക.
Thicken, *v. n.* കനക്ക, തടിക്ക, മുഴക്ക, തിങ്ങുക.

Thicket, *s.* ഇറുപ്പുകാടു.
Thickness, *s.* ഘനം, കനം, തടിപ്പു, കട്ടി.
Thief, *s.* കള്ളൻ, ചോരൻ, തസ്കരൻ.
Thieve, *v. n.* മോഷ്ടിക്ക, കക്ക, അപഹരിക്ക.
Thievery, *s.* മോഷണം, കളവു, കവൎച്ച.
Thievish, *a.* മോഷ്ടിക്കുന്ന, കള്ളസ്ത്രാണമുള്ള.
Thievishness, *s.* കള്ളവൃത്തി, മോഷണശീലം.
Thigh, *s.* തുട, ഊരു.
Thimble, *s.* അംഗുലത്രാണം.
Thin, *a.* നേൎത്ത, നേരിയ, മെലിഞ്ഞ, കൃശമുള്ള, ക്ഷീണമുള്ള, ഇളതായ.
Thin, *v. a.* നേൎപ്പിക്ക, ശോഷിപ്പിക്ക.
Thine, *pron.* നിന്റെ, നിണക്കുള്ള.
Thing, *s.* വസ്തു, സാധനം, സാമാനം, കാൎയ്യം.
Think, *v. n.* തോന്നുക, ഊഹിക്ക, നിനെക്ക.
Think, *v. a.* വിചാരിക്ക, ചിന്തിക്ക, ധ്യാനിക്ക.
Thinker, *s.* ധ്യാനിക്കുന്നവൻ.
Thinking, *s.* തോന്നൽ, ഊഹം, നിരൂപണം.
Thinly, *ad.* നേൎമ്മയായി, ചുരുക്കമായി.
Thinness, *s.* നേൎമ്മ, നേൎപ്പു, മെലിച്ചൽ.
Third, *n. a.* മൂന്നാമത, തൃതീയം.
Third, *s.* ത്രയം, മൂന്നാലൊന്നു.
Thirdly, *ad.* മൂന്നാമത.
Thirl, *v. a.* തുളെക്ക, കത്തിതുളെക്ക.
Thirst, *s.* ദാഹം, തൃഷ, തൃഷ്ണത.
Thirst, *v. n.* ദാഹിക്ക.
Thirstiness, *s.* ദാഹം, തൃഷ്ണത.
Thirsty, *a.* ദാഹമുള്ള.
Thirteen, *n. a.* പതിമൂന്നു, ത്രയോദശം.
Thirteenth, *n. a.* പതിമൂന്നാമതു.

Thirtieth, *n. a.* മുപ്പതാമതു.
Thirty, *n. a.* മുപ്പതു, ത്രിംശൽ.
This, *pron.* ഇതു.
Thistle, *s.* മുൾചെടി.
Thither, *ad.* അവിടേക്കു, അങ്ങോട്ടു.
Thitherto, *ad.* അതുവരെ, അത്രോളം.
Thitherward, *ad.* അങ്ങോട്ടു.
Thole, *v. n.* അല്പം താമസിക്കു.
Thong, *s.* തോൽവാറ, വടക്കയറു.
Thorn, *s.* മുള്ളു, കാര, കണ്ടകം.
Thornapple, *s.* ഉമ്മം.
Thorny, *a.* മുള്ളുള്ള.
Thorough, *a.* പൂൎണ്ണമായ, മുഴുവനും, അശേഷം.
Thorough, *prep.* മുഖാന്തരം, മൂലം.
Thoroughly, *ad.* മുഴുവനും, അശേഷം.
Thorp, *s.* ഗ്രാമം, ഊർ.
Those, *pron. pl. of that,* അവർ, അവ.
Thou, *pron.* നീ, ഭവാൻ.
Though, *conj.* എങ്കിലും, എന്നാലും.
Thought, *s.* വിചാരം, ചിന്ത, നിനവു.
Thoughtful, *a.* വിചാരമുള്ള, ധ്യാനിക്കുന്ന.
Thoughtfulness, *s.* വിചാരം, ചിന്തനം.
Thoughtless, *a.* വിചാരമില്ലാത്ത.
Thoughtlessness, *s.* വിചാരക്കുറവു.
Thousand, *s.* ആയിരം, സഹസ്രം.
Thousandth, *n. a.* ആയിരാമതു.
Thraldom, *s.* ദാസ്യവൃത്തി.
Thrall, *s.* അടിയാൻ, ദാസൻ.
Thrash, *v. a.* അറയുക, അടിക്കു, തല്ലുക, മെതിക്കു, ചവിട്ടുക.
Thrasher, *s.* ധാന്യം മെതിക്കുന്നവൻ.
Thrashing, *s.* ധാന്യമെതി, ചവിട്ടു, അടി.
Thrashingfloor, *s.* കളം.
Thread, *s.* നൂൽ, ചരട, ഇഴ.
Threaden, *a.* നൂൽകൊണ്ടുണ്ടാക്കിയ.

Threat, *s.* ഭീഷണിവാക്കു, ശാസന.
Threaten, *v. a.* പേടിപ്പിക്കു, ഭയപ്പെടുത്തുക.
Threatener, *s.* ഭീഷണിക്കാരൻ.
Three, *n. a.* മൂന്നു, ത്രയം.
Threefold, *a.* മുമ്മടങ്ങു, ത്രിവിധം.
Threescore, *a.* മൂവിരുപതു, അറുപതു.
Threshold, *s.* ഉമ്മരപ്പടി.
Thrice, *ad.* മൂന്നുപ്രാവശ്യം.
Thrid, *v. a.* കോക്കു, ഞെക്കിക്കടത്തുക.
Thrift, *s.* ആദായം, ലാഭം, ലോഭം.
Thriftiness, *s.* തുരിശം, പിശുക്കു.
Thriftless, *a.* ദുൎവ്യയമുള്ള, ധാരാളമായ.
Thrifty, *a.* പിശുക്കുള്ള, തുരിശമുള്ള.
Thrill, *v. a.* തുളെക്കു.
Thrill, *v. n.* തുളയുക, മുഴങ്ങുക.
Thrill, *s.* തുരപ്പണം, തമര.
Thrive, *v. n.* തഴെക്കു, വൎദ്ധിക്കു, വാഴ്കു.
Throat, *s.* കഴുത്തു, കണ്ഠം, തൊണ്ട.
Throb, *v. n.* വിങ്ങുക, കുത്തുക, ചലിക്കു.
Throb, *s.* വിങ്ങൽ, പിടച്ചൽ, കുത്തു.
Throne, *s.* സിംഹാസനം, ഭദ്രാസനം.
Throng, *s.* തിരക്കു, തിക്കു, തിങ്ങൽ.
Throng, *v. n.* തിങ്ങുക, ഞെരുങ്ങുക.
Throng, *v. a.* തിക്കു, തിരക്കു, ഞെരുക്കു.
Through, *prep.* പൎയ്യന്തം, മൂലം, ാൽ.
Through, *ad.* ഊടെ, തീരെ, മുഴുവനും.
Throughly, *ad.* മുഴുവനും, അശേഷം.
Throw, *v. a.* എറിയുക, ചാടുക, കളക, ഉരിക്കു, വീഴിക്കു, മറിച്ചിടുക.
Throw, *s.* ഏറ, ചാട്ടൽ, തള്ള, പതനം.
Thrust, *v. a.* തള്ളുക, ഉന്തുക, കുത്തുക, തുരത്തുക, നിൎബ്ബന്ധിക്കു.
Thrust, *v. n.* തിങ്ങുക, നേരിടുക.
Thrust, *s.* ഉന്തു, തള്ള, കുത്തു, കയ്യേററം.
Thumb, *s.* പെരുവിരൽ, അംഗുഷ്ഠം.
Thump, *s.* മുട്ടൽ, വീഴ്ച, ഇടി.

Thump, *v. a.* ഇടിക്ക, അറയുക.
Thunder, *s.* ഇടി, മുഴക്കം, ഗൎജ്ജനം.
Thunderbolt, *s.* ഇടിവാൾ, മേഘമൂൎത്തി.
Thunderclap, *s.* ഇടി, ഇടിവെട്ടു.
Thundering, *a.* മുഴങ്ങുന്ന, ഭയങ്കരമുള്ള.
Thunderstruck, *a.* ഇടി വെട്ടിയ, ഇടി വീണ.
Thurification, *s.* സാമ്പ്രാണിധൂപം, കുന്തുരുക്കം.
Thursday, *s.* വ്യാഴാഴ്ച, വ്യാഴം.
Thus, *ad.* ഇങ്ങിനെ, ഇപ്രകാരം, ഈ വണ്ണം.
Thwack, *s.* അടി, തല്ല, ഇടി, അറ, തട്ടു.
Thwart, *v. a.* വിലങ്ങിക്ക, വികടമാക്ക, തടുക്ക.
Thy, *pron.* നിന്റെ, നിണക്കുള്ള.
Thyself, *pron.* നീ തന്നെ, നിന്നെത്തന്നെ.
Tiar, tiara, *s.* കിരീടം, മുടി, മകുടം.
Tice, *v. a.* വശീകരിക്ക, മോഹിപ്പിക്ക.
Tick, *s.* കടംകണക്ക, കിടക്കുശ്ശീല.
Ticket, *s.* അനുവാദച്ചീട്ടു, ചീട്ടു.
Tickle, *s.* കിക്കിളി, കിരിണി.
Tickle, *a.* ഇളകുന്ന, ഉറപ്പില്ലാത്ത.
Tid, *a.* ഇളയ, രുചികരമായ.
Tide, *s.* വേലി, നീരോട്ടം, സമയം.
Tidily, *ad.* വെടിപ്പായി, ഭംഗിയോടെ.
Tidiness, *s.* ഭംഗി, വൃത്തി, വെടിപ്പു.
Tidings, *s.* വൎത്തമാനം, കേൾവി, ഉദന്തം.
Tidy, *a.* വെടിപ്പുള്ള, മിടുക്കുള്ള.
Tie, *s.* കെട്ടു, ബന്ധം, ഉടമ്പടി.
Tie, *v. a.* കെട്ടുക, ബന്ധിക്ക, വിരോധിക്ക.
Tier, *s.* അടുക്ക, ത്രാട്ടി, വരി, നിര.
Tiff, *s.* പാനീയം, മദ്യം, ഗൎവ്വം.
Tiffin, *s.* ചുരുക്കത്തിലുള്ള ഭക്ഷണം.
Tiger, *s.* നരി, വ്യാഘ്രം.

Tight, *a.* മുറുക്കമുള്ള, ഇടുക്കമുള്ള.
Tighten, *v. a.* മുറുക്ക, ഇടുക്കമാക്ക.
Tightly, *ad.* മുറുക്കമായി, ഞെരുക്കമായി.
Tightness, *s.* മുറുക്കം, ഇടുക്കം, വിഷമം.
Tigress, *s.* പെൺനരി.
Tike, *s.* വിടുഭോഷൻ, കാള.
Tile, *s.* ഓടു, മാടോടു, ഇഷ്ടക.
Tile, *v. a.* ഓടിടുക, ഓടുമേയുക.
Tiling, *s.* ഓടുമേച്ചൽ.
Till, *prep.* ഇതുവരെ, അതുവരെ.
Till, *conj.* ഓളം, വരെ, വരെക്കും.
Till, *v. a.* ഉഴുക, കൃഷിചെയ്യു.
Tillage, *s.* ഉഴവു, കൃഷി, വ്യവസായം.
Tiller, *s.* കൃഷിക്കാരൻ, ഉഴവുകാരൻ.
Tilt, *s.* കൂടാരം, പന്നകം, ഉന്തു.
Tilt, *v. a.* മൂടുക.
Timber, *s.* മരം, തടി.
Timbersaw, *s.* ഈൎച്ചവാൾ.
Timbrel, *s.* തപ്പു.
Time, *s.* കാലം, സമയം, നേരം, തവണ.
Timeless, *a.* അകാലമുള്ള.
Timely, *a.* തക്കസമയമുള്ള, കാലോചിതം.
Timepleaser, *s.* കാലാനുസാരി.
Timeserver, *s.* കാലാനുസാരി.
Timeserving, *a.* അന്നന്നുള്ള, അധികാരം സേവിക്കുന്ന.
Timid, *a.* ഭീരുതയുള്ള, അധൈൎയ്യമായ.
Timidity, *s.* ഭയം, പേടി, ഭീരുത.
Timorous, *a.* ഭയമുള്ള, പേടിയുള്ള.
Timorousness, *s.* ഭീരുത, ഭയപ്പാടു.
Tin, *s.* ചുത്തിനാകം, വെള്ളീയം, ത്രപുലം, ഈയത്തകിടു.
Tin, *v. a.* വെള്ളീയം പൂശുക.
Tinct, *s.* നിറം, വൎണ്ണം ഛായം.
Tincture, *s.* നിറം, കഷായം, സാരം.
Tincture, *v. a.* നിറം പിടിപ്പിക്ക.
Tine, *s.* പരവശം, ഞെരുക്കം.

Tinge, *v. a.* നിറം പിടിപ്പിക്ക.
Tingle, *v. n.* മുഴങ്ങുക, വിങ്ങുക.
Tink, *v. n.* ചിലമ്പുക, കിലുങ്ങുക.
Tinkle, *v. n.* ചിലമ്പുക, കിലുങ്ങുക.
Tinkling, *s.* കിലുക്കം, ചിലമ്പൽ.
Tinman, *s.* മൂശാരി.
Tint, *s.* നിറം, വൎണ്ണം, ഛായം.
Tiny, *a.* ചെറിയ, മെലിഞ്ഞ, അല്പമുള്ള.
Tip, *s.* അററം, മുന, അഗ്രം, അടി.
Tippet, *s.* കണ്ഠാഭരണം.
Tipple, *v. a.* മദ്യപാനം ചെയ്ക.
Tipple, *s.* പാനം, മദ്യം, സുരാപാനം.
Tipsy, *a.* ലഹരി പിടിച്ച, വെറിയുള്ള.
Tiptoe, *s.* കാൽവിരലുകളുടെ അററം.
